നിങ്ങൾ

പോയി

ശിഷ്യരാക്കുവിൻ

# മഹാ നിയോഗത്തിന്റെ പാഠശാല



# മഹാനിയോഗത്തിന്റെ പാഠശാല

## ശിഷ്യാരാക്കുന്ന ശിഷ്യന്മാർക്ക്ള്ള ഒരു ലഘുപുസ്തകം

മഹാനിയോഗത്തിന്റെ ആഗോള പാഠശാലയുടെ പ്രസിദ്ധികരണം

അഗാപേ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഡർഷിപ്പ് ഡവേലപ്മെന്റ്
നവംബർ 2021

Contents


പാഠം 1 : മഹാനിയോഗ പാഠ്യപദ്ധതിയുടെ ലഘുപുസ്തകത്തിന്റെ ആമുഖം....................7

പാഠം 2 : മഹാനിയോഗത്തിന് ഒരു ആമുഖം ............................................................................13

പാഠം 3 : ദൈവിക പദ്ധതിയുടെയും വേദപുസ്തകത്തിലെ വലിയകഥയുടെയും വെളിച്ചത്തിൽ മഹാനിയോഗത്തെ മനസിലാക്കുക ....................................................21

പാഠം 4 നാലു വയൽ സാദൃശ്യം................................................................................29

പാഠം 5 സുവിശേഷ ദർശനം: മഹാനിയോഗ ദൗത്യം തിരിച്ചറിയുക ..................................35

പാഠം 6 സുവിശേഷ ഒരുക്കം-സുവിശേഷീകരണത്തിന് മുമ്പ് ................................................45

അദ്ധ്യായം 7 സുവിശേഷം പ്രചരണം: സുവിശേഷീകരണം (ഭാഗം 1)..................................53

അദ്ധ്യായം 8 സുവിശേഷ പ്രചരണം: വ്യക്തിപരമായ സുവിശേഷീകരണം (ഭാഗം 2)....61

അദ്ധ്യായം 9 സുവിശേഷം അവതരണം: ഒഇകോസ് സുവിശേഷീകരണം (ഭാഗം 3).........69

അദ്ധ്യായം 10 സുവിശേഷം അവതരണം: സുവിശേഷത്തോടുള്ള എതിർപ്പുകൾ.............75

അദ്ധ്യായം 11 സുവിശേഷത്തോടുള്ള പ്രതികരണം: സുവിശേഷത്തിലേക്കുള്ള ആഹ്വാനം........................................................................................83

അദ്ധ്യായം 12 സുവിശേഷ പക്വത:ശിഷ്യത്വം (ഭാഗം 1)..................................................89

അദ്ധ്യായം 13 സുവിശേഷ പക്വത : ശിഷ്യത്വം (ഭാഗം 2)................................................95

അദ്ധ്യായം 14 സുവിശേഷത്തിന്റെ സ്വാധീനം: സഭാരൂപീകരണം (ഭാഗം 1).......................105

അദ്ധ്യായം 15 സുവിശേഷത്തിന്റെ സ്വാധീനം: സഭാരൂപീകരണം (ഭാഗം 2).......................113

അദ്ധ്യായം 16 സുവിശേഷ വർദ്ധനവ്: നേതൃത്വ വികസനം (ഭാഗം 1) ................................119

അദ്ധ്യായം 17 സുവിശേഷ വർദ്ധനവ്: നേതൃത്വ വികസനം (ഭാഗം 2) ................................125

അദ്ധ്യായം 18 സുവിശേഷ മുന്നേറ്റങ്ങൾ: മുന്നേറ്റങ്ങളുടെ മുന്നേറ്റം (ഭാഗം 1)..................131

അദ്ധ്യായം 19 സുവിശേഷ മുന്നേറ്റങ്ങൾ: മുന്നേറ്റങ്ങളുടെ മുന്നേറ്റം (ഭാഗം 2)...................137

അദ്ധ്യായം 20 സുവിശേഷ പൂർത്തീകരണം: മഹാനിയോഗത്തിന്റെ മഹാപൂർത്തീകരണം ....................................................................143


# പാഠം 1 :
# മഹാനിയോഗ പാഠ്യപദ്ധതിയുടെ ലഘുപുസ്തകത്തിൻറെ ആമുഖം

## മഹാനിയോഗത്തിൻറെ പാഠശാലയിലേക്ക് സ്വാഗതം!

മഹാനിയോഗത്തിൻറെ പാഠശാലയിലേക്ക് ഞങ്ങൾ നിങ്ങളെ സ്വാഗതംചെയ്യുന്നു. എല്ലാ പാഠശാലകളിലും മേന്മയേറിയ പാഠശാലയിൽ മഹാഗുരുവായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്നും പഠിക്കാം! മഹാനിയോഗ പാഠശാലയിൽ ചേർന്നതിന് ഞങ്ങൾ നിങ്ങളെ അഭിനന്ദിക്കുന്നു.

## ഉദ്ദേശ്യം

മഹാനിയോഗപാഠശാലയുടെ ലക്ഷ്യം മഹാനിയോഗത്തെ വ്യക്തമായി മനസ്സിലാക്കുന്നതിനും ദർശനത്തിൽ വ്യക്തത കൈവരിക്കുന്നതിനും മഹാനിയോഗം നിവർത്തിക്കുന്നതിനുവ്യക്തമായി വിശദീകരിക്കപ്പെട്ടതും പ്രത്യുത്പാദനപരവുമായ പദ്ധതി വികസിപ്പിച്ചെടുക്കുന്നതിനും നിങ്ങളെ സഹായിക്കുക എന്നതാണ്. ഈ പുസ്തകത്തിൽ ഉള്പെടുതിയിരികുന്ന കാര്യങ്ങളെ ഒരു നിർദേശം ആയിടല്ല, മറിച്ച് ഒരു മാർഗ ദർശനം ആയിട്ട് മാത്രമാണ് കാണേണ്ടത്.




## ബാർണാ പഠനം

അമേരിക്കൻ സഭകളിൽ പോകുന്നവരുടെ ഇടയിൽ മഹാനിയോഗത്തെക്കുറിച്ചുള്ള അവബോധം മനസ്സിലാക്കുന്നതിന് 2017-ൽ ഒരു ആഗോള ഗവേഷണ സമൂഹമായ ബാർണാ ഗ്രൂപ്പ് ഒരു പഠനം നടത്തി. മഹാനിയോഗത്തെക്കുറിച്ച് എത്രപേർ കേട്ടിട്ടുണ്ട് എന്ന ചോദ്യത്തിന് 51% പേർ തങ്ങൾ കേട്ടിട്ടില്ല എന്നാണ് ഉത്തരം നല്കിയത്. 17% പേർ മാത്രമാണ് തങ്ങൾ മഹാനിയോഗത്തെക്കുറിച്ച് കേട്ടിട്ടുണ്ട് എന്നും മനസ്സിലാക്കിയിട്ടുണ്ടെന്നും പ്രതിവചിച്ചത്.

https://www.barna.com/greatcommission

മേൽപ്പറഞ്ഞ ചോദ്യങ്ങളെക്കുറിച്ച അമേരിക്കയിലെസഭകളിൽ നടത്തിയ പഠനത്തിന്റെ ഫലം

## വേദപുസ്തകത്തിലെ മറ്റ് പാഠശാലകൾ


- ശാസ്ത്രിമാരുടെ പാഠശാലയെക്കുറിച്ചും (എസ്രാ 7:10)
- ശമുവേലിൻറെ കീഴിലുള്ള പ്രവാചകന്മാരുടെ പാഠശാലയെക്കുറിച്ചും (1 ശമുവേൽ 19:24)
- –ഏലീശായുടെ കീഴിലുള്ള പ്രവാചകരുടെ പാഠശാലയെക്കുറിച്ചും (2 രാജാക്കന്മാർ 4:28)
- തുറന്നൊനിൻറെ പാഠശാലയെക്കുറിച്ച് അപ്പൊസ്തല പ്രവൃത്തികൾ 19:9 ലും നാം കാണുന്നു.

മഹാനിയോഗത്തിൻറെ പാഠശാല യേശുതന്നെയാണ് നടത്തിയത്. അവൻറെ പ്രഥമ വിദ്യാർത്ഥികൾ താൻ തെരെഞ്ഞെടുത്ത 12 ശിഷ്യന്മാർ തന്നെയാണ്. താൻ അവരെ 42 മാസത്തോളം പഠിപ്പിച്ചു. അവരെ താൻ യോഗ്യരായി എണ്ണി ഒലിവുമലയിൽ വെച്ചു മഹാനിയോഗം നിവർത്തിക്കുന്നതിനായി


പോകുവാൻ നിയോഗിക്കുകയും ചെയ്തു.

### മഹാനിയോഗം നിവർത്തിക്കുന്നതിനുള്ള പടവുകൾ

ദൗത്യത്തെക്കുറിച്ചുള്ള ദർശനം മുതൽ അതിൻറെ പൂർത്തീകരണം വരെയുള്ള കാലത്തെ 9 പടികളായി ഞങ്ങൾ തിരിച്ചിരിക്കുന്നു. കൃഷി ഒരു മാതൃകയായി കണ്ടു കൊണ്ട് മഹാനിയോഗത്തെ നിവർത്തിക്കുന്നതിനുള്ള വിവിധ പടവുകൾ മനസ്സിലാക്കുന്നതിന് ഞങ്ങൾ മർക്കൊസ് 4:25-29 അടിസ്ഥാനപ്പെടുത്തി നാലു വയൽ മാതൃകയും ഞങ്ങൾ ഉപയോഗിച്ചിരിക്കുന്നു.




സഭാ രൂപികരണത്തിന്റെ നാലു വയൽ ഉപമ
മർക്കോസ് 4:26-29




### ഈ ലഘുപുസ്തകത്തെപ്പറ്റി

ഏഷ്യയിൽനിന്നുള്ള അനുഭവസ്ഥരായ ഒരു പറ്റം ശുശ്രൂഷാ നേതാക്കൾ തങ്ങളുടെ സ്വന്തം നേതാക്കളെയും അടിസ്ഥാന വിശ്വാസികളെയും മഹാനിയോഗം പൂർത്തീകരിക്കുന്നതിന് പരിശീലിപ്പിക്കുന്നതിനായി രൂപകല്പന ചെയ്തു വികസിപ്പിച്ചെടുത്തതാണ് ഈ പരിശീലന മാനുവൽ. തങ്ങളുടെ രാജ്യങ്ങളിലെ ശക്തമായ മിഷനറി അനുഭവങ്ങൾ അവർ പങ്കിടുന്നു. ദൈവവചനത്തിൽനിന്നും ഞങ്ങളുടെ അനുഭവങ്ങളിൽ നിന്നും പഠിച്ച പ്രമാണങ്ങൾ ഞങ്ങൾ പങ്കിടുന്നതിനൊപ്പം മറ്റ് വിവിധ പ്രസ്ഥാനങ്ങളുടെ ഉൾക്കാഴ്ചകളും മഹാനിയോഗം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളും പങ്കിടുന്നു.

വിവിധ സാഹചര്യങ്ങളിൽ മഹാനിയോഗം പൂർത്തീകരിക്കുന്നതിനു കൈക്കൊണ്ട രീതികളെക്കുറിച്ച് നാം പ്രവൃത്തികളുടെ പുസ്തകത്തിൽ നിന്നും പഠിക്കുന്നു. പരിശുദ്ധാത്മാവിൻറെ മൃദുശബ്ദം നാം അനുസരിക്കുന്നതിനൊപ്പം വ്യത്യസ്ത രീതിയിൽ പ്രവർത്തിക്കുന്നവരെ മാനിക്കയും വേണം. ഈ പുസ്തകത്തിൽ പറയുന്ന മാതൃകകളും ഉദാഹരണങ്ങളും ഏഷ്യൻ പശ്ചാത്തലത്തിൽ നിന്നുള്ളവയാണ് എങ്കിലും നിങ്ങൾക്ക് നിങ്ങളുടെ സ്വന്ത സംസ്കാരത്തിനും സാഹചര്യത്തിനും അനുസരിച്ച് അവയെ ഉൾക്കൊള്ളാൻ കഴിയും.

നിങ്ങൾ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന ചില പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും മെച്ചമായ മറ്റെന്തിങ്കിലും മാർഗ്ഗമുണ്ടോ എന്നു നോക്കുന്നതിനും ഈ പുസ്തകം നിങ്ങൾക്ക് സഹായകമാകും. മഹാനിയോഗത്തിൻറെ സമസ്ത മേഖലകളെയും സമഗ്രമായി ഉൾക്കൊള്ളുന്നതിനും അതിൻറെ പൂർത്തീകരണമെന്ന വലിയ ചിത്രം മനസ്സിലാക്കുന്നതിനുമുള്ള ലഘുപുസ്തകമാണ് ഇത്. മഹാനിയോഗം പൂർത്തീകരണ ദൗത്യം എന്ന വലിയ ചിത്രവുമായി നമ്മുടെ ലക്ഷ്യങ്ങൾ ഓരോന്നും എപ്രകാരം പൊരുത്തപ്പെടുന്നു എന്നു മനസ്സിലാക്കുന്നതിന് ഈ പുസ്തകം സഹായിക്കുന്നു.

പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഓരോരുത്തരും 2തിമൊഥെയൊസ് 2:2 ൽ പറഞ്ഞിരിക്കുന്ന

പ്രകാരം അടുത്ത തലമുറ ശിഷ്യന്മാർക്ക് പകർന്ന നൽകുവാൻ തക്കവിധം യേശുവിൻറെ അനുസരണയുള്ള ശിഷ്യരായിരിക്കണം എന്ന ഞങ്ങൾ ആഗ്രഹിക്കുന്നു. എസ്രാ ന്യായപ്രമാണം അനുസരിച്ചുകൊണ്ട് അവയെ യിസ്രായേൽ മക്കളെ പഠിപ്പിച്ചു (എസ്രാ 7:10). അത്തരം ശിഷ്യന്മാരെ H.O.T.(Hear, Obey, Teach) ക്രിസ്ത്യാനികൾ എന്ന വിളിക്കാം.

**ഈ ലഘുപുസ്തകം ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ:**

സജീവ പങ്കാളിത്ത രീതികൾ ഉപയോഗിച്ച് പഠിക്കുന്നതിനായി കൂടിവരുന്ന പഠിതാക്കളുടെ ഒരു ഗണം ഇവയെ പരമാവധി പ്രയോജനപ്പെടുത്തണം. ഓരോ ഗ്രൂപ്പിനും പക്വതയുള്ള ഒരു നേതാവുണ്ടാകണം. എന്നാൽ ആ നേതാവ് മറ്റുള്ളവരെ ചിന്തിക്കുന്നതിനും സംസാരിക്കുന്നതിനും ഉത്സാഹിപ്പിക്കുന്ന ആളാകണം. അല്ലാതെ ഒരു അദ്ധ്യാപക ശൈലി ആകരുത്. വിഷയത്തിൽ നിന്നും അകന്ന പോകാതിരിക്കുവാൻ ശ്രദ്ധിച്ചുകൊണ്ട് ഓരോ അംഗത്തിനും തങ്ങളുടെ അഭിപ്രായം പറയുന്നതിന് നേതാവ് അവസരം നല്കണം.

- നല്കപ്പെട്ടിരിക്കുന്ന വേദപുസ്തക വാക്യങ്ങൾവായിക്കുന്നതിനും തങ്ങൾ ചർച്ച ചെയ്യുന്ന വിഷയത്തോടുള്ള ബന്ധത്തിൽ തങ്ങൾക്ക് മനസ്സിലായത് പങ്കിടുന്നതിനും അംഗങ്ങളെ ഉത്സാഹിപ്പിക്കണം. പഠനക്കുറിപ്പുകൾ രേഖപ്പെടുത്തുന്നതിന് ഓരോരുത്തരെയും പ്രോത്സഹിപ്പിക്കണം.ചെറിയ ഗ്രൂപ്പുകളായി തിരിഞ്ഞ് അന്യോന്യം പഠിപ്പിക്കുന്ന രീതി പിന്തുടരുക. തങ്ങൾക്ക് മനസ്സിലാകാത്ത കാര്യങ്ങൾ കുറിച്ചു വെച്ച് തങ്ങളുടെ സഹായികളുടെ സഹായം തേടുക. ചോദ്യങ്ങളും ഗൃഹപാഠങ്ങളും പരസ്പരം ചർച്ച ചെയ്യുക. ഓരോ ക്ലാസ്സിനും ശേഷം തങ്ങൾക്ക് ചെയ്യാനുള്ള നിശ്ചിത അഭ്യാസങ്ങൾ എഴുതുവാൻ ഓരോരുത്തരെയും ഉത്സാഹിപ്പിക്കുക. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:
- പ്രാദേശിക സഭകൾ പഠനത്തിനായി ഒരുമിച്ചു കൂടുന്ന പശ്ചാത്തലത്തിൽ ഉപയോഗിക്കുന്നതിനാണ് ഈ പുസ്തകം വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.
- തിരുവചനം വായിച്ച് അവയെ വിഷയവുമായുള്ള ബന്ധത്തിൽ ചർച്ച ചെയ്യുക.
- ഓരോ പാഠവും പരിശീലനം ലഭിച്ച ഒരു നേതാവ് നയിക്കണം. അദ്ദേഹം ഒരു മാർഗ്ഗദർശിയായി പെരുമാറണം.
- പരിശീലനത്തിനായി അന്യോന്യം ആശയവിനിമയം ചെയ്യുന്ന ചർച്ചാ രീതി (സോക്രട്ടിക്ക് ചർച്ചകൾ) അവലംബിക്കുക
- പങ്കെടുക്കുന്നവർക്ക് സ്വതന്ത്രമായി അഭിപ്രായം പറയുന്നതിന് അവസരം നല്കുക
- പെട്ടെന്നുള്ള അനുസരണം പ്രോത്സാഹിപ്പിക്കുക
- ക്ലാസ്സിന് ശേഷം അന്യോന്യം പഠിപ്പിക്കുന്ന രീതി പരിശീലിക്കുക
- ചർച്ചയിൽ ഉരുത്തിരിയുന്ന കാര്യങ്ങളും പ്രായോഗിക ചോദ്യങ്ങളും എഴുതി വെക്കുന്നതിനോ ഓഡിയോറെക്കോർഡ് ചെയ്ത് സൂക്ഷിക്കുന്നതിനോ ഓരോരുത്തരെയും ഉത്സാഹിപ്പിക്കുക.
- ഓരോ പരിശീലനാർത്ഥിയും മറ്റുള്ളവരെ പരിശീലിപ്പിക്കുന്നു!

**ക്ലാസ്സിൽ ഉപയോഗിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തന ശൈലി:**

പരമാവധി ഫലം ലഭിക്കുന്നതിനായി ഓരോ ക്ലാസ്സും താഴെപ്പറയുന്ന ലളിതമായ പടവുകൾ സ്വീകരിക്കുവാൻ ഞങ്ങൾ ഉത്സാഹിപ്പിക്കുന്നു:

1. **പിന്നിലേക്ക് നോക്കുക :** പോയ വാരത്തിൽ നാം പഠിച്ചത് എന്താണ്? പോയ വാരത്തിൽ ഞാൻ എന്താണ് അനുസരിച്ചത്? എന്തു വെല്ലുവിളികളാണ് ഞാൻ നേരിട്ടത്?

2. **മുകളിലേക്ക് നോക്കുക:** സ്തുതി, ആരാധന, മറ്റുള്ളവർക്കുവേണ്ടിയുള്ള പ്രാർത്ഥന, ഇന്നത്തെ പാഠങ്ങൾ പഠിക്കുന്നതിന് പരിശുദ്ധാത്മാവിൻറെ നടത്തിപ്പിനായുള്ള കാത്തിരിപ്പ്

3. **മുന്നിലേക്ക് നോക്കുക:** ഓരോരുത്തരോടും അവർ എന്ത് അനുസരിക്കും എന്നും എന്തു മറ്റുള്ളവരുമായി പങ്കിടുമെന്നും എഴുതുവാനോ പറയുവാനോ ആവശ്യപ്പെടുക.

മഹാനിയോഗത്തിൻറെ ഈ പാഠശാലയുടെ ഈ കൈപ്പുസ്തകത്തിൽ ഞങ്ങൾ താഴെപ്പറയുന്ന തലക്കെട്ടുകൾ മിക്കവാറും ഓരോ പാഠത്തിലും ഉപയോഗിച്ചിരിക്കുന്നു.

**ഉദ്ദേശ്യം:**

ക്ലാസ്സിൽ പങ്കെടുത്ത് പഠിക്കുന്നതിൻറെ ലക്ഷ്യങ്ങൾ ഇവയാണ്. ഈ ലക്ഷ്യങ്ങൾ എന്താണെന്നു ശ്രദ്ധയോടെ മനസ്സിലാക്കുക

**പ്രധാന വേദഭാഗങ്ങൾ:**

മുഖ്യ വേദഭാഗങ്ങൾ വായിച്ചു ചർച്ച ചെയ്തതിന് ശേഷം അദ്ധ്യായത്തിലെ ഉള്ളടക്കത്തിലേക്ക് കടക്കുക.

**അദ്ധ്യായത്തിൻറെ ഉള്ളടക്കം**

ഓരോ വേദഭാഗത്തിൻറെയും ലക്ഷ്യം അടിസ്ഥാനപ്പെടുത്തിയുള്ള തലക്കെട്ടിൻറെ വിശദീകരണം ആണിത്. കൂടുതൽ വേദഭാഗങ്ങൾ ഈ വിഭാഗത്തിൽ ഉദ്ധരിച്ചേക്കാം. അവയെല്ലാം വായിക്കുകയും ഓരോ വാക്യവും ശ്രദ്ധയോടെ മനസ്സിലാക്കുകയും ചെയ്യുക. ഈ മാനുവലിൽ അച്ചടിച്ചിട്ടില്ലാത്ത വാക്യങ്ങൾ ബൈബിളിൽ നിന്നും കണ്ടെത്തി വായിക്കുക. വിഷയം പഠിക്കുന്നത് ലക്ചർ രീതിയിലല്ല അന്യോന്യം ചർച്ച ചെയ്തു മനസ്സിലാക്കുന്ന രീതിയിലായിരിക്കണം.

**ചർച്ചയ്ക്കുള്ള വിഷയങ്ങൾ**

ഓരോ പാഠത്തിലും ചില ചോദ്യങ്ങൾ നല്കപ്പെട്ടിരിക്കും. ചർച്ച ചെയ്യുന്ന വേളയിൽ ഉയർന്നു വരുന്ന ചോദ്യങ്ങളും ഉൾപ്പെടുത്തുക.

**മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T. Christians)**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു.

(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear.Obey.Teach.)
"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."

> *2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."*

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)

4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# പാഠം 2 :
# മഹാനിയോഗത്തിന് ഒരു ആമുഖം

**ഉദ്ദേശ്യം:**

മഹാനിയോഗത്തെക്കുറിച്ച് പൊതുവായ ഒരു ധാരണ നല്കുക എന്നതാണ് ഈ പാഠത്തിൻറെ ലക്ഷ്യം.

**പ്രധാന വേദഭാഗങ്ങൾ:**

*മത്തായി 28: 18-20*

*"യേശു അടുത്തു ചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിൻറെയും പുത്രൻറെയും പരിശുദ്ധാത്മാവിൻറെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട് എന്ന് അരുളിച്ചെയ്തു"*

*മർക്കൊസ് 16:15-17*

*"പിന്നെ അവൻ അവരോട്, നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ, വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും."*

**അദ്ധ്യായത്തിൻറെ ഉള്ളടക്കം**

ഈ അദ്ധ്യായത്തിൽ ആമുഖമെന്ന നിലയിൽ നാം താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യുന്നതായിരിക്കും.

1. മഹാനിയോഗത്തിൻറെ പശ്ചാത്തലം എന്താണ്?
2. യേശു എന്തുകൊണ്ടാണ് മഹാനിയോഗം നല്കിയിത്?
3. മഹാനിയോഗത്തെ നാം എന്തുകൊണ്ട് ഗൗരവമായി വീക്ഷിക്കണം?
4. എന്താണ് മഹാനിയോഗം?
5. മഹാനിയോഗത്തിൻറെ ദൗത്യ നിർവ്വഹണത്തിനായി നാം എന്തു ചെയ്യണം?
6. മഹാനിയോഗ ദൗത്യം പൂർത്തിയാക്കുവാൻ എന്തെല്ലാം ആവശ്യമാണ്?
7. മഹാനിയോഗ ദൗത്യം പൂർത്തിയായിക്കഴിയുമ്പോൾ എങ്ങനെയാകും കാണപ്പെടുക?

## 1. മഹാനിയോഗത്തിൻറെ പശ്ചാത്തലം എന്താണ്?

ലോകത്തെത്തിനുവേണ്ടിയുള്ള ദൈവത്തിൻറെ ദൗത്യമാണ് മഹാനിയോഗത്തിൻറെ പശ്ചാത്തലം. ദൈവവുമായി മനുഷ്യരെ നിരപ്പിക്കുക എന്നതാണ് ദൈവത്തിൻറെ ദൗത്യം, ദൈവത്തോടുള്ള മനുഷ്യൻറെ മറുതലിപ്പും പാപവും നിമിത്തം നഷ്ടപ്പെട്ട സർവ്വതും യഥാസ്ഥാനപ്പെടുത്തുക. അപ്രകാരം പുതിയ സൃഷ്ടിയിൽ കലാശിക്കുകയും ചെയ്യുക. തൻറെ ഈ ദൗത്യം ആദ്യം ദൈവം അബ്രഹാമിന് വെളിപ്പെടുത്തിക്കൊടുക്കുകയും (ഉല്പത്തി 12:1-3) പിന്നീട് താൻ തെരഞ്ഞെടുത്ത ജാതിയായ യിസ്രായേലിൽക്കൂടെ നിവൃത്തിയാക്കയും ചെയ്തു. ഈ പദ്ധതിയാണ് വേദപുസ്തകത്തിൻറെ വലിയ കഥ.

ഈ കഥയുടെ പാരമ്യത്തിലാണ് മശിഹായുടെ വരവും മരണവും ഉയിർത്തെഴുന്നേല്പും. യേശുമിശിഹാ, തൻറെ ഈ ദൗത്യം ക്രൂശിൽ പൂർത്തീകരിച്ചശേഷം താൻ തൻറെ ശിഷ്യന്മാരെ നിയോഗിക്കയും അവരിലൂടെ ദൈവജനത്തിൻറെ സമൂഹത്തെ (സഭ) ഈ സദ്വാർത്തയുടെ ദൂത് സകല ലോകത്തിലും എത്തിക്കുവാൻ ഭരമേല്പിക്കയും ചെയ്തു. ഈ മഹാനിയോഗത്തോടുള്ള അനുസരണം ലോകത്തുള്ള സകല കുടുംബങ്ങളെയും മിശിഹായുടെ ശിഷ്യന്മാരാകുവാൻ ഇടയാക്കും.

## 2. എന്തുകൊണ്ട് യേശു മഹാനിയോഗം നല്കി?

**a) മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിൻറെ പദ്ധതി നിറവേറ്റുന്നതിനായിട്ടത്രെ യേശു മഹാനിയോഗം നല്കിയത്.**

സകല മനുഷ്യവർഗ്ഗത്തെക്കുറിച്ചും ദൈവത്തിന് ഒരു പദ്ധതിയുണ്ട്. ലോകത്തിൽ തനിക്കുള്ള പദ്ധതി പൂർത്തിയാക്കുന്നതിനായിട്ട് അവൻ ആദാമിനെയും ഹൗവ്വയെയും സൃഷ്ടിച്ചു. അവൻ തൻറെ സ്വന്ത സാദൃശത്തിൽ അവരെ സൃഷ്ടിച്ച് ഏദെൻ തോട്ടത്തിൽ ആക്കിയെങ്കിലും അവർ ദൈവത്തിൻറെ കല്പനകളും ഉദ്ദേശ്യങ്ങളും അനുസരിക്കുന്നതിൽ വീഴ്ച വരുത്തി ദൈവവുമായുള്ള ബന്ധത്തിൽനിന്നും അകന്നു പോയി. എങ്കിലും അവരെ യഥാസ്ഥാനപ്പെടുത്തുന്നതിന് ദൈവത്തിന് മിശിഹായിലൂടെ ഒരു പദ്ധതി ഉണ്ടായിരുന്നു.
*യോഹന്നാൻ 3:16 പറയുന്നു, "തൻറെ ഏക ജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."*

**b) ദൈവത്തിൻറെ രക്ഷിക്കുന്ന അറിവിലേക്ക് ഏവരും വരണം എന്നു ദൈവം ആഗ്രഹിക്കുന്നു.**

1 തിമൊഥെയൊസ് 2:3-5 "അത് നമ്മുടെ രക്ഷിതാവായ ദൈവത്തിൻറെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു. അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിൻറെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു. ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ."

**c) ആരും നശിച്ചുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.**

*2 പത്രൊസ് 3:9 "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തൻറെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ."*

**d) ദൈവത്തിൻറെ മഹത്വത്തിൻറെ പരിജ്ഞാനത്താൽ ഭൂമിയൊക്കെയും നിറയപ്പെടണമെന്നു ദൈവം ആഗ്രഹിക്കുന്നു.**
*ഹബക്കൂക്ക് 2:14 "വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ മഹത്വത്തിൻറെ പരിജ്ഞാനത്താൽ പൂർണ്ണമാകും."*

## 3. മഹാനിയോഗത്തെ നാം എന്തുകൊണ്ട് ഗൗരവമായി കാണണം?

- അത് യേശുവിൻറെ അന്ത്യ കല്പനയാണ്.
- യേശു കല്പിച്ചു; അപ്പൊസ്തലന്മാർ പ്രായോഗികമാക്കി
- നാം അവനെ സ്നേഹിക്കുന്നുവെങ്കിൽ അവനെ അനുസരിക്കണം
- ഓരോ വിശ്വാസിയോടുമുള്ള കല്പനയാണിത്
- ഓരോ സഭയോടുമുള്ള കല്പനയാണിത്
- നാം സുവിശേഷത്താൽ രക്ഷിക്കപ്പെട്ടു
- നാം അത് മറ്റുള്ളവരുമായി പങ്കിടണം
- യേശുവാണ് ഏക ഉത്തരം
- യേശുവിനെക്കൂടാതെ മനുഷ്യവർഗ്ഗം എന്നേക്കും നഷ്ടപ്പെട്ടവരാണ്.

## 4. എന്താണ് മഹാ നിയോഗം?

വേദപുസ്തകത്തിൽ മഹാനിയോഗത്തെക്കുറിച്ച് നല്കപ്പെട്ടിരിക്കുന്ന രണ്ടു മുഖ്യ വാക്യങ്ങൾ വായിച്ച് "എന്താണ് മഹാനിയോഗം," അത് പൂർത്തിയാക്കുവാൻ എന്തു ചെയ്യണം? എന്നു ചെറു ഗ്രൂപ്പുകളിൽ

നമുക്ക് ചർച്ച ചെയ്യാം. ഈ വാക്യങ്ങൾ നമുക്ക് മനഃപാഠമാക്കിക്കൊണ്ട് ഗാനങ്ങളിലൂടെയോ ആംഗ്യങ്ങളിലൂടെയോ ചിത്രീകരണത്തിലൂടെയോ പഠിപ്പിക്കുവാൻ പരിശീലിക്കുക.

മഹാനിയോഗത്തിൻറെ" ഏറ്റവും നല്ല ഉദാഹരണമായി പൊതുവെ കരുതപ്പെടുന്നത് മത്തായി 28:19-20ൽ യേശു ശിഷ്യന്മാരെ നിയോഗിക്കുന്ന ഭാഗമാണ്. എന്നിരുന്നാലും, മറ്റ് സുവിശേഷങ്ങളിലും അപ്പൊസ്തല പ്രവൃത്തികളിലും മഹാനിയോഗത്തിൻറെ വ്യത്യസ്ത രേഖകൾ നമുക്ക് കാണാൻ സാധിക്കും എന്നത് നാം മറക്കരുത്. ഇതേക്കുറിച്ച് നമുക്ക് പിന്നീട് പഠിക്കാം.

*മത്തായി 28: 18-20 "യേശു അടുത്തു ചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിൻറെയും പുത്രൻറെയും പരിശുദ്ധാത്മാവിൻറെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട് എന്ന് അരുളിച്ചെയ്തു"*
*മർക്കൊസ് 16:15-16*

*"പിന്നെ അവൻ അവരോട്, നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ, വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും."*

മഹാനിയോഗത്തെക്കുറിച്ചുള്ള വിവിധ വാക്യങ്ങൾ നമുക്ക് തുടർന്നു വരുന്ന അദ്ധ്യായങ്ങളിൽ പഠിക്കാം. മഹാനിയോഗത്തിൻറെ ലക്ഷ്യം യേശുവിൻറെ ശിഷ്യന്മാരെ സൃഷ്ടിക്കുക എന്നതാണ്.

## ശിഷ്യത്വത്തിനുള്ള അടിസ്ഥാന പടവുകൾ:

ശിഷ്യന്മാരെ സൃഷ്ടിക്കുന്നതിനുള്ള അടിസ്ഥാന പടവുകൾ ഇവയാണ്:

- പോകുക (പ്രസംഗിക്കുക)
- സ്നാനപ്പെടുത്തുക
- ഉപദേശിച്ചുകൊണ്ട് ശിഷ്യന്മാരാക്കുക

നാം പഠിച്ച ദൈവവചനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള മൂന്നു പടവുകൾ താഴെ നല്കുന്നു.

### ഒന്നാം പടി: പോകുക

മഹാനിയോഗത്തിൽ "പോകുക" എന്ന വാക്ക് ഉൾപ്പെടുന്നു. പോകുക എന്ന വാക്ക് "അയക്കുക" എന്ന വാക്കുമായിക്കൂടെ ബന്ധപ്പെട്ടിരിക്കുന്നു. യോഹന്നാൻ 20:21 ൽ "യേശു പിന്നെയും അവരോട്, പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറഞ്ഞു."

### പോകുമ്പോൾ നാം എന്താണ് ചെയ്യേണ്ടത്?

ദൈവം മനുഷ്യവർഗ്ഗത്തെ രക്ഷിക്കുക എന്ന തൻറെ ദൗത്യം പൂർത്തീകരിക്കുന്നതിനായി യേശുവിനെ മിശിഹാ ആയി അയച്ചു. യേശുവും അതുപോലെ തൻറെ ശിഷ്യന്മാരെ ഈ ദൗത്യം തുടരുന്നതിനായി സകല രാജ്യങ്ങളിലേക്കും നിയോഗിച്ചയച്ചു. പിന്നീട് സഭ അപ്പൊസ്തലന്മാരെ (ബർന്നബാസിനെയും ശൗലിനെയും) ദൗത്യം തുടരുന്നതിനായി നിയോഗിക്കുന്നത് നാം കാണുന്നു (അപ്പൊ.പ്ര. 13:1-2). അങ്ങനെ, മഹാ നിയോഗത്തെക്കുറിച്ച് ദർശനം പ്രാപിച്ച സഭ സുവിശേഷം എത്തിയിട്ടില്ലാത്ത ഇടങ്ങളെക്കുറിച്ചു പ്രാര്ത്ഥിക്കുന്നു. അപ്പോൾ പരിശുദ്ധാത്മാവ് ദൗത്യനിർവ്വഹണത്തിനായി വ്യക്തികളെ തെരഞ്ഞെടുക്കുന്നു. അവരെ നിയോഗിച്ച് "അയയ്ക്കുന്നു." സുവിശേഷം പ്രഘോഷിക്കുന്നതിനാണ് അവരെ അയച്ചത് (മർക്കൊസ് 16:15). അവർ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ സാക്ഷിക്കാൻ അയയ്ക്കപ്പെട്ടു (അപ്പൊ.പ്ര. 1:8).

**ആരുടെ അടുത്തേക്ക്?**

*സകല രാജ്യങ്ങളിലേക്കും (മത്തായി 28:20). ഇവിടെ രാജ്യങ്ങൾ എന്നതിനുപയോഗിച്ചിരിക്കുന്ന വാക്കിന് (ethnos) എല്ലാ ഭാഷക്കാരും വർഗ്ഗക്കാരും വംശക്കാരുമായ ജനതകൾ എന്നർത്ഥമുണ്ട്.*

**എവിടെ?**

മർക്കൊസ് 16:15 ഭൂലോകത്തിലൊക്കെയും എന്നും അപ്പൊസ്തല പ്രവൃത്തികൾ 1:8 ഭൂമിയുടെ അറ്റത്തോളം എന്നും വ്യാപ്തി നല്കുന്നു. അതായത് സുവിശേഷം കേട്ടിട്ടില്ലാത്ത ജനതകൾ പാർക്കുന്ന ഏതിടത്തേക്കും എന്നർത്ഥം. അത് ഒരുപക്ഷേ നിങ്ങളുടെ അയൽപ്രദേശം ആകാം, അടുത്ത ഗ്രാമം ആകാം, അല്ലെങ്കിൽ അടുത്ത തെരുവ് ആകാം.

**രണ്ടാം പടി: സ്നാനപ്പെടുത്തുക**

മിശിഹായുടെ സുവാർത്ത ഘോഷണത്തോട് പ്രതികരിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്നവർ, സ്നാനത്തിലൂടെ വേർപെട്ടവരാണെന്നും, മിശിഹ കുടുംബത്തിലെ അംഗത്വം പ്രാപിച്ചവർ ആണെന്നും തിരിച്ചറിയപ്പെടുന്നു. അതിനോടൊപ്പം, സ്നാനം മൂലം മിശിഹായുടെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയോട് എകിഭവിക്കുകയും ചെയ്യുന്നു. അവർ, അവരുടെ കഴിഞ്ഞകാല ജീവിതത്തെ പൂർണമായി ഉപേക്ഷിക്കുവാൻ തല്പരർ ആണെന്നും, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പൂർണ രൂപാന്തരം പ്രാപിക്കുവാൻ തയാറാണെന്നും ഉള്ള വ്യക്തമായ ഒരു അടയാളം കൂടിയാണ്.

പിതാവിന്റെയും, പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കേണം എന്ന് നമ്മോടു ആവശ്യ പെടുന്നത്, സ്നാനത്തിൽ ത്രിത്വവും (പിതാവായ ദൈവം, പുത്രൻ യേശു മിശിഹ, പരിശുദ്ധാത്മാവ്) പങ്കു വഹിക്കുന്നു എന്നതിന്റെ സൂചനയാണ്.

**മൂന്നാം പടി: പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് ശിഷ്യരാക്കുക**

സുവിശേഷം സ്വീകരിച്ച്, സ്നാനപെടുന്നവരെ മിശിഹായുടെ ശിഷ്യാരാക്കേണം. മിശിഹാ പഠിപ്പിച്ചത് എല്ലാം പഠിക്കുന്ന പ്രക്രിയയാണ് ശിഷ്യത്വം. പരിശുദ്ധാത്മാവാണ് മഹാഗുരു. അവനോടുകൂടെ നാം പുതിയ വിശ്വാസികളെ പഠിപ്പിക്കുകയും അവർ കൂടുതൽ കൂടുതൽ യേശുവിനെപ്പോലെ ആകുവാൻ സഹായിക്കയും ചെയ്യുന്നു. ഉപദേശം അവരുടെ ചിന്തകളെ മാറ്റുവാനും അവയെ അനുസരിക്കുവാനും സഹായിക്കുന്നു. അവരുടെ ജീവിതം രൂപാന്തരപ്പെടുകയും അവർ മിശിഹായുടെ മക്കളായി ജീവിക്കുവാൻ പ്രാപ്തരാകയും ചെയ്യും. എത്രമാത്രം പഠിച്ചു എന്നതല്ല എത്രത്തോളം അനുസരിക്കുന്നു എന്നതാണ് ശിഷ്യത്വത്തിൻറെ അളവുകോൽ.

എന്താണ് നാം പഠിപ്പിക്കേണ്ടത്? യേശു കല്പിച്ചതും അപ്പൊസ്തലന്മാർ പഠിപ്പിച്ചത് ഒക്കെയും നാം പഠിപ്പിക്കണം. വിശ്വാസികളെ പഠിപ്പിച്ച ഉപദേശങ്ങളെ "അപ്പൊസ്തലിക ഉപദേശം" എന്നാണ് അപ്പൊസ്തല പ്രവൃത്തികൾ 2:42 പറയുന്നത്. തങ്ങൾ പോയിടത്തെല്ലാം അപ്പൊസ്തലന്മാർ സഭകൾ സ്ഥാപിക്കയും "അപ്പൊസ്തലിക ഉപദേശങ്ങൾ" പഠിപ്പിക്കയും ചെയ്തു. ഈ ഉപദേശങ്ങൾ നാം പുതിയനിയമത്തിൽ പ്രത്യേകിച്ച് ലേഖനങ്ങളിൽ കാണുന്നു. അപ്പൊസ്തലന്മാർക്ക് പഴയനിയമ തിരുവെഴുത്തുകൾ നേരത്തേതന്നെ ഉണ്ടായിരുന്നു. അവരോടുകൂടെ ആയിരുന്ന സമയത്ത് യേശു അത് അവരെ പഠിപ്പിച്ചിട്ടുണ്ട് (ലൂക്കൊസ് 24:44-45). തിരുവെഴുത്തുകളെയും യേശുവിൻറെ ഉപദേശങ്ങളെയും മനസ്സിലാക്കുന്നതിന് പരിശുദ്ധാത്മാവ് അവരുടെ ഹൃദയങ്ങളെ തുറന്നു.

## 5. മഹാനിയോഗ ദൗത്യം പൂർത്തീകരിക്കുന്നതിന് നാം എന്താണ് ചെയ്യേണ്ടത്?

### ദൈവത്തിൻറെ പദ്ധതിയും മഹാനിയോഗവും വ്യക്തമായി മനസ്സിലാക്കുക

മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിൻറെ പദ്ധതിയുടെയും സ്നേഹത്തിൻറെയും പശ്ചാത്തലത്തിലാണ് മഹാനിയോഗം. ദൈവസ്നേഹമാണ് യേശുക്രിസ്തുവിനെ ഭൂമിയിലേക്ക് അയച്ചതും അവനെ ക്രൂശിലേക്ക് നയിച്ചതും. ലൂക്കൊസിൻറെ സുവിശേഷത്തിൽ "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" എന്ന തൻറെ ആഗമനോദ്ദേശ്യം യേശു പ്രസ്താവിച്ചു. കാണാതെ പോയവരിലേക്ക് ഈ ദൂതുമായി പോകുവാൻ ദൈവം സഭയെയും നിങ്ങളെയും എന്നെയും ക്ഷണിച്ചു. അതിനാൽ നാം ദൈവത്തിൻറെ സ്നേഹം, നഷ്ടപ്പെട്ടവരെക്കുറിച്ചുള്ള അവൻറെ എരിവ് എന്നിവ മനസ്സിലാക്കണം. അപ്പോൾ ക്രൂശിൻറെ സന്ദേശം നാം മനസ്സിലാക്കിക്കൊണ്ട് കാണാതെപോയവരിലേക്ക് ക്രിസ്തുവിൻറെ ദൗത്യവുമായി നമുക്ക് ചെല്ലുവാൻ സാധിക്കും.

### ദൗത്യം പൂർത്തീകരിക്കുന്നതിനുള്ള തീക്ഷ്ണത

കാണാതെപോയവരേക്കുറിച്ച് ക്രിസ്തുവിനുള്ള തീക്ഷ്ണത നാം മനസ്സിലാക്കിയാൽ, അതേ തീക്ഷ്ണത നമ്മുടെ ജീവിതത്തിലേക്കും നാം പകരണം. "എന്നെ അയച്ചവൻറെ ഇഷ്ടം ചെയ്തു അവൻറെ പ്രവൃത്തി തികയ്ക്കുന്നത് തന്നെ എൻറെ ആഹാരം" (യോഹന്നാൻ 4:34) എന്നു പ്രസ്താവിച്ചുകൊണ്ട് യേശു വേലയെക്കുറിച്ചുള്ള തൻറെ എരിവ് പ്രകടിപ്പിച്ചു.

അപ്പൊസ്തലനായ പൗലോസിനും അതേ തീക്ഷ്ണതയായിരുന്നു. 1 കൊരിന്ത്യർ 9:16-ൽ ഇപ്രകാരം അവൻ പറഞ്ഞു, "ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. നിർബന്ധം എൻറെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം."

അപ്പൊസ്തല പ്രവൃത്തികൾ 20:24 ൽ ഇങ്ങനെ വായിക്കുന്നു, "എങ്കിലും ഞാൻ എൻറെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എൻറെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശു തന്ന ശുശ്രൂഷ തികയ്ക്കേണം എന്നേ എനിക്കുള്ളൂ."

### അസാധ്യങ്ങളെ കാണുവാനുള്ള വിശ്വാസം

മഹാനിയോഗം പൂർത്തീകരിക്കുന്നതിലെ വെല്ലുവിളികളും പ്രതിസന്ധികളും നാം നോക്കുമ്പോൾ "ഇത് സാധ്യമാണോ" എന്നു നാം സംശയിച്ചേക്കാം. എഫെസ്യർ 3:20 ഇങ്ങനെ പറയുന്നു, "എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന് സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ, ആമേൻ."

ഡി. എൽ. മൂഡി മഹാനിയോഗ പൂർത്തീകരണത്തെക്കുറിച്ച് ഇപ്രകാരം പ്രതികരിച്ചു:

---

*അത് ചെയ്യാൻ കഴിയും, അത് ചെയ്യണം, അത് ചെയ്യിരിക്കണം."*

---

### യേശുവിനുള്ളതുപോലെയുള്ള സഹനത്തിനും ഏക ലക്ഷ്യബോധത്തിനുമുള്ള സമർപ്പണം.

*"എന്നെ അയച്ചവൻറെ പ്രവൃത്തി പകലുള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു. ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു." യോഹന്നാൻ 9:4*

മഹാനിയോഗ പാഠശാലയിലെ ഓരോ വിദ്യാർത്ഥിക്കും സകല ജനതകളിലേക്കും സുവിശേഷം

എത്തിക്കുന്നതിന് പൗലോസിനും മറ്റ് അപ്പൊസ്തലന്മാർക്കും ഉണ്ടായിരുന്ന അതേ തീക്ഷ്ണതയും ദൗത്യം പൂർത്തിയാകുവോളം സഹിച്ചു നില്ക്കാനുള്ള വിശ്വാസവും ഉണ്ടാകണം എന്നത്രെ ഞങ്ങളുടെ ആഗ്രഹം.

**പൂർത്തീകരിക്കപ്പെടാത്ത ദൗത്യത്തെക്കുറിച്ചുള്ള സമർപ്പണം:**


തൻറെ ശുശ്രൂഷയുടെ അവസാന കാലത്തേക്ക് വയോധികനായ യോശുവ സമീപിച്ചപ്പോൾ കർത്താവ് അവനെ ഓർപ്പിച്ചു: യഹോവ അവനോട് അരുളിച്ചെയ്തത് "നീ വയസ്സു ചെന്നു വൃദ്ധനായിരിക്കുന്നു; ഇനി ഏറ്റവും വളരെ ദേശം കൈവശമാക്കുവാനുണ്ട്" (യോശുവ 13:1).

കനാൻ ഇപ്പോൾ പ്രധാനമായും യിസ്രായേലിൻറെ നിയന്ത്രണത്തിലായിരുന്നു എങ്കിലും (അദ്ധ്യായം 12) "**വളരെ ദേശം**" ഇനിയും കൈവശപ്പെടുത്തുവാനുണ്ടെന്നതിനാൽ യോശുവയുടെ ദൗത്യം പൂർത്തിയായിട്ടില്ല എന്നത്രെ യഹോവ ഓർപ്പിച്ചത്. വാഗ്ദത്ത നാട് കൈവശമാക്കുന്നതിന് മടികാട്ടിയ ദൈവജനത്തെ യോശുവ വെല്ലുവിളിച്ചു,

"നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ നിങ്ങൾക്ക് തന്നിരിക്കുന്ന ദേശം കൈവശം ആക്കുവാൻ പോകുന്നതിന് നിങ്ങൾ എത്രത്തോളം മടിച്ചിരിക്കും?" (യോശുവാ 18:3)

## 6. മഹാനിയോഗത്തിൻറെ സമാപ്തി ദർശനം

മഹാനിയോഗത്തിൻറെ ഈ സ്കൂളിൽ ഞങ്ങൾ പാഠങ്ങൾ 9 തലക്കെട്ടുകളായി വിഭജിച്ചിരി-ക്കുന്നു. ഓരോ വിഷയവും ക്ലാസ്സുകളിൽ നാം വിശദമായി ചർച്ച ചെയ്യും.




മത്തായി 28:19-20 പോകുക! സ്നാനപ്പെടുത്തുക !! ഉപദേശിക്കുക !!! ശിഷ്യന്മാരാക്കുക!!!!

1. സുവിശേഷ-ദർശനം-മഹാനിയോഗം
2. സുവിശേഷികരണത്തിന് ഒരുക്കം-സുവിശേഷീകരണത്തിന് മുമ്പ്
3. സുവിശേഷം-പ്രചരണം - സുവിശേഷീകരണം
4. സുവിശേഷതിനോടുള്ള പ്രതികരണം – രക്ഷയിലേക്കു നടത്തുക
5. സുവിശേഷം-പക്വത - ശിഷ്യന്മാരെ ഉളവാക്കുക
6. സുവിശേഷ പ്രഭാവം - സഭാരൂപീകരണം
7. സുവിശേഷം-വർദ്ധനവ് - വേലക്കാരെ പരിശീലിപ്പിക്കൽ
8. സുവിശേഷം-വിപ്ലവങ്ങൾ- ശിഷ്യന്മാർ ശിഷ്യന്മാരെ തയാറാക്കുന്നു
9. സുവിശേഷം-പരിസമാപ്തി - ദൗത്യം പൂർത്തിയാക്കൽ

### 7. മഹാനിയോഗം പൂർത്തിയായി കഴിയുമ്പോൾ എന്തായിരിക്കും അതിൻറെ രൂപം?

a) സകല ജനതകൾക്കും സുവിശേഷം അവർക്ക് വ്യക്തമായി മനസ്സിലാക്കുവാനും പ്രതികരിക്കുവാനും കഴിയുന്ന വിധത്തിൽ ലഭിക്കുവാൻ അവസരം ഉണ്ടാകും (മത്തായി 24:14).

b) എല്ലാ ജനതകളിൽനിന്നും ഭാഷകളിൽ നിന്നുമുള്ള വലിയൊരു ഗണം ശിഷ്യന്മാർ/ആരാധിക്കുന്നവർ/ആരാധനാക്കൂട്ടങ്ങൾ ലോകമെമ്പാടും ഉണ്ടാകും. എല്ലാ രാജ്യത്തും സംസ്ഥാനത്തും ജില്ലകളിലും, ഉപജില്ലകളിലും, ബ്ലോക്കുകളിലും, ഗ്രാമങ്ങളിലും നഗരപ്രാന്തങ്ങളിലും ഇത് ഉണ്ടാകും (വെളിപ്പാട് 7:9).

### ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. മനുഷ്യവർഗ്ഗത്തോടുള്ള ദൈവീക പദ്ധതി എന്താണ്?
2. ഈ പദ്ധതി എപ്രകാരമാണ് നിറവേറപ്പെടുന്നത്?
3. യേശു എന്തുകൊണ്ടാണ് മഹാനിയോഗം നല്കിയത്?
4. നാം എന്തുകൊണ്ട് മഹാനിയോഗം അനുസരിക്കണം?
5. മഹാനിയോഗം നിറവേറ്റുന്നതിന് അത്യാവശ്യമായിരിക്കുന്ന വിവിധ പടവുകൾ ഏവയാണ്.

### മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T. Christians)

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. (എസ്രാ 7:10) **കേൾക്കുക , അനുസരിക്കുക, പഠിപ്പിക്കുക (Hear. Obey . Teach)**

> *"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."*
> *2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."*

### പ്രായോഗിക തലം

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പദ്ധതികളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# പാഠം 3 :
# ദൈവിക പദ്ധതിയുടെയും വേദപുസ്തകത്തിലെ വലിയകഥയുടെയും വെളിച്ചത്തിൽ മഹാനിയോഗത്തെ മനസിലാക്കുക

**ഉദ്ദേശ്യം**

- ദൈവിക പദ്ധതിയുടെ വെളിച്ചത്തിൽ മഹാനിയോഗത്തെ മനസിലാക്കുക
- വേദപുസ്തകത്തിലെ വലിയ കഥയുടെ പശ്ചാത്തലത്തിൽ മഹാനിയോഗത്തെ മനസിലാക്കുക

മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിൻറെ ഇടപെടലിൻറെ വൃത്താന്തം പഴയനിയമവും പുതിയനിയമവും നമ്മോടു പറയുന്നു. പാപത്തിൻറെയും മറുതലിപ്പിൻറെയും അനന്തര ഫലത്തിൽ നിന്ന് മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുന്നതിനുള്ള ദൈവിക പദ്ധതി അവ വെളിപ്പെടുത്തുന്നു. വേദപുസ്തകത്തിലെ വലിയ കഥ അതാണ്.

**പ്രധാന വേദഭാഗങ്ങൾ:**

> *ഉല്പത്തി 12:1-3*
> *"യഹോവ അബ്രാമിനോട് അരുളിച്ചെയ്തതെന്തെന്നാൽ: നീ നിൻറെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിൻറെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും."*

**<u>അദ്ധ്യായത്തിൻറെ ഉള്ളടക്കം</u>**

1. ലോകത്തോടുള്ള ദൈവത്തിൻറെ പദ്ധതി എന്താണ്?
2. തൻറെ ഈ പദ്ധതിയിൽ ദൈവം എപ്രകാരമാണ് വ്യക്തികളെയും ദൈവജനത്തെയും പങ്കാളികളായി നിയോഗിച്ചത്?
3. തൻറെ ദൗത്യം നിറവേറ്റാനുള്ള ദൈവത്തിൻറെ പദ്ധതി എന്തായിരുന്നു? (എന്താണ് ഈ പദ്ധതിയുടെ വലിയ കഥ?)
4. ദൈവിക പദ്ധതിയിൽ മഹാനിയോഗം എപ്രകാരം യോജിക്കുന്നു?


## 1. ലോകത്തോടുള്ള ദൈവത്തിൻറെ പദ്ധതി എന്താണ്?

വേദപുസ്തകത്തിലെ ദൈവം പദ്ധതികളുടെ ദൈവമാണ്. യഹോവ, യിസ്രയേലിൻറെ ദൈവം, സർവ്വഭൂമിയുടെയും ഏകദൈവമാണ്. അഥവാ സകല ജനതകളുടെയും മനുഷ്യവർഗ്ഗത്തിൻറെയും ഒരേയൊരു ദൈവം.

"ദൈവത്തിൻറെ പദ്ധതി" അല്ലെങ്കിൽ "ദൈവത്തിൻറെ അയയ്ക്കൽ" എന്നു വിവർത്തനം ചെയ്യാവുന്ന ഒരു ദൈവ-ശാസ്ത്രപരമായ ലത്തീൻ ക്രിസ്തീയ പദമാണ് **മിസ്സിയോ ഡെയി.** ലോകത്തെക്കുറിച്ച് ദൈവം ആദ്യം യിസ്രായേലിൽക്കൂടെയും പിന്നീട് സഭയിലൂടെയും വെളിപ്പെടുത്തിയ ദൈവിക പദ്ധതി മനസ്സിലായാൽ മഹാനിയോഗവും നമുക്ക് മനസ്സിലാകും.

മനുഷ്യവർഗ്ഗത്തെയും മനുഷ്യൻറെ പാപത്തിൻറെ തിക്ത ഫലം അനുഭവിക്കുന്ന സർവ്വചരാച-രങ്ങളെയും വീണ്ടെടുക്കുക എന്നതാണ് ദൈവിക ദൗത്യം. വീണുപോയ സൃഷ്ടിയുടെ വീണ്ടെടുപ്പ് എന്ന് ഇതിനെ

പറയാം. താൻ നല്ലത് എന്നു കണ്ട പൂർവ്വ സ്ഥിതിയിലേക്ക് സൃഷ്ടിയെ കൊണ്ടുവരിക എന്നതാണ് ദൈവിക ദൗത്യം (ദർശനം). വെളിപ്പാട് 21-ൽ നാം കാണുന്നത് അതാണ്. പുതിയ ആകാശവും പുതിയ ഭൂമിയും. ആ മഹാ ദൗത്യ പൂർത്തീകരണത്തിൻറെ ഭാഗമായി ദൈവം ദൈവത്തിൻറെ ജനത്തെ (സഭയെ) വിളിക്കുകയും ഒരുക്കുകയും ചെയ്യുന്നു. ഈ ദൗത്യപൂർത്തീകരണത്തെക്കുറിച്ചുള്ള ദൈവത്തിൻറെ പദ്ധതിയാണ് വേദ-പുസ്തകത്തിൻറെ അന്തഃസത്ത.




### a) വേദപുസ്തകത്തിൻറെ വലിയ കഥ

മനുഷ്യവർഗ്ഗത്തിൻറെ വീണ്ടെടുപ്പ് എന്ന ദൈവിക പദ്ധതിയാണ് ബൈബിളിൻറെ മുഖ്യ കഥ. വേദ പുസ്തകത്തിൽ പല കഥകളുണ്ടെങ്കിലം, അവയെല്ലാം ഒരു വലിയ കഥയുടെ ഭാഗമാണ്. പഴയനിയമത്തിലുള്ള കഥകളെ, യിസ്രായേൽ മക്കൾ കണ്ടനുഭവിച്ചതായ രീതിയിൽ ആണ് നാം കാണുന്നത്. എന്നാൽ പുതിയ നിയമത്തിൽ യേശു ക്രിസ്തുവും, തന്റെ ശിഷ്യന്മാരും ഈ കഥകളെ ആവർത്തിച്ച് പറയുന്നത് മറ്റൊരു അർത്ഥത്തിലാണ്. മിശിഹായുടെ വരവോടെ പഴയനിയമ കഥകളുടെ പൂർത്തീകരണമായി (പാരമ്യത്തിലെത്തി) എന്നു പുതിയനിയമ എഴുത്തുകാർ മനസ്സിലാക്കി. ലോകത്തെ തന്നോടു നിരപ്പിക്കുന്നതിനുള്ള ദൈവത്തിൻറെ ദൗത്യം ക്രൂശിൽ നിറവേറ്റപ്പെട്ടു എന്നു മനസ്സിലാക്കിയ പുതിയ നിയമ എഴുത്തുകാർ പഴയനിയമ കഥകളെ ക്രൂശിൻറെ വെളിച്ചത്തിൽ പുനര്വ്യാനം ചെയ്തു.

ദൈവരാജ്യം ഉദ്ഘാടനം ചെയ്യപ്പെട്ടു എന്നു പുതിയനിയമ ശിഷ്യന്മാർ മനസ്സിലാക്കി. ഈ കഥയിൽ തങ്ങളും ഭാഗമാണ് എന്നു മനസ്സിലാക്കിയിട്ട് അവർ പഴയനിയമ കഥകളെ മിശിഹായുടെയും ക്രൂശിൻറെയും വെളിച്ചത്തിൽ പുനരാഖ്യാനം ചെയ്തു. ബൈബിളിലെ ഈ വലിയ കഥ ഉല്പത്തി 1-ൽ തുടങ്ങി വെളിപ്പാട് 21-ൽ അവസാനിക്കുന്നു.

### b) "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു."

**ഉല്പത്തി 1:1**

ദൈവം ഭൂമിയുൾപ്പടെയുള്ള അഖിലാണ്ഡത്തെ സൃഷ്ടിച്ചു. അവൻ മനുഷ്യരെ തൻറെ സാദൃശ്യത്തിൽ സൃഷ്ടിക്കുകയും, തൻറെ സൃഷ്ടിയുടെ കാര്യവിചാരനാകുകെയും, സന്താനപുഷ്ടിയുള്ളവരായി തീരുവാനും, സൃഷ്ടിയെ വാഴുവാനും, കീഴ്പെടുത്തുവാനും ഉള്ള ദൌത്യം ഭരമേല്പിച്ചു. (ഉല്പത്തി 1:26-28).

*"അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും മൃഗങ്ങളിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു. ഇങ്ങനെ ദൈവം തൻറെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവത്തിൻറെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു; നിങ്ങൾ സന്താ നപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു കല്പിച്ചു."*

- **ഭൂമിയെ കീഴ്പെടുത്തുക (കബാസ്)**: കൃഷി ചെയ്യുകയും അതുപോലെയുള്ള പ്രവർത്തനങ്ങളും ചെയ്യുക.
- **അടക്കി വാഴുക (റാഡഹ)**: രാജാധി രാജൻറെ (ദൈവം) പ്രതിനിധികളായി സർവ്വത്തെയും അടക്കി അവയുടെമേൽ അധികാരം നടത്തുക.
- **അതിൽ വേല ചെയ്യുക (അബാദ്)**: കൃഷി ചെയ്യുക, ഉഴുതുക എന്നാണിതിനർത്ഥം.
- **കാത്തു സൂക്ഷിക്കുക (സമർ)**: എന്തിനെയെങ്കിലും സുരക്ഷിതമായി സംരക്ഷിക്കുക എന്നാണിതി നർത്ഥം.

സൃഷ്ടിയെ സംരക്ഷിച്ചും, പരിപാലിച്ചും അതിനെ വാഴുവാനാണ് നമ്മെ വിളിചിരിക്കുന്നത്. ആകയാൽ, സൃഷ്ടിയെ അടക്കി വാഴുകെയും, സംരക്ഷിച്ച പരിപാലിക്കുകെയും ചെയ്യുവാനുള്ള ഉത്തരവും ഇതിനോടൊപ്പം ലഭിച്ചു.

### c) മനുഷ്യൻറെ മറുതലിപ്പിൻറെ (വീഴ്ചയുടെ) കഥ

അതിനു ശേഷം, മനുഷ്യവർഗ്ഗം ദൈവത്തോടു മറുതലിച്ചു. സത്യത്തെ ഗ്രഹിച്ചിട്ടും മനഃപൂർവ്വം അതിൽ നിന്നും അകന്നു പോകുന്നതാണ് വീഴ്ച (റോമർ 1:18, 21).

**ആദാമിൻറെയും ഹൗവ്വയുടെയും പാപം എന്തായിരുന്നു? എന്താണ് സാത്താൻ ഹവ്വായോടു പറഞ്ഞത്?**

സാത്താൻ ഹൗവ്വയോടു ചോദിച്ചു, "തോട്ടത്തിലെ യാതൊരു വൃക്ഷത്തിൻറെയും ഫലം തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ?" ആദാമും ഹവ്വയും, എല്ലാക്കാലത്തുമുള്ള വ്യക്തികളും, രാഷ്ട്രങ്ങളും, നാം ഓരോരുത്തരും സത്യത്തിൽ നിന്നും സ്വയം അകന്നു പോയി. ആദാം ജീവനുപകരം മരണം തെരഞ്ഞെടുക്കയായിരുന്നു
(ഉല്പ. 2:17, 3:6).

> *നിശ്ചയിച്ചിട്ടുള്ള അതിർത്തി ലംഘിച്ചാലുള്ള പ്രത്യാഘാതത്തെക്കുറിച്ച് ദൈവം അവർക്ക് മുന്നറിയിപ്പ് നല്കിയിരുന്നു. "അത് തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും" എന്നു ദൈവം അരുളിച്ചെയ്തു (ഉല്പ. 2:17). ദൈവം ചില അതിരുകൾ നിശ്ചയിച്ചിരുന്നു. അത് അവർക്ക് നന്നായി അറിയാമായിരുന്നു. സ്രഷ്ടാവിനും സൃഷ്ടിക്കുമിടയിലുള്ള അതിർത്തി ആയിരുന്നു അത്.*

സാത്താൻ ഇതിനിടയിൽ കയറി അവരോട് ദൈവം കളവു പറയുകയാണെന്നും ഏറ്റവും നല്ലത് നല്കാതിരിക്കുന്നതിന് ദൈവത്തിന് ചില രഹസ്യ ഉദ്ദേശ്യങ്ങൾ ഉണ്ടെന്നും പറയുന്നു (3:4).

നിങ്ങൾ ആ വിലക്കു കടന്നാൽ (ഫലം തിന്നാൽ) നിങ്ങൾക്ക് ദൈവത്തേപ്പൊലെ ആകാം എന്നും സാത്താൻ പറഞ്ഞു (3:5). സാത്താൻറെ ഈ നുണ ആദാമും ഹവ്വയും വിശ്വസിക്കയും ദൈവകല്പന ലംഘിച്ച് ദൈവത്തോട് മത്സരിച്ചു. ദൈവത്തെപ്പോലെ ആകാനുള്ള പരീക്ഷ വളരെ ശക്തമായിരുന്നു. **അനുസരണക്കേടിൻറെ ഫലം എന്തായിരുന്നു?** ദൈവവുമായി അവർക്കുണ്ടായിരുന്ന മനോഹരമായ ബന്ധത്തെ അവർ തകർത്തു ദൈവത്തിൽ നിന്നും അകന്നുപോയി. അവർ ദൈവത്തിൽ നിന്നും ഓടിയൊളിച്ചു (3:8-10).

**വീഴ്ചയുടെ തുടർന്നുള്ള പ്രത്യാഘാതങ്ങൾ എന്തായിരുന്നു? (ഉല്പത്തി 4-11)**

മനുഷ്യവർഗ്ഗത്തോടുള്ള ദൈവിക പദ്ധതി പൂർത്തീകരിക്കുവാനുള്ള കഴിവില്ലായ്മ എല്ലാ ഹൃദയ-ങ്ങളിലെയും പാപസ്വഭാവം - ദുഷ്ടതയുടെയും അസൂയയുടെയും കൊലപാതകത്തിൻറെയും കഥകൾ.

- **കയീൻറെയും ഹാബേലിൻറെയും കഥ:** (ഉല്പത്തി 4). രണ്ടു യാഗങ്ങളുടെയും ആദ്യത്തെ കൊലപാതകത്തിൻറെയും കഥ
- **നോഹയും പ്രളയവും:** (ഉല്പ. 6:11-12). അഴിമതിയും അക്രമവും ദൈവത്തിൻറെ ന്യായ-വിധിയും

- **ബാബേൽ കഥ:** (ഉല്പ. 11) ഭൂമിയിലെല്ലായിടവും കുടുംബങ്ങളുടെ (രാഷ്ട്രങ്ങൾ) ഛിദ്രവും ആശയക്കുഴപ്പവും.

സ്ത്രീയുടെ സന്തതി സർപ്പത്തിൻറെ തല തകർക്കും എന്ന ദൈവിക പദ്ധതിയുടെ സൂചന നമുക്ക് ഉല്പത്തി 3:15 ൽ നമുക്ക് ലഭിക്കുന്നു.

*"ഞാൻ നിനക്കും സ്ത്രീക്കും നിൻറെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിൻറ തല തകർക്കും; നീ അവൻറെ കുതികാൽ തകർക്കും."*

## 1. തൻറെ ദൗത്യത്തിൽ ദൈവജനത്തെയും വ്യക്തികളെയും പങ്കാളികളായി ദൈവം എങ്ങനെയാണ് നിയോഗിച്ചത്?

### a) പാപത്തിൻറെ അനന്തരഫലങ്ങളെ ഇല്ലാതാക്കുന്നതിനുള്ള ദൈവത്തിൻറെ പദ്ധതി അബ്രഹാമിന് വെളിപ്പെടുത്തി.

ഉല്പത്തി 12:1-3 ൽ ഈ പദ്ധതി ദൈവം വെളിപ്പെടുത്തി. പാപത്തിൻറെ ഫലത്തെ ഇല്ലാതാക്കുവാനും മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുന്നതിനും സൃഷ്ടിയെ യഥാസ്ഥാനപ്പെടുത്തുന്നതിനുമുള്ള പദ്ധതിയുടെ തുടക്കമായിരുന്നു അത്. ഈ വലിയ കഥയുടെ അവസാനം വെളിപ്പാട് 21-ൽ കാണുന്ന പുതിയ ആകാശവും പുതിയ ഭൂമിയുമാണ്.

*ഉല്പത്തി 12:1-3*
*"യഹോവ അബ്രാമിനോട് അരുളിച്ചെയ്തതെന്തെന്നാൽ: നീ നിൻറെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിൻറെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും."*

സകല രാജ്യങ്ങളോടുമുള്ള ദൈവത്തിൻറെ ഈ ഉടമ്പടി മോശെയിലൂടെയും (പുറപ്പാട് 19:3-6) പിന്നീട് ദാവീദിലൂടെയും (2 ശമുവേൽ 7:16) പുതുക്കി. ഈ വാഗ്ദത്തങ്ങളും രക്ഷകനെക്കുറിച്ചും മശിഹായെക്കുറിച്ചുമുള്ള മറ്റ് പ്രവചനങ്ങളും യേശുക്രിസ്തുവിൻറെ വരവിൽ നിവൃത്തിയായി. യേശു ക്രൂശിക്കപ്പെട്ടു, മരിച്ചു അടക്കപ്പെട്ടു. മൂന്നാം നാളിൽ അവൻ തിരുവെഴുത്തുകളുടെ പൂർത്തീകരണം എന്നവണ്ണം മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു (1 കൊരിന്ത്യർ 15:3). രക്ഷയും പാപങ്ങളുടെ ക്ഷമയും യേശുക്രിസ്തുവിലൂടെ പ്രഘോഷിക്കപ്പെട്ടു. സ്വർഗ്ഗാരോഹണത്തിന് മുമ്പ് അവൻ രക്ഷകനായും ന്യായധിപനായും രാജാവായും മടങ്ങി വരുമെന്ന വാഗ്ദത്തം ചെയ്തു. പാപത്താൽ നഷ്ടപ്പെട്ടുപോയ സർവ്വത്തെയും യഥാസ്ഥാനപ്പെടുത്തുന്നതിനായി അവൻ പുതിയ ആകാശവും പുതിയ ഭൂമിയും സ്ഥാപിക്കും. ഇതാണ് വേദപുസ്തകത്തിൻറെ വലിയ കഥ. ഇതാണ് ക്രിസ്തുവും അപ്പൊസ്തലന്മാരും ഘോഷിച്ച സുവിശേഷം.

### b) സുവിശേഷത്തിൻറെ കഥ

സുവിശേഷത്തിൻറെ കഥ എവിടെയാണ് ആരംഭിക്കുന്നത്? ക്രിസ്തുമസ്സിലാണോ? കാൽവറിയിലാണോ? ഒഴിഞ്ഞ കല്ലറയിലാണോ? ഇവയെല്ലാം സുവിശേഷ കഥയിലെ പ്രധാന ഘടകങ്ങളാണ്. എന്നാൽ യഥാർത്ഥത്തിൽ എവിടെയാണ് ഇതിൻറെ തുടക്കം? ഗലാത്യർ 3:8-ൽ നാം ഇങ്ങനെ വായിക്കുന്നു, "എന്നാൽ ദൈവം വിശ്വാസംമൂലം ജാതികളെ നീതീകരിക്കുന്നു എന്നു മുൻകണ്ടിട്ടു, "നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും" എന്നുള്ള സുവിശേഷം അബ്രഹാമിനോടു മുമ്പുകൂട്ടി അറിയിച്ചു." നീ മൂലം സകല ജാതികളും അനുഗ്രഹിക്കപ്പെടും. "നിന്നിൽ സകലജാതികളും അനുഗ്രഹിക്കപ്പെടും" എന്ന വാഗ്ദത്തമാണ് സുവിശേഷത്തിൻറെ കഥയുടെ ആരംഭം. അബ്രഹാമിനോടാണ് ആദ്യമായി സുവിശേഷം അറിയിച്ചത് എന്നു ഉല്പത്തി

12:3 ഉദ്ധരിച്ചുകൊണ്ട് പൗലോസ് പറയുന്നു.

## 2. തൻറെ ദൗത്യം നിവർത്തിക്കുന്നതിനുള്ള ദൈവത്തിൻറെ പദ്ധതി എന്തായിരുന്നു? (ഈ പദ്ധതിയുടെ വലിയ കഥ എന്താണ്?)

### എന്തായിരുന്നു നശിച്ചുകൊണ്ടിരുന്ന ലോകത്തോടു അബ്രഹാമിലൂടെ വാഗ്ദത്തം ചെയ്തു ദൈവത്തിൻറെ സദ്വാർത്ത?

*"നിങ്ങൾ നിങ്ങളുടെ സ്രഷ്ടാവാം ദൈവത്തോടു മറുതലിച്ചു. എന്നാൽ ഒരു സുവാർത്തയുണ്ട്: ദൈവം അബ്രഹാം എന്നൊരുവനെ തെരഞ്ഞെടുത്ത് അവനുമായി ഒരു ഉടമ്പടി ചെയ്തു. അവൻറെ സന്തതിയിൽക്കൂടെ ഭൂമിയിലെ സകല ജനതകളും അനുഗ്രഹിക്കപ്പെടും."*

**പാപത്തിൻറെ ഫലമായ ശാപവും മരണവും നീക്കപ്പെടും.**

അബ്രഹാമിൻറെ സന്തതി മുഖാന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും (ഉല്പത്തി 22:18). പൗലോസ് ഗലാത്യർ 3:16-ൽ പറയുന്നു, "എന്നാൽ അബ്രഹാമിനും അവൻറെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു; സന്തതികൾക്കും എന്നു അനേകരെക്കുറിച്ചല്ല, നിൻറെ സന്തതിക്കും എന്നു ഏകനെക്കുറിച്ചത്രെ പറയുന്നത്; അത് ക്രിസ്തു തന്നേ." അങ്ങനെ, അബ്രഹാമിനോട് ഘോഷിക്കപ്പെട്ട സുവിശേഷം തീർച്ചയായും പാപത്തിൻറെയും അനുസരണക്കേടിൻറെയും ഫലമായുള്ള ശാപത്തെ അനുഗ്രഹമാക്കി മാറ്റുന്നതിൻറെ പ്രഖ്യാപനമായിരുന്നു.ആ അനുഗ്രഹത്തിൻറെ വ്യാപ്തി ഭൂമിയിലെ സകല ജാതികളെയും (ഭൂമിയിലെ സകല കുടുംബങ്ങളെയും) ഉൾക്കൊള്ളുന്നതായിരുന്നു.

### b) അബ്രഹാമിൻറെ നിയോഗിക്കൽ

ദൈവം അബ്രഹാമിനെ പുതിയ സൃഷ്ടിയുടെ ദൗത്യത്തിൽ സകല ലോകത്തിൻറെയും അനുഗ്രഹത്തിൽ പങ്കാളിയാകുവാൻ വിളിച്ചു. തൻറെ ദൗത്യത്തിൽ ഒരു ഭാഗമാകുവാനത്രെ ദൈവം വിളിച്ചത്.അബ്രഹാമിലൂടെ ഭൂമിയിലെ എല്ലാ കുടുംബങ്ങളും (സകല ജാതികളും) അനുഗ്രഹിക്കപ്പെടുവാനുള്ള ക്ഷണം, നഷ്ടപ്പെട്ട ലോകത്തിന് സുവാർത്ത കൊണ്ടുവരുന്ന ദൗത്യം. ദൈവത്തിൻറെ നിയോഗം അബ്രഹാമിന് മാത്രമായിട്ടല്ല നല്കപ്പെട്ടത്, അവൻറെ സന്തതിക്കും പിൻതലമുറക്കാർക്കും (യിസ്രായേൽ) കൂടെയത്രേ. അബ്രഹാമിനെയും ദൈവത്തിൻറെ സ്വന്തജനം എന്നു വിളിക്കപ്പെട്ട യിസ്രായേൽ രാഷ്ട്രത്തെയും സകലജാതികൾക്കും അനുഗ്രഹകാരണമായ ചാലുകളായി പോകുവാൻ നിയോഗിച്ചു.

### c) അബ്രഹാമിനു നല്കിയ നിയോഗത്തിൻറെ ഉദ്ദേശ്യം

ഉല്പത്തി 18:19-ൽ ഈ നിയോഗത്തിൻറെ ലക്ഷ്യം ദൈവം നല്കുന്നു, "യഹോവ അബ്രഹാമിനെക്കുറിച്ച് അരുളിച്ചെയ്തതു, അവനു നിവൃത്തിച്ചുകൊടുപ്പാൻ തക്കവണ്ണം അബ്രഹാം തൻറെ മക്കളോടും തനിക്ക് പിന്നുള്ള കുടുംബത്തോടു നീതിയും ന്യായവും പ്രവൃത്തിച്ചുകൊണ്ട് യഹോവയുടെ വഴിയിൽ നടപ്പാൻ കല്പിക്കേണ്ടതിന് ഞാൻ അവനെ തെരഞ്ഞെടുത്തിരിക്കുന്നു."

**അബ്രഹാമിന് നല്കിയ (മഹാ) നിയോഗത്തിൽ ഉൾപ്പെട്ടിരിക്കുന്നവ:**

- പോകുക (ദൈവത്താൽ അയക്കപ്പെട്ട)
- ഒരു അനുഗ്രഹമായിരിക്കുക
- ഭൂമിയിലെ സകല കുടുംബങ്ങൾക്കും (ജാതികൾക്കും)
- തൻറെ മക്കളെയും കുടുംബത്തിലെ പിന്നുള്ള മക്കളെയും പഠിപ്പിക്കുക
- കർത്താവിൻറെ വഴിയിൽ നടക്കുക

- നീതിയും ന്യായവും പ്രവൃത്തിക്കുക (രൂപാന്തരപ്പെട്ട ജീവിതം)

അബ്രഹാമിനു നല്കിയ നിയോഗത്തിനും യേശു മത്തായി 28:19-20 ൽ ശിഷ്യന്മാർക്ക് നല്കിയ മഹാനിയോഗത്തിനും തമ്മിലുള്ള സാമ്യം അതിശയകരമാണ്. അബ്രഹാമിനോടുള്ള വാഗ്ദത്തം ക്രിസ്തുവേശുവിൽ നിവൃത്തിയായി. അബ്രഹാമിനുള്ള വാഗ്ദത്തവും (മറ്റെല്ലാ നിയോഗങ്ങളും) മിശിഹായുടെ വരവിൽ പൂർത്തിയായി. മിശിഹായുടെ വരവോടെ അബ്രഹാമിലൂടെ ദൈവം നല്കുവാൻ ഉദ്ദേശിച്ചിരുന്ന എല്ലാ അനുഗ്രഹങ്ങളും ഭൂമിയിലെ സകല കുടുംബങ്ങൾക്കും ജാതികൾക്കും ലഭിക്കുവാൻ അവസരം ആയി.പാപത്തിൻറെ ശമ്പളത്തിൽ നിന്നും ശിക്ഷയിൽ നിന്നുംപിഴയിൽനിന്നും സ്വാതന്ത്ര്യവും സൃഷ്ടിയുടെ പൂർവ്വസ്ഥിതിയിലേക്കുള്ള യഥാസ്ഥാനപ്പെടലും സാധ്യമായി.

### d) അബ്രഹാമിൽ നിന്നും യേശുവിലേക്കും ശിഷ്യന്മാരിലേക്കും മഹാനിയോഗം

അബ്രഹാമിന് ആദ്യം വെളിപ്പെട്ടുകിട്ടിയ ദൈവിക ദൗത്യത്തിൽ മറ്റ് ചിലരും പങ്കാളികളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 2000 വർഷങ്ങൾക്കുള്ളിൽ അനേകരെ ഈ ദൗത്യത്തിനായി ദൈവം തെരഞ്ഞെടുത്ത്, നിയോഗിച്ച് അയച്ചു. അവരിൽ ചിലർ ഇവരാണ്:

- യോസേഫ് (ഉല്പത്തി 45:7)
- മോശെ (പുറപ്പാട് 3:10)
- ദാവീദ് (2 ശമുവേൽ 7:16)
- യെശയ്യാവ് (യെശ. 40:52)
- യിരെമ്യാവ് (യിരെ. 1:5-9)
- എസ്രാ (എസ്രാ 7:14)

### e) ദൈവത്തിൻറെ ദൗത്യവും മോശെയുടെ നിയോഗിക്കലും

മിസ്രയീമിലെ അടിമത്തത്തിൽ നിന്നും യിസ്രായേൽ മക്കളെ വീണ്ടെടുക്കുക എന്നത് ദൈവത്തിൻറെ പദ്ധതിയിലെ അവിഭാജ്യ ഘടകമായിരുന്നു. അബ്രഹാമിന് വെളിപ്പെടുത്തിയ ദൗത്യത്തിൻറെ തുടർച്ചയായിരുന്നു അത്. തൻറെ ഈ ദൗത്യത്തിൻറെ ഭാഗമായി ദൈവം മോശെയെ വിളിച്ച് നിയോഗിക്കുന്നു. യിസ്രായേൽ മക്കളുടെ നിലവിളി ദൈവം കേട്ടു അബ്രഹാമിനോടുള്ള തൻറെ ഉടമ്പടി ദൈവം ഓർത്തു എന്നു പുറപ്പാട് 2:23 നമ്മോടു പറയുന്നു. ദൈവം മോശെയ്ക്ക് വെളിപ്പെടുകയും അവനെയും സഹോദരൻ അഹരോനെയും യിസ്രായേലിനെ മിസ്രയീം അടിമത്തത്തിൽ നിന്നും വീണ്ടെടുക്കുന്നതിനായി നിയോഗിച്ച് അയക്കുന്നു.(പുറപ്പാട്3)"നീ എൻറെ ജനമായ യിസായേൽമക്കളെ മിസ്രയീമിൽനിന്നു പുറപ്പെടുവിക്കേണ്ടതിന് ഞാൻ നിന്നെ ഫറവോൻറെ അടുക്കൽ അയയ്ക്കും."

മോശെക്കും അവനിലൂടെ യിസ്രായേൽമക്കൾക്കും ദൈവം നല്കിയ നിയോഗം നാം പുറപ്പാട് 3:14-17-ലും 19:3-6 ലും വായിക്കുന്നു. കനാനിലേക്കുള്ള അവരുടെ യാത്രാമദ്ധ്യേ ദൈവം ഒരു ഉടമ്പടി ചെയ്യുന്നു (അബ്രഹാമിനോടു ചെയ്ത ഉടമ്പടിയുടെ പുതുക്കൽ). അവിടെ അവൻ യിസ്രായേലിനെ പ്രത്യേക സമ്പത്ത്, പുരോഹിതരാജത്വം, വിശുദ്ധ ജനം എന്നിങ്ങനെ പ്രഖ്യാപിക്കുന്നു. ഇതായിരുന്നു ദൈവത്തിൻറെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിന് ലോകത്തോടുള്ള ദൈവത്തിൻറെ പദ്ധതിൽ ഉണ്ടായിരുന്ന പങ്ക്.

### f) യെശയ്യാവിലെ സദ്വാർത്ത

നൂറ്റാണ്ടുകൾക്ക് ശേഷം, ബാബേൽ പ്രവാസത്തക്കുറിച്ച് മുന്നറിയിപ്പ് നല്കുന്ന വേളയിൽ, മശിഹായെക്കുറിച്ചുള്ള സുവാർത്ത അറിയിക്കുന്നതിന് യെശയ്യാവിനോട് ആവശ്യപ്പെടുന്നു. തങ്ങളുടെ ദേശവും നഗരവും ദൈവാലയവും നഷ്ടപ്പെട്ട് യിസ്രായേൽ അതിൻറെ ചരിത്രത്തിലെ ഏറ്റവും വിഷമകരമായ അവസ്ഥയിൽ ആയിരുന്നപ്പോൾ ഈ സുവിശേഷം അവർ കേൾക്കേണ്ടത് ആവശ്യമായിരുന്നു.

*യെശയ്യാവ് 40:3 "കേട്ടോ ഒരുത്തൻ വിളിച്ചുപറയുന്നത്: മരുഭൂമിയിൽ യഹോവയ്ക്ക് വഴി ഒരുക്കുവിൻ; നിർജ്ജന പ്രദേശത്ത് നമ്മുടെ ദൈവത്തിന് ഒരു വഴി നിരപ്പാക്കുവിൻ." (മർക്കൊസ് 1:3ൽ യോഹന്നാൻ ഇതുദ്ധരിക്കുന്നു).*

*യെശയ്യാവ് 40:9 "സുവാർത്താദൂതിയായ സീയോനേ, നീ ഉയർന്ന പർവ്വതത്തിലേക്ക് കയറിച്ചെല്ലുക;സുവാർത്താദൂതിയായ യെരുശലേമേ, നിൻറെ ശബ്ദം ശക്തിയോടെ ഉയർത്തുക; ഭയപ്പെടാതെ ഉയർത്തുക; യഹൂദാ നഗരങ്ങളോട് ഇതാ നിങ്ങളുടെ ദൈവം എന്നു പറയുക."*

*യെശയ്യാവ് 52 ൽ ഭൂമിയുടെ അറുതികളോളമുള്ള രക്ഷയുടെ സുവാർത്ത ഘോഷിപ്പാൻ യെശയ്യാവിനോട് ആവശ്യപ്പെടുന്നു. "സമാധാനത്തെ ഘോഷിച്ചു നന്മയെ സുവിശേഷിക്കയും രക്ഷയെ പ്രസിദ്ധമാക്കയും സീയോനോടു: നിൻറെ ദൈവം വാഴുന്നു എന്നു പറയുകയും ചെയ്യുന്ന സുവാർത്താ ദൂതൻറെ കാൽ പർവ്വതങ്ങളിന്മേൽ എത്ര മനോഹരം!" (പൗലോസ് ഇത് റോമർ 10:12-15 ൽ ഉദ്ധരിച്ചിരിക്കുന്നു).*

## 3. ദൈവിക പദ്ധതിക്ക് മഹാനിയോഗം എങ്ങനെ യോജിക്കുന്നു?

### യേശുവും ശിഷ്യന്മാരും

ഇങ്ങനെയാണെങ്കിലും, അബ്രഹാമിൻറെ തലമുറയായി ദൈവത്തിൻറെ ദൗത്യത്തിൽ പങ്കാളികളാകാൻ വിളിക്കപ്പെട്ട യിസ്രായേൽ മക്കൾ അവർക്കായി ഒരുക്കിയ ദൈവിക ഉദ്ദേശ്യത്തിന് യോഗ്യമാംവണ്ണം ജീവിക്കുന്നതിൽ വീഴ്ച വരുത്തി. എങ്കിലും സകലകുടുംബങ്ങളും അനുഗ്രഹിക്കപ്പെടണമെന്ന ദൈവോദ്ദേശ്യം യേശുമശിഹായുടെ മരണത്തിലൂടെയും ഉയിർത്തെഴുന്നേല്പിലൂടെയും ദൈവം നിറവേറ്റി. ഇത് നിവൃത്തിയാക്കിയ ശേഷം ഭൂമിയിലെ സകല കുടുംബങ്ങളോടും ഈ ദൂത് അറിയിക്കുന്നതിന് തൻറെ ശിഷ്യന്മാരോടും അവരിൽക്കൂടെ സഭയോടും ക്രൂശുമരണത്തിനും ഉയിർപ്പിനും ശേഷം യേശു കല്പിക്കുന്നു (മത്തായി 28:19-20).

കഴിഞ്ഞ 2000 വർഷങ്ങളും യേശുവിൻറെ അനുഗാമികൾ മഹാനിയോഗം അനുസരിച്ചുകൊണ്ട് ഈ സുവിശേഷം ഭൂമിയിൽ എല്ലായിടവും അറിയിച്ചുകൊണ്ടിരിക്കുന്നു. ദൈവം നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന എല്ലാ ഗ്രാമങ്ങളിലും കോളനികളിലും കടന്നു ചെന്നു അനുഗ്രഹമായി-രിക്കുവാനാണ് ദൈവവും മശിഹായും നിങ്ങൾക്ക് നിയോഗം നല്കിയിരിക്കുന്നത്. അബ്രാഹമിന് വാഗ്ദത്തം ചെയ്ത സുവിശേഷം പ്രസംഗിക്കപ്പെടണം.

പാപമോചനം, ദൈവത്തോടുള്ള നിരപ്പ്, രൂപാന്തരപ്പെട്ട ജീവിതങ്ങൾ, ക്രിസ്തുവിനോടുകൂടെയുള്ള നമ്മുടെ നിത്യത, അനുഗ്രഹമായിരിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഗ്രാമഗ്രാമാന്തരങ്ങളി-ലേക്കും പട്ടണങ്ങളിലേക്കും ജനതകളിലേക്കും എല്ലാ ഭാഷക്കാരിലേക്കും നാം കൊണ്ടെത്തി-ക്കേണ്ടത് ഈ ദൂതാണ്.

പാപക്ഷമയുടെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ശിഷ്യരാക്കുകയും കർത്താവിൻറെ പാതയിൽ നീതിയും ന്യായവും പ്രവർത്തിച്ചുകൊണ്ട് ലോകത്തിൽ ജീവിക്കുവാൻ അഭ്യസിപ്പിക്കുന്നതിനുമാണ് വിളിക്കപ്പെട്ടിരിക്കുന്നത് (അബ്രഹാമിന് നല്കിയ കല്പനയോട് സമാനമായി. ഉല്പത്തി 18:19).
മഹാനിയോഗം അനുസരിക്കുന്നതിലൂടെ നാം അബ്രഹാമിന് വെളിപ്പെടുത്തിയ ദൈവിക ദൗത്യം പൂർത്തീകരിക്കുന്നതിൽ പങ്കുകാരാകുകയാണ്. നമ്മുടെ ഗ്രാമങ്ങളിൽ ഒരു അനുഗ്രഹമായിരിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. എത്ര മഹത്തരമായ പദവി?

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. ലോകത്തേക്കുറിച്ച് ദൈവത്തിനുള്ള പദ്ധതി എന്ത്?
2. വീണ്ടെടുപ്പിൻറെ ദൈവിക പദ്ധതിയുടെ തുടക്കം എവിടെയാണ്? എങ്ങനെയാണ് ദൈവം തൻറെ പദ്ധതി നിറവേറ്റുന്നത്?
3. വേദപുസ്തകത്തിലെ മഹാകഥയുടെ മുഖ്യ ഇതിവൃത്തം എന്താണ്?
4. സമ്പൂർണ്ണ വേദപുസ്തകത്തിൽ നാം കാണുന്ന ദൈവത്തിൻറെ പദ്ധതിയിൽ മത്തായി 28:19-20 ലെ മഹാനിയോഗം എപ്രകാരം യോജിക്കുന്നു?

**മറ്റുള്ളവരെ പഠിപ്പിക്കുക (Hear.Obey.Teach)**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു.

(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear.Obey.Teach)

> *"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."*
> *2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."*

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# പാഠം 4
# നാലു വയൽ സാദൃശ്യം

**ഉദ്ദേശ്യം:**

നാലുവയൽ പദ്ധതി എന്ന ആശയം പരിചയപ്പെടുത്തുന്നത് മഹാനിയോഗം പൂർത്തീകരിക്കുന്നതിനും നിങ്ങളുടെ ശുശ്രൂഷയ്ക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുവാനുള്ള ഒരു പ്രയോഗികമാർഗ്ഗ ദർശിയായി ഇതിനെ ഉപയോഗിക്കുവാനുമാണ്.

**പ്രധാന വേദഭാഗങ്ങൾ:**


**മർക്കൊസ് 4:26-29**

മർക്കൊസ് 4:1-20 വരെയുള്ള വേദഭാഗം വായിച്ച് മഹാനിയോഗം പൂർത്തീകരിക്കുന്നതി-നായിട്ടുള്ള പ്രായോഗിക വഴികൾ ക്ഷമയോടെ താരതമ്യം ചെയ്തു ഗ്രൂപ്പിൽ ചർച്ച ചെയ്യുക.

> *മർക്കൊസ് 4:26-29. "പിന്നെ അവൻ പറഞ്ഞതു; ദൈവരാജ്യം ഒരു മനുഷ്യൻ മണ്ണിൽ വിത്ത് എറിഞ്ഞശേഷം രാവും പകലും ഉറങ്ങിയും എഴുന്നേറ്റും ഇരിക്കെ അവൻ അറിയാതെ വിത്തു മുളച്ചുവരുന്നതുപോലെ ആകുന്നു. ഭൂമി സ്വയമായി മുമ്പെ ഞാറും പിന്നെ കതിരും പിന്നെ കതിരിൽ നിറഞ്ഞ മണിയും ഇങ്ങനെ വിളയുന്നു. ധാന്യം വിളയുമ്പോൾ കൊയ്ത്തായതുകൊണ്ട് അവൻ ഉടനെ അരിവാൾ വെക്കുന്നു."*

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**

സഭാ രൂപീകരണത്തിന്റെ നാലു വയൽ ഉപമ
മർക്കോസ് 4:26-29




ഈ അദ്ധ്യായത്തിൽ മഹാനിയോഗം പൂർത്തീകരിക്കുന്നതിനുള്ള 4 വയൽ ആശയം നാം പഠിക്കുവാൻ പോകയാണ്. കൃഷിയുമായി നമുക്ക് വളരെ പരിചയമുള്ളതുകൊണ്ട് കൃഷിസംബന്ധമായ ഈ ചിത്രീകരണം എല്ലാവർക്കും വളരെ ലളിതമായി മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ദൈവരാജ്യത്തെക്കുറിച്ച് പറയുവാൻ അനേക പ്രാവശ്യം യേശു കൃഷിയുടെ ഉപമ ഉപയോഗിച്ചിട്ടുണ്ട്. ഒരു കൃഷിക്കാരന് പ്രത്യുല്പാദനത്തെക്കുറിച്ച് നന്നായി അറിയാം. ഓരോ വിളവെടുപ്പിലും ലഭിക്കുന്ന വിളവിൻറെ വർദ്ധിച്ച വരവാണ് അവൻറെ വരുമാനം. കൊയ്യുവാനുള്ള ഉദ്ദേശത്തോടെയാണ് ഒരു കൃഷിക്കാരൻ വിതയ്ക്കുന്നത്. ആസന്നമായ കൊയ്ത്തിൻറെ ദർശനമാണ് തൻറെ തൊഴിലാളികളുടെ ഉത്തേജനം. ഇക്കാരണത്താൽ ആരംഭം മുതൽ അവസാനം കൊയ്യുന്നതുവരെ താൻ അതിൽ ഏർപ്പെട്ടിരിക്കുന്നു.

## 1. എന്താണ് നാലു വയലുകളുടെ സാദൃശ്യം?

വിവിധ വയലുകളുടെ ഒരു രേഖാ ചിത്രം ചുവടെ കൊടുത്തിരിക്കുന്നു.

## 2. ഏതാണ് രേഖാചിത്രത്തിലെ നാലു വയലുകൾ?

- വെറും വയലുകൾ
- വിതയ്ക്കപ്പെട്ട വയലുകൾ
- വളരുന്ന വയലുകൾ
- പാകമായ വയലുകൾ

## വിവേകിയായ ഒരു കൃഷിക്കാരൻ എന്തു ചെയ്യും? (ഗ്രൂപ്പിൽ ചർച്ച ചെയ്യുക.)

ഈ ഉപമയിലേക്ക് ശ്രദ്ധിച്ചാൽ പലവിധ മൂലതത്വങ്ങൾ ഉയർന്നു വരും. ഓരോന്നും ക്രമമായി പരിശോധിക്കാം. എന്താണ് ഒരു പുതിയ പ്രവർത്തനം ആരംഭിക്കുമ്പോൾ ആവശ്യമായിരിക്കുന്നത്?

താൻ ഏതു വയലിനെ കൃഷിക്കായി തെരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്നുവോ, ആ വയലിനെ കുറിച്ച് തനിക്കു തെളിവായ ഒരു ദർശനം ഉണ്ടാകേണ്ടതാണ്. കൊയ്ത്ത് നടത്തുവാൻ ആഗ്രഹിക്കാത്ത ഒരു സ്ഥലത്തും കർഷകൻ വിതകുകെയില്ല.

വയൽ ഇപ്പോൾ പാഴായി കാണപ്പെട്ടുമെങ്കിലും തെരഞ്ഞെടുത്ത വയലിനെക്കുറിച്ച് തനിക്കൊരു ഒരു ദർശനമുണ്ട്. വിശ്വാസക്കണ്ണാൽ അവൻ വയലിലേക്ക് പ്രവേശിക്കുന്നു. രാവും പകലും അവൻ അദ്ധ്വാനിച്ച് നിലമൊരുക്കും, വിത്തു വിതയ്ക്കും. അവസാനം വിത്തു മുളയ്ക്കുന്നത് അവൻ കാണും. ഒരു വലിയ കൊയ്ത്തു മുന്നിൽ കണ്ടുകൊണ്ട്, കതിരുകൾ വിളയുന്ന വരെ, അതിനെ പരിപാലിക്കും. കർഷകൻ ദർശനം കണ്ട വലിയ ഒരു കൊയ്ത്താണ്, ആ വയലിൽ കഠിന അധ്വാനം ചെയ്യുവാൻ അവനെ പ്രോത്സാഹിപ്പിക്കുന്നത്. ഒരു നല്ല കർഷകൻ , വിളവിൽ നിന്ന് ഏറ്റവും നല്ല വിത്തുകളെ തെരഞ്ഞെടുത്ത്, അതിനെ വീണ്ടും വിതക്കുവാനായി തയാറാക്കും.

ഓരോ വിളവെടുപ്പിനു ശേഷം, തൻ ആഗ്രഹിച്ച വിളവു തനിക്കു എന്ത് കൊണ്ട് ലഭിച്ചില്ല എന്ന് അവൻ വിലയിരുത്തും. കഴിഞ്ഞതിലും ഉത്തമമായി അടുത്തതിൽ എന്ത് ചെയ്യേണ്ടി വരും എന്നത് തീരുമാനിപ്പാൻ അത് അവനെ സഹായിക്കും. ദർശനമുള്ള ഒരു കർഷകൻ, തന്റെ വയലിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുകയും അതിനായി ശൂന്യസ്ഥലങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്യും. താഴെക്കാണുന്നതുപോലെ ഇതിനെ സംക്ഷേപിക്കാം

## 4. കൃഷിയിലെ വിവിധ ഘട്ടങ്ങൾ ഏവയാണ്?

- വിത്തു വിതയ്ക്കുന്നതിനായി വയൽ തെരഞ്ഞെടുക്കണം, അതിരുകൾ തിരിക്കേണം, വിള നിശ്ചയിക്കണം.
- വിതയ്ക്കുവാനായി വയൽ ഒരുക്കണം.
- നല്ല വിത്തുകൾ തെരഞ്ഞെടുക്കണം, വിതക്കാരെ വിത്ത് വിതക്കുന്നതിനായ് അണി നിരത്തണം. വിത്ത് ധാരാളമായി വാരി വിതയ്ക്കണം.
- വിളവെടുപ്പ് വരെ, മുളച്ചു വരുന്നതിനെ പോഷിപ്പിക്കുക, പരിപാലിക്കുക
- വരാനുള്ള കൊയ്ത്തിനായി തൊഴിലാളികളെ ഒരുക്കേണം, തക്ക സമയത്ത് വിളവു കൊയ്യേണം, അതിനെ ഭാണ്ടാരത്തിൽ ശേഖരിക്കേണം.
- അടുത്ത വിതയ്ക്കായി ഏറ്റവും ഉത്തമമായ വിത്തുകൾ തെരഞ്ഞെടുത്ത് മാറ്റി വെക്കേണം
- കഴിഞ്ഞതിലും മെച്ചമായി ചെയ്യുവാൻ, കൃഷിയുടെ ഓരോ ഘട്ടത്തെയും വിലയിരുത്തേണം.
- വിപുലീകരണത്തിനു വേണ്ടി തരിശായി കിടക്കുന്ന വയലുകളെ അന്വേഷിക്കണം

## 5. മഹാനിയോഗത്തെയും ഈ നാലു വയലിനെയും നമുക്ക് എങ്ങനെ താരതമ്യം ചെയ്യാം?.

| | | |
|---|---|---|
| ശൂന്യവയൽ തെരഞ്ഞെടുക്കുക | സുവിശേഷ ദർശനം | സുവിശേഷീകരണത്തിന് മുമ്പ് |
| വയൽ തയാറാക്കുക | സുവിശേഷ ഒരുക്കം | സുവിശേഷീകരണത്തിന് മുമ്പ് |
| നല്ല വിത്തുകൾ തെരഞ്ഞെടുക്കുന്നു, വിതക്കാൻ വിതക്കാരെ അണിനിരത്തുന്നു, വിത്ത് വാരി വിതക്കുന്നു. | സുവിശേഷ പ്രചരണം | സുവിശേഷീകരണം |
| വിത്തുകൾ പൊട്ടി മുളയ്ക്കുന്നു | സുവിശേഷത്തോടുള്ള പ്രതികരണം | രക്ഷയിലെക്കു നടത്തുക. |
| വളരുന്ന വിളവിനെ പരിപാലിക്കുന്നു | സുവിശേഷ പക്വത | ശിഷ്യത്വം |
| വിളവു കളപ്പുരയിൽ ശേഖരിക്കുന്നു | സുവിശേഷ പ്രഭാവം | സഭാ രൂപീകരണം |
| അടുത്ത വിതയ്ക്കായുള്ള ഒരുക്കം | സുവിശേഷ വർദ്ധനവ് | സുശ്രൂഷകന്മാരെ പ്രാപ്തരാക്കുക |
| വിതക്കുവാനും കൊയ്യുവാനും പുതിയ വയലുകളെ തെരഞ്ഞെടുക്കുക | സുവിശേഷ വിപ്ലവം | ശിഷ്യന്മാർ ഇനിയും പലരെ ശിഷ്യന്മാരാക്കുന്നു |
| തരിശു വയലുകൾ ഇല്ലാതാകുന്ന വരെ വയലുകളുടെ വിപുലീകരണം. | സുവിശേഷ പരിസമാപ്തി | ഇനിയും സ്ഥലം ശേഷിചിട്ടില്ല ആരും നശിച്ചു പോകരുത് |

## 6. ഈ ഉപമയുടെ അടിസ്ഥാനത്തിൽ സുവിശേഷം വിതയ്ക്കുന്ന ഒരാളിൻറെ ഉത്തരവാദിത്തങ്ങൾ ഏവയാണ്?

താഴെപ്പറയുന്ന പ്രമാണങ്ങൾ ഈ സാദൃശ്യത്തിൽ നിന്നും നമുക്ക് നോക്കാം

**ശൂന്യ വയലുകളെ തെരഞ്ഞെടുക്കുക: മർക്കൊസ് 4:26 –**

*"ദൈവരാജ്യം ഒരു മനുഷ്യൻ മണ്ണിൽ വിത്ത് എറിയുന്നതുപോലെയാണ്. "* ആത്മാക്കളെ നേടുന്നവരുടെ അല്ലെങ്കിൽ സുവിശേഷം വിതയ്ക്കുന്നവരുടെ ഉത്തരവാദിത്തം ഇവിടെ കാണാം. കൃഷിക്കാരൻ വയൽ പരിശോധിക്കുന്നതുപോലെ സുവിശേഷകൻ തൻറെ വയൽ മനസ്സിലാക്കുന്നു.

**നിലം (വയൽ) മനസിലാക്കുക** - വിത്ത് വിതക്കെപെടുന്നതായ നഷ്ടപ്പെട്ടവരുടെ ഹൃദയങ്ങൾ. നല്ല വിത്ത് വിതയ്ക്കുന്നത്. നിലം എന്നത് ജനങ്ങളാകാം, ജനവിഭാഗങ്ങളാകാം, അല്ലെങ്കിൽ പ്രദേശങ്ങളാകാം. കേൾവിക്കാർ ആരാണ് എന്നു തിരിച്ചറിയുന്നത് സുവിശേഷകന് വളരെ പ്രധാനമാണ്. നിലം നമുക്ക് ചുറ്റിലുമുണ്ട്. നോക്കുന്നിടത്തെല്ലാം നഷ്ടപ്പെടുന്ന ആത്മാക്കളെ നമുക്ക് കാണാം.

**നിലം സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കുക:**

1. ഞാൻ സുവിശേഷം പങ്കിടേണ്ട ജനങ്ങൾ, ജനവിഭാഗങ്ങൾ, ഏതൊക്കെയാണ്?
2. യേശുവിനെ ആവശ്യമുള്ള എൻറെ സ്നേഹിതർ, ബന്ധുക്കൾ, സഹപ്രവർത്തകർ, അയൽക്കാർ ആരൊക്കെയാണ്?
3. ഇനിയും ആരോട് എനിക്കു സുവിശേഷം പറയുവാൻ സാധിക്കും?
4. ഏതൊക്കെ സ്ഥലങ്ങളിൽ എനിക്ക് വിത്തു വിതയ്ക്കുവാൻ കഴിയും?
5. എന്താണ് അവരുടെ ലോകവീക്ഷണം? അവരുടെ വിശ്വാസങ്ങളും ധാരണകളും എന്താണ്?
6. അവർ വിദ്യാഭ്യാസം ഉള്ളവരോ, ഇല്ലാത്തവരോ?
7. എനിക്ക് അവരോട് എങ്ങനെ സുവിശേഷം പങ്കുവെക്കാം?

- **ശൂന്യ ജീവിതങ്ങളെ തെരഞ്ഞെടുക്കുക:** യേശുവിനെ അറിയാത്ത ജനം

- **ശൂന്യ പ്രദേശങ്ങൾ തെരഞ്ഞെടുക്കുക:** സഭയില്ലാത്ത ഇടങ്ങൾ

b) **തെരഞ്ഞെടുക്കപ്പെട്ട വയലുകളെ ഒരുക്കുക:** ഏറെ ഫലം നല്കേണ്ടതിനായി തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വയലും വിത്തു വിതയ്ക്കുന്നതിന് മുമ്പ് ഒരുക്കപ്പെടണം. ഇത് പ്രാർത്ഥനയിലൂടെയും പിന്നീട് ചർച്ച ചെയ്യുന്ന മറ്റ് രീതികളിലൂടെയും സാധിക്കും.

c) **വിതക്കാരെ കണ്ടെത്തി സജ്ജമാക്കുക** - സുവിശേഷത്തിൻറെ വിത്തു വിതയ്ക്കുവാൻ താല്പര്യമുള്ള അനേകരെ സജ്ജരാക്കേണ്ടതും പരിശീലിപ്പിക്കേണ്ടതുമായ ആവശ്യം നമുക്കുണ്ട്. ആരെയാണ് നിങ്ങൾ പരിശീലിപ്പിക്കേണ്ടത്? എല്ലാ വിശ്വാസികളെയും എന്നാണ് ലളിതമായ ഉത്തരം.

എല്ലാ വിശ്വാസികളും ആത്മാക്കളെ നേടുവാൻ വിളിക്കപ്പെട്ടവരാണ്. "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" മർക്കൊസ് 1:17.

വിതയ്ക്കുവാൻ പ്രത്യേകം വരം ലഭിച്ച കുറച്ചുപേർ എൻറെ സഭയിലോ ശിഷ്യന്മാരുടെ ഇടയിലോ ഉണ്ടാകാം. അവരെയും പരിശീലകരും പ്രവർത്തകരുമാക്കാൻ പരിശീലിപ്പിക്കാം.

d) **വിത്തു വിതയ്ക്കുക**- വിതക്കുന്നവരാൽ, വിതക്കപെടുന്നതായ ദൈവ വചനം.
ദൈവീക വിത്തിന്റെ, (ദൈവ വചനം അല്ലെങ്കിൽ സുവിശേഷ സന്ദേശം) ഉപയോഗിക്കുന്നതിനെ കുറിച്ച് നിങ്ങൾ ചിന്തിക്കുമ്പോൾ, ഈ ചോദ്യങ്ങൾ പരിഗണയിൽ വയ്ക്കുക. ഇതേക്കുറിച്ച് വിശദമായി ഈ ക്ലാസ്സിൽ പിന്നീട് നാം പഠിക്കും. പങ്ങേടുക്കുന്നവർക്ക് നിരവധി ചോദ്യങ്ങൾക്ക് ഉത്തരം നല്കേണ്ടിവരും.

1) **വിത്ത്:** ആത്മാക്കളെ നേടുന്നയാൾക്ക് വിത്ത് സുവിശേഷദൂത് (ദൈവവചനം) ആണ്. ശുദ്ധവും ലളിതവുമായ രീതിയിൽ വേണം നാം സുവിശേഷം പങ്കുവെക്കുവാൻ. കേൾവിക്കാരുടെ സാംസ്കാരിക പശ്ചാത്തലത്തിൽ, അവരുടെ ഭാഷയിൽ, നന്നായി മനസ്സിലാക്കത്തക്കവിധത്തിൽ യേശുവിൻറെ സുവിശേഷം കലർപ്പില്ലാതെ പങ്കുവെച്ച് എന്നുറപ്പു വരുത്തേണ്ടത് ആവശ്യമാണ്. "വിശ്വാസം കേൾവിയാലും കേൾവി ദൈവത്തിൻറെ വചനത്താലും വരുന്നു" റോമർ 10:17.

2) **സുവിശേഷസന്ദേശം മനസ്സിലാക്കുന്നതിന് തടസ്സമായി നില്ക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ്?**
നാം കേൾവിക്കാരുടെ സാംസ്കാരത്തിന് ചേരുന്ന വിധത്തിലും അവരുടെ സ്വന്ത ഭാഷയിലുമാണോ സുവിശേഷം പങ്കിടുന്നത്?

3) **ലോഭമായാണോ അതോ ധാരാളമായാണോ ഞാൻ വിതയ്ക്കുന്നത്?**
"എന്നാൽ ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും..." (2 കൊരി.9:6)

4) **കണ്ണുനീരോടെ വിതയ്ക്കുക:** "ആർപ്പോടെ കൊയ്യുക" സങ്കീർത്തനം 126:6

e) **ഒരു പുതിയ മുളയെ എങ്ങനെ പരിപാലിക്കാം?** ഒരു വ്യക്തി യേശുവിനെ സ്വീകരിച്ചതിനു ശേഷം, പക്വതയുള്ള വിശ്വാസിയും ശിഷ്യനുമായി വളരുവാൻ നാം അവരെ സഹായിക്കേണ്ടതുണ്ട്. മുള പൊട്ടിയാൽ വെള്ളവും വളവും നല്കി പരിപാലിക്കണം . **നിരന്തരം പ്രാർഥിച്ച് കൊണ്ടിരിക്കുക, വർദ്ധനവിനെ നല്കുവാൻ ദൈവാത്മാവിനെ അനുവദിക്കുക.** *"ഞാൻ നട്ടു, അപ്പൊല്ലോസ് നനെച്ചു, ദൈവമത്രെ വളരുമാറാക്കിയത്."* 1 കൊരിന്ത്യർ 3:6.

f) **വിളവ് ശേഖരിക്കുക:** പുതിയ വിശ്വാസികളെ വിശ്വാസ സമൂഹമായും സഭയായും കൂട്ടിച്ചേർക്കണം. വിശ്വാസൾ കൂടി വരുന്ന വചനടിസ്ഥനപരമായ ഒരു സഭ ഉണ്ടെങ്കിൽ അതിൽ ചേരുവാൻ നവ വിശ്വാസികളെ ഉത്സാഹിപ്പിക്കണം. അപ്രകാരം ഒരു സഭയില്ലെങ്കിൽ ആ വിശ്വാസിയുടെ ഭവനത്തിൽ തന്നെ ഒരു സഭ തുടങ്ങുവാൻ ആവശ്യപ്പെടുകയും നിങ്ങൾ അവർക്ക് വേണ്ട പരിപോഷണവും ഉപദേശവും നല്കുന്നത് തുടരുകയും വേണം. അവർക്ക് വിശ്വാസത്തിൽ വളരുവാൻ കൂട്ടായ്മയും , ശരിയായ ദൈവവചന പഠനവും, പ്രോത്സാഹനവും ആവശ്യമാണ്.

g) **അടുത്ത വിതയ്ക്കായി നല്ല വിത്തുകളെ തയ്യാറാക്കുക.** വിളവെടുപ്പ് വർദ്ധിപ്പിക്കുവാൻ ഓരോ സഭയിലും സുശ്രൂക്കാരെ പരിശീലിപ്പിക്കുകയും സജ്ജരാക്കുകയും വേണം. അത് സഭയുടെയോ വിളവെടുപ്പിൻറെയോ പശ്ചാത്തലത്തിൽ ചെയ്യേണ്ടതാണ്.

h) **ഉല്പന്നത്തിൻറെ ഗുണവും അളവും വിലയിരുത്തുക.** തുടക്കം മുതൽ ഒടുക്കം വരെയുള്ള പ്രവർത്തനങ്ങളെ കൂടുതൽ നന്നാക്കുന്നതിനായി വിലയിരുത്തുക.

- ഞാൻ എത്രത്തോളം വിതച്ചു?
- ഞാൻ വയൽ നന്നായി ഒരുക്കിയോ?
- ഞാൻ വേണ്ടവണ്ണം നനച്ചുവോ?
- ഞാൻ തക്കസമയത്ത് വിളവെടുപ്പ് നടത്തിയോ?

i) **വികസനം പരിഗണിക്കുക**
ഇനിയും എനിക്ക് എവിടെ വിതയ്ക്കുവാൻ കഴിയും? ശൂന്യമായ പ്രദേശങ്ങൾ, ഗ്രാമങ്ങൾ സഭകളില്ലാത്തതായി അവശേഷിക്കുന്നുണ്ടോ? ജനവിഭാഗങ്ങളോ (സ്ഥലങ്ങൾ) ഭാഷാവിഭാഗങ്ങളോ സുവിശേഷം കേട്ടിട്ടില്ലാത്തവർ എൻറെ ചുറ്റും ഇനിയുമുണ്ടോ?

7. **മഹാനിയോഗ പദ്ധതി പൂർത്തീകരണത്തിനായി നമ്മുടെ പങ്ക് തെരഞ്ഞെടുക്കൽ:**
വയലിൽ കർത്താവിൻറെ സഹവേലക്കാരായിരിക്കുവാനാണ് നാം വിളിക്കപ്പെട്ടത്. എന്നാൽ നമുക്ക് വിഭിന്ന ചുമതലകളാകാം ഉള്ളത്. കൃഷിപ്പണി മാതൃകയാക്കി വിശുദ്ധ പൗലോസ് ശുശ്രൂഷയുടെ വിവിധ ചുമതലകളെക്കുറിച്ച് 1 കൊരിന്ത്യർ 3:5-9 ൽ സംസാരിക്കുന്നു.

"അപ്പൊല്ലോസ് ആർ? പൗലോസ് ആർ? ഞങ്ങൾക്ക് കർത്താവ് നല്കിയതുപോലെ നിങ്ങൾ വിശ്വസിപ്പാൻ കാരണമായിത്തീർന്ന ശുശ്രൂഷകന്മാരത്രേ. ഞാൻ നട്ടു, അപ്പൊല്ലൊസ് നനെച്ചു, ദൈവമത്രെ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനയ്ക്കുന്ന വനും ഏതുമില്ല. നടുന്നവനും നനയ്ക്കുന്നവനും ഒരുപോലെ; ഓരോരുത്തനു താന്താൻറെ അദ്ധ്വാനത്തിന് തക്കവണ്ണം കൂലികിട്ടും. ഞങ്ങൾ ദൈവത്തിൻറെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിൻറെ കൃഷി, ദൈവത്തിൻറെ ഗൃഹനിർമ്മാണം."

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ**

1. എന്താണ് നാലു വയലുകൾ?
2. ഇതിനെ മഹാനിയോഗ ദൗത്യവുമായി എങ്ങനെ ബന്ധിപ്പിക്കാം?
3. നിങ്ങളുടെ ശുശ്രൂഷയെ ആസൂത്രണം ചെയ്യുന്നതിൽ ഈ പഠനം എങ്ങനെ പ്രയോജനപ്പെടുത്തും?
4. ദൈവം നിങ്ങൾക്ക് നല്കിയിരിക്കുന്ന ശുശ്രൂഷയിൽ എന്തായിരിക്കും നിങ്ങളുടെ പങ്ക് ?

**മറ്റുള്ളവരെ പഠിപ്പിക്കുക (Hear.Obey.Teach – കേൾക്കണം – അനുസരിക്കണം - പഠിപിക്കണം)**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു.

(എസ്രാ 7:10) "യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും

യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."

2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# പാഠം 5

## സുവിശേഷ ദർശനം: മഹാനിയോഗ ദൗത്യം തിരിച്ചറിയുക

**ഉദ്ദേശ്യം:**

മഹാനിയോഗത്തെ അതിൻറെ സാധ്യതകളോടും ഉദ്ദേശ്യത്തോടും കൂടെ വ്യക്തമായി മനസ്സിലാക്കുക, അപ്പൊസ്തല പ്രവൃത്തികളിൽ ശിഷ്യന്മാർ തങ്ങളുടെ മഹാ-നിയോഗം പൂർത്തീകരിച്ചത് എങ്ങനെ എന്നു മനസ്സിലാക്കുക.

**പ്രധാന വേദഭാഗങ്ങൾ: മഹാനിയോഗത്തിൻറെ പ്രഥമ വാക്യങ്ങൾ തന്നെ.**

*മത്തായി 28:18-20*

*"യേശു അടുത്തു ചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിൻറെയും പുത്രൻറെയും പരിശുദ്ധാത്മാവിൻറെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ."*

*മർക്കൊസ് 16:15-17*

*"പിന്നെ അവൻ അവരോട്, നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ, വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; എൻറെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും, പുതുഭാഷകളിൽ സംസാരിക്കും, സർപ്പങ്ങളെ പിടിച്ചെടുക്കും."*

**കൂടുതൽ വാക്യങ്ങൾ**

മർക്കൊസ് 13:10"എന്നാൽ സുവിശേഷം മുമ്പേ സകല ജാതികളോടും പ്രസംഗിക്കേണ്ടതാകുന്നു."
ലൂക്കൊസ് 24:47 "അവൻറെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കുകയും വേണം."
അപ്പൊസ്തല പ്രവൃത്തികൾ 1:8 "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എൻറെ സാക്ഷികൾ ആകും എന്നു പറഞ്ഞു."
ലൂക്കൊസ് 4:18-19 "ദരിദ്രന്മാരോടു സുവിശേഷം അറിയിക്കുവാൻ കർത്താവ് എന്നെ അഭിഷേകം ചെയ്തിരിക്കയാൽ അവൻറെ ആത്മാവ് എൻറെമേൽ ഉണ്ട്; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും കർത്താവിൻറെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു."

**അദ്ധ്യായത്തിൻറെ ഉള്ളടക്കം**

1. <u>മഹാനിയോഗത്തെ മനസ്സിലാക്കുക</u>

പാഠം രണ്ടിൽ നാം പഠിച്ചതുപോലെ, മഹാനിയോഗത്തിൻറെ പശ്ചാത്തലം മനുഷ്യവർഗ്ഗത്തോടുള്ള

ദൈവിക പദ്ധതിയാണ്. മനുഷ്യൻറെ പാപത്തിൻറെയും മറുതലിപ്പിൻറെയും ഫലമായി നഷ്ടപ്പെട്ടുപോയ ലോകത്തെ വീണ്ടെടുത്ത് യഥാസ്ഥാനപ്പെടുത്തുന്നതിന് ആവശ്യമായതെല്ലാം യേശു മശിഹാ തൻറെ മരണത്താലും ഉയിർത്തെഴുന്നേല്പിനാലും നിറവേറ്റി.അബ്രഹാമിനു വെളിപ്പെടുത്തിയ ദൈവിക ദൗത്യം ലോകത്തിലുള്ള സകല കുടുംബങ്ങളിലേക്കും (രാജ്യങ്ങളിലേക്കും) വ്യാപിച്ചു. ഈ ദൗത്യത്തിൽ തനിക്കുള്ള പങ്ക് പൂർത്തിയാക്കിയശേഷം മശിഹാ തൻറെ തെരഞ്ഞെടുക്കപ്പെട്ട അപ്പൊസ്തലന്മാരെ ഭൂമിയുടെ അറ്റങ്ങളോളം സകല ജാതികളോടും സുവിശേഷം കൊണ്ടെത്തിക്കുന്നതിനായി നിയോഗിച്ചു.

മഹാനിയോഗത്തിനുള്ള വിളിയിൽ പങ്കുകാരാകുന്നതിൽക്കൂടെ നാം മശിഹായുടെ ദൗത്യത്തിൽ പങ്കാളികളാകുകയാണ്.കർത്താവ് നമ്മോടു പറഞ്ഞ ദൗത്യം ഗ്രഹിക്കുവാൻ മഹാനിയോഗത്തെക്കുറിച്ച് ആഴമായ തിരിച്ചറിവ് നമുക്കുണ്ടായിരിക്കണം. താഴെപ്പറയുന്ന വാക്യങ്ങളിലേക്ക് നാം ശ്രദ്ധ തിരിച്ചാൽ ചില പ്രധാനവാക്കുകൾ നമുക്ക് കണ്ടെത്താൻ കഴിയും. താഴെപ്പറയുന്ന വേദഭാഗങ്ങൾ നിങ്ങളുടെ ബൈബിളിൽ നിന്നും വായിക്കുകയും ആ പ്രധാന വാക്കുകൾ ശ്രദ്ധിക്കുകയും നിങ്ങളുടെ ചെറിയ ഗ്രൂപ്പിൽ ചർച്ച ചെയ്യുകയും ചെയ്യുക. മനഃപാഠമാക്കുവാൻ ശ്രദ്ധിക്കുക.

### a) മഹാനിയോഗത്തിൻറെ പ്രാഥമിക വാക്യങ്ങൾ

സുവിശേഷകർ മഹാനിയോഗ ദൗത്യം പങ്കിട്ട വിവിധ രീതികൾ താഴെപ്പറയുന്ന വാക്യങ്ങളിൽ നമുക്ക് കാണാൻ കഴിയും.

- **മത്തായി** 28:18-20 പോകുവാനുള്ള വിളി, സ്നാനം, പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് ശിഷ്യരാക്കൽ
- **മർക്കൊസ്** 16:15-18 പോകുവാനുള്ള വിളി, പ്രസംഗം, സ്നാനം, അത്ഭുതങ്ങളും അടയാളങ്ങളും, ഭൂതങ്ങളെ പുറത്താക്കൽ, രോഗം സുഖപ്പെടുത്തൽ
- **ലൂക്കൊസ്** 24:47 മാനസാന്തരത്തിനുള്ള ആഹ്വാനം, സകല ജാതികൾക്കുമുള്ള പാപക്ഷമ
- **ലൂക്കൊസ്** 4: 18,19 ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാനും, ബദ്ധന്മാര്ക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും ഉള്ള വിളി.
- **പ്രവർത്തി.** 1:8. പരിശുദ്ധാത്മ ശക്തി പ്രാപിക്കുക, സാക്ഷികളാകുക
- **യോഹന്നാൻ** 20:21 പിതാവ് ദൗത്യം നിറവേറ്റുവാൻ യേശുവിനെ അയച്ചതുപോലെ പോകുവാനുള്ള ആഹ്വാനം

### b) ഈ വേദഭാഗങ്ങളിലെ പ്രധാന പദങ്ങൾ ഏവയാണ്?

ചില വാക്കുകൾ ഇവയാണ്:

1. പോകുക
2. ശിഷ്യരാക്കുക
3. സകല ജാതികളും
4. സ്നാനപ്പെടുത്തുക
5. ലോകത്തിൽ എല്ലായിടത്തും
6. പ്രസംഗിക്കുക
7. യെരുശലേം
8. യഹൂദ്യ
9. ശമര്യ
10. ഭൂമിയുടെ അറ്റത്തോളം
11. ശക്തി
12. പരിശുദ്ധാത്മാവ്

## 2. മഹാനിയോഗത്തോടുള്ള നമ്മുടെ പ്രതികരണം: അനുസരിക്കുന്നതിനുള്ള സമർപ്പണം

ഒന്നാമത്തെ പടി മഹാനിയോഗം അനുസരിക്കുവാനുള്ള നമ്മുടെ സമർപ്പണമാണ്. ഇത് വളരെ പ്രധാനമാണ്. കാരണം, യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പ് നല്കിയ അന്ത്യകല്പനയായിരുന്നു. നിങ്ങൾ അനുസരിക്കുവാൻ തയ്യാറാണെങ്കിൽ അതിൻറെ ആദ്യപടി "പുറപ്പെടുക" എന്ന താണ്. നിങ്ങൾ എവിടെയാണ് പോകേണ്ടത്? പോകുമ്പോൾ എന്താണ് ചെയ്യേണ്ടത്? എന്നൊക്കെ മുമ്പെ ചർച്ച ചെയ്തിരുന്നുവല്ലോ.

**പുറപ്പെടുക...സ്നാനപ്പെടുത്തുക...ഉപദേശിക്കുക** (അദ്ധ്യായം 1 പരിശോധിക്കുക). അടുത്ത പടി ഇവ ആഴമായി കരുതുക എന്നതാണ്. നിങ്ങൾ "എവിടെ" പോകണം, പോകുമ്പോൾ "എന്തു" ചെയ്തിരിക്കണം എന്നതാണ്.

### a) ഒന്നാം പടി: പോകുക

"പോകുക" എന്നത് മഹാനിയോഗത്തിൻറെ മുഖ്യ ഘടകമാണ്. "പോകുക" എന്നത് "അയക്കുക" എന്നതുമായി ബന്ധപ്പെട്ടു കിടക്കുന്നു. യോഹന്നാൻ 20:21-ൽ യേശു തൻറെ ശിഷ്യന്മാരെ നിയോഗിച്ചുകൊണ്ട് പറഞ്ഞു, "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു."

**നാം പോകയിൽ എന്താണ് ചെയ്യേണ്ടത്?** മനുഷ്യ വർഗ്ഗത്തിൻറെ വീണ്ടെടുപ്പ് എന്ന ദൗത്യപൂർത്തിക്കായി പിതാവ് യേശുവിനെ മശിഹായായി അയച്ചു. യേശു തൻറെ സ്വർഗ്ഗാരോഹണത്തിന് മുമ്പ് തൻറെ തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരെ ലോകമെങ്ങും സുവിശേഷം പ്രസംഗിക്കുന്ന ദൗത്യം ഭരമേല്പിച്ചു. പില്ക്കാലത്ത് സഭ ഈ ദൗത്യം തുടരുന്നതിനായി അപ്പൊസ്തലന്മാരെ (ബർന്നബാസിനെയും ശൗലിനെയും) നിയോഗിച്ച് അയക്കുന്നത് നാം കാണുന്നു (അപ്പൊ.പ്ര. 13:1-2). ആകയാൽ സഭ സുവിശേഷം കേട്ടിട്ടില്ലാത്ത ഇടങ്ങളെക്കുറിച്ചു പ്രാർത്ഥിക്കുമ്പോൾ പരിശുദ്ധാത്മാവ് ആ ദൗത്യനിർവ്വഹണത്തിനായി ആളുകളെ കണ്ടെത്തുന്നു, അവരെ നിയോഗിച്ച് "**അയക്കുന്നു**".

#### എന്തിനായി അയയ്ക്കുന്നു?

അയയ്ക്കപ്പെടുന്നവർ സുവിശേഷം പ്രസംഗിക്കണം (മർക്കൊസ് 16:15)
ഉയിർത്തെഴുന്നേറ്റ കർത്താവിന് അവർ സാക്ഷികളാകണം (അപ്പൊ.പ്ര. 1:8)

#### ആരോട് പ്രസംഗിക്കണം?

സകലജാതികളോടും (മത്തായി 28:19). ജാതികൾ (ethnos) എന്നിവിടെ പ്രയോഗിച്ചിരിക്കുന്നത് എല്ലാ ജനവിഭാഗങ്ങളും ഭാഷക്കാരും വംശങ്ങളും എന്ന അർത്ഥത്തിലാണ്.

#### എവിടെ പ്രസംഗിക്കണം?

ഭൂമിശാസ്ത്രപരമായി എല്ലായിടത്തും (മർക്കൊസ് 16:15). അപ്പൊസ്തല പ്രവൃത്തികൾ 1:8 പ്രകാരം ഭൂമിയുടെ അറ്റത്തോളം. സുവിശേഷം കേട്ടിട്ടില്ലാത്ത ജനതകൾ എവിടെയുണ്ടോ അവിടെയെല്ലാം എന്നാണ് ഇത് സൂചിപ്പിക്കുന്നത്. അത് തൊട്ടടുത്ത അയൽക്കാരാകാം, തെരുവാകാം, ജില്ലയാകാം, സംസ്ഥാനമാകാം, രാജ്യമാകാം.

b) **രണ്ടാം പടി: സ്നാനപ്പെടുത്തുക**

മശിഹായുടെ സുവിശേഷം കേട്ട് അതിനോട് പ്രതികരിക്കയും വിശ്വസിക്കയും ചെയ്യുന്നവരെ തിരിച്ചറിഞ്ഞ് അവരെ മശിഹാ കുടുംബത്തിലെ അംഗങ്ങളായി സ്നാനത്തിലൂടെ വേർതിരിക്കുന്നു. യേശുവിൻറെ മരണം, അടക്കം , ഉയിർത്തെഴുന്നേല്പ് എന്നിവയോടുള്ള താദാത്മ്യമാണ് സ്നാനം. തൻറെ പൂർവ്വകാലത്തെ അടക്കം ചെയ്യുവാനും പരിശുദ്ധാത്മ ശക്തിയാൽ പുതുമനുഷ്യനായി രൂപാന്തരപ്പെടുവാനുമുള്ള ഒരുവൻറെ സമർപ്പണത്തിൻറെ അടയാളമത്രെ അത്. മശിഹാ സമൂഹമായ സഭയോടുള്ള ഐക്യവും സ്നാനത്തിലൂടെ നടക്കുന്നു.

ഇവിടെ പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പികേണം എന്ന് പഠിപ്പിക്കുന്നുണ്ട് . ഇതിന്റെ അർഥം, സ്നാനത്തിൽ ത്രിത്വം (അതായത് പിതാവായ ദൈവം, പുത്രൻ (യേശു മശിഹ), പരിശുദ്ധാത്മാവ്) ഭാഗമാകുന്നു എന്നതാണ്.

c) **മൂന്നാം പടി: ഉപദേശിച്ചുകൊണ്ട് ശിഷ്യരാക്കുക**

സുവിശേഷത്തെ അംഗീകരിക്കുന്നവരെ സ്നാനപ്പെടുത്തി മശിഹായുടെ ശിഷ്യന്മാരാക്കി മാറ്റേണം. മശിഹാ പഠിപ്പിച്ചവയെല്ലാം പഠിപ്പിക്കുന്ന പ്രക്രിയയാണ് ശിഷ്യത്വം. പ്രധാന ഉപദേഷ്ടാവ് പരിശുദ്ധാത്മാവത്രെ. പുതിയ വിശ്വാസികൾ ക്രിസ്തുവിനോടു കൂടുതൽ അനുരൂപരാകുവാൻ വേണ്ടി, പരിശുദ്ധാത്മാവിനോടൊപ്പം നാമും അവരെ അനുസരിക്കുവാൻ പഠിപ്പിക്കേണം. ഇത്, അവരുടെ മനോഭാവം മാറ്റുവാനും, ഉപദേശം അനുസരിപ്പാനും സഹായിക്കുന്നു. ഉപദേശം മൂലം, അവരുടെ ജീവിതം രൂപാന്തരപ്പെടുകയും അവർ മശിഹായുടെ മക്കളായി ജീവിക്കുവാൻ ഇടയാകുകയും ചെയ്യും. അവരെ, അനുസരിക്കുവാൻ പഠിപികുന്നതാണ് മുഖ്യ വിഷയം എന്ന് മറന്നു പോകരുത്.

നാം എന്തു പഠിപ്പിക്കണം? "യേശു കല്പിച്ചതൊക്കെയും." അന്ന്, വിശ്വാസികളേ പഠിപിച്ച വിഷയങ്ങൾ അപ്പൊസ്തല പ്രവൃത്തികൾ 2:42 ൽ "അപ്പൊസ്തലിക ഉപദേശങ്ങൾ" എന്നാണ് രേഖപെടുതിയിരിക്കുന്നത്.. ഈ ഉപദേശങ്ങൾ നാം പുതിയനിയമത്തിൽ, പ്രത്യേകിച്ച് ലേഖനങ്ങളിൽ കാണുന്നു. അപ്പൊസ്തലന്മാർക്ക് പഴയനിയമ ഉപദേശങ്ങൾ നേരത്തേ തന്നെ ഉണ്ടായിരുന്നു (ലൂക്കൊ. 24:44-45). ആ തിരുവെഴുത്തുകളെയും യേശുവിൻറെ ഉപദേശങ്ങളെയും മനസ്സിലാക്കുവാൻ പരിശുദ്ധാത്മാവ് അവരെ സഹായിക്കുന്നു.

## 3. മഹാനിയോഗത്തിൻറെ സാധ്യതകൾ എന്താണ്?

അതിൻറെ സാധ്യതകൾ മനസ്സിലാക്കുന്നതിന് വളരെ വ്യക്തമായ രണ്ടു കല്പനകൾ സഹായിക്കും.

a) **ലോകത്തിലൊക്കെയും പോകുക** (ഭൂമിയിൽ ഉള്ള എല്ലാ സ്ഥലത്തും) : ഇത് അയൽപക്ക്മാകാം അടുത്ത ജില്ലയാകാം, പ്രദേശങ്ങൾ ആകാം, ഇങ്ങനെ ഈ ഭൂമിയിൽ ആൾതാമസം ഉള്ള എല്ലാ സ്ഥലങ്ങൾ ഉൾപെടും.

b) **സകല ജനതകളിലേക്കും പോകുക** (വംശീയ സാധ്യത) ഇതിൽ സകല ജനവിഭാഗങ്ങളും ഭാഷക്കാരും ഉൾപ്പെടുന്നു.

## PLUG പ്രവർത്തന പദ്ധതി:

ഈ ദൗത്യത്തെ ജഘഡഏ പദ്ധതിയായി നമുക്ക് ചുരുക്കാം: എല്ലാ ജനവിഭാഗങ്ങളിലുംപെട്ട, സകല ഭാഷക്കാരും പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഉള്ള സകല മനുഷ്യരും. മേലുദ്ധരിച്ച വാക്യങ്ങൾ അടിസ്ഥാനമാക്കി വെളിപ്പാട് 7:9 ൽ സംഗ്രഹിച്ചുമിരിക്കുന്നതിനെയാണ് ഞങ്ങൾ PLUG പദ്ധതിയെന്നു പരാമർശിച്ചിരിക്കുന്നത്.

- ജനവിഭാഗങ്ങൾ - People Group
- ഭാഷാവിഭാഗങ്ങൾ - Language Group
- പട്ടണ പ്രദേശങ്ങൾ - Urban Areas
- ഗ്രാമങ്ങൾ - Geographical Villages

മഹാനിയോഗം പൂർത്തിയാകുമ്പോൾ, എല്ലാ പട്ടണങ്ങളിലും, ഗ്രാമങ്ങളിലും, ജനവിഭാഗങ്ങളിലുമുള്ള എല്ലാ ജനസമൂഹങ്ങളും ഫലപ്രദമായി സുവിശേഷീകരിക്കപ്പെട്ട് ശിഷ്യന്മാരായി തീർന്നിരിക്കും. ഇതു സംഭവിക്കുമ്പോൾ എല്ലാ ഭാഷാവിഭാഗങ്ങളിലുമുള്ള എല്ലാ ജനസമൂഹങ്ങളിലും എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും വിശ്വാസികളുടെ കൂട്ടായ്മ രൂപീകൃതമാകയും ചെയ്യും. ഇതാണ് മഹാനിയോഗത്തിൻറെ ലക്ഷ്യം അഥവാ അന്തിമഫലത്തെക്കുറിച്ചുള്ള ദർശനം.

- **ജനവിഭാഗങ്ങൾ:** ജനവിഭാഗങ്ങൾ എന്നതുകൊണ്ട് ഞങ്ങൾ ഉദ്ദേശിച്ചിരിക്കുന്നത് വ്യത്യസ്തമായ ഒരു ഗോത്രം, ജാതി, ഒരേ സംസ്കാരവും വംശീയ പാരമ്പര്യവുമുള്ള ജനതകൾ, (പലപ്പോഴും) ഒരേ ഭാഷ സംസാരിക്കുന്നവർ എന്നിവരെയാണ്. ഏഷ്യൻ പശ്ചാത്തലത്തിൽ പരസ്പര വിവാഹബന്ധങ്ങൾ നടത്തുന്നവർ എന്നതാണ് ഒരു പ്രായോഗിക നിർവ്വചനം.

- **ഭാഷാ വിഭാഗങ്ങൾ:** മഹാനിയോഗം പൂർത്തിയാകുമ്പോൾ സകല ഭാഷകളിലെയും ജനങ്ങൾ കർത്താവിനെ ആരാധിക്കുന്നവരായി മാറും (ദാനിയേൽ 7:14; വെളിപ്പാട് 5:9; 7:9).

- **പട്ടണ പ്രദേശം:** യേശു എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും പോയി സുവിശേഷം പ്രസംഗിച്ചു കൊണ്ട് ഇന്നത്തെ ദൗത്യ പദ്ധതിക്ക് പിന്തുടരുവാൻ മതിയായ ഒരു മാതൃക നല്കുന്നു (ലൂക്കൊസ് 8:1). പൗലോസിൻറെ സഭാസ്ഥാപനത്തിനുള്ള മാതൃക എന്നത് തന്ത്രപ്രധാനമായ പട്ടണത്തിൽ ചെന്ന് സുവിശേഷം അറിയിച്ച്, സഭകൾ സ്ഥാപിച്ച്, അവിടെ മൂപ്പന്മാരെ നിയമിച്ച്, തുടർച്ചയായി അവിടം വീണ്ടും സന്ദർശിച്ച് സഭകളെയും വിശ്വാസികളെയും ധൈര്യപ്പെടുത്തുകയും ശക്തീകരിക്കുകയും ചെയ്യുന്നതായിരുന്നു. പട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും പദ്ധതികളെ ഭൂമിശാസ്ത്രപരമായ പദ്ധതികളായി കണക്കാക്കാമെങ്കിലും നമ്മൾ പട്ടണങ്ങളെ ഒരു പ്രത്യേക വിഭാഗമായി പരിഗണിക്കുന്നു. കാരണം, അവിടുത്തെ വെല്ലുവിളികളും ആവശ്യങ്ങളും ഗ്രാമങ്ങളിലേതിൽ നിന്നും വ്യത്യസ്തമാണ്. നഗരം എപ്രകാരമാണ് വിഭജിച്ചിരിക്കുന്നത് എന്നതിനെ ആശ്രയിച്ച് നാം നഗരപ്രാന്തങ്ങളെ ഫലദായകമായ വയലുകളായി കണക്കാക്കണം.

- **ഭൂപ്രദേശങ്ങൾ (ഗ്രാമങ്ങൾ):** മഹാനിയോഗത്തിൻറെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്ന് എല്ലാ ഗ്രാമങ്ങളിലും സുവിശേഷം എത്തിച്ച് അവിടെ ഒരു വിശ്വാസ സമൂഹത്തെ ഉണ്ടാക്കുക എന്നുള്ളതാണ്. റോമർ 15:17-21 വരെയുള്ള ഭാഗത്ത് നാം പൗലോസിൻറെ പദ്ധതി വായിക്കുന്നു. "അങ്ങനെ ഞാൻ യെരുശലേം മുതൽ ഇല്ലുര്യ ദേശത്തോളം ചുറ്റിസഞ്ചരിച്ചു ക്രിസ്തുവിൻറെ സുവിശേഷഘോഷണം പൂരിപ്പിച്ചിരിക്കുന്നു." ഇതിൻറെ അർത്ഥം പൗലോസ് വളരെ ക്രമമായി രണ്ടു പട്ടണങ്ങളുടെ ഇടയിലുള്ള ഒരിടവും വിടാതെ എല്ലാ സ്ഥലങ്ങളും (ഗ്രാമങ്ങളും) ചുറ്റി സഞ്ചരിച്ചു എന്നാണ് (റോമർ 15:23)

ഇത്തരുണത്തിൽ ഒരു നിമിഷം നിങ്ങൾ വേറിട്ടുനിന്നുകൊണ്ട് പ്രാർത്ഥനാപൂർവ്വം ഒരു വയൽ തെരഞ്ഞെടുക്കുക. നിങ്ങളുടെ സഭാവിഭാഗത്തെക്കാളും സഭയെക്കാളും വലിയതായിരിക്കണം നിങ്ങളുടെ ദർശനം. അത് ഒരു പട്ടണമോ, നഗരമോ, പ്രാന്തപ്രദേശമോ, ബ്ലോക്കോ, ഗ്രാമങ്ങളോ, ഒരു ജനവിഭാഗമോ, ഭാഷാ വിഭാഗമോ, ജില്ലയോ, സംസ്ഥാനമോ ആയിരിക്കാം.

- എൻറെ അതിർ വിസ്താരമാക്കുക (യബ്ബേശിൻറെ പ്രാർത്ഥന; 1 ദിനവൃത്താന്തം 4:10)
- നിൻറെ കൂടാരത്തിൻറെ സ്ഥലത്തെ വിശാലമാക്കുക... (യെശയ്യാവ് 54:2).
- ഞങ്ങൾക്കു വിശ്വാസം വർദ്ധിപ്പിച്ചു തരേണമേ! (ലൂക്കൊസ് 17:5 ശിഷ്യന്മാരുടെ പ്രാർത്ഥന)

"ദൈവത്തിൽ നിന്നും വൻ കാര്യങ്ങളെ പ്രതീക്ഷിക്കുക, ദൈവത്തിനായി വൻ കാര്യങ്ങളെ ചെയ്യുവാൻ പരിശ്രമിക്കുക" -വില്ല്യം ക്യേറി.

## 4. അപ്പൊസ്തലന്മാർ എപ്രകാരമാണ് മഹാനിയോഗം നിറവേറ്റിയത്?

അപ്പൊസ്തല പ്രവൃത്തികൾ 1:8-ൽ നാം കാണുന്ന മഹാനിയോഗത്തിൻറെ പശ്ചാത്തലത്തിലാണ് അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം മുഖ്യമായും ലൂക്കൊസ് എഴുതുന്നത്. "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എൻറെ സാക്ഷികളാകും"


### a. പെന്തക്കൊസ്തിൻറെ സ്വാധീനം: യെരുശലേമിൽ നിന്നു ശമര്യയിലേക്ക്-യഹൂദന്മാരിൽ നിന്നും ജാതികളിലേക്ക്

അപ്പൊസ്തലന്മാരുടെ മഹാനിയോഗ നിർവ്വഹണത്തിലെ മുഖ്യഘടകം അവർക്ക് ലഭിച്ച പരിശുദ്ധാത്മശക്തിയാണ്. യേശുവിൻറെ സ്വർഗ്ഗാരോഹണത്തിന് ശേഷം യേശു കല്പിച്ചതുപോലെ അവർപരിശുദ്ധാത്മാവിനായി കാത്തിരുന്നു.ു പരിശുദ്ധാത്മാവിൻറെ ആഗമനം ഭീരുക്കളായിരുന്ന, സംശയാലുക്കളായിരുന്ന, ലജ്ജിച്ചിരുന്ന, വിമുഖരായിരുന്ന ശിഷ്യന്മാരെ തങ്ങളുടെ ഗുരുവും നാഥനുമായ യേശുക്രിസ്തുവിൻറെ ധീരരും ശക്തരും ലജ്ജയില്ലാത്ത സാക്ഷികളും ആക്കി മാറ്റി. യഹൂദന്മാരെ ഭയപ്പെട്ട യേശുവിനെ തള്ളിപ്പറഞ്ഞ പത്രൊസ് എഴുന്നേറ്റു നിന്നുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചു കർത്താവും ക്രിസ്തുവും ആക്കിവെച്ചു എന്നു ഉദ്ഘോഷിച്ചു. അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിലെ ഓരോ പുതിയ വികസനവും, അത് ഭൂമിശാസ്ത്രപരമോ ജനവിഭാഗത്തിലേക്കോ ആയിക്കൊള്ളട്ടെ, അവയെല്ലാ പരിശുദ്ധാത്മാവിൻറെ ശക്തിയിലും നടത്തിപ്പിലുമായിരുന്നു.

### അന്ത്യോക്യൻ സഭയുടെ മാതൃക

യഹൂദന്മാരും ജാതികളും അടങ്ങുന്ന അന്ത്യൊക്യൻ സഭ സ്ഥാപിച്ചത് പീഡനം നിമിത്തം ചിതറിക്കപ്പെട്ട യഹൂദ്യരായ വിശ്വാസികളാണ്. ഏതാണ്ട് ഒരു വർഷം പൗലോസും ബർന്നബാസും അവരെ പഠിപ്പിച്ചതിനു ശേഷം ആ സഭയ്ക്ക് "ഭൂമിയുടെ അറ്റങ്ങളോളം" പോയി മഹാദൗത്യം നിറവേറ്റുന്നതിനുള്ള താല്പര്യം ഉളവായി. ഏഷ്യയിലെ മറ്റ് സ്ഥലങ്ങളിലേക്കും പിന്നീട് യൂറോപ്പിലേക്കും സുവിശേഷവുമായി പോകുന്നതിനായി അവർ പൗലോസിനെയും ബർന്നബാസിനെയും വേർതിരിച്ചു പ്രാർത്ഥിച്ചയച്ചു. മഹാനിയോഗം നിറവേറ്റുന്നതിനുള്ള ഈ അപ്പൊസ്തലിക മാതൃകയാണ് അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം നമുക്ക് നല്കുന്നത്. 13-ാം അദ്ധ്യായം മുതൽ പൗലോസും സംഘാംഗങ്ങളും ഏഷ്യയിലും യൂറോപ്പിലും ചുറ്റിസഞ്ചരിച്ചു സുവിശേഷം അറിയിച്ചതും സഭ സ്ഥാപിച്ചതും നാം കാണുന്നു. തങ്ങളെ മിഷനറിപ്രവർത്തനത്തിന് നിയോഗിച്ചയച്ച അന്ത്യൊക്യ സഭയോടുപൗലോസും സംഘവും കണക്കുബോധിപ്പിക്കേണ്ടവരായിരുന്നു എന്നു നാം കാണുന്നു.

## പൗലോസിൻറെ തന്ത്രവും പ്രവർത്തന ചക്രവും "ഭൂമിയുടെ അറ്റത്തോളം"




പൗലോസിൻറെ പ്രവർത്തന തന്ത്രം അപ്പൊ. പ്രവൃത്തികൾ 14:21-23 ൽ ലൂക്കൊസ് സംഗ്രഹിക്കുന്നു. 21 "ആ പട്ടണത്തിലും സുവിശേഷം അറിയിച്ച പലരെയും ശിഷ്യരാക്കിയശേഷം അവർ ലുസ്ത്ര, ഇക്കോന്യ, അന്ത്യൊക്യ എന്ന പട്ടണങ്ങളിലേക്ക് മടങ്ങിച്ചെന്നു, 22 വിശ്വാസത്തിൽ നിലനിൽക്കേണം എന്നും നാം അനേകം കഷ്ടങ്ങളിൽക്കൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നും പ്രബോധിപ്പിച്ച ശിഷ്യന്മാരുടെ മനസ്സുറപ്പിച്ചുപോന്നു. 23 അവർ സഭതോറും അവർക്ക് മൂപ്പന്മാരെ നിയമിക്കുകയും ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കയും ചെയ്തു."

പൗലോസിൻറെ പ്രവർത്തന തന്ത്രത്തെ സംഗ്രഹിക്കുന്ന മൂന്നു ഗ്രീക്ക് പദങ്ങളുണ്ട്:

- **കെരിഗ്മാ (Kerygma)** - സുവിശേഷം പ്രഘോഷിക്കുക
- **ഡിഡാക്കെ (Didache)** - പഠിപ്പിക്കുക-യേശുവിൻറെയും ശിഷ്യന്മാരുടെയും പഠിപ്പിക്കലുകൾ
- **സ്റ്റെറിസോ (Sterizo)**- വിശ്വാസത്തിൽ ശക്തിപ്പെടുത്തുക അല്ലെങ്കിൽ ഉറപ്പിക്കുക

ജെഫ് റീഡ് ഈ മൂന്നു പടികൾ പൗലോസിൻറെ മഹാനിയോഗ ദൗത്യത്തിൽ സംഗ്രഹിക്കുന്നു.

- പ്രധാന (നിർണ്ണായക) നഗരങ്ങളെ സുവിശേഷീകരിക്കുക
- സഭ സ്ഥാപിക്കുക
- വിശ്വസ്ത പുരുഷന്മാരെ ഭരമേല്പിക്കുക

## ഹെസ്സെൽഗ്രേവ് (Hesselgrave) നല്കുന്ന പൗലോസിൻറെ മിസ്സിഒനറി പ്രവർത്തനചക്രം

പൗലോസിൻറെ രീതികളെ പഠിക്കുമ്പോൾ തൻറെ പ്രവർത്തനശൈലിയിൽ താൻ എല്ലായിടത്തും ആവർത്തിച്ച ഒരു പദ്ധതിയുണ്ടായിരുന്നു എന്നു കാണാം. വേദപുസ്തകത്തിലെ ദൗത്യത്തെക്കുറിച്ച് പഠിച്ച മഹാനായ ഡേവിഡ് ഹെസ്സൽഗ്രേവ് എന്ന ദൈവദാസൻ ഈ വിഷയത്തെക്കുറിച്ച് ഒരുപുസ്തകം എഴുതിയിട്ടുണ്ട്. ഒരു അദ്ധ്യായത്തിൽ അദ്ദേഹം മിഷനുകൾക്കായി അഥവാ മഹാനിയോഗം നിറവേറ്റുന്നതിനായുള്ള "പൗലോസിൻറെ പ്രവർത്തന ചക്രം" എന്നു പേരിട്ടുവിളിച്ച വിഷയം വിശദീകരിച്ചിട്ടുണ്ട്. പൗലോസിൻറെ പ്രവർത്തനചക്രത്തിലെ 10 കാര്യങ്ങൾ അദ്ദേഹം പട്ടികയായി നിരത്തുന്നു.

അത് അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകം ആധാരമാക്കിയുള്ളതാകയാലും പൗലോസ് ആവർത്തിച്ച് ഉപയോഗിച്ച രീതിയുമാകയാൽ അതിനെ നമുക്ക് മഹാനിയോഗ പൂർത്തീകരണത്തെക്കുറിച്ചുള്ള വേദപുസ്തക പഠിപ്പിക്കലിൻറെ അടിസ്ഥാന മാനദണ്ഡമായി കണക്കാക്കാവുന്നതാണ്. ഈ പത്തു കാര്യങ്ങളും എല്ലാ സാഹചര്യങ്ങളിലും പ്രായോഗികമായിരിക്കയില്ല എങ്കിലും ഇക്കാര്യം പൗലോസ് എപ്രകാരമാണ് എഫെസ്സൊസിൽ നിറവേറ്റിയതെന്നു പഠിക്കുന്നത് ആവേശകരമായിരിക്കും. ഇവിടെ എല്ലാ രീതികളും ലൂക്കൊസ് രേഖപ്പെടുത്തിയിട്ടില്ലെന്നതും ശ്രദ്ധിക്കുക.




**1. മിഷനറിമാരെ നിയോഗിക്കുന്നു അപ്പൊ. പ്ര. 13:1-4; 15:39-40**

മഹാനിയോഗം സഭയ്ക്ക് നല്കപ്പെട്ടതാകയാൽ (പ്രാദേശികമോ സഭകളുടെ ചങ്ങലയിലോ) സഭയുടെ ഉത്തരവാദിത്തമാണ് അത്. അനന്തരം സഭ പരിശുദ്ധാത്മാവിൻറെ നടത്തിപ്പിലും പ്രാർത്ഥനാപൂർവ്വവും വ്യക്തികളെ പ്രത്യേക ദൗത്യത്തിനായി തെരഞ്ഞെടുത്ത്, പരിശീലിപ്പിച്ച്, നിയോഗിച്ച് അയക്കുന്നു.

**2. ശ്രോതാക്കളുമായി ബന്ധപ്പെട്ടു – അപ്പൊ . പ്ര . 13:1-4; 14:1; 16:13-15; 18:19; 19:1,8,9.**

പൗലോസും കൂട്ടരും പോയിടത്തൊക്കെയും സമ്പർക്കം പുലർത്തുന്നതിന് യോഗ്യരായ (സമാധാന പുത്രൻ) വ്യക്തികളെ കണ്ടെത്തുന്നതിന് ശരിയായ മാർഗ്ഗം അവലംബിച്ചു. പലപ്പോഴും യഹൂദന്മാരുടെ സിനഗോഗിൽക്കൂടെയോ ചിലപ്പോഴൊക്കെ തൻറെ തൊഴിലിൻറെ പശ്ചാത്തലത്തിലോ ആയിരുന്നു.

**3. സുവിശേഷം സംവേദിച്ചു – അപ്പൊ . പ്ര. 13:17-41; 16:31; 19:4,9,10**

ശരിയായ വ്യക്തികളെ തിരിച്ചറിഞ്ഞശേഷം അവർക്ക് മനസ്സിലാകുന്ന ഭാഷയിലും പശ്ചാത്തലത്തിലും സുവിശേഷം അവരുമായി പങ്കിട്ടു.

**4. ശ്രോതാക്കൾ മാനസാന്തരപ്പെട്ടു- അപ്പൊ . പ്ര . 13:48; 16:14-15; 19:5,18**

സുവിശേഷം കേട്ടപ്പോൾ ചിലർ അനുകൂലമായി പ്രതികരിക്കുകയും യേശുക്രിസ്തുവിൽ വിശ്വസിച്ചു മാനസാന്തരപ്പെടുകയും ചെയ്തു.

**5. വിശ്വാസികളെ കൂട്ടിച്ചേർത്തു-അപ്പൊ.പ്ര. 13:43; 19:,9,10**

സുവിശേഷത്തോട് പ്രതികരിച്ചു വിശ്വസിച്ചവരെ ഒരു നവ സമൂഹമായി കൂട്ടിവരുത്തി ദൈവത്തിൻറെ വഴികളെക്കുറിച്ചു കൂടുതൽ ആഴമായും വ്യക്തമായും പഠിപ്പിച്ചു.

**6. വിശ്വാസം ഉറപ്പിച്ചു-അപ്പൊ.പ്ര. 14:21-23; 15:41; 20:17,20,28; 1 തിമൊഥെയൊസ് 1:3-4; 2:2**
വിശ്വസിച്ച പുരുഷന്മാരും സ്ത്രീകളും ഒരുമിച്ചു സമ്മേളിക്കുവാൻ തുടങ്ങി. അപ്പൊസ്തല പ്രവൃത്തികൾ 2:42 ൽ പറയുന്ന നാല് പടികൾ അവർ പിന്തുടർന്നു. തങ്ങളുടെ വിശ്വാസം സ്ഥിരീകരിക്കപ്പെട്ടു, സഭ ശക്തിപ്പെട്ടു.

**7. നേതാക്കന്മാരെ വേർതിരിച്ചു സമർപ്പിച്ചു-അപ്പൊ.പ്ര.14:23**
പൗലോസിൻറെ ഒന്നാമത്തെ മിഷനറി യാത്രയുടെ സംക്ഷേപം പറയുമ്പോൾ ലൂക്കൊസ്"അവർ സഭതോറും അവർക്ക് മൂപ്പന്മാരെ നിയമിക്കയും ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കയും ചെയ്തു" എന്നു നമ്മോടു പറയുന്നു. ഓരോ സഭയിലും നേതാക്കന്മാരെ കണ്ടെത്തി നിയമിക്കുന്നതും പരിശീലിപ്പിക്കുന്നതും പൗലോസിൻറെ ദൗത്യത്തിലെ അവിഭാജ്യ ഘടകമായിരുന്നു.

**8. വിശ്വാസികളെ അഭിനന്ദിക്കുന്നു-അപ്പൊസ്തല പ്രവൃത്തികൾ 14:23; 16:40; 20:1,25,32**
വിശ്വാസികളുടെയും സഭകളുടെയും വിശ്വാസത്തെ അഭിനന്ദിക്കുകയും അപ്പൊസ്തലന്മാരാൽ പ്രോത്സാഹിപ്പിക്കുകയും ചെയ്തുപോന്നു. അവർക്കുണ്ടായേക്കാവുന്ന പീഡനങ്ങളെയും എതിർ പ്പുകളെയും നേരിടാൻ അവരെ തയ്യാറാക്കുകയും ചെയ്തു.

**9. ബന്ധങ്ങൾ തുടർന്നുകൊണ്ടിരുന്നു-അപ്പൊ.പ്ര. 13:17-41; 16:31; 19:4,9,10**
സഭകൾക്കുള്ള തൻറെ കത്തുകളിലൂടെയും അവർക്കുവേണ്ടി പ്രാർത്ഥിച്ചും അവരെ സന്ദർശിച്ച് ധൈര്യപ്പെടുത്തുന്നതിനായി സഹപ്രവർത്തകരെ അവരുടെ ഇടയിലേക്ക് അയച്ചും തനിക്ക് സാധ്യമായ സന്ദർഭങ്ങളിൽ അവരെ വീണ്ടും സന്ദർശിച്ചും പൗലോസ് ഈ സഭകളുമായി തൻറെ ബന്ധം നിലനിർത്തുന്നത് തുടർന്നു.
3

**10. അയച്ച സഭയെ വിളിച്ചുകൂട്ടി-അപ്പൊ.പ്ര. 14:26-27; 15:1-4; 18:22-23**
അന്ത്യോക്യയിലെ സഭയാണ് പൗലോസിനെയും തൻറെ സംഘത്തെയും തെരഞ്ഞെടുത്ത് നിയോഗിച്ചയച്ചത് എന്ന കാര്യം ഓർക്കുമല്ലോ. അവർ അന്ത്യോക്യയിലേക്ക് മടങ്ങിച്ചെന്നു ദൈവം തങ്ങളിൽക്കൂടെ ചെയ്തതൊക്കെയും സഭയെ അറിയിച്ചു. പൗലോസ് ആയിരുന്നു പ്രധാന നേതാവെങ്കിലും തന്നെ അയച്ച അന്ത്യോക്യയിലെയും യെരുശലേമിലെയും സഭകളോട് താൻ കണക്കുബോധിപ്പിക്കുന്നതിന് സന്നദ്ധനായിരുന്നു.

**പൗലോസിൻറെ പ്രവർത്തന ചക്രത്തിലെ ചില പ്രധാന ഭാവങ്ങൾ ചുവടെ വിവരിച്ചിരിക്കുന്നു.**

1. അതിന് ഒരു തുടക്കവും ഒടുക്കവും ഉണ്ടായിരുന്നു.
2. ഒരർത്ഥത്തിൽ ചക്രത്തിലെ ഓരോ ഘടകവും വ്യത്യസ്തവും അനുക്രമവുമായിരുന്നു. മറ്റൊരർത്ഥത്തിൽ നോക്കിയാൽ അവ ഒന്നിൽനിന്നും മറ്റൊന്നിലേക്ക് ഒഴുകുകയോ കവിയുകയോ ചെയ്യുന്നതായി കാണാം. അവയെ സമന്വയിപ്പിച്ചും അതേ സമയം വിഭിന്നമായും കാണണം.അതായത്, ആരംഭകാലത്തെ എല്ലാ പ്രവർത്തനങ്ങളും ചക്രത്തിലുടനീളം തുടരണം.
3. പരിശുദ്ധാത്മാവായിരുന്നു ദൗത്യത്തിൻറെ ദിവ്യ സംവിധായകനും നടത്തിപ്പുകാരനും (അപ്പൊ. പ്ര. 13:1, 52)
4. ആകമാന ദൗത്യനിർവ്വഹണം പ്രാർത്ഥനയുടെ അന്തരീക്ഷത്തിലായിരുന്നു (അപ്പൊ.പ്ര. 13:1-4; 15:40)
5. ദൗത്യത്തിൻറെ അടിസ്ഥാനം പഴയതും പുതിയതുമായ നിയമങ്ങൾ മുഴുവൻ ഉൾപ്പെട്ട തിരുവെഴുത്തുകളായിരുന്നു (അപ്പൊ.പ്ര. 15:15)
6. മഹാനിയോഗം നിറവേറ്റുന്നതിന് ഏല്പിക്കപ്പെട്ടത് സഭയിൽക്കൂടെ ആണ്. സഭ പ്രത്യേക ദൗത്യത്തിനായി ഓരോ വ്യക്തികളെ നിയോഗിക്കുന്നു (അപ്പൊ.പ്ര. 13:1-4; 15:22).

**d) മഹാനിയോഗത്തിൻറ പാഠശാലയിൽ അവതരിപ്പിച്ച മഹാനിയോഗത്തിൻറെ 9 പടികളുമായി ഇവയെ താരതമ്യം ചെയ്യുക.**

- എന്താണ് സമാനതകൾ?
- എന്തു വ്യത്യാസങ്ങൾ?
- അത് എന്തെങ്കിലും സൂചിപ്പിക്കുന്നുണ്ടോ?

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. മഹാനിയോഗ ദൗത്യത്തിൻറെ അന്തഃസത്ത എന്താണ്?
2. അപ്പൊസ്തലന്മാർ മഹാനിയോഗം എങ്ങനെയാണ് നടപ്പിലാക്കിയത്?
3. മഹാനിയോഗ ദൗത്യപൂർത്തീകരണത്തിൽ പൗലോസിൻറെ പദ്ധതികൾക്കും പ്രവർത്തന ചക്രത്തിനുമുള്ള പങ്ക് ചർച്ച ചെയ്യുക.

## മറ്റുള്ളവരെ പഠിപ്പിക്കുക (Hear.Obey.Teach)

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു.
(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear.Obey.Teach)
"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."
2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.
1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# പാഠം 6
## സുവിശേഷ ഒരുക്കം-സുവിശേഷീകരണത്തിന് മുമ്പ്

**ഉദ്ദേശ്യം:**

1. വിത്തുകൾ വിതക്കുന്നതിനു, ശൂന്യമായ വയലുകൾ എങ്ങനെ തിരഞ്ഞെടുക്കാം, എങ്ങനെ ഒരുക്കാം എന്നത് തീരുമാനിക്കുന്നതിൽ മഹാനിയോഗ ദൌത്യത്തിൽ ഏർപ്പെടുന്നവർക്ക് സഹായമാകാൻ.

2. കേൾവിക്കാരുമായി എങ്ങനെ സമ്പർക്കം സ്ഥാപിക്കാം എന്നു മനസ്സിലാക്കുന്നതിന്

3. യേശുവും, അപോസ്തലന്മാരും വയലുകളെ ഒരുക്കുവാൻ ഉപയോഗിച്ച രീതിയെ മനസിലാക്കാൻ

**പ്രധാന വേദഭാഗങ്ങൾ:**

**റോമർ 15:20** "ഞാൻ മറ്റൊരുത്തൻറെ അടിസ്ഥാനത്തിന്മേൽ പണിയാതിരിക്കേണ്ടതിന് ക്രിസ്തുവിൻറെ നാമം അറിഞ്ഞിട്ടുള്ള ഇടത്തിലല്ല സുവിശേഷം പ്രസംഗിക്കുന്നതിൽ അഭിമാനിക്കുന്നത്"

**മത്തായി 13:8** "മറ്റു ചിലത് നല്ല നിലത്തു വീണു, നൂറും അറുപതും മുപ്പതും മേനി വിളഞ്ഞു."

**കൊലൊസ്സ്യർ 4:3-4** "പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ. എനിക്ക് ബന്ധനകാരണമായ ക്രിസ്തുവിൻറെ മർമ്മം പ്രസ്താവിപ്പാൻ തക്കവണ്ണം ഞങ്ങൾക്കു വചനത്തിൻറെ വാതിൽ തുറന്നു തരികയും ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിനെ വെളിപ്പെടുത്തുകയും ചെയ്യേണ്ടതിന് ഞങ്ങൾക്കു വേണ്ടിയും പ്രാർത്ഥിപ്പിൻ."

**മറ്റ് ചില വാക്യങ്ങൾകൂടെ:**

ലൂക്കൊസ് 10:1-12
വെളിപ്പാട് 3:10

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**

ഈ അദ്ധ്യായത്തിൽ സുവിശേഷം വിതയ്ക്കുന്നവർ പരിഗണിക്കേണ്ട രണ്ടു തത്വങ്ങളും രണ്ടു ചോദ്യങ്ങളും നാം ചർച്ച ചെയ്യും.

**രണ്ടു ലളിതമായ തത്വങ്ങൾ**

- ശൂന്യമായിക്കിടക്കുന്ന വയലുകൾ സുവിശേഷത്തിൻറെ വിത്തു വിതയ്ക്കുവാൻ തിരഞ്ഞെടുക്കുക (റോമർ 15:20)
- ഒരുക്കപ്പെടാത്ത മണ്ണിനേക്കാൾ ഒരുക്കപ്പെട്ട നിലം തീർച്ചയായും നല്ല ഫലം നല്കും (മത്താ. 13:8)

**രണ്ടു ചോദ്യങ്ങൾ**

ശൂന്യമായ വയലുകളെ നാം എങ്ങനെ തിരഞ്ഞെടുക്കും?
ശൂന്യമായ വയലുകളെ നാം എങ്ങനെ ഒരുക്കും?

## ശൂന്യ വയൽ തെരഞ്ഞെടുക്കുക

a) **മഹാനിയോഗത്തിൻറെ പശ്ചാത്തലത്തിൽ എന്താണ് ഒരു ശൂന്യ വയൽ?** നിങ്ങളുടെ ശൂന്യ വയലുകൾ വ്യക്തി ജീവിതങ്ങളോ, ജന വിഭാഗങ്ങളോ, സ്ഥലങ്ങളോ ആകാം. ഇതിനെ കുറിച്ച് ഇനി വിശദമായി ചിന്തിക്കാം!.

1 **ശൂന്യമായ ജീവിതങ്ങൾ:** യേശുവിനെ അറിഞ്ഞിട്ടില്ലാത്ത ഏതൊരു വ്യക്തിയും ശൂന്യമായ വയൽ എന്ന് നമുക്ക് കരുതാം. ഇത്, മിത്രമോ, ബന്ധുവോ, പരിചിതനോ അല്ലേൽ അയല്ക്കാരനോ, നിങ്ങളുടെ സമുദായത്തിൽ ഉള്ള എതെങ്കിലും ഒരു വ്യക്തിയോ, - അല്ലാ മറിച്ച - യേശുവിനെ അറിയാതെ ഏതൊരു വ്യക്തിയും ഇതിൽ ഉൾപ്പെടും.

2. **ശൂന്യമായ ജന/ഭാഷാ വിഭാഗങ്ങൾ:** സുവിശേഷം ഇതുവരെ എത്തിയിട്ടില്ലാത്ത ജനവിഭാഗങ്ങൾ/ ഭാഷാവിഭാഗങ്ങൾ ശൂന്യമായ വയലുകളായ് കരുതേണം.

- സുവിശേഷവുമായി സന്ദർശിക്കപ്പെടാത്ത ജനം
- സുവിശേഷം കേട്ടിട്ടില്ലാത്തവർ
- വേദപുസ്തകം ഇല്ലാത്ത ജനത

3 **ശൂന്യ സ്ഥലങ്ങൾ:** സുവിശേഷം എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ പരിഗണിക്കുക.

- ഗ്രാമങ്ങൾ,
- നഗരങ്ങൾ,
- പട്ടണങ്ങൾ,
- നഗരപ്രാന്തങ്ങൾ

### 4. ശൂന്യമായ ജീവിതങ്ങളെ തിരഞ്ഞെടുക്കുന്നു.

നമ്മുടെ ഒയ്കോസിൽനിന്നും (OIKOS) ശൂന്യമായ ജീവിതങ്ങളെ തിരഞ്ഞെടുക്കുന്നതാണ് എറ്റവും ഉചിതം. ഒയ്കോസ് എന്ന ഗ്രീക്ക് പദത്തിന് അർത്ഥം കുടുംബാംഗങ്ങൾ, സ്നേഹിതർ, ബന്ധുക്കൾ, അയൽക്കാർ, സഹപ്രവർത്തകർ എന്നെല്ലാം അർത്ഥമുണ്ട്. നമ്മുടെ സ്വാധീനവലയത്തിൽ പെടുന്നവരും ഇതിൽ ഉൾപ്പെടും. ലോകമെമ്പാടുമുള്ള മൂന്ന് സാർവ്വത്രിക സമൂഹങ്ങളോട് ഓയ്കോസ് സദൃശമായിരിക്കുന്നു: സാധാരണ ബന്ധം അല്ലെങ്കിൽ രക്തബന്ധം പൊതു സമൂഹം സമാന താല്പര്യമുള്ളവർ പുതിയനിയമം പ്രധാനമായും വളർന്നത് ബന്ധങ്ങളിൽക്കൂടെയോ ഒയ്കോസിൽക്കൂടെയോ അത്രെ. ഇത് ഇന്നും വാസ്തവമാണ്. പഠനങ്ങൾ തെളിയിക്കുന്നത് കർത്താവിങ്കലേക്ക് വന്നിട്ടുള്ള 90-95% പേരും അവർ അറിയുന്ന ആരെങ്കിലും അവരോട് കർത്താവിനെ പങ്കിട്ടതിൽക്കൂടെയാണ്.

### ഒയ്കോസ് സുവിശേഷീകരണം

അതിശയകരമായ ദൂത് സാധാരണ രീതിയിൽ പങ്കിടുന്നതിന് ദൈവദത്തവും ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടതുമായ രീതിയാണ് ഒയ്കോസ്. പുതിയനിയമ സഭയിൽ രക്തബന്ധത്തിൽ ഉൾപ്പെട്ടവർ, അടിമകൾ, കക്ഷികൾ, സ്നേഹിതർ എന്നിവരെല്ലാം ഉൾപ്പെട്ടിരുന്നു. ആദ്യകാല സഭപടർന്നത് പഴയ പാപി പുതിയ വിശുദ്ധനായി തീർന്നത് കണ്ട കുടുംബാംഗങ്ങളോടു സുവിശേഷം അറിയിച്ചും, പഴയ സ്നേഹിതനിൽ വന്ന മാറ്റത്തിനു കാരണം അന്വേഷിക്കുന്ന അയൽക്കാരനോടു സുവിശേഷം പങ്കിട്ടും, പ്രദേശത്തെ തൊഴിൽ യൂണിയനിലെ അംഗങ്ങളോടു സുവിശേഷം പങ്കിട്ടും, ഒരുമിച്ച കളിച്ചിരുന്നവരോട് പങ്കിട്ടും, ഒരേ തൊഴിലിൽ ഏർപ്പെട്ടിരുന്നവരോട് പങ്കിട്ടും, സമൂഹത്തിലെ ഒരേ പൊതുതാല്പര്യമുള്ളവരുമായും സുവിശേഷം പങ്കിട്ടുമാണ്. ഇതാണ് ഒയ്കോസ് സുവിശേഷീകരണം.

ഒയ്കോസിനെ കണ്ടെത്തുന്നതിനുള്ള പ്രായോഗികവും ലളിതവുമായ മാർഗ്ഗം യേശുവിനെ ആവശ്യമുള്ള നിങ്ങളുടെ കുടുംബാംഗങ്ങൾ, ബന്ധുക്കൾ, സ്നേഹിതർ, സഹപ്രവർത്തകർ എന്നിവരെ കണ്ടെത്തുന്നതാണ്. പരിശുദ്ധാത്മ നടത്തിപ്പിൽ അപരിചതരോടും സുവിശേഷം പങ്കിടുന്നതിനു കഴിയും.

ബന്ധപ്പെടുന്നവർ എന്നു പറയുമ്പോൾ നിങ്ങളുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെടുന്നവരും യേശുവിനെ ആവശ്യമുള്ളവരും അവരും സ്വർഗ്ഗത്തിൽ ഉണ്ടാകണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നവരുമായ സഹപ്രവർത്തകർ, സഹപാഠികൾ, പാൽക്കാരൻ, പതിവ് കടയുടമ, അല്ലെങ്കിൽ നിങ്ങൾ നിരന്തരം ബന്ധപ്പെടുന്നവർ എന്നിവരാകാം. ഇവരോടു സുവിശേഷം പറയുന്നത് വഴിയിൽ കാണുന്ന ആരോടെങ്കിലും പറയുന്നതിനേക്കാൾ താരതമ്യേന എളുപ്പമായിരിക്കും. സാഹചര്യം അനുകൂലമെങ്കിൽ അവരോട് പറയരുത് എന്നു ഞങ്ങൾ പറയുന്നില്ല. അപരിചിതരേക്കാൾ പരിചിതരെ കർത്താവിനായി നേടുന്നതായിരിക്കും എളുപ്പം.

സഭയിലെ ഒരോ വിശ്വാസിയോടും അഞ്ചോ അതിലധികമോ രക്ഷിക്കപ്പെട്ടിട്ടില്ലാത്ത വ്യക്തികളെ ഓരോ വിഭാഗത്തിൽ നിന്നും കണ്ടെത്തി അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആരംഭിക്കുക. വാസ്തവത്തിൽ ധാരാളം പേരുകൾ എഴുതിയിട്ട് അതിൽ നിന്നും അഞ്ചോ അതിലധികമോ പേർ തെരഞ്ഞെടുത്ത് അവർക്ക് വേണ്ടി ദിവസവും പ്രാർത്ഥിക്കുക. ആ പേരുകൾ എഴുതി കാണാവുന്ന ഒരിടത്ത് ഒട്ടിച്ചുവെക്കുക. ഓർക്കുക, അവർ ഒരിക്കലും സുവിശേഷം കേൾക്കുന്നില്ലെങ്കിൽ എന്നേക്കും നശിച്ചുപോകും. ഇതിൽ നിങ്ങൾക്ക് ആത്മഭാരമുണ്ടോ?

**ഒയ്കോസ് സുവിശേഷീകരണം സൂചിപ്പിച്ചിട്ടുള്ള ഇനിപ്പറയുന്ന വേദഭാഗങ്ങൾ നോക്കുക.**

യോഹന്നാൻ 1:41-42 - അന്ത്രെയാസ് പത്രൊസിനെ കൊണ്ടുവരുന്നു
യോഹന്നാൻ 4:28, 29, 39 - ശമര്യ സ്ത്രീ
അപ്പൊ. പ്രവൃത്തികൾ 10:27,44 - കൊർന്നെല്യൊസിൻറെ കുടുംബം, സ്നേഹിതർ, അയൽക്കാർ
അപ്പൊ. പ്ര. 16:14-15 - ലുദിയായും കുടുംബവും
അപ്പൊ. പ്ര. 16:34 - കാരാഗൃഹപ്രമാണിയും കുടുംബവും
അപ്പൊ. പ്ര. 18:8 - ക്രിസ്പൊസും കുടുംബവും

ഇവിടെ ഓരോ സന്ദർഭത്തിലും പ്രാർത്ഥനയുടെ മദ്ധ്യേ പരിശുദ്ധാത്മാവ് സമാധാനത്തിൻറെ ഭവനങ്ങളിലേക്ക് വാതിൽ തുറക്കുന്നു. ഇവിടെയെല്ലാം കുടുംബം മുഴുവൻ വിശ്വസിക്കുകയും വിശ്വസിച്ചവരെയെല്ലാം വേഗംതന്നെ സ്നാനപ്പെടുത്തുകയും ചെയ്യുന്നു. ഈ സന്ദർഭങ്ങൾ ഓരോന്നിലും ഒയ്കോസ് എന്ന ഗ്രീക്ക് പദം കുടുംബത്തെയും കുടുംബാംഗങ്ങളെയും വർണ്ണിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

b) **സുവിശേഷം വിതയ്ക്കുന്നതിനു മുമ്പ് ശൂന്യ വയലുകളെ/ജനത്തെ ഒരുക്കാം:** ഒരു വയലിൽ ദൈവവചനം വിതയ്ക്കുന്നതിന് മുമ്പായി ചെയ്യേണ്ട കാര്യങ്ങൾ ഇവിടെ നാം ചർച്ച ചെയ്യുന്നു.

1) **<u>പ്രാർത്ഥന:</u>** ജനഹൃദയങ്ങളെ ഒരുക്കുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം ലക്ഷ്യത്തോടുകൂടെ, മടുത്തുപോകാതെ, തീക്ഷ്ണതയോടെയുള്ള നിരന്തര പ്രാർത്ഥനയാണ്. പ്രാർത്ഥന അടഞ്ഞ വാതിലുകളെയും ഹൃദയങ്ങളെയും തുറക്കുന്നു. പിശാച് ബന്ധിച്ചിരിക്കുന്ന ജനങ്ങളുടെ കണ്ണുകളും ഹൃദയങ്ങളും പ്രാർത്ഥനയാൽ തുറക്കപ്പെടും. സുവിശേഷം കേൾക്കുന്നതിനായി ജനത്തിൻറെ കാതുകളെ പ്രാർത്ഥന തുറക്കും. സുവിശേഷം വിതയ്ക്കുന്നതിനായി ജനഹൃദയങ്ങളെ ഒരുക്കും.

2) **<u>നിങ്ങൾ എന്താണ് അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടത്?</u>** നിങ്ങൾ പ്രാർത്ഥിക്കേണ്ടത് പരിശുദ്ധാത്മാവ് നിങ്ങളെ ബോധ്യപ്പെടുത്തും. അവരുടെ പ്രത്യേക ആവശ്യങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിയാമെങ്കിൽ അവയോർത്ത് പ്രാർത്ഥിക്കാം. നിങ്ങളുടെ "ഫ്രാനിനു" വേണ്ടി (FRAN) പരിശുദ്ധാത്മാവ് നിങ്ങൾക്ക് ഉൾക്കാഴ്ച നല്കട്ടെ.

തുടക്കക്കാർക്കുവേണ്ടിയുള്ള ഒരു ലളിതമായ പ്രാർത്ഥനയാണ് "തുറക്കണമേ എന്ന പ്രാർത്ഥനയും "ബ്ലസ്സ്" പ്രാർത്ഥനയും." **(Open Prayer and BLESS Prayer)**

- കണ്ണുകൾ തുറക്കണമേ (എഫെസ്യർ 1:18)
- കാതുകൾ തുറക്കണമേ (മർക്കൊസ് 7:35)
- ഹൃദയങ്ങളെ തുറക്കണമേ (വെളിപ്പാട് 3:20)
- വാതിലുകൾ തുറക്കണമേ (കൊലൊസ്യർ 4:2-3)
- ഭവനങ്ങൾ തുറക്കണമേ (ലൂക്കൊസ് 10:5-7)
- സ്വർഗ്ഗം തുറക്കണമേ (മലാഖി 3:10)

### ഒരു മാതൃകാ ഫ്രാൻ കാർഡ്

- വിശ്വാസികളല്ലാത്ത 5 ഫ്രാനകളുടെ പേർ എഴുതുക.
- അഞ്ചോ അതിലധികമോ പേർക്കായി ഒരേ സമയം പ്രാർത്ഥിക്കുക.
- സ്ഥിരതയോടും പതിവായും പ്രാർത്ഥിക്കുക
- തിരുവെഴുത്തുകൾ ഉദ്ധരിച്ച് തനിച്ചും കുടുംബമായും കൂട്ടമായും വാഗ്ദത്തം അവകാശപ്പെട്ടും പ്രാർത്ഥിക്കുക
- സുവിശേഷ വിത്തുകൾ സ്വീകരിക്കുവാൻ അവരുടെ ഹൃദയങ്ങൾ ദൈവം ഒരുക്കുവോളം മടുത്തുപോകാതെ പ്രാർത്ഥിക്കുക.
- പരിശുദ്ധാത്മ നിയോഗത്താൽ നാം ആർക്കുവേണ്ടി പ്രാർത്ഥിച്ചുവോ അവരോട് സുവിശേഷം പങ്കിടുക.

## BLESS പ്രാർത്ഥന

എന്തെങ്കിലും പ്രത്യേക വിഷയം നിങ്ങൾക്കറിയാമെങ്കിൽ അതിനായി പ്രാർത്ഥിക്കാമെന്ന് വാഗ്ദാനം ചെയ്യുക. അതല്ലെങ്കിൽ നിങ്ങൾക്ക് "B L E S S" പ്രാർത്ഥനാ മാതൃക പിന്തുടരാം.

**B** - Body (ശരീരം- ആരോഗ്യം, സൗഖ്യം)
**L** - Labour (തൊഴിൽ- പഠനം, ജോലി)
**E** – Emotions (വൈകാരിക വിഷയങ്ങൾ- സമാധാനം, സന്തോഷം)
**S** – Social Needs (സാമൂഹിക ആവശ്യങ്ങൾ- സാമ്പത്തിക ഭദ്രത, കുടുംബം...)
**S** – Spiritual Needs (ആത്മിക ആവശ്യങ്ങൾ- വ്യക്തിപരമായി ദൈവത്തെ അറിയുവാൻ)

### <u>ശൂന്യ പ്രദേശങ്ങൾ (വിശ്വാസികളുടെ കൂടിവരവുകളില്ലാത്ത) തിരഞ്ഞെടുക്കുന്നു:</u>

ഓരോ വിശ്വാസിയും/സഭയും/നേതാവും റോമർ 15:20-ലെ പ്രമാണപ്രകാരം അഞ്ചോ അതിലധികമോ ശൂന്യമായ വയലുകൾ (ഗ്രാമങ്ങളോ നഗരപ്രാന്ത പ്രദേശങ്ങളോ) നിലം ഒരുക്കുവാനും സുവിശേഷ വിത്ത് വിതയ്ക്കുവാനുമായി ദത്തെടുക്കുവാൻ പ്രോത്സാഹിപ്പിക്കുക.

- ശൂന്യപ്രദേശങ്ങൾ തിരഞ്ഞെടുക്കുക - സഭകളില്ലാത്ത ഗ്രാമങ്ങൾ, പരിസരപ്രദേശങ്ങൾ, കോളനികൾ.
- എല്ലാ വിവരങ്ങളും ആത്മിക നിലവാരവും ശേഖരിക്കുക (സംഖ്യാപുസ്തകം 13:17-20)
- ആ പ്രദേശത്തെ ജനങ്ങൾക്കായി "തുറക്കണമേ പ്രാർത്ഥനയും" "ബ്ലെസ്" പ്രാർത്ഥനയും നടത്തുക

- പ്രാർത്ഥനയും, ദേശം ചുറ്റിയുള്ള പ്രാർത്ഥനയും (യോശുവ 1:3)
- ശൂന്യ വയലുകളെ കണ്ടെത്തി പ്രാർത്ഥിക്കുന്നതിനും അവിടേയ്ക്ക് വേലക്കാരെ അയക്കേണ്ടതിനും സഭയെ ഉത്സാഹിപ്പിക്കുക (മത്തായി 9:38)
- വാതിൽ തുറക്കുവോളം പ്രാർത്ഥന തുടരുക (കൊലൊസ്യർ 4:3)
- ഗ്രാമങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള ഒരു മാതൃക താഴെ കൊടുത്തിരിക്കുന്നു.

**ശൂന്യമായ വയലുകളോ ഇടങ്ങളോ നമുക്ക് എങ്ങനെ ഒരുക്കാൻ സാധിക്കും? ശൂന്യമായ ഒരു വയൽപ്രദേശത്തേക്കുള്ള പ്രവേശന തന്ത്രം എന്തായിരിക്കും?**

വിവേകിയായ ഒരു കർഷകൻ കൃഷിയിറക്കുന്നതിന് മുമ്പ് ആദ്യം തൻറെ വയൽ നന്നായി ഒരുക്കും. ഒരു ശൂന്യമായ വയലിൽ നമുക്ക് വിത്തു വിതയ്ക്കുന്നതിന് മുമ്പായി എങ്ങനെ പ്രവേശിച്ച് അത് ഒരുക്കാൻ കഴിയും? വിതയ്ക്കും കൊയ്ത്തിനുമുള്ള തടസ്സങ്ങളെ ഫലപ്രദമായി എങ്ങനെ നീക്കാം? ചിലർ ഇതിനെ പ്രവേശന തന്ത്രം എന്നു പറയും. ലക്ഷ്യജനതയുടെ അടിസ്ഥാനത്തിൽ ഇത് ഓരോ സ്ഥലത്തും വ്യത്യസ്തങ്ങളായിരിക്കും. താഴെപ്പറയുന്ന പ്രമാണങ്ങൾ നമുക്ക് സഹായകമാകും:

**പ്രവേശന പദ്ധതികൾ ഒരുക്കുന്നതിലെ തത്വങ്ങൾ :** സുവിശേഷം വിതയ്ക്കുവാൻ ജനത്തെയും സ്ഥലത്തെയും ഒരുക്കുന്നതിന് സമഗ്രമായ പദ്ധതി വികസിപ്പിക്കുക. തിരഞ്ഞെടുത്ത ശൂന്യവയലിനെക്കുറിച്ച് ലഭ്യമായ എല്ലാ വിവരങ്ങളും ശേഖരിക്കുക (ജനവിഭാഗം, പ്രദേശം) തിരഞ്ഞെടുത്ത ശൂന്യ വയലിൻറെ ഒരു സർവ്വേയിൽ ഉൾപ്പടേണ്ട കാര്യങ്ങൾ

- തെരഞ്ഞെടുത്ത വയലിൻറെ പേര്
- അവിടുത്തെ ജനസംഖ്യ എത്രയാണ്? ആരാണ് അവിടെ പാർക്കുന്നത്?
- ഇവിടുത്തെ പ്രധാന മതവിഭാഗവും ജനവിഭാഗവും ഏവയാണ്?
- ജനത്തിൻറെ സാമൂഹികവും സാമ്പത്തികവുമായ നില എന്താണ്? എന്താണ് അവരുടെ ലോക വീക്ഷണം?
- ആ പ്രദേശത്ത പ്രധാന വ്യക്തികൾ ആരെല്ലാമാണ്?
- സുവിശേഷം കടന്നു ചെല്ലുന്നതിന് തടസ്സമായി ആ പ്രദേശത്ത് ഉയർന്നുനില്ക്കുന്ന മതപരവും ആത്മികവുമായ കോട്ടകൾ ഏവയാണ്?
- യേശുവിലേക്ക് വിരൽ ചൂണ്ടുന്ന എന്തെങ്കിലും ഈ ജനവിഭാഗത്തിലോ അവരുടെ മതാചാ രങ്ങളിലോ ഉണ്ടോ?

**പ്രാർത്ഥനയാണ് ശൂന്യവയലുകളെ തയ്യാറാക്കുന്നതിനുള്ള പ്രധാന പ്രവേശന തന്ത്രം (സങ്കീ.2:8)**

- ശൂന്യമായ വയലുകൾക്കായി പ്രാർത്ഥിക്കേണ്ടതിന് നിങ്ങളുടെ കുടുംബത്തെയും സഭയെയും ഒരുക്കുക
- സമൂഹത്തിൻറെ പ്രത്യേക ആവശ്യം തിരിച്ചറിഞ്ഞ് അതിനായി പ്രാർത്ഥിക്കുക
- വാതിലുകൾ തുറക്കപ്പെടുവാൻ പ്രാർത്ഥിക്കുക (കൊലൊസ്യർ 4:2-4)
- വേലക്കാർക്കായി പ്രാർത്ഥിക്കുക (മത്തായി 9:37,38)

**വയലുകൾ ഒരുക്കുന്നതിനായി ദേശം ചുറ്റി നടന്നുള്ള പ്രാർത്ഥന**

ശൂന്യ വയലിനായി പ്രാർത്ഥിച്ചശേഷം അടുത്ത പടിയായി പ്രാർത്ഥനാനടത്തം ആകാം.

**പ്രാർത്ഥനാ നടത്തത്തിന് മാർഗ്ഗരേഖ**

(ഇത് പ്രാർത്ഥനയ്ക്കുള്ള മാതൃകയല്ല. അതേക്കുറിച്ച് നിങ്ങൾക്ക് ഞങ്ങളുടെ പ്രാർത്ഥനാ മാന്വലിൽ കാണാം)

1. ഇത് ഒരു ആത്മിക പോരാട്ടമാകയാൽ നിങ്ങളെത്തന്നെ പ്രാർത്ഥനാപൂർവ്വം നന്നായി ഒരുക്കുക.
2. ജനത്തെക്കുറിച്ചുള്ള ദൈവത്തിൻറെ താല്പര്യം നല്കി നിങ്ങളെ വഴികാട്ടുവാനും, നിയന്ത്രിക്കുവാനും നയിക്കുവാനും ദൈവത്തോട് അപേക്ഷിക്കുക.
3. തിരുവചന വാഗ്ദത്തങ്ങൾ അവകാശം പറഞ്ഞ് പ്രാർത്ഥിക്കുക.

**പ്രാർത്ഥനാ നടത്ത വേളയിലേക്ക് ചില പ്രാർത്ഥനാവിഷയങ്ങൾ**

1. ദേശം അവകാശം പറയുക (യോശുവ 1:3)
2. നഗരത്തിൻറെ സമാധാനത്തിനായി പ്രാർത്ഥിക്കുക (യെരമ്യാവ് 29:7)
3. ഹൃദയങ്ങൾ തുറക്കപ്പെടുവാൻ (അപ്പൊ.പ്ര. 16:14)
4. അവസരങ്ങളുടെ വാതിലുകൾ തുറക്കപ്പെടുവാൻ (കൊലൊസ്യർ 4:3-4)
5. ദൈവഹിതം വെളിപ്പെടുവാൻ (യെശയ്യാവ് 61:1-4)
6. ഹൃദയങ്ങളെ മാനസാന്തരത്തിലേക്ക് തിരിക്കേണ്ടതിന് (ലൂക്കൊസ് 1:17)
7. തടസ്സങ്ങൾ മാറുവാൻ (യെശയ്യാവ് 57:14)
8. അഭിവൃദ്ധിക്കുവേണ്ടി (സദൃശവാക്യങ്ങൾ 11:10-11)
9. "രക്ഷയ്ക്കു വേണ്ടിയും... ദേശത്തിൻറെ സൗഖ്യത്തിനുമായി..." (2 ദിനവൃത്താന്തം 7:14)

**സാധ്യമായ മറ്റ് പ്രവേശന തന്ത്രങ്ങൾ.**

നിങ്ങൾ തെരഞ്ഞെടുത്ത വയലിനാവശ്യമായ പ്രത്യേക പദ്ധതികൾ നിശ്ചയിക്കുക. എന്നിരുന്നാലും പരിശുദ്ധാത്മാവിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശത്തെ അടിസ്ഥാനമാക്കി സ്വാധീനത്തിൻറെയും പുനരുല്പാദനക്ഷമതയുടെയും വെളിച്ചത്തിലാണ് തെരഞ്ഞെടുപ്പിനെ വിലയിരുത്തേണ്ടത്. ലളിതവും ഫലപ്രദവുംപുനരുല്പാദനക്ഷമവുമായ ഏറ്റവും ഉചിതാമായ പദ്ധതികൾ പരിഗണിക്കുക. ദൈവം ആളുകളെ സ്നേഹിക്കയും കരുതുകയും ചെയ്യുന്നതിനാൽ, നിങ്ങൾക്കു ചെയ്യാൻ കഴിയുന്ന സൽപ്രവൃത്തികൾ ചെയ്യുക.

**ബൈബിൾ കഥകൾ, ജീസ്സസ് ഫിലിം ഇത്യാദിയുടെ ഉപയോഗം**

വയൽ ഒരുക്കുന്നതിനായി പലരും വേദപുസ്തക കഥകളും ജീസ്സസ് ഫിലിമും വിദ്യാഭ്യാസ ഫിലിമുകളും പ്രയോജനപ്പെടുത്തുന്നു. എന്നിരുന്നാലും ഒരു അടയപ്പെട്ട രാജ്യത്ത്
അവ ഉപയോഗിക്കുന്നതിൻറെ ഗുണദോഷങ്ങളും അപകടവും വേണ്ടവിധം പരിഗണിക്കണം.

**ഡിസ്കവറി ബൈബിൾ പാഠങ്ങൾ ഒരു സമ്പർക്കസ്ഥാനമായി പരിഗണിക്കുക**

ഡിസൈപ്പിൾ മേക്കിംഗ് മൂവ്മെൻറുകളിൽ സുവിശേഷം കേട്ടിട്ടില്ലാത്ത ജനങ്ങളോട് അത് പങ്കിടുന്നതിനായി ബൈബിൾ കഥകളും മറ്റും പങ്കാളിത്തരീതിയിൽ പലരും ഉപയോഗിക്കുന്നു. അവർ വിശ്വസിക്കുന്നതിന് മുമ്പ് അംഗീകരിക്കപ്പെടുക (“belonging before believing) എന്ന തത്വം ഉപയോഗിക്കുന്നു. ഇതേക്കുറിച്ച് നാം 19-ാം അദ്ധ്യായത്തിൽ കൂടുതൽ ചിന്തിക്കും.

**യേശു എങ്ങനെയാണ് തൻറെ ശിഷ്യന്മാരെ പറഞ്ഞയച്ചത്? അവർ എപ്രകാരമാണ് സമ്പർക്കം സ്ഥാപിച്ചത്? ലൂക്കൊസ് 10 തത്വം.**

ലൂക്കൊസ് 10: 1-12. തൻറെ ശിഷ്യന്മാരെ അയക്കുമ്പോൾ യേശു എന്തെല്ലാമാണ് അവരോട് പറഞ്ഞത്?

1. ഈരണ്ടായി പോകണം-ഒരു സംഘമായി പോകുക
2. സ്ഥലം-താൻ പോകാനിരിക്കുന്ന സ്ഥലങ്ങളിലേക്ക്
3. കൊയ്ത്തിൻറെ വാഗ്ദത്തം-കൊയ്ത്ത് വളരെയുണ്ട് സത്യം

4. കൊയ്ത്തിനുള്ള പ്രശ്നം-വേലക്കാർ ചുരുക്കം
5. പോകുമ്പോൾ നിങ്ങൾ പ്രാർത്ഥിക്കുക-കൊയ്ത്തിന് വേലക്കാരെ അയക്കേണ്ടതിന്
6. സംരക്ഷണ വാഗ്ദാനം-ചെന്നായ്ക്കളുടെ നടുവിൽ ആടുകളെപ്പോലെ
7.അവർക്കു വേണ്ടിയുള്ള കരുതലുകൾ-സഞ്ചിയും പൊക്കണവും എടുക്കരുത്.
8. സമാധാന പുത്രൻ-സമാധാനത്തിൻറെ ഭവനം
9. വ്യക്തിഗത ലക്ഷ്യം-വീടുകളിൽനിന്നും മാറിപ്പോകരുത്, ലഭിക്കുന്നത് ഭക്ഷിക്കുക
10. സൗഖ്യമാക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

## എങ്ങനെയാണ് ശിഷ്യന്മാർ തങ്ങളുടെ ശ്രോതാക്കളുമായി ബന്ധപ്പെട്ടത്?

അപ്പൊസ്തലനായ പൗലോസും കൂട്ടരും ഏതു സ്ഥലത്ത് ചെന്നാലും അവിടെ ഒരു സമാധാനപുത്രനുണ്ടോ എന്നന്വേഷിക്കുകയും കണ്ടെത്താനായുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. ചില ഉദാഹരണങ്ങളും മാതൃകകളും ചുവടെ ചേർത്തിരിക്കുന്നു.

1. ആദ്യ സമ്പർക്കങ്ങൾ കണ്ടെത്തുന്നതിന് യഹൂദന്മാരുടെ സിനഗോഗുകൾ പ്രയോജനപ്പെടുത്തി. അപ്പൊ.പ്ര. 13:5, 13-17.
2. ശ്രോതാക്കൾക്ക് നേരത്തെതന്നെ അറിവുള്ള കാര്യങ്ങൾ പഴയനിയമം ഉദ്ധരിച്ച് പൗലോസ് സംസാരിച്ചു. അപ്പൊ. പ്ര. 13:19-41. ക്രിസ്തുവരെയുള്ള ചരിത്ര പ്രഭാഷണം.
3. തൊഴിൽ ബന്ധങ്ങൾ, ചന്തസ്ഥലത്തെ ബന്ധങ്ങൾ. ലുദിയ അപ്പൊ.പ്ര.16:14, കൂടാരപ്പണിക്കാരായ അക്വിലാവ്, പ്രിസ്കില്ല അപ്പൊ.പ്ര. 18:3
4. പരിശുദ്ധാത്മാവിൻറെ ശബ്ദത്തോടുള്ള സംവേദനക്ഷമത (അപ്പൊ.പ്ര. 16:5-10)
5. സാഹചര്യത്തിനനുസരിച്ചുള്ള പ്രസംഗം-അഥേന, അജ്ഞാത ദേവൻ അപ്പൊ.പ്ര.17:23
6. അടയാളങ്ങളോടുകൂടിയ പരിശുദ്ധാത്മാഭിഷേകം (ശിമെയൊൻ)-ദൈവത്തിൻറെ അമാനുഷിക പ്രവർത്തനങ്ങളിലേക്കുള്ള വ്യക്തമായ ചൂണ്ടു പലകകൾ. "ദൃശ്യങ്ങൾ" (ല്യേമെ)-ഭയവും വിസ്മയവും ഉളവാക്കുന്നതിനായുള്ള പ്രവൃത്തികൾ. "അത്ഭുതങ്ങൾ" (റൗിമാശെ)-ദൈവത്തിൻറെ ശക്തി വെളിപ്പെടുത്തുന്ന മഹത്തായ പ്രവൃത്തികൾ.
7. അപ്പൊസ്തല പ്രവൃത്തികൾ 19:8 - തുറന്നൊസിൻറെ പാഠശാലയിലെ ചർച്ചകൾ, പ്രതിവാദങ്ങൾ

## ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:

1. ശൂന്യമായ വയലുകൾ എപ്രകാരം ഞാൻ തിരഞ്ഞെടുത്ത് ഒരുക്കണം? - ജനവും സ്ഥലവും
2. നിങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട വയലിന് അനുയോജ്യമായ മറ്റ് പ്രവേശന തന്ത്രങ്ങൾ ഏവയാണ്?
3. യേശുക്രിസ്തുവിൽനിന്നും അവൻറെ അപ്പൊസ്തലന്മാരിൽ നിന്നും പ്രവേശന തന്ത്രങ്ങൾ മെനയുന്നതിൽ നാം എന്തു പാഠങ്ങൾ പഠിച്ചു?

## മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T. Christians)

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു.
(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)
"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."
2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

## പ്രായോഗിക തലം

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 7
# സുവിശേഷം പ്രചരണം: സുവിശേഷീകരണം (ഭാഗം 1)

### സന്ദേശം – സന്ദേശവാഹകൻ - രീതി

**പ്രധാന വേദഭാഗങ്ങൾ:**

താഴെപ്പറയുന്ന വാക്യങ്ങൾ വായിച്ച് മനഃപാഠമാക്കുക. (വിതയ്ക്കുന്ന ഓരോരുത്തരും ഈ വാക്യങ്ങൾ പഠിക്കയും സുവിശേഷം പങ്കിടുമ്പോൾ ഉപയോഗിക്കയും വേണം.

> ***യോഹന്നാൻ 3:16*** *"തൻറെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."*
>
> ***യോഹന്നാൻ 1:12*** *"അവനെ കൈക്കൊണ്ട് അവൻറെ നാമത്തിൽ വിശ്വസിക്കുന്ന ഏവനും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു."*
>
> ***റോമർ 10:9*** *"യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും."*
>
> ***യോഹന്നാൻ 3:3*** *"ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു, പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല"*
>
> ***റോമർ 6:23*** *"പാപത്തിൻറെ ശമ്പളം മരണമത്രേ; ദൈവത്തിൻറെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ."*
>
> ***റോമർ 3:23*** *"എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു."*
>
> ***റോമർ 5:8*** *"ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾത്തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു."*
>
> ***മറ്റ് ചില വാക്യങ്ങൾകൂടെ:***
> *അപ്പൊസ്തല പ്രവൃത്തികൾ 10:34-43; 1 കൊരിന്ത്യർ 15:1-5; റോമർ 1:1-4; അപ്പൊ. പ്ര. 2:32-38*

**അദ്ധ്യായ ഉള്ളടക്കം:**

ഒരു ശൂന്യ വയൽ എങ്ങനെ തെരഞ്ഞെടുത്ത് തയ്യാറാക്കണം എന്ന കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ടു. വയൽ തയ്യാറാക്കിയ സ്ഥിതിക്ക് ഇനി അവിടെ ദൈവവചനം എന്ന സുവിശേഷ വിത്ത് വിതയ്ക്കണം. ഒരുക്കപ്പെട്ട ഒരു വയലിൽ വിത്ത് വിതയ്ക്കുന്നത് നല്ല ഫലം നല്കും. കൊയ്യുക എന്ന ലക്ഷ്യത്തോടെ വിതയ്ക്കുക. അന്ധകാരത്തിൽ ജീവിക്കുന്നവർക്ക് സുവിശേഷം എത്തിക്കുക എന്നതാണ് മഹാനിയോഗത്തിൻറെ മുഖ്യലക്ഷ്യം. ഈ അദ്ധ്യായത്തിൽ ദൂത് ശരിയായി മനസ്സിലാക്കുവാൻ നാം പഠിക്കും എന്നു മാത്രമല്ല നാമും സഭാംഗങ്ങളും സുവിശേഷീകരണ പ്രക്രിയയിൽ പ്രാവീണ്യം നേടുന്നതിനുള്ള ഒരുക്കം നടത്താം എന്നു മനസ്സിലാക്കയും ചെയ്യും. സുവിശേഷം അറിയിക്കുന്നതിൽ കഴിവ് നേടുന്നതുകൊണ്ട് മാത്രം പോരാ, നാം ഒരു മാതൃകയായിരിക്കയും പരമാവധി കൊയ്ത്തിനായി മറ്റുള്ളവരെ പരിശീലിപ്പിക്കയും വേണം. വയലിലെ എല്ലാ കോണുകളിലും വിത്ത് വീണിട്ടുണ്ട് എന്നുറപ്പു വരുത്തുന്നതാണ് വിതയ്ക്കുന്നവൻറെ ലക്ഷ്യം. ആത്മാക്കളെ നേടുന്ന ഓരോ വ്യക്തിയും സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങൾ നമുക്ക് വിശകലനം ചെയ്യാം. നാം ധാരാളമായി വിതച്ചാൽ ധാരാളമായി കൊയ്യും. ഇത് സംഭവിക്കണമെങ്കിൽ ഓരോ വിശ്വാസിയെയും വിതയ്ക്കുവാൻ തക്കവണ്ണം

നാം പ്രാപ്തരാക്കണം.

- **സന്ദേശം എന്താണ്?**
- **സന്ദേശവാഹാകൻ ആർക്കാകാം?**
- **സന്ദേശം എത്തിക്കേണ്ട രീതി എന്താണ്?**

ഈ അദ്ധ്യായത്തിൽ നാം മുഖ്യമായി സന്ദേശത്തിനെ കുറിച്ചും, സന്ദേശ വാഹകാനെ കുറിച്ചും പഠിക്കുന്നതായിരിക്കും. സന്ദേശം എത്തിക്കേണ്ട രീതികളെ കുറിച്ച് നാം പിന്നീട് വിശദമായി ചർച്ച ചെയ്യുന്നതായിരിക്കും.

## 1. സന്ദേശം : എന്താണ് സുവിശേഷ സന്ദേശം?

നമ്മുടെ വേദപുസ്തകത്തിൽ സുവിശേഷം എന്ന വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്ന "*ഏവൻഗേലിയോൻ*" (evangelion) എന്ന പദത്തിന് – "നല്ല വാർത്ത", (പ്രത്യേകിച്ച് യുദ്ധഭൂമിയിൽ നിന്നുള്ള നല്ല വാർത്ത) എന്നാണ് അർത്ഥം.

അക്കാലത്ത് അറിയപ്പെട്ടിരുന്ന ലോകത്തിൽ എല്ലായിടവും അപ്പൊസ്തലന്മാർ സുവിശേഷിച്ച യേശുക്രിസ്തുവിൻറെ സുവിശേഷം എന്തായിരുന്നു എന്നതാണ് ചോദ്യം? "കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ" എന്ന ദൈവത്തിൻറെ സുവിശേഷം യേശു പ്രസംഗിച്ചു എന്നാണ് മർക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നത്. യെരുശലേമിൽ തുടങ്ങി അപ്പൊസ്തലന്മാർ പ്രസംഗിച്ചത് ദൈവരാജ്യത്തിൻറെ സുവിശേഷമായിരുന്നു (അപ്പൊ.പ്ര. 2,3,4). ദൈവരാജ്യത്തിൻറെ ഭാഗമായി യേശു ആഹ്വാനം ചെയ്തത് മാനസാന്തരപ്പെട്ടു വിശ്വസിക്കുവിൻ എന്നാണ്.

### a) സുവിശേഷത്തിൻറെ വിശദീകരണം

കേൾവിക്കാരനു മനസ്സിലാക്കുവാനും പ്രതികരിക്കുവാനും സാധിക്കത്തക്ക-വിധത്തിൽ സുവിശേഷം ലളിതവും വ്യക്തവുമായി അറിയിക്കുക എന്നതാണ് പ്രധാനം. ഇത് ഔദ്യോഗിക ഭാഷയേക്കാൾ കേൾവിക്കാരൻറെ സ്വന്തം ഭാഷയിൽ (ഹൃദയത്തിൻറെ ഭാഷയിൽ) അവതരിപ്പിക്കുന്നതാകും ഏറെ ഉത്തമം.

സുവിശേഷത്തിൻറെ സത്ത എന്താണ് എന്ന ലളിതമായ ഭാഷയിൽ മനസ്സിലാക്കുന്നതിനായി നമുക്ക് താഴെപ്പറയുന്ന വാക്യങ്ങൾ പരിശോധിക്കാം:

- 1 കൊരിന്ത്യർ 15:1-7
- അപ്പൊസ്തല പ്രവൃത്തികൾ 2:32-38
- അപ്പൊസ്തല പ്രവൃത്തികൾ 10:34-43

സുവിശേഷം അവതരിപ്പിക്കുന്നതിന് അനുയോജ്യമായ മറ്റു ചില വാക്യങ്ങൾകൂടെ ചേർക്കുന്നു. വേറെയും വാക്യങ്ങൾ നിങ്ങൾ കണ്ടെത്തുന്നെങ്കിൽ ദയവായി അവയും കൂട്ടിച്ചേർക്കുക.

- റോമർ 6:23; 3:23; 5:8; 10:9
- യോഹന്നാൻ 1:12; 3:16; 3:3
- മത്തായി 11:28
- അപ്പൊസ്തല പ്രവൃത്തികൾ 2:32-38

മേൽപറഞ്ഞ വേദഭാഗങ്ങളിൽ വിശദീകരിച്ചിരിക്കുന്ന സുവിശേഷ സന്ദേശം താഴെപ്പറയുന്ന രീതിയിൽ സംഗ്രഹിക്കാം:

1. **മശിഹാ തിരുവെഴുത്തുകളിൻപ്രകാരം വന്നു (1 കൊരിന്ത്യർ 15:1-5)**

കൊരിന്ത്യ സഭയോടു പൗലോസ് പ്രസംഗിച്ച സുവിശേഷം മശിഹാ തിരുവെഴുത്തുകളിൻ പ്രകാരം വന്നു, മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു എന്നാണ്. എടുത്തു കാട്ടിയിരിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക.

**"ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടിതിരുവഴുത്തുകളിൻപ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻപ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു..."**

2. **നിങ്ങൾ ക്രൂശിച്ച കർത്താവും മശിഹായുമായ യേശു (അപ്പൊ.പ്ര. 2:32-38)**

പെന്തക്കൊസ്തു നാളിൽ പത്രൊസ് പ്രസംഗിച്ച സുവിശേഷം യഹൂദ നേതാക്കന്മാർ ക്രൂശിച്ച യേശു വാഗ്ദത്തം ചെയ്ത മശിഹാ ആയിരുന്നു എന്നാണ്. ദൈവമോ അവനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേല്പിച്ചു അവനെ കർത്താവും മശിഹായും ആക്കിവെച്ചു. ഇതിനോട് നാം പ്രതികരിക്കേണ്ടത് മാനസാന്തരപ്പെട്ടു പാപങ്ങളെ ഏറ്റുപറഞ്ഞു സ്നാനപ്പെടുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്യുക എന്നതിലൂടെയാണ്

> *"ഈ യേശുവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ചു; അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. അവൻ ദൈവത്തിൻറെ വലത്തുഭാഗത്തേക്കു ആരോഹണം ചെയ്തു, പരിശുദ്ധാത്മാവ് എന്ന വാഗ്ദാനം ദൈവത്തോടു വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കയും ചെയ്യുന്നത് പകർന്നു തന്നു. ദാവീദ് സ്വർഗ്ഗാരോഹണം ചെയ്തില്ലല്ലോ." (വാ. 32-34)*
>
> *"ആകയാൽ നിങ്ങൾ ക്രൂശിച്ച യേശുവിനെത്തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽ ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ." (വാ.36)*
>
> *"പത്രൊസ് അവരോട്; നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിൻറെ നാമത്തിൽ സ്നാനം ഏല്ക്കുവിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും."(വാ.38)*

അപ്പൊസ്തല പ്രവൃത്തികൾ 10:34-43. പത്രൊസ് കൊർന്നെല്യൊസിൻറെ ഭവനത്തിൽ പ്രസംഗിച്ച സുവിശേഷസന്ദേശത്തിനെ അടിസ്ഥാനമാക്കിയാണ് ഇത്.

സുവിശേഷ സന്ദേശത്തിന്റെ സാരാംശം ഇതാണ്:

ദൈവത്തിന് മുഖപക്ഷമില്ല എന്നു ഞാൻ വാസ്തമായി മനസ്സിലാക്കുന്നുനസ്രായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തു. ദൈവം അവനോടു കൂടെയുണ്ടായിരുന്നതിനാൽ അവൻ നന്മ ചെയ്തുകൊണ്ടും പിശാച് ബന്ധിച്ചിരുന്ന രോഗികളെ സുഖപ്പെടുത്തുകയും ചെയ്തുകൊണ്ട് എല്ലാടവും സഞ്ചരിച്ചു. അവർ അവനെ ക്രൂശിന്മേൽ തൂക്കി കൊലപ്പെടുത്തി ദൈവം അവനെ മൂന്നാം നാൾ ഉയിർത്തെഴുന്നേല്പിച്ചു അവനിൽ വിശ്വസിക്കുന്ന ഏവർക്കും അവൻറെ നാമത്തിൽ പാപമോചനം ലഭിക്കുന്നു.

b) **നാം പ്രഘോഷിക്കേണ്ട സുവിശേഷ സന്ദേശം എന്താണ്?**

സുവിശേഷ ഘോഷണത്തിനുള്ള ഗ്രീക്ക് പദം '**കെരിഗ്മാ**' എന്നാണ്.

നമുക്ക് സുവിശേഷസന്ദേശത്തിന്റെ ഭാഗങ്ങളുടെ സാരാംശം ഒന്ന് നോക്കാം. ഈ സാരാംശത്തെ, അടിസ്ഥാന സന്ദേശത്തിന് മാറ്റം വരാത്ത വണ്ണം, നിങ്ങളുടെ സാഹചര്യങ്ങൾക്ക് അനുസരിച്ച് ഇതിൽ രൂപ മാറ്റം വരുത്തി എഴുതി എടുക്കാം.

**സാരാംശം**

- സർവ്വശക്തനായ ദൈവം ആകാശത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചു.
- ദൈവം പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചു. അവർ പാപം ചെയ്തു ദൈവത്തോടു അകന്നു.
- മനുഷ്യവർഗ്ഗത്തോടുള്ള മഹാ സ്നേഹം നിമിത്തം ദൈവം തൻറെ മകനെ, യേശുവിനെ തിരുവെഴുത്തുകളിൻപ്രകാരം ലോകത്തിലേക്ക് അയച്ചു (2000 വർഷങ്ങൾക്കു മുമ്പ്).
- അവൻ ക്രൂശിൽ മരിച്ചു, അടക്കപ്പെട്ടു, മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു, സ്വർഗ്ഗാരോഹണം ചെയ്തു.
- അവൻ ലോകത്തെ ന്യായം വിധിപ്പാൻ മടങ്ങി വരും.
- യേശുവിൻറെ നാമത്തിൽ പാപമോചനവും രക്ഷയും ഉണ്ട്.

## 2. സന്ദേശവാഹകൻ

a) ആർക്കെല്ലാം സുവിശേഷം പങ്കിടാം? ദൈവത്തിൻറെ സന്ദേശവാഹകരാ-യിരിപ്പാൻ ആർക്കാണ് യോഗ്യത?

സുവിശേഷം സഭയെ ആണ് ഭരമേല്പിച്ചിരിക്കുന്നത്. സഭയ്ക്കുള്ളിൽ ഓരോ വിശ്വാസിയും സുവിശേഷം പങ്കിട്ടുകൊണ്ട് മഹാനിയോഗം നിറവേറ്റുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. '*മഹാനിയോഗം ചിലർക്കായി മാത്രമല്ല എല്ലാവർക്കും ഉള്ളതാണ്.*' അനുസരണമുള്ള എല്ലാ വിശ്വാസിക്കും സുവിശേഷം പങ്കിടുവാൻ സാധിക്കും എന്നത് മാത്രമല്ല പങ്കിടുകെയും വേണം. ഓരോ വിശ്വാസിയും ഫലം പുറപ്പെടുവിക്കുവാനും, സാക്ഷികളാകാനുമാണ് വിളി.

**ദൈവം യോഗ്യമായവരെ വിളിക്കുകെയല്ല, മറിച്ചു, വിളിച്ചവരെ യോഗ്യരായി മാറ്റുകെയാണ്**

- യേശു പറഞ്ഞു, "എന്നെ അനുഗമിക്ക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും"(മർക്കൊസ് 1:17). യേശുവിൻറെ അനുഗാമികളെല്ലാവരും മനുഷ്യരെ പിടിക്കുവാൻ വിളിക്കപ്പെട്ടവരാണ്.

- അവർ ഫലം കായ്ക്കേണ്ടതിനായി ദൈവം തെരഞ്ഞെടുത്തു (യോഹന്നാൻ 15:16). എല്ലാ വിശ്വാസിയും നിലനില്ക്കുന്ന ഫലം പുറപ്പെടുവിക്കുന്നതിനായി വിളിക്കപ്പെട്ടിരിക്കുന്നു.
- രക്ഷയുടെ സുവിശേഷം അറിയിക്കുന്നതിന് ദൈവം സാധാരണക്കാരെ ഉപയോഗിക്കുന്നു (പത്രൊസ് - ഒരു മുക്കുവൻ).
- മശിഹായെ കണ്ടുമുട്ടിയ ശമര്യ സത്രീ അവനെ സാക്ഷിക്കുവാൻ തുടങ്ങി (യോഹന്നാൻ 4:28-29).

**ശമര്യസ്ത്രീയുടെ മാതൃക:**

ഒരു "സുവിശേഷക" ആയിരിക്കുന്നതിനുള്ള പ്രത്യേക യോഗ്യതയൊന്നും ശമര്യസ്ത്രീക്ക് ഉണ്ടായിരുന്നില്ല. അവൾ വിദ്യാഭ്യാസം ഇല്ലാത്തവളും യഹൂദൻറെ കാഴ്ചയിൽ താഴ്ന്ന സമൂഹവർഗത്തെ ചേർന്നവളും, പുറന്തള്ളപ്പെട്ടവളും ആയിരുന്നു. ഭൂതകാലത്തിൽ ഒരു പക്ഷെ പാപത്തിൽ ജീവിക്കുകെയും, സമൂഹത്താൽ വെറുക്ക പെട്ടവളും ആകാം, എങ്കിലും അവൾ യേശുമശിഹായെ

കണ്ടുമുട്ടി, ഇപ്പോളോ, ദൈവകൃപയാൽ രക്ഷിക്കപ്പെട്ട് രൂപാന്തരം പ്രാപിച്ച, ഒരു പുതിയ വിശ്വാസിയാണ്.

**അവൾ യോഗ്യയാണെങ്കിൽ ഏതു വിശ്വാസിയും യോഗ്യതയുള്ളവരാണ്.**

എന്തായിരുന്ന അവളുടെ സന്ദേശം?

*"അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ?"*

**ക്രിസ്തുവിനെ, മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുക എന്നതാണ് സുവിശേഷത്തിൻറെ ഏറ്റവും ലളിതമായ രൂപം.**

**b) <u>അന്ത്യോക്യ സഭയുടെ മാതൃക:</u>**

പീഡനം നിമിത്തം ചിതറിപ്പോയ വിശ്വാസികൾ സാധാരണക്കാരായിരുന്നു. അവരെയാണ് അനേക സഭകൾ സ്ഥാപിക്കുന്നതിന് ദൈവം ഉപയോഗിച്ചത് (അപ്പൊ.പ്ര. 11:19-20). വാസ്തവത്തിൽ വലിയ അപ്പൊസ്തലന്മാരല്ല മറിച്ച്, പീഡിതരായി ചിതറിക്കപ്പെട്ട സാധാരണ വിശ്വാസികളാണ് അന്ത്യോക്യ സഭ ആരംഭിച്ചത്.

ഒരു വചന ഭാഗം വായിക്കാം. - അപ്പൊസ്തല പ്രവൃത്തികൾ 11:19-21-

*"സ്തെഫനോസ് നിമിത്തം ഉണ്ടായ ഉപദ്രവം ഹേതുവാൽ ചിതറിപ്പോയവർ യഹൂദന്മാരോടല്ലാതെ മറ്റാരോടും വചനം സംസാരിക്കാതെ ഫൊയിനീക്യ, കുപ്രൊസ്, അന്ത്യോക്യ എന്നീ പ്രദേശങ്ങളോളം സഞ്ചരിച്ചു. അവരിൽ ചിലർ കുപ്രൊസ്കാരും കുറേനക്കാരും ആയിരുന്നു. അവർ അന്ത്യോക്യയിൽ എത്തിയശേഷം യവനന്മാരോടും കർത്താവായ യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിച്ചു. കർത്താവിൻറെ കൈ അവരോടുകൂടെ ഉണ്ടായിരുന്നു; വലിയൊരു കൂട്ടം വിശ്വസിച്ചു കർത്താവിലേക്കു തിരിഞ്ഞു."*

**അന്ത്യോക്യയിലെ സഭ പൗലോസിനെയും ബർന്നബാസിനെയും റോമാ സാമ്രാജ്യത്തിലെ സുവിശേഷീകരിക്കപ്പെട്ടിട്ടില്ലാത്ത നിർണ്ണായക നഗരങ്ങളിലേക്ക് സുവിശേഷം എത്തിക്കുന്നതിനായി വേർതിരിച്ച് അഭിഷേകം ചെയ്തു (അപ്പൊ.പ്ര. 13:1-3).**

**c) <u>ദൈവത്തോടുള്ള കൃതജ്ഞതയാണ് സുവിശേഷീകരണം:</u>**

സുവിശേഷപ്രവർത്തനം നന്ദിയുള്ള ഹൃദയത്തിൽ നിന്നും വരണം. നമുക്ക് യേശുവിനോടു നന്ദിയുണ്ടെങ്കിൽ അവൻറെ നന്മയെ ഘോഷിക്കാതിരിക്കുവാൻ കഴിയില്ല. സഭയിലെ ഓരോ വിശ്വാസിയെയും അവരവരുടെ സക്ഷ്യതോടൊപ്പം സുവിശേഷവും പങ്കിടുന്നതിന് നാം പ്രാധാന്യം നല്കി പരിശീലിപ്പിക്കണം.

**ദുരാത്മാവ് ബാധയിൽ നിന്നും വിടുതൽ ലഭിച്ചവൻറെ കഥ (ലൂക്കൊസ് 8:26-39).**

സൗഖ്യമായ ശേഷം അവൻ യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ ഇതാണ് യേശു അവനോടു പറഞ്ഞതും അവൻ അനുസരിച്ചതും. യേശു അവനോട് "നീ വീട്ടിൽ മടങ്ങിച്ചെന്നു ദൈവം നിനക്കു ചെയ്തതൊക്കെയും അറിയിക്ക എന്നു പറഞ്ഞു അവനെ അയച്ചു. അവൻ പോയി യേശു തനിക്കു ചെയ്തതൊക്കെയും പട്ടണത്തിൽ എല്ലാവരോടും അറിയിച്ചു" (ലൂക്കൊ. 8:39).

**3. <u>പ്രവർത്തന രീതികൾ</u>**

**a) സുവിശേഷീകരണ ഒരുക്കത്തിൻറെ വിവിധ രീതികൾ ഏവയാണ്?**

അടുത്ത ക്ലാസ്സിൽ നമുക്ക് പ്രവർത്തന രീതികളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യാം.

എന്നാൽ പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കപ്പെട്ട പുരുഷന്മാരും സ്ത്രീകളും ആണ് ദൈവത്തിൻറെ പദ്ധതി എന്നതിന് ഈ അദ്ധ്യായത്തിൽ നാം ഊന്നൽ നല്കുന്നു (അപ്പൊ.പ്ര. 1:8). ആകയാൽ സന്ദേശവാഹകൻറെ ജീവിതം തന്നെ ദൈവം ഉപയോഗിക്കുന്ന ശക്തമായ ഒരുപകരണം ആണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഓരോ സുവിശേഷകനും തൻറെ ജീവിതത്തിലൂടെ സുവിശേഷം പ്രകടമാക്കണം.

b) <u>സുവിശേഷത്തിൻറെ പ്രദർശനം</u>

**ജീവിതശൈലിയിൽ കൂടിയുള്ള സുവിശേഷീകരണം**

ഓരോ വിശ്വാസിയും സുവിശേഷം പങ്കിടണം എന്നത് വാസ്തവമാണെങ്കിലും നാം പ്രസംഗിക്കുന്ന സുവിശേഷം നമ്മുടെ ജീവിതത്തിലും പ്രകടമായിരിക്കണം എന്നതും പ്രധാനപ്പെട്ടതാണ്. നമ്മുടെ വാക്കുകളും പ്രവൃത്തിയും ചേരുന്നവയായിരിക്കണം.

*"മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്പിൻ" (മത്തായി 3:9).*

**പരിശുദ്ധാത്മശക്തി വ്യപരികുന്നതിലൂടെ സുവിശേഷികരണം.**

പരിശുദ്ധാത്മാവിൻറെ അഭിഷേകത്തിലും ശക്തിയിലുമായിരിക്കണം സുവിശേഷം പങ്കിടുന്നത് . അപ്പൊ. പ്ര. 1:8 -ൽ പൗലോസ് പറയുന്നു,

*"നിങ്ങളുടെ വിശ്വാസത്തിനു മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിൻറെ ശക്തി തന്നെ ആധാരമായിരിക്കേണ്ടതിന് എൻറെ വചനവും പ്രസംഗവും ജ്ഞാനത്തിൻറെ വശീകരണവാക്കുകളാലല്ല, ആത്മാവിൻറെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നത്" (1 കൊരിന്ത്യർ 2:4-5).*

**<u>ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:</u>**

സുവിശേഷത്തിൻറെ ദൂത് എന്താണ്?
ദൂതുവാഹകൻ ആകുവാൻ ആർക്കാണ് കഴിയുക?
സുവിശേഷം വിതയ്ക്കുന്നവനുണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമാണ്?
നിങ്ങളുടെ സഭയിൽനിന്നും നിങ്ങൾ എങ്ങനെയാണ് കൂടുതൽ വിതക്കാരെ കണ്ടെത്തി പരിശീലിപ്പിക്കുക.

**<u>മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T Christians)</u>**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു.

(എസ്രാ 7:10) – കേൾക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)
"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."

2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 8
# സുവിശേഷ പ്രചരണം: വ്യക്തിപരമായ സുവിശേഷീകരണം (ഭാഗം 2)

**ഉദ്ദേശ്യം:**

- സുവിശേഷം അവതരിപ്പിക്കുന്നതിനുള്ള മറ്റു ചില വഴികളെ കുറിച്ച് പഠിക്കുക,
- വ്യക്തിപരമായ സുവിശേഷ പ്രചരണത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുക
- സുവിശേഷം വിതയ്ക്കുന്നവരെ കണ്ടെത്തി പരിശീലിപ്പിക്കുന്നത് എങ്ങനെ എന്നു പഠിക്കുക

**പ്രധാന വാക്യങ്ങൾ:**

റോമർ 3:23 *"ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു"*

റോമർ 6:23 *"പാപത്തിൻറെ ശമ്പളം മരണമത്രേ; ദൈവത്തിൻറെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ."*

റോമർ 5:12 *"ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു."*

1 തിമൊഥെയൊസ് 1:15. *"ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ; ആ പാപികളിൽ ഞാൻ ഒന്നാമൻ."*

യോഹന്നാൻ 10:10. *"മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനുമല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമത്രെ ഞാൻ വന്നത്."*

യോഹന്നാൻ 14:6. *"യേശു അവനോട്, ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിൻറെ അടുക്കൽ എത്തുന്നില്ല."*

അപ്പൊ. പ്രവൃത്തികൾ 4:12 *"മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല."*

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**

മുൻ അദ്ധ്യായത്തിൽ നാം സന്ദേശത്തിനെ കുറിച്ചും സന്ദേശവാഹകനെക്കുറിച്ചും പഠിച്ചു. ഈ അദ്ധ്യാത്തിൽ സുവിശേഷം വ്യക്തിപരമായ് എപ്രകാരം അവതരിപ്പിക്കാം എന്ന വിഷയമായിരിക്കും പഠിക്കുക. സുവിശേഷം ഘോഷിക്കുന്നതിന് നിരവധി മാർഗ്ഗങ്ങൾ ഉണ്ട്. എന്നിരുന്നാലും ഈ അദ്ധ്യായത്തിൽ നാം ശ്രദ്ധചെലുത്തുന്നത് "ഒയികോസ് (കുടുംബപരമായ) സുവിശേഷീകരണം അഥവാ വ്യക്തിപരമായ സുവിശേഷീകരണം" എന്നതിലായിരിക്കും. അതുകൊണ്ട് നാം ചില രീതികൾ സൂചിപ്പിക്കുമെങ്കിലും സഭാ സ്ഥാപിക്കലിൻറെ പശ്ചാത്തലത്തിലുള്ള സുവിശേഷീകരണത്തിനായിരിക്കും നാം ശ്രദ്ധ ചെലുത്തുക.

ഓരോ വിശ്വാസിയെയും തൻറെ ക്രിസ്തുവിശ്വാസം മറ്റുള്ളവരുമായി പങ്കിടുവാൻ പ്രോത്സാഹിപ്പിക്കണം.

യേശു പറഞ്ഞു, "എന്നെ അനുഗമിക്ക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" (മർക്കൊ. 1:17). യേശുവിൻറെ അനുഗാമികൾ ഓരോരുത്തരും മനുഷ്യരെ പിടിക്കുന്നവരായിരിക്കണം. പുതിയ വിശ്വാസികളോട് ശമര്യ സ്ത്രീയെപ്പോലെ, അവർ കണ്ടെത്തിയ പുതിയ വിശ്വാസം എത്രയും പെട്ടെന്ന് സാക്ഷിക്കുന്നതിന് ഉത്സാഹിപ്പിക്കുക. ആഴ്ചയിൽ കുറഞ്ഞത് അഞ്ചുപേരോടെങ്കിലും സുവിശേഷം പങ്കിടുന്നതിന് ലക്ഷ്യമിടുക. വ്യക്തിപരമായ സുവിശേഷീകരണത്തെ ക്കുറിച്ച് നമുക്ക് കൂടുതൽ മനസ്സിലാക്കാം.

## 1. എന്താണ് വ്യക്തിപരമായ സുവിശേഷികരണം?

വ്യക്തിപരമായ സുവിശേഷികരണം എന്നത് പാപിയായ ഒരു വ്യക്തി, യേശു ക്രിസ്തുവിനെ തന്റെ സ്വന്ത രക്ഷകനായി സ്വീകരിപ്പാനും, യേശുവിന്റെ പിൻഗാമിയായി മാറേണ്ടതിനും , നാം കൃത്യമായി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നതാണ്.

- നാം ആശ്രയിക്കുന്ന ഏക ശക്തി പരിശുദ്ധാത്മാവാണ് .
- നാം ഉപയോഗിക്കേണ്ട ഏക ഉപകരണം ബൈബിൾ മാത്രമാണ്
- നാം ഘോഷിക്കേണ്ട ഏക രക്ഷകൻ- യേശുക്രിസ്തു മാത്രമാണ്

**വ്യക്തിപരമായ സുവിശേഷവേലയുടെ ഉദാഹരണം- അന്ത്രെയാസിൻറെയും സ്നേഹിതരുടെയും കഥ**

കുടുംബത്തിൻറെയും സ്നേഹിതരുടെയും ഇടയിലുള്ള അന്ത്രെയാസിൻറെ വ്യക്തിപരമായ സുവിശേഷവേലയുടെ എത്ര മഹത്തായ ഉദാഹരണമാണ് യോഹന്നാൻ 1:35-51 വരെ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതേക്കുറിച്ച് കൂടുതൽ അടുത്ത ക്ലാസ്സിൽ നമുക്ക് പഠിക്കാം.

## 2. നാം എന്തുകൊണ്ട് വ്യക്തിപരമായ സുവിശേഷ വേലയിൽ ഏർപ്പെടണം?

- നിങ്ങൾ കർത്താവിനെ കണ്ടു മുട്ടിയത് , ഒരു വ്യക്തി നിങ്ങളോട് സുവിശേഷം പങ്കിട്ടതിനാലാണ്.
- ലോകത്തിന് ക്രിസ്തുവിനെയാണ് ആവശ്യം. നിങ്ങളുടെ സ്വാധീനത്തിലുള്ള ഒരുവനോടു സുവിശേഷം പങ്കിടുവാൻ നിങ്ങളേക്കാൾ മികച്ച മറ്റൊരാളുണ്ടാകില്ല.
- ഓരോ ക്രിസ്തീയ വിശ്വാസിക്കും സാക്ഷികളാകുവാൻ സാധിക്കും; അവർ അതിനായി വിളിക്കപ്പെട്ടിരിക്കുന്നു.
- വ്യക്തിപരമായ സുവിശേഷവേലയിലൂടെ നിങ്ങൾക്ക് സമൂഹത്തിലെ ഏതു തലത്തിലുള്ളവരോടും സുവിശേഷം അറിയിക്കാം
- പുരുഷാരത്തോടു പങ്കിടുന്ന സുവിശേഷസന്ദേശം പൊതുവായതാണ്. എന്നാൽ വ്യക്തിപരമായ സുവിശേഷവേലയിൽ വ്യക്തികളോടു അവരുടെ വ്യക്തിപരമായ ആവശ്യം മുൻനിർത്തി ഇടപെടാൻ കഴിയും.
- വ്യക്തിപരമായ സുവിശേഷവേലയ്ക്ക് അവരുടെ എല്ലാ ആത്മിക ആവശ്യങ്ങളെയും സന്ധിക്കുന്നതിനും തൃപ്തിപ്പെടുത്തുന്നതിനും സാധിക്കും.
- സമൃദ്ധമായ ഫലം പുറപ്പെടുവിക്കുന്നതിന് വ്യക്തിപരമായ സുവിശേഷീകരണത്തിന് ഏറെ സാധ്യതകളുണ്ട്.

## 3. വ്യക്തിപരമായ സുവിശേഷീകരണതിനായി നമുക്ക് എങ്ങനെ ഒരുങ്ങാം?

**ക്രിസ്തുവിലുള്ള രക്ഷയുടെ വ്യക്തിപരമായ ഉറപ്പും സംതൃപ്തിയും**

ഓരോ വ്യക്തിപരമായ സുവിശേഷ വേലക്കാരനും ക്രിസ്തുവുമായുള്ള ഒരു വ്യക്തിപരമായ ബന്ധം ഉണ്ടായിരിക്കണം.

**<u>വസ്തുത, വിശ്വാസം, അനുഭവം</u>**

നമ്മൾ കണ്ടതും കേട്ടതും അനുഭവിച്ചതും മാത്രമേ നമുക്ക് പങ്കിടുവാൻ സാധിക്കൂ. (1 യോഹന്നാൻ 1:3)

*"ഞങ്ങൾ കണ്ടും കേട്ടുമുള്ളത് നിങ്ങൾക്കു ഞങ്ങളോട് കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവൻറെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു."*

- ശമര്യാസ്ത്രീ തന്നെ എതിരിട്ട യേശുവിനെക്കുറിച്ച് സാക്ഷിച്ചു (യോഹന്നാൻ 4:5-42).
- കുരുടൻ യേശു തന്നെ എങ്ങനെ സുഖപ്പെടുത്തി എന്നു പങ്കുവെച്ചു (യോഹ. 9:13-34).

**2. <u>വേദപുസ്തകത്തെക്കുറിച്ചുള്ള പ്രായോഗിക അറിവ്</u>**

വേദപുസ്തക വാക്യങ്ങളെക്കുറിച്ചും ആശയങ്ങളെക്കുറിച്ചും ഓരോ വ്യക്തിപരമായവേലക്കാരനും പ്രായോഗിക അറിവ് ഉണ്ടായിരിക്കണം.

- എല്ലാവരും പാപികളാണെന്നു കാട്ടുവാൻ (റോമർ 3:23, 5:12, എഫെസ്യർ 2:1)
- അവൻറെ രക്ഷയ്ക്ക് വേണ്ട രക്ഷകൻ യേശുവാണെന്നു കാട്ടുവാൻ (റോമർ 6:21;
- 1 തിമൊഥെയൊസ് 1:15; യോഹന്നാൻ 10:10; അപ്പൊസ്തല പ്രവൃത്തികൾ 4:12; യോഹ.14:6)
- യേശു നമുക്കുവേണ്ടി ചെയ്തത് എന്ത് എന്നു കാട്ടുവാൻ (1 പത്രൊസ് 2:24; യോഹ.10:11)
- ഈ രക്ഷകനെ സ്വന്തരക്ഷകനാക്കുന്നത് എങ്ങനെ എന്നു കാട്ടുവാൻ (റോമർ 10:9; യോഹന്നാൻ 1:12; യോഹന്നാൻ 3:16)

**3. സ്ഥിരമായുള്ള പ്രാർത്ഥനാ ജീവിതം** (സങ്കീർത്തനം 126:6)

വ്യക്തിപരമായ സുവിശേഷ വേല ചെയ്യുന്ന ഓരോ സുവിശേഷകനും സ്ഥിരതയുള്ള പ്രാർത്ഥനാജീവിതം ഉണ്ടായിരിക്കണം. നമ്മുടെ പ്രാർത്ഥന നമ്മിലൂടെ സുവിശേഷം കേൾക്കുന്നവരുടെ ഹൃദയം തുറക്കും.

- ഉദാഹരണം, ലുദ്ദിയാ (അപ്പൊ.പ്ര. 16:14).

**4. ക്രിസ്തുവിൻറെ സ്വഭാവം ഉണ്ടാകണം** (ഗലാത്യർ 5:22-23; 2 കൊരിന്ത്യർ 3:18)

ക്രിസ്തുവിൻറെ സ്വഭാവം ഓരോ വ്യക്തിപരമായ വേലക്കാരനിലും വിളങ്ങണം. നിങ്ങളുടെ കേൾവിക്കാർ നിങ്ങളെ വളരെയേറെ ശ്രദ്ധിക്കും എന്നോർക്കുക.

**5. വേറിട്ട ക്രിസ്തീയ നടപ്പ്** (എബ്രായർ 12:1-2).

വേർപെട്ട ഒരു ക്രിസ്തീയ നടപ്പ് ഓരോ വ്യക്തിപരമായ സുവിശേഷകനും ഉണ്ടാകണം. നിങ്ങളുടെ വാക്കുകൾ പോലെ നിങ്ങളുടെ ജീവിതവും പ്രധാനമാണെന്ന് ഓർക്കുക.

**6. ക്രിസ്തുവിൻറെ ആർദ്രത**

ഓരോ വ്യക്തിപരമായ സുവിശേഷകനും ക്രിസ്തുവിൻറെ ആർദ്രത തൻറെ വാക്കിലും പ്രവൃത്തിയിലും പ്രദർശിപ്പിക്കണം. യേശു ചെയ്ത എല്ലാ പ്രവർത്തനങ്ങളുടെയും പ്രേരകശക്തി അവൻറെ മനസ്സലിവ് ആയിരുന്നു.

**7. പരിശുദ്ധാത്മ നിറവിൻറെ അനുഭവം (അപ്പൊ.പ്ര. 1:8)**

എല്ലാ വ്യക്തിപരമായ സുവിശേഷകനും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചവരും നടത്തിപ്പ് അനുഭവിക്കുന്നവരും ആയിരിക്കണം. എത്യോപ്യൻ ഷണ്ഡനോടു സുവിശേഷം പങ്കിടുന്നതിനായി ഫിലിപ്പോസിൻറെ ഓരോ ചുവടും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടു (അപ്പൊ.പ്ര. 8:26-35).

**4. ആത്മാവിനെ നേടുന്ന ഒരുവൻറെ സമീപനം:**

**a) വ്യക്തിപരമായി സുവിശേഷം പങ്കിടുന്നതിന് ഒരു വ്യക്തിയെ എങ്ങനെ സമീപിക്കാം?**

നിങ്ങൾ നേരിടേണ്ടി വന്നേക്കാവുന്ന രണ്ടു തരക്കാർ ലോകത്തിലുണ്ട്.

- സാധാരണ കാണുന്ന പരിചയക്കാർ-FRAN-OIKOS
- തികച്ചും അപരിചിതരായ ആളുകൾ

**b) എവിടെ വെച്ചാണ് കണ്ടുമുട്ടുക?**

- കച്ചവടമേഖല, സ്കൂളുകൾ, ആരാധനാസ്ഥലങ്ങൾ പോലെയുള്ള ഏതു പൊതു ഇടങ്ങളിലും അവരെ നമുക്ക് കണ്ടുമുട്ടാവുന്നതാണ്.
- ഭവനങ്ങൾ ,ആശുപത്രികൾ, യാത്രകൾ എന്നിവിടങ്ങളിലും ആകസ്മികമായി കണ്ടുമുട്ടാം.

**c) ആത്മാക്കളെ നേടുന്നവരുടെ മനോഭാവം**

- പ്രാർത്ഥനാനിരതരായിരിക്കുക
- സൗഹൃദ മനോഭാവം പുലർത്തുക
- അവർക്ക് സമയം ഒഴിവുണ്ടോ എന്നു ശ്രദ്ധിക്കുക. അവർ സംസാരപ്രിയരാണോ? അവർ ഗൗരവപ്രകൃതക്കാരാണോ എന്നു മനസ്സിലാക്കുക.
- സ്വാഭാവികത നിലനിർത്തുക (ചിലർ പ്രസംഗിക്കുമ്പോൾ അല്ലെങ്കിൽ പ്രാർത്ഥിക്കുമ്പോൾ ശബ്ദം മാറ്റാറുണ്ട്)
- ആത്മാർത്ഥത പുലർത്തുക
- സ്ഥിരത പുലർത്തുക (റോമാനഗരം ഒറ്റ ദിവസം കൊണ്ടല്ല നിർമ്മിക്കപ്പെട്ടത്.) നമ്മുടെ ആദ്യ പരിശ്രമം പരാജയപ്പെട്ടേക്കാം. നിരാശരാകാതെ തുടർന്നും ശ്രമിക്കുക.

**d) ക്രിസ്ത്യാനികളോട് സുവിശേഷം അറിയിക്കുമ്പോൾ ആമുഖമായി ചോദിച്ചു തുടങ്ങാൻ പറ്റുന്ന ചില ചോദ്യങ്ങൾ.**

ചില ഉദാഹരണ ചോദ്യങ്ങൾ മാത്രമേ താഴെ തന്നിട്ടുള്ളൂ. എങ്കിലും, സന്ദർഭോചിതമായ വിഷയങ്ങളോ, ചോദ്യങ്ങളോ നിങ്ങൾക്ക് തിരഞ്ഞെടുക്കാം:

- എന്നായിരുന്നു നിങ്ങളുടെ രണ്ടാമത്തെ പിറന്നാൾ?
- രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണമെന്നു പറഞ്ഞുതരാമോ?

**5. വ്യക്തിപരമായ സുവിശേഷ പ്രചരണത്തിന്റെ ചില രീതികൾ**

a) **"ഷോക്ക്" രീതി (ഞെട്ടിപ്പിക്കുന്ന രീതിയിലുള്ള ചോദ്യങ്ങൾ)**
തങ്ങളുടെ ആത്മിക ജീവിതത്തെ ഗൗരവമായി കാണാത്ത നാമധേയ ക്രിസ്ത്യാനികളോടുള്ള രീതിയാണ് ഇത്.

– ഉദാഹരണത്തിന്, **"നിങ്ങൾ ഇന്ന് മരിച്ചുപോയാൽ നിങ്ങളുടെ നിത്യത എവിടെയായിരിക്കും?"**

**b) ലഘുലേഖകൾ അല്ലെങ്കിൽ ചെറുപുസ്തകങ്ങൾ ഉപയോഗിച്ച്**
വിവിധയിനം ക്രിസ്തീയ സാഹിത്യങ്ങൾ ലഭ്യമാണ്. നാം സംസാരിച്ച ഒരു വ്യക്തിയോട് തുടർന്ന് സംസാരിക്കുന്നതിനായി വിവേകപൂർവ്വം അവർക്ക് ലഘുലേഖകളോ, പുസ്തകങ്ങളോ കൊടുക്കാം.

**c) പരോക്ഷ രീതി**
ഉദാഹരണം, യേശുവും ശമര്യക്കാരത്തിയും (യോഹന്നാൻ 4:4-26).

- **സ്വാഭാവിക വിഷയങ്ങളാൽ സംസാരം ആരംഭിക്കുക**
  - യേശു ശമര്യസ്ത്രീയോടു വെള്ളം കുടിപ്പാൻ ചോദിക്കുന്നു.
- **ആത്മിക കാര്യങ്ങളിലേക്ക് വഴുതുക**
  - യേശു ജീവവെള്ളം പരിചയപ്പെടുത്തുന്നു.
- **ക്രിസ്തുവിൽ ചെന്നെത്തുക**
  - യേശു അവളോട് താൻ മശിഹായാണെന്നു പറഞ്ഞു.

**d) പ്രായോഗിക മനസ്സലിവിൻറെ മാർഗ്ഗം**

ഉദാ. ഒരാൾക്ക് വാഹനത്തിൽ ഒരു സവാരി നല്കി അല്ലെങ്കിൽ ഒരു രോഗിയെ ആശുപത്രിയിൽ എത്തിക്കുവാൻ സഹായിച്ചുകൊണ്ട്, ദുഖത്തിൻറെയും നിരാശയുടെയും അവസ്ഥയിൽ ആയിരിക്കുന്നവരെ സഹായിച്ചുകൊണ്ട്.

**6. വ്യക്തിപരമായ സുവിശേഷീകരണം സ്ഥിതിനിർണ്ണയം (ഒരു രോഗിയും ഡോക്ടറും തമ്മിലുള്ള സംഭാഷണ രീതി)**

ഒരു രോഗിയോട് ഡോക്ടർ എന്നപോലെ ചോദ്യോത്തര രീതിയിൽ വ്യക്തിപരമായ സുവിശേഷകൻ സംസാരിക്കുവാൻ ശ്രമിക്കാവുന്നതാണ്. അതിലൂടെ ആ വ്യക്തിയുടെ ആത്മിക നിലവാരത്തെ നിരീക്ഷിക്കുന്നതിനും അതിൽ അവർക്കുള്ള താല്പര്യത്തിൻറെ അളവു മനസ്സിലാക്കുന്നതിനും സാധിക്കും.

മനുഷ്യരെ നമുക്ക് മൂന്നു തരക്കാരായി തിരിക്കാൻ സാധിക്കും
a) വീണ്ടും ജനനം പ്രാപിച്ച പക്വതയുള്ള വിശ്വാസികൾ
b) പിന്മാറ്റത്തിലായ ക്രിസ്ത്യാനികൾ
c) ഇതര വിശ്വാസത്തിൽ പെട്ട അവിശ്വാസികൾ, നാമധേയ ക്രിസ്ത്യാനികൾ.

ഇവരെ വീണ്ടും രണ്ടു വിഭാഗങ്ങളായി തിരിക്കാം.

**a) നിർവിചാരികൾ**
അവർ ആത്മികമായി അന്ധരാണ് (മത്തായി 13:13)
അവർ ആത്മികമായി ബദ്ധന്മാരാണ് (റോമർ 7:19)
അവർ ആത്മികമായി മരിച്ചവരാണ് (ലൂക്കൊസ് 15:32; എഫെസ്യർ 2:1)
**അടിസ്ഥാന (BASIC)** ബോധ്യ പാഠഭാഗം

- അവൻ ബന്ധനത്തിലാണ്- (യോഹന്നാൻ 8:34)
- അവൻ ന്യായവിധിക്കായി കാത്തിരിക്കുന്നവനാണ്- (റോമർ 14:12)
- അവൻ സ്വന്ത ഇഷ്ടക്കാരനാണ് (യെശയ്യാവ് 53:6)
- അവൻ അജ്ഞാനിയാണ് (1 കൊരിന്ത്യർ 2:14)
- അവൻ മുമ്പെതന്നെ വിധിക്കപ്പെട്ടവനാണ്- (യോഹന്നാൻ 3:18)

**b) ആത്മഭാരമുള്ളവർ അല്ലെങ്കിൽ കുറ്റബോധമുള്ളവർ**
ക്രിസ്തീയ പരിപാടികളിലൂടെ നേരത്തേതന്നെ സുവിശേഷം കേൾക്കുവാൻ ഇടയായവർ - പരിശുദ്ധാത്മ ശക്തിയാൽ കുറ്റബോധം വരുത്തുവാൻ വേദപുസ്തകം ഉപയോഗിക്കുക

**7. ഒരുവനെ ക്രിസ്തുവിലേക്കു നയിക്കുകയും, പിന്നെ അവനെ പിന്തുടരുന്നതും എങ്ങനെ?**

ഒരു വ്യക്തിയെ ക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധത്തിലേക്കു നയിക്കുക എന്നതാണ് സുവിശേഷവേലയുടെ ഉദ്ദേശ്യം. അതിനാൽ, സുവിശേഷം വ്യക്തതയോടെ പങ്കിടേണ്ടത് അനിവാര്യമാണ്. ആരെയും ഈ വിഷയത്തിൽ ഉടനടി തീരുമാനം എടുക്കുവാൻ നിർബന്ധിക്കരുത്. ചിലർക്ക്, ഈ വിഷയങ്ങളെ കുറിച്ച് ആലോചിച്ചു ഒരു തീരുമാനം എടുക്കുവാനും, എന്ത് വില കൊടുക്കേണ്ടി വരും എന്ന് ചിന്തിക്കുവാനും സമയം വേണ്ടി വരും.

ക്രിസ്തുവിനെ രക്ഷകനായി ഒരുവൻ സ്വീകരിക്കുന്ന പ്രക്രിയയിലെ 4 പടവുകൾ

**a) മാനസാന്തരം (അപ്പൊ.പ്ര. 2:38; മർക്കൊസ് 1:18).** അനുതാപം എന്നു പറയുന്നത് ചെയ്തുപോയ പാപങ്ങളെക്കുറിച്ച് കുറ്റബോധം ഉണ്ടാകുന്നത് അല്ല മറിച്ച്, അതുവരെ സഞ്ചരിച്ച പാതയിൽ നിന്നും നേരെ വിപരീതമായി തിരിയുന്നതിനെയാണ് മാനസാന്തരം എന്നു പറയുന്നത്. ഉദാഹരണത്തിന് ധൂർത്തപുത്രൻ സുബോധംവന്നിട്ട് തൻറെ മോശമായ ചുറ്റുപാടുകളെ വിട്ട് തൻറെ പിതാവിൻറെ ഭവനത്തിലേക്ക് തിരികെ വരികയും തൻറെ പാപങ്ങളെക്കുറിച്ച് പിതാവിനോട് ഏറ്റുപറയുകയും ചെയ്തു.

**b) വിശ്വസിക്കുക (അപ്പൊ.പ്ര. 16:31; റോമർ 8:9).** കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക, എന്നാൽ നീയും നിൻറെ കുടുംബവും രക്ഷ പ്രാപിക്കും. വിശ്വസിക്കുക എന്നാൽ നിങ്ങൾ ബുദ്ധിപരമായി സത്യത്തിലേക്കു തിരിയുന്നതല്ല പിന്നെയോ, നിങ്ങളുടെ ജീവിതത്തെ യേശുവിൻറെ കരങ്ങളിൽ സമർപ്പിക്കുന്നതാണ്. ഉദാഹരണം, ശരിയായ ലക്ഷ്യത്തിൽ എത്തിക്കുന്നതിന് നിങ്ങളുടെ വാഹനത്തിൻറെ നിയന്ത്രണം പരിചയസമ്പന്നനായ ഡ്രൈവറെ ഏൽപ്പിക്കുന്നതുപോലെ.

**d) സ്വീകരിക്കുക (യോഹന്നാൻ 1:12; വെളിപ്പാട് 3:20).** യേശുവിനെ നിങ്ങളുടെ സ്വന്ത രക്ഷകനും കർത്താവും ആയി സ്വീകരിക്കയും അവനെ ജീവകാലമൊക്കെയും അനുഗമിക്കും എന്നു തീരുമാനിക്കയും ചെയ്യുക.

**e) ഏറ്റുപറയുക (റോമർ 10:9,10).** യേശുവിനെ നിങ്ങളുടെ കർത്താവ് എന്ന വായ്കൊണ്ട് ഏറ്റുപറയുക (മത്തായി 10:33). മനുഷ്യരുടെ മുമ്പാകെ എന്നെ തള്ളിപ്പറയുന്ന ഏവനെയും ഞാൻ സ്വർഗ്ഗസ്ഥനായ എൻറെ പിതാവിൻറെ മുമ്പാകെ തള്ളിപ്പറയും.

**8. പിന്തുടരുന്നത് എങ്ങനെ?** ഒരുവൻ കർത്താവിനെ അനുഗമിപ്പാൻ തീരുമാനം എടുത്താൽ നിങ്ങൾ അവരെ തനിയെ വിടാതെ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുക. കാരണം അവർക്ക് വളരെ ചോദ്യങ്ങൾ ഉണ്ടാകാം.

**a) രക്ഷാനിർണ്ണയം: ഞാൻ രക്ഷിക്കപ്പെട്ടു എന്ന് എങ്ങനെ എനിക്കറിയാം?**

- നമ്മുടെ തോന്നലുകളല്ല, മറിച്ച് വേദപുസ്തകം പറയുന്നതാണ് അതിനാധാരം. "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു." (1 യോഹ.1:9).
- നാം യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവൻ നമുക്ക് നിത്യജീവൻ വാഗ്ദാനം ചെയ്തിരിക്കുന്നു (യോഹന്നാൻ 3:16).
- നാം മരണത്തിൽനിന്നും നിത്യജീവനിലേക്കു കടന്നിരിക്കുന്നു. അത് ഭാവിയിലെ ഒരു കാര്യമല്ല ഇന്നിൻറെ യാഥാർത്ഥ്യമാണ് (യോഹന്നാൻ 5:24)
- ആത്മാവുതാനും നാം ദൈവത്തിൻറെ മക്കൾ എന്നു സാക്ഷിക്കുന്നു (റോമർ 8:16; യോഹ. 1:12).

**b) തുടർച്ച: കണ്ടെത്തിയ പുതിയ വിശ്വാസത്തിൽ എങ്ങനെ എനിക്ക് തുടരുവാൻ ആകും?**

- പ്രാർത്ഥനയിലൂടെ
- ദൈവവചനം ധ്യാനിക്കുന്നതിലൂടെ
- സമാനചിന്താഗതിക്കാരുമായുള്ള കൂട്ടായ്മയിലൂടെ
- സാക്ഷിക്കുന്നതിലൂടെ

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ**

1. നമ്മെത്തന്നെയും മറ്റുള്ളവരെയും വ്യക്തിപരമായ സുവിശേഷീകരണത്തിനായി എപ്രകാരം ഒരുക്കാം?
2. വ്യക്തിപരമായ സുവിശേഷവേലയുടെ എന്ത് പാഠങ്ങളാണ് ഇന്നു പഠിച്ചത്? അത് എങ്ങനെ പ്രാവർത്തികമാക്കും?

**മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T. Christians)**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. (എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach) "യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."

2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 9
# സുവിശേഷം അവതരണം: ഒഇകോസ് സുവിശേഷീകരണം
# (ഭാഗം 3)

**ഉദ്ദേശ്യം:**

- അന്ത്രെയാസിന്റെയും സ്നേഹിതരുടെയും കഥയിലും, ശമര്യസ്ത്രീയുടെ കഥയിലും കാണുന്ന ഒയ്കോസ് സുവിശേഷീകരണത്തിൻറെ തത്വങ്ങൾ ഉപയോഗിച്ച സുവിശേഷ പ്രചരണത്തെ കുറിച്ച് കൂടുതൽ മനസ്സിലാക്കുക
- വ്യക്തിപരമായ സാക്ഷ്യം തയാറാക്കാനും, അതിനെ മറ്റുള്ളവരുമായി പങ്കിടാനും പഠിക്കുക.

**പ്രധാന വാക്യങ്ങൾ:**

- **അന്ത്രെയാസിൻറെ കഥ.** യോഹന്നാൻ 1:35-51. ഈ ഭാഗം വായിച്ച് അതിലെ സാക്ഷ്യ ശൃംഖല മനസ്സിലാക്കുക
- **ശമര്യസ്ത്രീയുടെ കഥ.** യോഹന്നാൻ 4:4-42 ൽ കാണുന്നു. ഇത് വായിച്ച ശേഷം സുവിശേഷം അവതരിപ്പിക്കുന്ന രീതിയെക്കുറിച്ച് നമുക്ക് എന്തു പാഠങ്ങൾ ഉൾക്കൊള്ളാം എന്ന ചർച്ച ചെയ്യുക.

**<u>അദ്ധ്യായത്തിൻറെ ഉള്ളടക്കം:</u>**

നമ്മുടെ മുൻ അദ്ധ്യായങ്ങളിൽ നാം സുവിശേഷം അവതരിപ്പിക്കുന്നതിൻറെ മൂന്നു പാഠങ്ങൾ പഠിച്ചു- സന്ദേശം, സന്ദേശ വാഹകൻ, രീതി. ഈ പാഠത്തിൽ സുവിശേഷീകരണത്തിൻറെ മറ്റ് ചില രീതികളെ പരിചയപ്പെടുന്നു. എന്നാൽ ആദ്യം നമുക്ക് രണ്ടു കഥകൾ പരിഗണിക്കാം.

1. അന്ത്രെയാസിൻറെയും കൂട്ടുകാരുടെയും കഥ
2. ശമര്യസ്ത്രീയുടെ കഥയും അവൾ സുവിശേഷം പങ്കിട്ട രീതിയും

**1. <u>അന്ത്രെയാസിൻറെയും കൂട്ടുകാരുടെയും കഥ</u>**

കുടുംബാംഗങ്ങളോടും സ്നേഹിതരോടും സുവിശേഷം പങ്കിടുന്നതിൻറെ മനോഹരമായ ഒരു ഉദാഹരണം അന്ത്രേയാസിൻറെ കഥയിൽ കാണാം. ഈ കഥ യോഹന്നാൻ 1:35-51 വരെ രേഖപ്പെടുത്തിയിട്ടുള്ളത് വായിക്കുക.




**യോഹന്നാൻ** യേശുവിനെക്കുറിച്ച് തൻറെ **രണ്ടു** ശിഷ്യന്മാരോടു സാക്ഷിക്കുന്നു: "ഇതാ ദൈവത്തിൻറെ കുഞ്ഞാട്" (യോഹന്നാൻ 1:29-35)

യേശു ആ ശിഷ്യൻമാരെ കണ്ടുമുട്ടി. അവരിൽ ഒരാൾ **അന്ത്രെയാസ്** ആയിരുന്നു (യോഹന്നാൻ 1:40)

**അന്ത്രെയാസ്** തൻറെ സഹോദരനായ **പത്രൊസിനോട്** "ഞങ്ങൾ മശിഹായെ കണ്ടെത്തിയിരിക്കുന്നു" എന്നു പറഞ്ഞു അവനെ യേശുവിൻറെ അടുക്കൽ കൊണ്ടുവന്നു (യോഹന്നാൻ 1:45-51).

**അന്ത്രെയാസൊ പത്രോസോ** അതേ ഗ്രാമമായ ബേത്ത്സയിദക്കാരനായ

**ഫിലിപ്പോസിനോട്** പറയുന്ന (യോഹന്നാൻ 1:44)

**ഫിലിപ്പോസ് നഥനയേലിനോട്** യേശുവിനെക്കുറിച്ച് പറഞ്ഞ് അവനെ അവൻറെ അടുക്കൽ കൊണ്ടുവരുന്ന (യോഹന്നാൻ 1:45-51).

സുവിശേഷത്തിൻറെ പ്രകൃതവും വളർച്ചയും സാധാരണ ബന്ധങ്ങളിലൂടെ ആയിരുന്നു. സ്നേഹിതർ, ബന്ധുക്കൾ, സഹപ്രവർത്തകർ, അയൽക്കാർ (ഫ്രാൻ/ഒഇകോസ് തത്വം)

**ശമര്യ സ്ത്രീയുടെ കഥയും അവൾ സുവിശേഷം പങ്കിട്ട രീതിയും**

a) **ആരായിരുന്ന ശമര്യ സ്ത്രീ?** അവൾ ഒരു ശമര്യക്കാരത്തിയായിരുന്നു – അവൾ യഹൂദന്മാരാൽ തള്ളപ്പെട്ടവളായി കാണപ്പെട്ടിരുന്നു. ഒരു പക്ഷെ വിദ്യാഭ്യാസം ഇല്ലാത്തവളും, പാപത്തിൽ ജീവിക്കുന്നവളും ആയിരുന്നിരിക്കാം.

b) **അവൾ എങ്ങനെയാണ് യേശുവിനെ കണ്ടുമുട്ടിയത്?** സുഖാരിലുള്ള യാക്കോബിൻറെ കിണറ്റിൻകരയിൽ (യോഹന്നാൻ 4:5)

c) **എന്തായിരുന്ന അവരുടെ സംഭാഷണം?** ഒരു പാത്രം വെള്ളം കുടിക്കാൻ ചോദിച്ചുകൊണ്ട് ആരംഭിച്ച സംഭാഷണം ജീവജലത്തിൽ ചെന്നെത്തി. യേശു അവളുടെ ഭൂതകാലം അവളോടു പറഞ്ഞു (യോഹന്നാൻ 4:7-18)

d) **അവരുടെ സംഭാഷണത്തിൻറെ ഫലം എന്തായിരുന്നു?** "എനിക്കു ദാഹിക്കാതിരിക്കേണ്ടതിന്...ആ വെള്ളം തരേണം" (യോഹന്നാൻ 4:15)

e) **അവൾ എന്തു ചെയ്തു?** അവൾ തൻറെ കുടം വെച്ചിട്ട് പട്ടണത്തിൽ ചെന്ന ജനങ്ങളോട് "ഞാൻ ചെയ്തതൊക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണുവിൻ" എന്നു പറഞ്ഞു (യോഹന്നാൻ 4:28)

f) **എന്തായിരുന്ന ദൂത്?** ശമര്യ സ്ത്രീ തൻറെ ഒഇകോസിനോട് യേശു - ക്രിസ്തുവും മശിഹായുമാണെന്ന പറഞ്ഞു! 'ഞാൻ ചെയ്തതൊക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണുവിൻ; അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ എന്നു പറഞ്ഞു" (യോഹന്നാൻ 4:29). അവൾ സുവിശേഷ സന്ദേശം പറയുക മാത്രമല്ല ഒരു 'വന്നു കാണുവിൻ' എന്ന ആഹ്വാനവും നല്കി.

g) **എന്തായിരുന്ന ഫലം?** പട്ടണം മുഴുവനും യേശുവിനെ കാണുവാൻ വന്നു. അനേകർ അവളുടെ സാക്ഷ്യം നിമിത്തം യേശുവിൽ വിശ്വസിച്ചു. യേശു വാസ്തവമായി ലോകത്തിൻറെ രക്ഷകനാണെന്ന അവർ സാക്ഷിച്ചു.

h) **ശമര്യസ്ത്രീയുടെ യോഗ്യത എന്തായിരുന്നു?** അവൾ പാപിയായിരുന്നു, ഇപ്പോൾ കൃപയാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു.

i) **എന്തായിരുന്ന അവളുടെ രീതി?** അവൾ തൻറെ സാക്ഷ്യം പങ്കിട്ടു (യോഹന്നാൻ 4:39)

j) **എപ്പോഴാണ് അവൾ അപ്രകാരം ചെയ്യുവാൻ തുടങ്ങിയത്?** രൂപാന്തരപ്പെട്ട ജീവിതത്തിനായി ദൈവത്തോടുള്ള നന്ദി സൂചകമായി ഉടനെതന്നെ അവൾ സാക്ഷിക്കുവാൻ തുടങ്ങി. ഒരു ബൈബിൾ കോളജോ സെമിനാരിയോ അവളെ പഠിപ്പിച്ചില്ല.

യോഹന്നാൻ 4:29-30 സ്ത്രീ പാത്രം വെച്ചിട്ട് പട്ടണത്തിൽ ചെന്ന ജനങ്ങളോട് "ഞാൻ ചെയ്തതൊക്കെയും

എന്നോട്ട പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണുവിൻ; **"അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ?"** എന്നു പറഞ്ഞു. അവർ പട്ടണത്തിൽ നിന്നു പുറപ്പെട്ടു അവൻറെ അടുക്കൽ വന്നു."

യോഹന്നാൻ 4:39. "ഞാൻ ചെയ്തതൊക്കെയും അവൻ എന്നോട്ട പറഞ്ഞു എന്നു സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആ പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു. "ശമര്യസ്ത്രീ യേശുവിനെ കണ്ടുമുട്ടുന്നത് പാപിനി ആയിട്ടാണ് എന്നു നാം വായിക്കുന്നു. എന്നാൽ ചില സംഭാഷണ പരമ്പരയുടെ അവസാനത്തിൽ അവൾ യേശു ആരാകുന്നു എന്നു തിരിച്ചറിയുന്നു. അവൾ മാനസാന്തരപ്പെടുകയും പട്ടണത്തിൽ ചെന്നു ജനങ്ങളോട് അത് പങ്കിടുകയും ചെയ്തു.

യേശു ആദ്യം അവളെ നേടി. തുടർന്ന് അവളുടെ പട്ടണത്തിലെ "ഒയ്കോസിനെ" വിളിക്കുവാൻ അവളെ അയച്ചു. അവൾ വളരെ ശക്തയായ സുവിശേഷകയായി മാറി! ഒരു അദ്ധ്യായത്തിൽ ഒതുങ്ങിയ സംഭവങ്ങൾകൊണ്ട് അവളുടെ പട്ടണം മുഴുവനും യേശുവിൻറെ സുവിശേഷം കേൾക്കുവാനും അനേകർ വിശ്വസിക്കുവാനും ഇടയായി.

**k) എന്തായിരുന്നിരിക്കാം അവളുടെ സാക്ഷ്യം?**

നിങ്ങളുടെ സ്വന്ത വാചകത്തിൽ ശമര്യസ്ത്രീയുടെ സാക്ഷ്യം എഴുതുവാൻ ശ്രമിക്കുക. ഒരു പക്ഷെ അവൾ ഇപ്രകാരം പറഞ്ഞു കാണും.

*"ഒരു ദിവസം ഞാൻ സുക്കാർ പട്ടണത്തിലിരിക്കുമ്പോൾ യേശു എന്ന ഒരുവനെ കണ്ടുമുട്ടി. അവൻ എന്നോട് വെള്ളം കുടിപ്പാൻ ചോദിച്ചു. ഞാൻ ഒരു ശമര്യക്കാരത്തി ആണെന്നും യഹൂദന്മാരുടെ ദൃഷ്ടിയിൽ പുറജാതിയാണെന്നും ഞാൻ പറഞ്ഞു. അവൻ എന്നോട്ട വെള്ളം ചോദിക്കുവാൻ പാടില്ലാത്തതാണ്. അപ്പോൾ താൻ വാഗ്ദത്തം ചെയ്ത മശിഹാ ആണെന്നു അവൻ എന്നോട്ട പറയുകയും ജീവജലം നല്കാമെന്നു വാഗ്ദത്തം ചെയ്യുകയും ചെയ്തു. അതിൻറെ അർത്ഥം എനിക്ക് പിടികിട്ടിയില്ല. വെള്ളം കോരുന്നതിന് അവൻറെ കയ്യിൽ ഒന്നുമില്ലല്ലോ എന്നു ഞാൻ അവനോട്ട പറഞ്ഞു. "നമ്മുടെ പിതാവായ യാക്കോബിനേക്കാൾ നീ വലിയവനോ? എന്നും ഞാൻ ചോദിച്ചു. അപ്പോൾ അവൻ "ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവൻ ഒരു നാളും ദാഹിക്കയില്ല; അത് അവനിൽ നിത്യ ജീവനിലേക്കു പൊങ്ങിവരുന്ന ജീവ ഉറവയായി മാറും" എന്നു പറഞ്ഞു. ആ വെള്ളം എനിക്കു തരേണമെന്നു ഞാൻ അവനോട്ട യാചിച്ചു. കൂടാതെ ഞാൻ ഒരു പാപിയാണെന്നും ഏറ്റു പറഞ്ഞു. ഞാൻ ചെയ്തതൊക്കെയും അവൻ പറഞ്ഞു. അവനാണ് തിരുവെഴുത്തുകളിൽ വാഗ്ദത്തം ചെയ്ത മിശിഹാ എന്നു ഞാൻ തിരിച്ചറിഞ്ഞു."*

**ശമര്യസ്ത്രീയുടെ നാല് മൂല തത്വങ്ങൾ**

a) **ക്രിസ്തുവിനോട്ട ഉടനടിയുള്ള അനുസരണം-** അവൾക്ക് ബോധ്യമായ ഉടനെതന്നെ അവൾ തൻറെ പാത്രം വെച്ചിട്ട് ഗ്രാമത്തിലേക്ക് തിടുക്കത്തോടെ ചെന്നു എല്ലാവരോടും പറഞ്ഞു.

b) **അവളുടെ വ്യക്തിപരമായ സാക്ഷ്യം** - സുവിശേഷീകരണത്തിനുള്ള ഏറ്റവും മൂർച്ചയേറിയ ആയുധം ഒരു വിശ്വാസിയുടെ സാക്ഷ്യമാണ്.

c) **സുവിശേഷം അവതരിപ്പിക്കുന്നു** - സുവിശേഷം അവതരിപ്പിക്കുന്നതിന് ഒരുദ്ദേശ്യമുണ്ട്. അതായത്, കേൾവിക്കാരെ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുന്നതിനുള്ള തീരുമാനത്തിലെത്തിക്കുക. അവളുടെ കാര്യത്തിൽ ഇത് വാക്യം 29 ൽ കാണാം. "പക്ഷേ അവൻ മശിഹാ ആയിരിക്കുമോ?"

d) **യേശുവിനെ പരിചയപ്പെടുത്തുന്നു** - അവസാനം അവൾ ജനങ്ങളെ കർത്താവിൻറെ അടുക്കലേക്കു നയിക്കുന്നു (വാ.30). ഒരു സമർപ്പണത്തിലേക്കു നയിക്കുന്നു.

3. **വ്യക്തിപരമായ സാക്ഷ്യം എങ്ങനെ തയാറാക്കാം?**

**a) എന്താണ് വ്യക്തിപരമായ സാക്ഷ്യം?**

നിങ്ങളുടെ സ്വന്ത അനുഭവത്തിൻറെ വെളിച്ചത്തിൽ അവതരിപ്പിക്കുന്ന ലളിതമായ സുവിശേഷമാണ് വ്യക്തിപരമായ സാക്ഷ്യം. നിങ്ങളുടെ ജീവിത്തിൽ ദൈവം ചെയ്തതിനെ സ്വന്ത ഭാഷയിൽ പ്രസ്താവിക്കുന്നതാണ് അത്. യേശുക്രിസ്തുവുമായി നിങ്ങൾ കണ്ടുമുട്ടിയതും അവൻ എങ്ങനെ നിങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തി എന്നതുമായിരിക്കണം നിങ്ങൾ പറയേണ്ടത്. അതിനെ അനുഭവത്തിൽ നിന്നുള്ള സുവിശേഷം എന്നു വിളിക്കാം.

*1 യോഹന്നാൻ 1:1-3. "ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ടു കണ്ടതുംഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവൻറെ വചനം സംബന്ധിച്ച്-ജീവൻ പ്രത്യക്ഷമായി, ഞങ്ങൾ സാക്ഷീകരിക്കയും പിതാവിനോടുകൂടെയിരുന്നു ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യ ജീവനെ നിങ്ങളോട് അറിയിക്കുകയും ചെയ്യുന്നു..."*

**b) വ്യക്തിപരമായ സാക്ഷ്യം നാം എങ്ങനെ തയ്യാറാക്കും?**

i. 2-3 മിനിറ്റ് എടുത്ത് തങ്ങളുടെ സ്വന്ത കഥ എഴുതുവാൻ ഓരോ വിശ്വാസിയെയും പ്രോത്സാഹിപ്പിക്കുക, പരിശീലിപ്പിക്കുക.
ii. എഴുതാൻ പ്രയാസമാണെങ്കിൽ അത് ഓഡിയോ റെക്കോർഡ് ചെയ്യാവുന്നതാണ്.
iii. അതുമല്ലെങ്കിൽ അവർ ഒരു വ്യക്തിപരമായ സാക്ഷ്യത്തിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ മനപാഠം പടിക്കട്ടെ.

**c) സാക്ഷ്യത്തിൻറെ ഉള്ളടക്കം**

1. നിങ്ങൾ ആരാണെന്നു പരിചയപ്പെടുത്തുക.
2. ക്രിസ്തുവിനെക്കൂടാതെയുള്ള നിങ്ങളുടെ ജീവിതം എന്തായിരുന്നു എന്നു പറയുക.
3. ക്രിസ്തുവിനെ സ്വികരിച്ച ശേഷമുള്ള ജീവിതത്തെക്കുറിച്ചു പറയുക.
4. ഇതെങ്ങനെ സംഭവിച്ചു എന്ന് പറയുക?
5. (ഉചിതമാണെന്ന് നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ) നിങ്ങൾ ഇപ്പോൾ കർത്താവിനെ സേവിക്കുന്നത് എങ്ങനെ എന്നത് അവരോടു പറയുക.

**d) നമ്മുടെ കഥ എഴുതിയശേഷം നാം എന്തു ചെയ്യുന്നു?**

1. നിങ്ങളുടെ സാക്ഷ്യം സഹ വിശ്വാസികളുമായി പങ്കിട്ടു പരിശീലിക്കുക.
2. നിങ്ങളുടെ സാക്ഷ്യം പങ്കിടുവാൻ ആത്മവിശ്വാസം വളർത്തിയെടുക്കുക.
3. മറ്റുള്ളവരുടെ അഭിപ്രായം ശ്രദ്ധിച്ചു വേണ്ട മാറ്റങ്ങൾ വരുത്തുക.
4. അനാവശ്യ വിശദാംശങ്ങൾ ഒഴിവാക്കുക.
5. നിങ്ങൾ ആരുമായി പങ്കു വെക്കുന്നുവോ, അതിനനുസരിച്ച് സാക്ഷ്യത്തിൽ രൂപാന്തരം വരുത്തുക.

**e) FRAN -ൻറെ ഇടയിൽ സ്വന്ത സാക്ഷ്യത്തിലൂടെയുള്ള ഒയികോസ് സുവിശേഷീകരണം**

കുടുംബാംഗങ്ങളുടെയും വിശാല കുടുംബാംഗങ്ങളുടെയും ഇടയിൽ സുവിശേഷം പങ്കിടുന്നതിൻറെ ഒഇകോസ് തത്വം നാം നേരത്തേ ചർച്ച ചെയ്തു കഴിഞ്ഞു. നിങ്ങളിൽ പലരും നിങ്ങളുടെ സ്നേഹിതർ (Friends), ബന്ധുക്കൾ (Relatives), സഹപ്രവർത്തകർ (Associates), അയൽക്കാർ (Neighbors) എന്നിവരുടെ പേരുകൾ എഴുതിവെച്ചിട്ടുണ്ടാകുമല്ലോ.

**f) ഒഇകോസ് സുവിശേഷീകരണം എങ്ങനെ നടത്താം?**

വയൽ തയ്യാറാക്കിയ ശേഷം നാം സുവിശേഷത്തിൻറെ വിത്ത് വിതയ്ക്കണം. പരിശുദ്ധാത്മാവ് നയിക്കുന്നതുപോലെ നിങ്ങളുടെ 'ഫ്രാൻ' പട്ടികയിലുള്ളവരോട് സുവിശേഷം പങ്കിടുന്നതിന് മുൻകൈ എടുക്കയും അതിനുള്ള അവസരത്തിനായി നോക്കി ഇരിക്കുകയും വേണം.

**ഒഇകോസ് സുവിശേഷീകരണത്തിൻറെ താഴെപ്പറയുന്ന പടവുകൾ നിങ്ങൾക്ക് പിന്തുടരാവുന്നതാണ്.**

- നിങ്ങളുടെ FRAN തെരഞ്ഞെടുക്കുക.
- അവരുടെ ഒരു പട്ടിക തയ്യാറാക്കുക.
- അവരുടെ ഹൃദയങ്ങളെ ഒരുക്കുവാനായി പ്രാർത്ഥിക്കുക.

**അവർക്ക് പറയുവാനുള്ളത് കേൾക്കുക.**

നിങ്ങളുടെ FRAN -നുമായി ഒരു സംഭാഷണത്തിന് തുടക്കമിടുന്നതാണ് അടുത്ത് പടി. അവർക്ക് പങ്കിടുവാനുള്ള കഥയോ അനുഭവമോ വളരെ ശ്രദ്ധയോടെ കേൾക്കുക. നാം കണ്ടുമുട്ടുന്ന വ്യക്തികൾ പലരും വലിയ ദുഃഖമോ, വേദനയോ, അവഗണനയോ, നിരാശയോ, പരിഹാസമോ, സ്നേഹക്കുറവോ, കുറ്റബോധമോ, രോഗമോ, ഭയമോ തുടങ്ങിയവ അനുഭവിക്കുന്നവരാകാം. അവരെ വിധിക്കാതെ അവരുടെ കഥ താല്പര്യത്തോടെ ശ്രദ്ധിക്കുക.

**3. നിങ്ങളുടെ കഥ പങ്കിടുക**

അവരുടെ കഥ കേട്ട ശേഷം സമാന സാഹചര്യത്തിൽ നിങ്ങളുടെ അനുഭവം എന്തായിരുന്നു എന്നു പങ്കിടുക. ഇത്തരം സാഹചര്യങ്ങളെ നേരിടുന്നതിന് യേശുകർത്താവ് നിങ്ങളെ എങ്ങനെ സഹായിച്ചു എന്നതും പങ്കിടുക.

**4. യേശുവിൻറെ കഥ പങ്കിടുക**

തുടർന്നു നിങ്ങൾക്ക് ദൈവത്തിൻറെയും പാപികളുടെ സ്നേഹിതനും, പുറന്തള്ളപ്പെട്ടവനും, അവഗണിക്കപ്പെട്ടവനുമായ യേശുവിൻറെയും കഥ പങ്കിടാനുള്ള അവസരം ലഭിക്കുന്നു. ക്രൂശിൽ വെളിപ്പെടുത്തിയ ദൈവസ്നേഹം പങ്കിടുക. അതുമായി ബന്ധപ്പെട്ട അനുയോജ്യമായ ഒരു വേദപുസ്തക കഥയോ സംഭവമോ നിങ്ങൾക്കുപയോഗിക്കാം.

**5. ഒരു പുതിയ കഥ ആരംഭിക്കുവാൻ ആരെയെങ്കിലും സഹായിക്കുക**

നിങ്ങളുടെ കഥ പങ്കിട്ടുകൊണ്ട് ആരെയെങ്കിലും അവരുടെ ജീവിതത്തിൽ പുതിയ ഒരു കഥ ആരംഭിക്കുന്നതിന് സഹായിക്കാം.

**6. ആ വ്യക്തിക്കുവേണ്ടി അവർ വിശ്വസിച്ചാലും ഇല്ലെങ്കിലും പ്രാർത്ഥിക്കുക**

പ്രാർത്ഥനയ്ക്കു തുല്യമായി പ്രവർത്തിക്കുന്ന യാതൊന്നും ഇല്ല. വ്യക്തിപരമായ ആവശ്യങ്ങളോ പ്രാർത്ഥനാ അപേക്ഷകളോ ഇല്ലാത്തവർ കുറവായിരിക്കും. ദൈവം അവരുടെ പ്രത്യേക ആവശ്യങ്ങളെ നിറവേറ്റുവാനും, അവർക്ക് സ്വയം വെളിപ്പെടുത്തുവാനുമായി പ്രാർത്ഥിക്കുക. രോഗമാണ് പ്രശ്നമെങ്കിൽ ദൈവിക സൗഖ്യത്തിനായി മദ്ധ്യസ്ഥത നടത്തുക.

"കണ്ണുനീരോടെ വിതയ്ക്കുന്നവർ ആർപ്പോടെ കൊയ്യും. വിത്തു ചുമന്നു കരഞ്ഞും വിതച്ചുകൊണ്ട് നടക്കുന്നു; കറ്റ ചുമന്നും ആർത്തുംകൊണ്ട് വരുന്നു (സങ്കീർത്തനം 126:6)

***ധാരാളമായി വിതയ്ക്കുക, ധാരാളമായി കൊയ്യുക,***
***ലോഭമായി വിതയ്ക്കുക, ലോഭമായി കൊയ്യുക.***

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ**

1. അന്ത്രേയാസിൻറെയും സ്നേഹിതരുടെയും കഥയിൽ നിന്നും ശമര്യസ്ത്രീയുടെ കഥയിൽ നിന്നും വ്യക്തിപരമായ സുവിശേഷ വേലയെക്കുറിച്ച് നാം എന്താണ് പഠിക്കുന്നത്?

2. നമ്മുടെ സഭയിലെ ഓരോ വിശ്വാസിയെയും തങ്ങളുടെ സ്വന്ത അനുഭവ സാക്ഷ്യത്തെ തയ്യാറാക്കുന്നതിനും, അത് പങ്കിടുന്നതിനും എങ്ങനെ സഹായിക്കാൻ കഴിയും?

**മറ്റുള്ളവരെ പഠിപ്പിക്കുക** (H.O.T. Christians)

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. (എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach) "യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."

2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 10

## സുവിശേഷം അവതരണം: സുവിശേഷത്തോടുള്ള എതിർപ്പുകൾ

**ഉദ്ദേശ്യം:**

- പുതിയ നിയമസഭ നേരിട്ട, സുവിശേഷത്തിന് പൊതുവായി ഉയർന്ന എതിർപ്പുകളെ മനസ്സിലാക്കുക.
- നിങ്ങളുടെ സംസ്കാരത്തിൽ ഉണ്ടാകാൻ സാധിക്കുന്ന എതിർപ്പുകളെ സ്നേഹപൂർവ്വം നേരിടാൻ സഭയെ വചന അടിസ്ഥാനത്തിൽ സഹായിക്കുക.

**പ്രധാന വാക്യങ്ങൾ:**

1 പത്രൊസ് 3:14-17. "നീതി നിമിത്തം കഷ്ടം സഹിക്കേണ്ടി വന്നാലും നിങ്ങൾ ഭാഗ്യവാന്മാർ അവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടുകയും കലങ്ങുകയുമരുത്; എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിൽ കർത്താവായി വിശുദ്ധീകരിപ്പിൻ. നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ. ക്രിസ്തുവിൽ നിങ്ങൾക്കുള്ള നല്ല നടപ്പിനെ ദുഷിക്കുന്നവർ നിങ്ങളെ പഴിച്ചു പറയുന്നതിൽ ലജ്ജിക്കേണ്ടതിന് നല്ല മനഃസാക്ഷിയുള്ളവരായിരിപ്പിൻ. നിങ്ങൾ കഷ്ടം സഹിക്കണം എന്നു ദൈവഹിതമെങ്കിൽ തിന്മ ചെയ്തിട്ടല്ല, നന്മ ചെയ്തിട്ടു സഹിക്കുന്നത് ഏറ്റവും നന്നു."

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**

നിങ്ങൾ മറ്റുള്ളവരോട് സുവിശേഷം പങ്കിടുപോൾ, ധാരാളം എതിർപ്പും, ചോദ്യങ്ങളും നേരിടേണ്ടി വരും എന്നു എനിക്ക് ഉറപ്പുണ്ട്. .

ഏതു തരം ചോദ്യമാണ് ജനം ചോദിക്കുന്നത്?

ചോദ്യങ്ങൾക്കുത്തരം നല്കുവാൻ നാം ഒരുങ്ങിയിട്ടുണ്ടോ?
സുവിശേഷം പങ്കിട്ട സന്ദർഭങ്ങളിൽ നിങ്ങൾ എതിർപ്പുകൾ നേരിട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏവയായിരുന്നു അവ?

### A) അപ്പൊസ്തലന്മാർ നേരിട്ട എതിർപ്പുകൾ

അപ്പൊസ്തലന്മാർ യഹൂദന്മാരുടെ സിനഗോഗുകളിലോ ജാതികളുടെ ഇടയിലോ സുവിശേഷം പങ്കിട്ട സന്ദർഭങ്ങളിലെല്ലാം നിരവധി എതിർപ്പുകൾ നേരിട്ടു എന്നു നാം അപ്പൊസ്തല പ്രവൃത്തികളിൽ കാണുന്നു.അവയിൽ ചിലത് നമക്ക് ഇവിടെ ചർച്ച ചെയ്യാം.

1 കൊരിന്ത്യർ 1:18-25, "ക്രൂശിൻറെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു. "ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധി ദുർബ്ബലമാക്കയും ചെയ്യും" എന്നെഴുതിയിരിക്കുന്നുവല്ലോ. ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? ഈ ലോകത്തിലെ താർക്കികൻ എവിടെ? ലോകത്തിൻറെ ജ്ഞാനം ദൈവം ഭോഷത്വമാക്കിയില്ലയോ? ദൈവത്തിൻറെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിൻറെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി. യഹൂദന്മാർ അടയാളം ചോദിക്കയും യവനന്മാർ ജ്ഞാനം അന്വേഷിക്കയും ചെയ്യുന്നു; ഞങ്ങളോ

ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു; യഹൂദന്മാർക്കു ഇടർച്ചയും ജാതികൾക്കു ഭോഷത്വവുമെങ്കിലും യഹൂദന്മാരാകട്ടെ യവനന്മാരാകട്ടെ വിളിക്കപ്പെട്ട ഏവർക്കും ദൈവശക്തിയും ദൈവജ്ഞാനവുമായ ക്രിസ്തു തന്നെ. ദൈവത്തിൻറെ ഭോഷത്വം മനുഷ്യരേക്കാൾ ജ്ഞാനമേറിയതും ദൈവത്തിൻറെ ബലഹീനത മനുഷ്യരേക്കാൾ ബലമേറിയതും ആകുന്നു."

**<u>യൂദന്മാരുടെ കഥയും ക്രൂശിൻറെ സന്ദേശവും</u>**

ആദ്യനൂറ്റാണ്ടിലെ യൂദന്മാർ പറഞ്ഞിരുന്നത് മശിഹാ രാജാവും രക്ഷകനുമായിരിക്കും എന്നാണ്. റോമക്കാരുടെ അധികാരത്തിൽ നിന്നും അവരെ വിടുവിക്കുന്ന ഒരു രാഷ്ട്രീയ നേതാവിനെയാണ് അവർ കാത്തിരുന്നത്. എന്നാൽ, യേശു പ്രസംഗിച്ച രാജ്യത്തിൻറെ സുവിശേഷം ഈ ലോകത്തിലേത് ആയിരുന്നില്ല, മറിച്ച് നിത്യതയുടെ വെളിച്ചത്തിൽ ഉള്ള രാജ്യത്തെക്കുറിച്ചായിരുന്നു. യേശു ഒരു മശിഹാ ആയിരുന്നു. അവൻ ക്രൂശിക്കപ്പെട്ടു, മരിച്ചു, മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു.

യേശുവും, അപ്പൊസ്തലന്മാരും പ്രസംഗിച്ചത് ക്രൂശിൻറെ സുവിശേഷമായിരുന്നു. ഇത് യഹൂദ നേതാക്കന്മാർക്ക് സ്വീകരിക്കാൻ കഴിഞ്ഞില്ല.

പുതിയനിയമ സഭകൾ നേരിട്ട എതിർപ്പുകൾ ഏതു വിധത്തിലുള്ളതായിരുന്നു എന്നു നമുക്ക് പരിശോധിക്കയും അവയെ വേദപുസ്തക പ്രമാണപ്രകാരം നേരിടുന്നത് എങ്ങനെ എന്നു നോക്കുകയും ചെയ്യാം.

## 1. <u>ബൗദ്ധിക എതിർപ്പുകൾ</u>

അപ്പൊ. പ്ര. 17:18-32; 4:10; 17:31; 2:24

"മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ച് കേട്ടിട്ടു ചിലർ പരിഹസിച്ചു; മറ്റു ചിലർ ഇതിനെ പ്പറ്റി പിന്നെയും നിൻറെ പ്രസംഗം കേൾക്കാം എന്നു പറഞ്ഞു." ഉയിർത്തെഴുന്നേല്പിനെ കളിയാക്കി. ജാതികൾക്ക് ഇത് ഭോഷത്വം.

- ദൈവം ഉണ്ടോ?
- അമർത്യനായ ദൈവത്തിന് ഒരു കുറ്റവാളിയെപ്പോലെ മരിക്കാൻ കഴിയുമോ??
- പുനരുത്ഥാനത്തിൽ ഞങ്ങൾ എങ്ങനെ വിശ്വസിക്കും?
- മരിച്ചതിനു ശേഷം ഒരു ജീവിതം ഉണ്ടോ? - ഇത്യാതി

സുവിശേഷം എന്നത് അനേകർക്കും

- ആധാരം ഇല്ലാത്തതും,
- ബുദ്ധിക്കു നിരക്കാത്തതും,
- വിശധീകരിക്കാൻ കഴിയാത്തതും
- മനസിലാക്കാൻ സാധിക്കാത്തതും," – ആണ്

**ഇവൻ (യേശു) തന്നെ വഴിയെന്നു പറഞ്ഞാൽ എങ്ങെനെ സമ്മതിക്കും?**

**ക്രിസ്തുവിൻറെ വൈശിഷ്ട്യതയും, അതുല്യതയും** ആണ് നാം നേരിടുന്ന ഒരു പ്രധാന എതിർപ്പ്.
1 കൊരിന്ത്യർ 8:4-6; 1 തിമൊഥെയൊസ് 2:5

## 2. <u>മതപരമായ എതിർപ്പുകൾ അല്ലെങ്കിൽ സുവിശേഷത്തിൻറെ അതുല്യത</u>

അഥേനയിൽ പൗലോസിൻറെ പ്രസംഗവും അതിനോടുള്ള ജനത്തിൻറെ പ്രതികരണവും മത

തത്വചിന്തകരുടെ സാധാരണ പ്രതികരണമാണ് (അപ്പൊ.പ്ര. 17:18-32; 4:12).

"എപ്പിക്കൂര്യരും സ്തോയിക്കരും ആയ തത്വജ്ഞാനികളിൽ ചിലർ അവനോടു വാദിച്ചു: ഈ വിടു വായൻ എന്തു പറവാൻ പോകുന്നു എന്നു ചിലർ പറഞ്ഞു."

അവർ ഇതു പറഞ്ഞത് പൗലോസ് യേശുവിനെയും പുനരുത്ഥാനത്തെയും പ്രസംഗിക്കകൊണ്ടത്രേ. വിഗ്രഹങ്ങൾകൊണ്ട് നിറഞ്ഞ അഥേന നഗരത്തിലെ മതഭക്തരായ ജനങ്ങളുടെ പ്രതികരണം ശ്രദ്ധിക്കുക (അപ്പൊ.പ്ര. 17:16-22).

"യേശുവിനെയും പുനരുത്ഥാനത്തെയും പ്രസംഗിക്കകൊണ്ട് അന്യദേവതകളെ പ്രസംഗിക്കുന്നവൻ എന്നു മറ്റുചിലരും പറഞ്ഞു." പ്രസംഗം കേട്ടവർ അവനെ പരിഹസിച്ചു (വാ.32).
ക്രൂശിക്കപ്പെട്ട ഒരു മശിഹായെ സ്വീകരിക്കുവാൻ കഴിയാത്തതിനാൽ യഹൂദന്മാർക്ക് സുവിശേഷം ഇടർച്ചക്കല്ലായി മാറി. ക്രൂശ് നിന്ദയുടെ അടയാളമായിരുന്നു. ക്രൂശിക്കപ്പെട്ട മശിഹാ എന്നത് ദൂഷണമായിരുന്നു (1 കൊരി. 1:22). അവർ രാജാവായിത്തീരുന്ന ഒരു മശിഹായെ അത്രെ കാത്തിരുന്നത്.

ഇക്കാലത്തും നാം നിരവധി മതപരമായ എതിർപ്പുകൾ നേരിടുന്നു, ഉദാഹരണത്തിന്

- വിദേശ മതം
- ഇവിടെ ധാരാളം മതമുള്ളപ്പോൾ ഇനി പുതിയ ഒന്നിൻറെ ആവശ്യം എന്താണ്?
- എല്ലാ വഴികളും ഒരേ ദൈവത്തിലേക്ക് നയിക്കുന്നു...

3. **വ്യക്തിപരമായ എതിർപ്പ് അല്ലെങ്കിൽ മാനുഷിക അഭിമാനത്തിന് കോട്ടം**
(1 കൊരിന്ത്യർ 11:26-29).

ഓരോ പുരുഷനും സ്ത്രീയും അവരവരുടെ സ്വന്ത രക്ഷ നേടിയെടുക്കാൻ ആഗ്രഹിക്കുന്നു. "നാം അതിന് അർഹരാകുവാൻ എന്തെങ്കിലും ചെയ്തേ മതിയാവൂ." – മാനുശ്യമായ നീതി പ്രവർത്തികൾ. പരിശ്രമിച്ചതിന്റെ ഫലമായി സ്വർഗം/മോക്ഷം നേടുക .

നമുക്ക് ഉള്ളതോ നേടിയതോ ആയ യാതൊന്നിൻറെയും അടിസ്ഥാനത്തിലല്ല യേശു നമ്മെ വിളിച്ചത്. നമ്മുടെ രക്ഷ വരുന്നത് യേശുവിൽക്കൂടെയും അവൻറെ ഹീനമായ ക്രൂശുമരണത്തിൽക്കൂടെയുമാണ് എന്ന യാഥാർത്ഥ്യം അംഗീകരിക്കുക എന്നതാണ് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ലോകത്തിന് ഇത് ഭോഷത്വമാകുന്നു.

4. **ധാർമ്മിക എതിർപ്പുകൾ - അതായത് - അനുതാപത്തിനും വിശുദ്ധിക്കുമുള്ള ആഹ്വാനം**
(റോമർ 3:23; റോമർ 5:8; യോഹന്നാൻ 1:29; 1 തിമൊ. 1:15; എഫെസ്യർ 1:7)

ലോകത്തിൽ ധാർമ്മിക അധഃപതനം ഉണ്ടെന്നു നമുക്ക് അറിയാം. റോമർ 1:21-32 ദൈവത്തോടുള്ള മനുഷ്യൻറെ മറുതലിപ്പും അവൻറെ ധാർമ്മിക നിലയെയും വിശദീകരിക്കുന്നു.

റോമർ 1: 29-32:
"അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബുദ്ധിയും നിറഞ്ഞവർ; അസൂയ, കുല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ, കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠുരന്മാർ, ഗർവ്വിഷ്ഠന്മാർ, ആത്മപ്രശംസക്കാർ, പുതു ദോഷം സങ്കല്പിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ. ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല പ്രവർത്തക്കുന്നവരിൽ പ്രസാദിക്കയുംകൂടെ ചെയ്യുന്നു."

**സോദോമും ഗോമോറയും ആവർത്തിക്കുന്നു.**

എല്ലാ ദോഷങ്ങളുടെയും തലസ്ഥാനമായിരുന്ന കൊരിന്ത്. "ഇതുപോലെ ജീവിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങൾ പാപത്തിൻറെ സന്തോഷം ആസ്വദിക്കുന്നു. ഞങ്ങൾ സത്യത്തെ അടിച്ചമർത്തിയിരിക്കുന്നു" എന്നും അവർ പറഞ്ഞു വന്നു. നമ്മുടെ തലമുറയുടെ കാര്യത്തിലും ഇത് സത്യ മാണ്. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവിനും സത്യത്തിനും അനുസരിച്ച് നാം ജീവിച്ചിട്ടില്ല.

ധാർമ്മികമായി പറഞ്ഞാൽ, ജനത്തിന് അവരുടെ സ്വന്തയിഷ്ടപ്രകാരം ജീവിക്കുന്നതിലാണ് താല്പര്യം അവരുടെ വഴികളെ മാറ്റുന്നതിനോ അതിനെ വെല്ലുവിളിക്കുന്നതിനോ അവർ ആഗ്രഹിക്കുന്നില്ല.

**5. സാമൂഹിക തടസ്സങ്ങൾ**

പുതിയനിയമ സഭയിൽ യഹൂദനും, റോമക്കാരും, യവനന്മാരും ഉണ്ടായിരുന്നു

- യഹൂദന്മാർ യഹൂദന്മാർ തന്നെയായിരുന്നു!
- യവനന്മാർ യവനന്മാർ തന്നെയായിരുന്നു!
- റോമക്കാർ റോമക്കാർ തന്നെയായിരുന്നു!

ചില യഹൂദക്രിസ്ത്യാനികളുടെ സമ്മർദ്ദം ഉണ്ടായിരുന്നെങ്കിലും മശിഹായുടെ അനുഗാമിയാകുന്നതിന് തൻറെ സംസ്കാരം മാറ്റണമെന്ന് ആരും നിർബന്ധിച്ചില്ല.

നമ്മുടെ കാലത്തും, ഒരുവൻ മശിഹായെ അനുഗമിക്കുവാൻ തീരുമാനിക്കുമ്പോൾ ഉണ്ടാകുന്ന പ്രഥമ തടസ്സം വിശ്വാസി അനുഭവിക്കുന്ന സാമൂഹിക ഒറ്റപ്പെടുത്തലാണ്. പലപ്പോഴും അവർ സമൂഹത്തിൽ നിന്നും പുറത്താക്കപ്പെട്ടവരായിരിക്കും.

**6. രാഷ്ട്രീയ തടസ്സം അഥവാ യേശുക്രിസ്തുവിൻറെ കർത്തൃത്വം.**
അപ്പൊ. പ്ര. 10:42,43; റോമർ 14:9

**a) റോമൻ കോടതിയിൽ യേശുവിനെതിരായുള്ള ആരോപണങ്ങൾ എന്തെല്ലാമായിരുന്നു?**
രാജാവാണെന്ന അവകാശവാദം ഉന്നയിക്കുന്നു എന്ന കുറ്റം (ലൂക്കൊസ് 23:1-2) വിശ്വസ്തനായ റോമൻ ഭരണാധികാരികൾക്ക് തീരെ സഹിക്കാവുന്ന ഒന്നായിരുന്നില്ല.

**b) പൗലോസിൻറെയും കൂട്ടുകാരുടെയും പേരിലുള്ള കുറ്റം എന്തായിരുന്നു?**
ഫിലിപ്പ്യ: നിയമവിരുദ്ധ ആചാരങ്ങൾ പ്രചരിപ്പിക്കുന്നു (അപ്പൊ.പ്ര. 16:21).
തെസ്സലോനിക്യ: കൈസരുടെ കല്പനകളെ ധിക്കരിക്കുന്നു. (അപ്പൊ.പ്ര. 17:9)
കൈസരെ ദൈവത്തിൻറെ മകനായി കണ്ടിരുന്ന ഒരു സാമ്രാജ്യത്തിൽ മറ്റൊരു ദൈവപുത്രൻ എങ്ങനെ ഉണ്ടാകും? അത് രാജ്യദ്രോഹമായിരുന്നു. യേശുവിൻറെ അനുഗാമികൾക്ക് യേശു കൈസരേക്കാൾ വലിയ രാജാവായിരുന്നു.

**7. രൂപാന്തരപ്പെട്ട ജീവിതം നയിക്കുന്നതിൽ വിശ്വാസികൾക്ക് പറ്റിയ പരാജയം**
ക്രിസ്തുമാർഗ്ഗം ഇന്ത്യയിൽ പരാജയപ്പെട്ടതിനു കാരണം ക്രിസ്ത്യാനികൾ തങ്ങൾ പ്രസംഗിക്കുന്ന പ്രകാരം ജീവിക്കുന്നതിൽ പരാജയപ്പെട്ടതാണ് എന്ന് തൻറെ പുസ്തകത്തിൽ ഭീംറാവു അംബെദ്കർ എഴുതിയിട്ടുണ്ട്. നമ്മുടെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും വിശ്വാസികൾ സുവിശേഷത്തിന് യോഗ്യമാംവണ്ണം ജീവിക്കാതിരിക്കുമ്പോൾ ജനം സുവിശേഷം കേൾക്കുന്നതിന് വിമുഖത കാട്ടും.

**B) പുതിയനിയമ സഭയിൽ നിന്നുള്ള ചില ഉദാഹരണങ്ങളും ചോദ്യങ്ങളും.**
(**ചർച്ചയ്ക്കും പഠനത്തിനും**)

1. ക്ഷേത്രങ്ങളിൽ ബലിയായി അർപിക്കപെട്ട ഭക്ഷണത്തിന്റെ വിഷയത്തെ നാം എങ്ങനെ കൈകാര്യം ചെയ്യും?

ഭക്ഷണ പദാർത്ഥങ്ങൾ സംബന്ധിച്ച് റോമൻ കൊരിന്ത്യൻ ക്രിസ്ത്യാനികൾക്ക് ഉണ്ടായ ചോദ്യങ്ങൾ എന്തായിരുന്നു? (റോമർ 14, 1 കൊരിന്ത്യർ 8 കൂടെ വായിക്കുക). ജാതീയ ക്ഷേത്രങ്ങളിൽ യാഗവസ്തുവായി അറുക്കപ്പെട്ട മൃഗങ്ങളുടെ മാംസമാണ് സാധാരണയായി ചന്തസ്ഥലത്തും, ഭവനങ്ങളിലും, ഭക്ഷണശാലകളിലും വിളമ്പിയിരുന്നത്.

**2. ബഹുസാംസ്കാരിക ലോകത്ത് ജീവിക്കുമ്പോൾ ഉണ്ടാകുന്ന വെല്ലുവിളികളെ നാം എങ്ങനെ നേരിടും?**

ജാതികൾക്കൊപ്പം ഇരുന്നു ഭക്ഷണം കഴിക്കുന്നതിൽ യഹൂദൻറെ വൈമുഖ്യം. പരമ്പരാഗത യഹൂദന്മാർ അത്തരം മാംസം ഭക്ഷിക്കുകയോ മശിഹാ കുടുംബത്തിലെ അംഗങ്ങളാകയാൽ ജാതീയ ക്രിസ്ത്യാനികളെ അതിന് അനുവദിക്കുകയോ ചെയ്തില്ല.

ഇക്കാര്യത്തിലും ഇത്തരം ഇതര കാര്യങ്ങളിലും സഭയുടെ നിലപാട് എന്തായിരിക്കണം? സസ്യാഹാരികളാകണമോ?? ഇതാണ് പലരും ചെയ്തത്.

**3. റോമൻ/കൊരിന്ത്യ ക്രിസ്ത്യാനികളിലെ ഭക്ഷണം സംബന്ധമായിട്ടുണ്ടായ ചോദ്യങ്ങളെ അവർ എങ്ങനെയാണ് നേരിട്ടത്? (റോമർ 14, 1 കൊരിന്ത്യർ 8)**

**a) വിധിക്കാതിരിക്കുക.**

"അതുകൊണ്ട് നാം ഇനി അന്യോന്യം വിധിക്കരുത്; സഹോദരന് ഇടർച്ചയോ തടങ്ങലോ വെക്കാതിരിക്കാൻ മാത്രം ഉറച്ചുകൊൾവിൻ" (റോമർ 14:13).

**b) ബലഹീനരോട് സഹിഷ്ണത പുലർത്തുക**

"എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നെ പ്രസാദിക്കാതിരിക്കുകയും വേണം. നമ്മിൽ ഓരോരുത്തരും കൂട്ടുകാരനെ നന്മയ്ക്കായിട്ട് ആത്മിക വർദ്ധയ്ക്കായ് പ്രസാദിപ്പിക്കണം." (റോമർ 15:1-2).

ബഹുസാംസ്കാരിക ലോകത്തിൽ നാം ജീവിക്കുമ്പോൾ പാലിക്കേണ്ട ഭക്ഷണരീതികളെ ത്തെക്കുറിച്ച് എന്തു പ്രമാണങ്ങളാണ് പൗലോസ് നമുക്ക് നല്കുന്നത്?

ദൈവം സ്രഷ്ടാവാകയാൽ എല്ലാ മാംസവും വിശുദ്ധമാണ് അതിനാൽ തത്വത്തിൽ ഏതു മാംസവും ഒരു ക്രിസ്ത്യാനിക്ക് തടസ്സമില്ലാതെ ഭക്ഷിക്കാം. എങ്കിലും നാം ഭക്ഷിക്കുന്നത് ബലഹീനനായൊരു വിശ്വാസിയുടെ മനഃസാക്ഷിയെ മുറിപ്പെടുത്തുന്നെങ്കിൽ അവരെ ഓർത്ത് അത്തരം ഭക്ഷണത്തിൽ നിന്നും ശക്തരായ നാം അകന്നു നില്ക്കണം.

**4. ബഹുമുഖ സംസ്കാരമുള്ള ലോകത്ത് നാം ജീവിക്കുമ്പോൾ എന്തു പ്രമാണങ്ങളാണ് നാം പിന്തുടരേണ്ടത്?**

**a) പ്രാധാന്യം അർഹിക്കുന്ന വിഷയങ്ങളിൽ വിട്ടുവീഴ്ച കാണിക്കരുത്.** ഏതു വിഷയത്തെ കുറിച്ച് തർക്കം ഉയരുന്നോവോ, ആ വിഷയത്തെ കുറിച്ച് വചനത്തിൽ ശക്തമായ ഉപദേശങ്ങ്ൾ ഉണ്ടോ എന്ന് നാം തിരിച്ചറിയണം. ഉദാഹരണത്തിന്, ലൈംഗിക അധാർമ്മികത എന്നത് പഴയനിയമവും

പുതിയനിയമവും വിലക്കിയിരിക്കുന്ന കാര്യമാണ്. അത് മനഃസാക്ഷിയുടെ വിഷയമാകയില്ല.

**b) നിസ്സാര കാര്യങ്ങളെക്കുറിച്ച് തർക്കിക്കാതെ മനഃസാക്ഷിക്കു വിട്ടുകൊടുക്കുക.** ഭക്ഷണപാനീയങ്ങൾ സംബന്ധിച്ച തർക്കങ്ങൾ; ഉദാഹരണത്തിന് പന്നിയിറച്ചി (യഹൂദ/മുസ്ലീം വിശ്വാസത്തിൽ) അല്ലെങ്കിൽ ഗോമാംസം (സാംസ്കാരിക പശ്ചാത്തലത്തിൽ) ഭക്ഷിക്കുന്നതും ഭക്ഷിക്കാതിരിക്കുന്നതും മനഃസാക്ഷി തീരുമാനിക്കട്ടെ.

**5. സാംസ്കാരിക വിഷയങ്ങളെക്കുറിച്ച് ക്രിസ്ത്യാനികൾ തർക്കിക്കയും വഴക്കിടുകെയും ചെയ്യുമ്പോൾ എന്തായിരിക്കണം നമ്മുടെ പ്രതികരണം?**

**a) വഴക്ക് ഒഴിവാക്കുക.**
ഇത്തരം വിഷയങ്ങളിൽ വഴക്ക് കൂടാതെ, തീരുമാനിക്കുന്നത് ദൈവിക നടത്തിപ്പിലായിരിക്കട്ടെ (വാ. 10). സർവശക്തനായ ദൈവം, നമ്മെ വിവിധ സാംസ്കാരിക പാരമ്പര്യ, ആചാര പശ്ചാത്തലങ്ങളിൽ നിന്നും വിളിച്ച് വേർതിരിച്ചു. മാത്രമല്ല, മശിഹായിലൂടെ നമ്മുടെ പാപങ്ങളെ ക്ഷമിക്കയും നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്തിരിക്കുന്നു (റോമർ 14:7-12.)

**b) നാം ആരായിരിക്കുന്നുവോ, അതേ വണ്ണം ദൈവം നമ്മെ സ്നേഹിക്കുകെയും, സ്വീകരികുകെയും ചെയുന്നു.** നമ്മുടെ പശ്ചാത്തലം ഒന്നും നോക്കാതെ ദൈവം നമ്മെ തൻറെ ജനം എന്നു പ്രഖ്യാപിച്ചു. അതുകൊണ്ട്, നമ്മുടെ സാംസ്കാരിക ആചാരാനുഷ്ഠാന വെത്യാസങ്ങളെ കണക്കിൽ എടുക്കാതെ, ഈ പുതിയ സമൂഹത്തിലെ ഉത്തരവാദിത്തമുള്ള അംഗങ്ങൾ ആയി ജീവിക്കാം.

**6. <u>നമ്മുടെ വിശ്വാസത്തെ നമുക്ക് എങ്ങനെ സംരക്ഷിക്കാം??</u>**

a) കഴിയുന്നിടത്തോളം വചനത്തിൽ നിന്ന് ഉത്തരങ്ങളെ കണ്ടെത്തുക. ചില എതിർപ്പുകൾക്ക് തിരുവചനത്തിൽനിന്നും നേരിട്ട് ഉത്തരം കണ്ടെത്താൻ കഴിയും. കഴിവതും അതിന് ശ്രമിക്കുക.

b) വേദപുസ്തക പ്രമാണങ്ങൾ പ്രയോഗിക്കുക. വേദപുസ്തകത്തിൽ നേരിട്ടു ഉത്തരം കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ വേദപുസ്തകം നല്കുന്ന പ്രമാണങ്ങളെ ആശ്രയിക്കുക. അത് സുവിശേഷത്തെ പ്രതിരോധിക്കുന്നതിന് നിങ്ങളുടെ സാഹചര്യത്തിൽ പ്രയോഗിക്കുക.

**<u>ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ</u>**

സുവിശേഷം പങ്കിട്ടപ്പോൾ എത്തരത്തിലുള്ള എതിർപ്പുകളെ ആണ് നിങ്ങൾക്ക് നേരിടേണ്ടി വന്നത്? അവയെ ഇനി പ്പറയുന്ന വിധത്തിൽ നമുക്ക് തരം തിരിക്കാം:

- ബൗദ്ധിക എതിർപ്പുകൾ
- മതപരമായ എതിർപ്പുകൾ അഥവാ സുവിശേഷത്തിൻറെ അതുല്യത
- വ്യക്തിപരമായ എതിർപ്പുകൾ അല്ലെങ്കിൽ മനുഷ്യഅഭിമാനാം താഴ്ത്തപ്പെടുന്നു
- സാമൂഹിക എതിർപ്പുകൾ
- ആചാരങ്ങളും അനുഷ്ഠാനങ്ങളും
- ധാർമ്മിക എതിർപ്പുകൾ
- രാഷ്ട്രീയ എതിർപ്പുകൾ അഥവാ യേശുക്രിസ്തുവിൻറെ കർത്തൃത്വം

ദൈവവച്ചനത്തെയും, വചന പ്രമാണങ്ങളെയും അടിസ്ഥാനപെടുത്തി നിങ്ങൾ നിങ്ങളുടെ വിശ്വാസത്തെ എങ്ങെനെ സംരക്ഷിക്കും.

**<u>മറ്റുള്ളവരെ പഠിപ്പിക്കുക</u>** <u>(H.O.T.Christians)</u>

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം

താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു.

**പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)**

(എസ്രാ 7:10) – "യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."

2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**<u>പ്രായോഗിക തലം</u>**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 11
# സുവിശേഷത്തോടുള്ള പ്രതികരണം: സുവിശേഷത്തിലേക്കുള്ള ആഹ്വാനം

**ഉദ്ദേശ്യം:**

- സുവിശേഷം പ്രഘോഷിച്ചശേഷം സുവിശേഷത്തിലേക്ക് ആഹ്വാനം നല്കുന്നതിൻറെ പ്രാധാന്യം മനസ്സിലാക്കുക
- സുവിശേഷ ആഹ്വാനത്തോട് ജനങ്ങൾ എപ്രകാരം പ്രതികരിച്ചു എന്നു മനസ്സിലാക്കുക
- ഒരു വ്യക്തിയെ കർത്താവിലേക്കും വ്യക്തിപരമായ രക്ഷയിലേക്കും നയിക്കേണ്ടത് എങ്ങനെ എന്നു മനസ്സിലാക്കുക

**പ്രധാന വാക്യങ്ങൾ:**

**റോമർ 10:9** "യേശുവിനെ കർത്താവ് എന്നു വായികൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും."
**യോഹന്നാൻ 1:12** "അവനെ കൈക്കൊണ്ട് അവൻറെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു."
**അപ്പൊസ്തല പ്രവൃത്തികൾ 2:38** "പത്രൊസ് അവരോട്: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിൻറെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും."
**അപ്പൊസ്തല പ്രവൃത്തികൾ 16:31** "കർത്താവായ യേശുവിൽ വിശ്വസിക്കുക എന്നാൽ നീയും നിൻറെ കുടുംബവും രക്ഷ പ്രാപിക്കും" എന്നു അവർ പറഞ്ഞു.

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**

**1. എന്താണ് സുവിശേഷ ആഹ്വാനം?** കേൾവിക്കാരെ സുവിശേഷത്തോട് പ്രതികരിക്കുന്നതിനും അവർ കർത്താവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുവാൻ ഒരാളെ സഹായിക്കുവാനുമുള്ള ക്ഷണമാണ്. സുവിശേഷഘോഷണത്തിൻറെ പിന്നാലെ എപ്പോഴും സുവിശേഷ ആഹ്വാനവും ഉണ്ടാകണം. കൊയ്യണമെന്നുള്ള ലക്ഷ്യമില്ലാതെ വിതയ്ക്കുന്നതിന് തുല്യമാണ് സുവിശേഷം സ്വീകരിക്കുന്നതിനുള്ള ആഹ്വാനം ഇല്ലാത്ത സുവിശേഷപ്രസംഗം.

**2. നാം എന്തുകൊണ്ട് സുവിശേഷ ആഹ്വാനം നല്കണം**

- സുവിശേഷം കേൾക്കുന്ന ഓരോ വിശ്വാസിക്കും പ്രതികരിക്കുവാൻ ഒരു അവസരം നല്കപ്പെട്ടിരിക്കണം.
- സുവിശേഷ ദൂത് കേട്ടയാൾക്ക് ഇനി എന്തു ചെയ്യണമെന്നു അറിയാനിടയില്ല
- ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുന്നതിനുള്ള അവസരം സുവിശേഷ ആഹ്വാനത്തിലൂടെ ലഭിക്കുന്നു.

**3. അനുകൂലമായ ഒരു പ്രതികരണം നമുക്ക് എങ്ങനെ പ്രതീക്ഷിക്കാം?**

- ഓരോരുത്തരുടെയും ഹൃദയത്തിൻറെ ഭാഷയിൽ മനസ്സിലാകത്തക്കവിധം വ്യക്തമായി വേണം സുവിശേഷദൂത് നല്കുവാൻ
- കേൾവിക്കാരൻ ഒരുക്കപ്പെട്ടവനാണെങ്കിൽ സുവിശേഷത്തോട് സ്വാഭാവികവും

നിർബന്ധത്താൽ അല്ലാത്തതുമായ ഒരു പ്രതികരണം പ്രതീക്ഷിക്കാം.

- ശക്തവും അഭിഷേകത്തോടുകൂടിയതുമായ ഒരു സുവിശേഷദൂതിന് പലപ്പോഴും സുവിശേഷത്തിലേക്ക് സ്വമേധയായുള്ള പ്രതികരണം ഉളവാക്കുവാൻ കഴിയും.

**a) <u>സ്വമേധയായുള്ള പ്രതികരണത്തിന് ഉദാഹരണങ്ങൾ:</u>**

- പെന്തക്കൊസ്ത നാളിലെ പത്രൊസിൻറെ പ്രസംഗം പരിശുദ്ധാത്മ നിറവിലും ശക്തിയോടു കൂടിയതും ആയിരുന്നു. അപ്പൊസ്തല പ്രവൃത്തികൾ 2:14-42
- "ഇതുകേട്ടിട്ട് അവർ ഹൃദയത്തിൽ കുത്തുകൊണ്ട് പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും; സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു." അപ്പൊ.പ്ര. 2:37.
- പത്രൊസ് വ്യക്തമായ ആഹ്വാനം സകലർക്കുമായി നല്കുന്നു: "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിൻറെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും." അപ്പൊ.പ്ര. 2:38.
- കൂടാതെ ഈ മുന്നറിയിപ്പും പ്രബോധനവും പത്രൊസ് നല്കി: "ഈ വക്രതയുള്ള തലമുറയിൽ നിന്നും രക്ഷിക്കപ്പെടുവിൻ." അപ്പൊ.പ്ര. 2:40.

**b) <u>മേൽപറഞ്ഞ സംഭവത്തിൽ നിന്നും നാം എന്തു പഠിക്കുന്നു?</u>**

- ശക്തവും പരിശുദ്ധാത്മ നിറവുള്ളതുമായ പ്രസംഗം
- കേൾവിക്കാരിൽ പരിശുദ്ധാത്മാവ് കുത്തുകയാൽ സുവിശേഷത്തോടുള്ള സ്വമേധയായ പ്രതികരണം
- വ്യക്തമായ സുവിശേഷ ആഹ്വാനം
- രക്ഷിക്കപ്പെടുന്നതിനുള്ള പ്രബോധനവും മുന്നറിയിപ്പും

**c) <u>കാരാഗൃഹപ്രമാണിയുടെയും കുടുംബത്തിൻറെയും സ്വമേധയായ പ്രതികരണം:</u>**

അപ്പൊസ്തല പ്രവൃത്തികൾ 16:25-33 വായിക്കുക. പൗലോസിനെയും ശീലാസിനെയും ബന്ധിച്ചു തടവറയിൽ ആക്കി. എന്നാൽ അർദ്ധരാത്രിയിൽ അവർ പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു. തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവർപ്രസംഗിച്ചതിൻറെ ഒരു തെളിവുമില്ല. എന്നാൽ അവരുടെ ജീവിതമായിരുന്നു അവരുടെ സന്ദേശം. കഷ്ടതയുടെ മദ്ധ്യേയും പ്രാർത്ഥിച്ചും സ്തുതിച്ചും പോന്ന ജീവിതം. ഇതേത്തുടർന്നു ദൈവത്തിൻറെ ശക്തിയുടെ അത്ഭുതകരമായ പ്രകാശനം വലിയ തടവറയുടെ അടിത്തറ കുലുങ്ങുകയും ചങ്ങലകൾ അഴിഞ്ഞു വീഴുകയും കതകുകൾ തുറക്കപ്പെടുകയും ചെയ്യത്തക്കവിധത്തിലുള്ള ഭൂകമ്പത്തിലൂടെ ഉണ്ടായി. തടവുകാർ രക്ഷപെട്ടുപോയി എന്നു ഭയപ്പെട്ട കാരാഗൃഹപ്രമാണ് തന്നെത്താൻ കൊല്ലുവാൻ തുനിഞ്ഞു. കാരാഗൃഹപ്രമാണിയോടുള്ള പൗലോസിൻറെ സന്ദേശം കേവലം സാന്ത്വനത്തിൻറേതു മാത്രമായിരുന്നു. നിനക്കു തന്നെ ഹാനി വരുത്തരുത്, ഞങ്ങൾ എല്ലാവരും ഇവിടെയുണ്ട്.

- **സുവിശേഷത്തോടുള്ള സ്വമേധയായും സ്വാഭാവികവുമായ പ്രതികരണം:** രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം?
- **വളരെ വ്യക്തമായ ഒരു സുവിശേഷ ആഹ്വാനം:** കർത്താവായ യേശുവിൽ വിശ്വസിക്കുക; എന്നാൽ നീയും നിൻറെ കുടുംബവും രക്ഷിക്കപ്പെടും.
- **സുവിശേഷത്തോടുള്ള തുടർ പ്രതികരണം:** കാരാഗൃഹപ്രമാണിയും കുടുംബം മുഴുവനും വിശ്വസിച്ചു കർത്താവിൽ വിശ്വസിച്ചു സ്നാനമേറ്റു.

## 4.ശരിയായ ഒരു സുവിശേഷ ആഹ്വാനം എങ്ങനെ നല്കാം?

സുവിശേഷഘോഷണത്തിൻറെ പിന്നാലെ എപ്പോഴും ആഹ്വാനവും ഉണ്ടാകണം. സുവിശേഷത്തോട് പ്രതികരിക്കുന്നതിനും കേട്ടവർ കർത്താവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുന്നതിനുമുള്ള ക്ഷണമാണ് സുവിശേഷ ആഹ്വാനം. കൊയ്യുണമെന്നുള്ള ലക്ഷ്യമില്ലാതെ വിതെക്കുന്നതിന് തുല്യമാണ് സുവിശേഷം സ്വീകരിക്കുന്നതിനുള്ള ആഹ്വാനം ഇല്ലാത്ത സുവിശേഷപ്രസംഗം. ഓരോരുത്തരുടെയും ഹൃദയത്തിൻറെ ഭാഷയിൽ അവർക്ക് മനസ്സിലാകത്തക്കവിധം വ്യക്തമായി വേണം സുവിശേഷദൂത് നല്കുവാൻ. പാപബോധം വരുത്തുന്നത് പരിശുദ്ധാത്മാവാണ്. നമ്മുടെ ചുമതല സുവിശേഷം പങ്കിടൽ ആണ്. കേൾവിക്കാരൻ ഒരുക്കപ്പെട്ടവനാണെങ്കിൽ സുവിശേഷത്തോട് സ്വാഭാവികവും നിർബന്ധത്താൽ അല്ലാത്ത ഒരു പ്രതികരണവും പല സന്ദർഭങ്ങളിൽ നമുക്ക് പ്രതീക്ഷിക്കാം. സ്വാഭാവികമായ പ്രതികരണം ലഭിക്കുന്നില്ലെങ്കിൽ കേൾവിക്കാരനു ചിന്തിക്കാനുള്ള അവസരം നാം നല്കണം.

### a) സുവിശേഷ ആഹ്വാനം രീതികൾ

അതാത് സാഹചര്യത്തിന് അനുസരിച്ച് അവതരിപ്പിക്കുന്നതിനായി വൈവിധ്യമാർന്ന ആഹ്വാന രീതികൾ ഉണ്ട്. പരിശുദ്ധാത്മാവ് ഇക്കാര്യത്തിൽ നിങ്ങളുടെ മാർഗ്ഗദീപം ആയിരിക്കട്ടെ. ശരിയായ ചോദ്യം ശരിയായ സമയത്ത് ശരിയായ രീതിയിൽ ചോദിക്കുവാൻ കഴിയണം. ചില മാതൃകാ ചോദ്യങ്ങൾ ചേർക്കുന്നു:

1. യേശുവിനെ ജീവിതത്തിലേക്ക് സ്വീകരിക്കുവാൻ നിങ്ങൾക്കു താല്പര്യമുണ്ടോ?
2. നിങ്ങൾ രക്ഷിക്കപ്പെട്ടതാണോ?
3. രക്ഷിക്കപ്പെടുവാൻ താല്പര്യമുണ്ടോ?
4. യേശു നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമെന്നു നിങ്ങൾക്ക് താല്പര്യമുണ്ടോ?
5. ഇന്നു നിങ്ങൾ മരിച്ചാൽ നിങ്ങളുടെ നിത്യത എവിടെയാകും?
6. നിങ്ങളുടെ നിത്യത എവിടെ ചെലവിടുവാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?

### b) എന്തായിരിക്കാം അവരുടെ പ്രതികരണം?

'ഉണ്ട്' അല്ലെങ്കിൽ 'ഇല്ല' എന്നിങ്ങനെ രണ്ടിലൊരു പ്രതികരണത്തിനേ സാധ്യതയുള്ളൂ.

ഉണ്ട് എന്നാണ് ഉത്തരമെങ്കിൽ ഉടനെതന്നെ അവരെ അനുതാപ പ്രാർത്ഥനയിലേക്ക് നയിക്കുക. നാം വൈകിയാൽ ആ വ്യക്തിക്ക് പിന്നീട് ഒരവസരം ലഭിക്കുമോ എന്നു നമുക്കറിയില്ലല്ലോ. അവനിൽ വിതയ്ക്കപ്പെട്ട വിത്ത് പിശാച് എടുത്തു കളഞ്ഞേക്കാം. ബാഹ്യ സമ്മർദ്ദങ്ങൾ മൂലം പിന്നീട് ഒരു മടങ്ങിവരവ് സാധിച്ചില്ലെന്നും വരാം.

ഇല്ല എന്നാണ് ഉത്തരമെങ്കിൽ മടുത്തു പോകരുത്. അവരുടെ ആവശ്യങ്ങൾക്കായി നിങ്ങൾക്ക് സ്നേഹത്തോടെ പ്രാർത്ഥിക്കാം. സുവിശേഷം സ്വീകരിക്കുവാൻ അവരുടെ ഹൃദയത്തെ കർത്താവ് ഒരുക്കുവോളം പ്രാർത്ഥന തുടരുകയും ചെയ്യാം.

### c) സുവിശേഷം സ്വീകരിക്കുന്നതിനുള്ള ഒരു ലളിത പ്രാർത്ഥന (ഇത് നിങ്ങളുടെ സ്വന്ത ശൈലിയിൽ പുതുക്കാവുന്നതാണ്).

കുരിശിലെ കള്ളൻറെ പ്രാർത്ഥന പോലെയുള്ള ലളിതമായ പ്രാർത്ഥന ദൈവം മാനിക്കുന്നു. "എന്നെ ഓർക്കണമേ."

*"പ്രിയ യേശുകർത്താവേ, ഞാൻ ഒരു പാപിയാണെന്നു ഏറ്റുപറയുന്നു. എൻറെ രക്ഷയ്ക്കായി എനിക്ക് തനിയെ ഒന്നും ചെയ്യാൻ കഴിയില്ല എന്ന് എനിക്കറിയാം. നീ ഈ ലോകത്തിലേക്ക് വന്നതും ക്രൂശിക്കപ്പെട്ടതും എന്നെ രക്ഷിപ്പാനായിട്ടാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. നീ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നും വീണ്ടും വരുമെന്നും ഞാൻ വിശ്വസിക്കുന്നു. നീ*

*എൻറെ രക്ഷകനാകുന്നു എന്നും നിൻറെ നാമത്തിൽ പാപമോചനവും രക്ഷയും ഉണ്ടെന്നും ഞാൻ വിശ്വസിക്കുന്നു.*
*യേശുകർത്താവേ നിന്നെ എൻറെ രക്ഷകനും കർത്താവും ആയി ഞാൻ സ്വീകരിക്കുന്നു. എൻറെ പാപങ്ങളെ ക്ഷമിക്കണമേ...എൻറെ ഉള്ളിൽ വസിക്കണമേ...നിൻറെ രക്തത്താൽ എന്നെ വെടിപ്പാക്കണമേ. ഇന്നുമുതൽ നിൻറെ അനുഗാമിയായി നിനക്കുവേണ്ടി ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പ്രാർത്ഥന കേട്ടതിനായി നന്ദി കരേറ്റുന്നു. യേശുവിൻറെ നാമത്തിൽ തന്നെ, ആമേൻ."*

### 5. അനുതാപ പ്രാർത്ഥന പ്രാർത്ഥിക്കുന്നതിന് ഒരുവനെ സഹായിച്ച ശേഷം എന്തു ചെയ്യണം?

വിശ്വാസ ജീവിതം ആരംഭിക്കുവാൻ അവരെ സഹായിക്കണം. ഇതിനെ ഉടനടിയുള്ള ശിഷ്യത്വം എന്നു വിളിക്കുന്നു.
ശിഷ്യത്വം ആരംഭിക്കുന്നതിനുള്ള ചില നടപടികൾ ചുവടെ ചേർക്കുന്നു.

**a) അവർക്ക് രക്ഷാനിർണ്ണയം ഉറപ്പാക്കി കൊടുക്കുക**

1. നിങ്ങളുടെ പാപങ്ങൾ മോചിച്ചിരിക്കുന്നു (1 യോഹന്നാൻ 1:7)
2. നിങ്ങൾ ഒരു ദൈവപൈതലാണ് (യോഹന്നാൻ 1:12)
3. നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു (യോഹന്നാൻ 3:3)
4. നിങ്ങളുടെ പേർ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നു (വെളിപ്പാട് 21:27)

**b) ശിഷ്യത്വം ഉടനടി ആരംഭിക്കുക**

1. യേശു തങ്ങളിൽ ചെയ്തത് എന്ത് എന്നു കുടുംബാംഗങ്ങളോടും സ്നേഹിതരോടും പങ്കിടുവാൻ അവരെ ഉത്സാഹിപ്പിക്കുക
2. ലളിതമായ പ്രാർത്ഥന പ്രാർത്ഥിക്കുവാൻ ഉത്സാഹിപ്പിക്കുക (കർത്താവ് പഠിപ്പിച്ച പ്രാർത്ഥന മാതൃകയാക്കാം)
3. ദിവസവും മുടങ്ങാതെ ദൈവവചനം വായിക്കുവാൻ പ്രോത്സാഹിപ്പിക്കുക (ഏതെങ്കിലും ലളിതമായ ധ്യാന സഹായി ഉപയോഗിക്കാം)

**c) വേദപുസ്തകം വിശ്വസിക്കുന്ന ഒരു സഭയ്ക്ക് അവരെ പരിചയപ്പെടുത്തുക അല്ലെങ്കിൽ ഒരു സഭ ആരംഭിക്കത്തക്കവിധം അവരെ ശിഷ്യരാക്കുക..**

1 ഒരു പ്രാദേശിക സഭയുടെ പശ്ചാത്തലത്തിൽ മാത്രമേ ക്രിസ്തീയ വളർച്ചയും പക്വതയും കൈവരിക്കാൻ ആകൂ.
2. സഭയിലാണ് അവർ കൂട്ടായ്മയും, അപ്പം നുറുക്കലും, ഒരുമിച്ചുള്ള പ്രാർത്ഥനയും, ഉപദേശവും, പങ്കിടുകയും കരുതുകയും ചെയ്യുന്ന സമൂഹത്തെ കണ്ടെത്തുകയും ചെയ്യുന്നത്.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ**

1. ഒരുവന് യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുന്നതിന് നിങ്ങൾ എങ്ങനെ ആയിരിക്കും സഹായിക്കുന്നത്?
2. നിങ്ങൾ യേശുവിനെ കൈക്കൊണ്ടത് എങ്ങനെ എന്നു പങ്കിടുക
3. മറ്റുള്ളവരെ കർത്താവിലേക്കു നയിച്ചത് എങ്ങനെ എന്നു പറയുക.

**മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T.Christians)**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു.

(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)
"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."

2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 12
# സുവിശേഷ പക്വത:ശിഷ്യത്വം (ഭാഗം 1)

**ഉദ്ദേശ്യം:**

ഒരു പുതിയ വിശ്വാസിയെ എങ്ങനെ ആത്മിക പക്വതയിലേക്ക് നയിക്കാമെന്ന മനസ്സിലാക്കുക
ഉടനടിയുള്ള ശിഷ്യത്വം എന്താണെന്ന മനസ്സിലാക്കുവാൻ
ഹ്രസ്വകാല ശിഷ്യത്വം എന്തെന്ന മനസ്സിലാക്കാൻ
ദീർഘകാല ശിഷ്യത്വത്തെ മനസ്സിലാക്കുക

**പ്രധാന വാക്യങ്ങൾ:**

**മത്തായി 28:18-20**
"യേശു അടുത്തു ചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിൻറെയും പുത്രൻറെയും പരിശുദ്ധാത്മാവിൻറെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ."

**മത്തായി 16:24**
"പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞത്, ഒരുത്തൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ തന്നെ ത്താൻ ത്യജിച്ച് തൻറെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ."

**കൊലൊസ്സ്യർ 1:28,29.**
"അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏത് മനുഷ്യനെയും പ്രബോധിപ്പിക്കയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടുംകൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവൻറെ വ്യാപാരശക്തിക്കു ഒത്തവണ്ണം പോരാടിക്കൊണ്ടു അദ്ധ്വാനിക്കുന്നു."

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**
മഹാനിയോഗത്തിൻറെ ഉദ്ദേശ്യം തന്നെ ശിഷ്യരെ ഉളവാക്കുക എന്നതാണ്.

**1. ആരാണ് ശിഷ്യൻ?**
യേശുവിൻറെ കല്പനകളും അപ്പൊസ്തലന്മാരുടെ ഉപദേശങ്ങളും അനുസരിക്കുന്ന വിശ്വാസിയാണ് അനുസരണമുള്ള വിശ്വാസി. ഗുരുവിൻറെ വാക്കുകൾ യാതൊരു വ്യവസ്ഥയും കൂടാതെ അനുസരിക്കുന്നവർ എന്നും ഒരു ശിഷ്യനെ നിർവചിക്കാം. ശിഷ്യത്വത്തിലേക്കുള്ള പ്രവേശനത്തിന് മുഖ്യമായി വേണ്ടത് ബൗദ്ധിക ജ്ഞാനമല്ല അനുസരണമാണ്.

**2. എന്താണ് ശിഷ്യത്വം?**
ക്രിസ്തുവിൻറെ പക്വതയുള്ള അനുയായി ആയി വളർത്തിയെടുക്കുന്ന പ്രക്രിയയെയാണ് ശിഷ്യത്വം എന്നു വിശേഷിപ്പിക്കുന്നത്. യേശു പഠിപ്പിച്ചതും അപ്പൊസ്തലന്മാർ പ്രായോഗികമാക്കിയതുമായ എല്ലാ കാര്യങ്ങളും അനുസരിക്കുന്നതിന് വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിലൂടെയാണ് ഈ പ്രക്രിയ നിറവേറപ്പെടുന്നത്. ഏവരെയും ക്രിസ്തുവിൽ തികഞ്ഞവരാക്കുക എന്നതാണ് ശിഷ്യത്വത്തിൻറെ ലക്ഷ്യം (കൊലൊസ്സ്യർ 1:28). അതിനാൽ ഈ തികവു കൈവരിച്ച വിശ്വാസികളുടെ ഉത്തരവാദിത്തമാണ് പുതിയ വിശ്വാസികളെ ക്രിസ്തുവിലുള്ള തികവിലേക്കു നയിക്കുക എന്നത്. "സുവിശേഷ ഘോഷണം, മുന്നറിയിപ്പ് നൽകൽ, സകല ജ്ഞാനത്തിലും എല്ലാവരെയും പഠിപ്പിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. സ്വശക്തിയാൽ ഇത് സാധ്യമാകയില്ല. ക്രിസ്തുവിൽ പക്വത കൈവരിച്ചവരാകുവാൻ ദൈവത്തിൻറെ ശക്തിയും പരിശുദ്ധാത്മ നടത്തിപ്പും നമുക്ക് ആവശ്യമാണ്.

### 3. ശിഷ്യത്വത്തിൻറെ വില?

മത്തായി 16:24 സൂചിപ്പിക്കുന്നതുപോലെ ശിഷ്യത്വത്തിന് ഒരു വില നല്കണം - "ക്രൂശ് എടുത്തുകൊണ്ട് അനുഗമിക്കുക." ഓരോരുത്തരുടെയും ക്രൂശ് വ്യത്യസ്തമായിരിക്കും. എന്നാൽ യേശുവിനെ അനുഗമിക്കുന്നതിന് നല്കേണ്ട വില നല്കുവാൻ ഓരോരുത്തരും ഒരുക്കമുള്ളവരായിരിക്കണം. ചിലർക്ക് അത് ഭാരമേറിയതാകാം, ചിലർക്ക് ലഘുവുമാകാം.

പുതിയനിയമത്തിലുടനീളം വ്യാപിച്ചു കിടക്കുന്ന വിഷയമാണ് ശിഷ്യത്വം. ഈ പാഠ്യപദ്ധതിയുടെ മുഖ്യവിഷയം "മഹാനിയോഗം" ആകയാൽ നാം ചില പ്രസക്ത വിഷയങ്ങൾ മാത്രമേ സ്പർശിക്കുന്നുള്ളൂ. അവ പിന്നാലെ ചർച്ച ചെയ്യുന്നു.

### 4. <u>ഉടനടിയുള്ള ശിഷ്യത്വം, ഹ്രസ്വകാല ശിഷ്യത്വം ദീർഘകാല ശിഷ്യത്വം</u>

**ഉടനടിയുള്ള ശിഷ്യത്വം:**

തങ്ങളുടെ വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞ പുതിയ വിശ്വാസിയെ ഉടനെതന്നെ പഠിപ്പിക്കേണ്ട കാര്യങ്ങൾ ഏവയാണ്?

**ഹ്രസ്വകാല ശിഷ്യത്വം:**

ആദ്യത്തെ ഏതാനും ആഴ്ചകൾക്കുള്ളിൽ പുതിയ വിശ്വാസിയെ പഠിപ്പിച്ചിരിക്കേണ്ട പ്രധാന വസ്തുതകൾ എന്തെല്ലാമാണ്?

**ദീർഘകാല ശിഷ്യത്വം:**

തുടർന്നുള്ള ചില മാസങ്ങളിൽ/വർഷങ്ങലിൽ ഒരു വിശ്വാസിയെ പഠിപ്പിക്കേണ്ടത് എന്തെല്ലാമാണ്?

ഈ അദ്ധ്യായത്തിൽ നാം ഉടനടിയുള്ള ശിഷ്യത്വം, ഹ്രസ്വകാല ശിഷ്യത്വം എന്നിവയെക്കു റിച്ച് പ്രത്യേകം ഊന്നൽ നല്കുന്നു. ദീർഘകാല ശിഷ്യത്വത്തെക്കുറിച്ച് അടുത്ത അദ്ധ്യായ ത്തിൽ പഠിക്കാം.

**ഉടനടിയുള്ള (Immediate) ശിഷ്യത്വം**

**<u>ആരാണ് ഉത്തരവാദിത്തം എടുക്കേണ്ടത്?</u>**

ഒരാളെ ശിഷ്യനാക്കുന്നതിൻറെ പ്രഥമ ഉത്തരവാദിത്തം സഭയ്ക്കാണ്. ഒരുവൻ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുകയും സഭയുടെ അംഗമായി തീരുകയും ചെയ്യുന്നതിന് മദ്ധ്യേയുള്ള കാലത്തെയാണ് നാം ഉടനടിയുള്ള ശിഷ്യത്വം എന്നുദ്ദേശിക്കുന്നത്.ഒരുവനോടു സുവിശേഷം പങ്കിട്ട് അവനെ രക്ഷയുടെ പാതയിലേക്കു വരുവാൻ സഹായിച്ച വ്യക്തിയായിരിക്കും ശിഷ്യത്വത്തിലേക്ക് അവരെ നയിക്കുന്നതിന് സ്വാഭാവികമായി ഏറ്റവും യോജിച്ച ആൾ. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ആ വിശ്വാസി വിശ്വാസത്തിൽ തുടരാതെ വന്നേക്കാം. എന്നിരുന്നാലും ഓരോ പുതിയ വിശ്വാസിയെയും വേദപുസ്തകത്തിൽ വിശ്വസിക്കുന്ന ഒരു സഭയിൽ അംഗമായി പക്വതയിലേക്കു വളരുവാൻ നാം പ്രോത്സാഹിപ്പിക്കണം.

**<u>ഉടനടിയുള്ള ശിഷ്യത്വത്തിലേക്കുള്ള ചുവടുകൾ</u>**

ഒരുവൻ യേശുവിനെ ജീവിത്തിലേക്ക് സ്വീകരിച്ചു കഴിയുമ്പോൾ നാം എടുക്കേണ്ട ആദ്യ ചുവട് എന്താണ്? യേശുവോടൊത്തുള്ള പുതിയ ജീവിതം നയിക്കുവാൻ പുതിയ വിശ്വാസിയെ സഹായിക്കുക എന്നതാണ് നമ്മുടെ പ്രഥമ ദൗത്യം. അതിനായുള്ള ചില മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

**a)രക്ഷാ നിർണ്ണയം**

ഒരുവൻ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച ഉടനെതന്നെ ആ വ്യക്തിക്ക് തൻറെ രക്ഷയെക്കുറിച്ചുള്ള ഉറപ്പ് ലഭിക്കേണ്ടത് ആവശ്യമാണ്. അതിന് സഹായകമായ ചില വാക്യങ്ങൾ നല്കുന്നു:

- നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു (യോഹന്നാൻ 3:3)
- നിങ്ങൾ വിശ്വസിക്കയും ഏറ്റുപറയുകയും ചെയ്താൽ നിങ്ങൾ രക്ഷ പ്രാപിക്കും (റോമർ 10:9)
- ജീവൻറെ പുസ്തകത്തിൽ നിങ്ങളുടെ പേർ എഴുതിച്ചേർക്കപ്പെട്ടിരിക്കുന്നു (വെളി. 3:5; 21:27)
- നങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞിരിക്കുന്നുവെങ്കിൽ ദൈവം നിങ്ങളോടു ക്ഷമിച്ചിരിക്കുന്നു (1 യോഹന്നാൻ 1:7-9).

- യേശുവിനെ സ്വീകരിച്ചിരിക്കയാൽ നിങ്ങൾ ഒരു ദൈവപൈതലായി മാറിയിരിക്കുന്നു (യോഹന്നാൻ 1:12).
- ഇപ്പോൾ നിങ്ങൾ ക്രിസ്തുവിലായിരിക്കുന്നതുകൊണ്ട് നിങ്ങൾ കുറ്റമറ്റവനാണ് (റോമർ 8:1)
- സ്വർഗ്ഗീയ പിതാവ് നമ്മെ ദത്തെടുത്തിരിക്കയാൽ നാം ഇപ്പോൾ ദൈവത്തിൻറെ മക്കളാണ് (റോമർ 8:15-16)

**b) പ്രാർത്ഥിക്കുവാൻ അവരെ പഠിപ്പിക്കുക (മത്തായി 6:6-9)**

ഒരു ശിശു തൻറെ പിതാവിനോടു സംസാരിക്കുന്നതുപോലെ സംസാരിക്കുവാൻ പുതിയ വിശ്വാസിയെ പഠിപ്പിക്കുക.

പ്രാർത്ഥനയുടെ രണ്ടു ലളിത പടവുകൾ ഇവയാണ്.

**ഒരു നല്ല മാതൃകാ പ്രാർത്ഥനയാണ് കർത്തൃപ്രാർത്ഥന. നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ എന്നു യേശു പറഞ്ഞു (അതിൽ വേണമെങ്കിൽ സ്വന്ത വാക്കുകൾ ചേർത്ത് വ്യക്തിപരമാക്കാവുന്നതാണ്)**

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അവിടുത്തെ നാമം വിശുദ്ധീകരിക്കപ്പേടണമേ. അവിടുത്തെ രാജ്യം വരേണമേ, അവിടുത്തെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകേണമേ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കണമേ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അവിടുത്തേക്കുള്ളതല്ലോ േ. ആമേൻ"

**A.C.T.S. പ്രാർത്ഥന. പുതിയ വിശ്വാസിക്ക് പ്രാർത്ഥനയുടെ ഒരു നല്ല മാതൃകയാണ് ഇത്.**

- (Adoration) ആരാധന (സ്തുതിയും ആരാധനയും)
- (Confession) അനുതാപം (നമ്മുടെ കുറവുകളെ ദൈവത്തോട് ഏറ്റുപറയുന്നത്)
- (Thanksgiving) സ്തോത്രാർപ്പണം. (നമുക്ക് ദൈവം നല്കിയ സകല അനുഗ്രഹങ്ങൾക്കും നന്ദി കരേറ്റൽ)
- (Supplication) ആവശ്യങ്ങൾക്കായുള്ള യാചന (നമ്മുടെയും മറ്റുള്ളവരുടെയും ആവശ്യങ്ങൾക്കായുള്ള പ്രാർത്ഥന)

**c) വേദപുസ്തക പഠനം**

വേദപുസ്തകം വായിക്കാൻ പുതിയ വിശ്വാസിയെ സഹായിക്കുക. അവർക്ക് വേദപുസ്തകമില്ലെങ്കിൽ അവരുടെ ഭാഷയിലുള്ള ഒരു വേദപുസ്തകം അവർക്ക് ലഭ്യമാക്കുക

**അവർ എങ്ങനെ തുടങ്ങണം?**

പുതിയവിശ്വാസിയെ നയിക്കുന്നതിന് ഇക്കാര്യത്തിൽ കൃത്യമായ നിബന്ധനയോ ക്രമമമോ ഇല്ല. യോഹന്നാൻറെ സുവിശേഷം വായിച്ചു തുടങ്ങുവാൻ മിക്ക സഭകളും ഉപദേശിക്കുന്നു. ചില സഭകൾ മർക്കോസിൻറെ സുവിശേഷം വായിക്കുവാൻ ഉപദേശിക്കുന്നു. അവർ പക്വത കൈവരിക്കുന്നതനുസരിച്ചു പഴയനിയമത്തിലും പുതിയനിയമത്തിലും നല്കപ്പെട്ടിട്ടുള്ള എല്ലാ ദൈവിക ആലോചനകളും പഠിക്കേണ്ടത് ആവശ്യമാണ്.

**അവർ എന്തുകൊണ്ട് വേദപുസ്തകം വായിക്കണം?**

ഒരു സഞ്ചാരിക്ക് വഴിയടയാളപ്പെടുത്തിയ ഭൂപടം പോലെയാണ് ഒരു വിശ്വാസിയുടെ കയ്യിലുള്ള വേദപുസ്തകം. കാലുകൾക്ക് വിളക്കും പാതയ്ക്ക് പ്രകാശവുമാണത്. ദൈവശബ്ദം നാം കേൾക്കുന്നത് തിരുവചനത്തിൽക്കൂടെയാണ്.

നിൻറെ വചനം എൻറെ കാലിനു ദീപവും പാതയ്ക്ക് പ്രകാശവും ആകുന്നു (സങ്കീ. 110:105)

ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന് നിൻറെ വചനത്തെ എൻറെ ഹൃദയത്തിൽ സംഗ്രഹിച്ചിരിക്കുന്നു (സങ്കീ. 119:11).

**d) സാക്ഷിയാകുക**

സ്വന്ത ഭവനക്കാരോടും കൂട്ടുകാരോടും ദൈവം തനിക്കു ചെയ്ത കാര്യങ്ങൾ സാക്ഷിക്കുന്നതിന് പുതിയ വിശ്വാസിയെ ഉത്സാഹിപ്പിക്കുക.

ശമര്യാക്കാരത്തിയുടെ കഥ (യോഹന്നാൻ 4:4-42)

- പാത്രം വെച്ചിട്ട് ഉടനടി അവൾ പുറപ്പെട്ടു
- പട്ടണത്തിലെ ആളുകളോടു അറിയിച്ചു
- യേശുവിനെ വന്നു കാണ്മിൻ എന്നു പറഞ്ഞു

കുരുടൻറെ കഥ (യോഹന്നാൻ 9:25)

- ഞാൻ അന്ധനായിരുന്നു, എന്നാൽ ഇപ്പോൾ കാഴ്ചപ്രാപിച്ചിരിക്കുന്നു
- യേശു എന്നെ സൗഖ്യമാക്കി.

**e) ബൈബിളിൽ വിശ്വസിക്കുന്ന ഒരു ജീവനുള്ള സഭയുടെ അംഗമാകുക**

- ആദ്യപടി സ്നാനമാണ്
- കൂട്ടായ്മ
- വേദപുസ്തകം പഠിക്കുക
- കർത്താവിൽ വളരുക

**ഹ്രസ്വകാല ശിഷ്യത്വം**

ഒരു പ്രാദേശിക സഭയോടുള്ള ബന്ധത്തിലാണ് ശിഷ്യത്വത്തിൻറെ ഈ ഘട്ടം പൂർത്തീകരിക്കേണ്ടത്. യേശു കല്പിച്ചതൊക്കെയും അനുസരിക്കാൻ പഠിക്കുകവഴി പുതിയ വിശ്വാസികളെ ക്രിസ്തുവിൽ വളരുവാനാണ് ഈ ഘട്ടത്തിൽ സഭാനേതൃത്വം ശ്രദ്ധിക്കേണ്ടത്. ഇതിനെ രണ്ടു ഘട്ടങ്ങളായി നമുക്ക് പരിഗണിക്കാം.

"മായമില്ലാത്ത പാലിൻറെ തത്വം" (Milk strategy). ഒരു നവജാത ശിശുവിന് പാൽ എന്നപോലെയാണ് നിങ്ങൾ പുതിയ വിശ്വാസിക്ക് നിങ്ങൾ നല്കുന്ന പഠിപ്പിക്കൽ.

- യേശു കല്പിച്ച കാര്യങ്ങൾ
- അപ്പൊസ്തലന്മാർ പഠിപ്പിച്ചതും (അപ്പൊസ്തലിക ഉപദേശം) പ്രാവർത്തികമാക്കിയതും
- മൗലിക തത്വങ്ങൾ

**a) യേശു പഠിപ്പിച്ചത്?**

പുതിയനിയമത്തിൽ യേശുവിൻറെ കല്പനകൾ ഏതാണ്ട് നൂറ്റിനാല്പതിൽ പരം ഉണ്ടെങ്കിലും അവയെ 7 കല്പനകളായി സംഗ്രഹിക്കാം. അത് ചുവടെ ചേർത്തിരിക്കുന്നു. ശിഷ്യത്വം ആരംഭിക്കുന്നതിനുള്ള നല്ല ഒരു നടപടിക്രമമാണിത്.

**b) യേശുവിൻറെ എഴു കല്പനകൾ:**

അനുസരണം അടിസ്ഥാനപ്പെടുത്തിയുള്ള ശിഷ്യത്വത്തെ വിലയിരുത്തുന്നതിനുള്ള പ്രാഥമിക അളവുകോലായും ഇതിനെ നമുക്ക് ഉപയോഗിക്കാവുന്നതാണ്.

1. മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ (മർക്കൊസ് 1:15)
2. സ്നാനമേൽക്കുക (മർക്കൊസ് 16:16)
3. ദൈവത്തെയും നിങ്ങളുടെ അയൽക്കാരനെയും സ്നേഹിക്കുക (മത്തായി 22:37, 39)
4. പ്രാർത്ഥിക്കുക; തിരുവചനം വായിക്കുക (യോഹന്നാൻ 15:7; മത്തായി 6:6-13)
5. കർത്തൃമേശയിൽ പങ്കാളിയാകുക (ലൂക്കൊസ് 22:19-20)
6. കർത്താവിനു കൊടുക്കുക (അപ്പൊ.പ്ര. 20:35)
7. പുറപ്പെട്ടു ശിഷ്യരാക്കുക (മത്തായി 28:19)

**c) അപ്പൊസ്തലന്മാർ പഠിപ്പിച്ചതും പ്രാവർത്തികമാക്കിയതും**

അപ്പൊസ്തലന്മാരുടെ ഉപദേശത്തിൻറെ സംഗ്രഹത്തെ ഗ്രീക്ക് ഭാഷയിൽ ഡിഡാക്കേ എന്നറിയപ്പെടുന്നു. നാം ഇത് അപ്പൊസ്തല പ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ വായിക്കുന്നു. കൂടുതൽ വിശദമായി ലേഖനങ്ങളിലും കാണുന്നു. ഇവ രണ്ടും ചേർത്തു അപ്പൊസ്തലിക ഉപദേശങ്ങൾ എന്നു വിളിക്കാം.

താഴെപ്പറയുന്നവയാണ് അപ്പൊസ്തല പ്രവൃത്തികൾ 2:42-47 ൽ വിശദീകരിക്കുന്ന അപ്പൊസ്തലിക ഉപദേശം:

- അപ്പൊസ്തലന്മാരുടെ പഠിപ്പിക്കലുകൾ
- കൂട്ടായ്മ ആചരിക്കലും ക്രമമായ കൂടിവരവും
- അപ്പം നുറുക്കൽ
- പ്രാർത്ഥന
- അത്ഭുതങ്ങളും അടയാളങ്ങളും
- പങ്കുവെക്കുന്ന സമൂഹം
- സ്തുതിയും ആരാധനയും

**d) മൗലിക തത്വങ്ങൾ**

എബ്രായർ 6: 1,2 വിൽ എബ്രായ ലേഖനകർത്താവ് മൗലിക തത്വങ്ങളെ വിശദീകരിക്കുന്നു.

- നിർജ്ജീവ പ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരം
- ദൈവത്തിലുള്ള വിശ്വാസം
- സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം
- കൈവെപ്പ് (വിശ്വാസിയുടെ അധികാരം)
- മരിച്ചവരുടെ പുനരുത്ഥാനം
- നിത്യ ന്യായവിധി

**ദീർഘകാല ശിഷ്യത്വം**

**a) അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകവും ലേഖനങ്ങളും അടിസ്ഥാനപ്പെടുത്തി പൗലോസിൻറെ ഉപദേശങ്ങൾ**

അപ്പൊസ്തലനായ പൗലോസ് സുവിശേഷം പ്രസംഗിച്ചു, ശിഷ്യന്മാരെ ഉളവാക്കി, തൻറെ ലേഖനങ്ങളിലൂടെയും മുഖാമുഖമായും അവരെ പഠിപ്പിച്ചു ബലപ്പെടുത്തി. വാസ്തവത്തിൽ പൗലോസിൻറെ ലേഖനങ്ങൾ എല്ലാം എഴുതപ്പെട്ടത് ദീർഘകാല ശിഷ്യത്വം എന്ന ഉദ്ദേശ്യത്തോടെയാണ്.

പൗലോസിൻറെ ഉപദേശങ്ങളെ താഴെപ്പറയുന്ന അഞ്ചു വിധത്തിൽ സംഗ്രഹിക്കാവുന്നതാണ്.

ആ അഞ്ചു കാര്യങ്ങളെ കൈപ്പത്തിയിലെ അഞ്ചു വിരലുകളോടു സദൃശമാക്കി സംഗ്രഹിക്കാം.

1. വ്യക്തിപരമായ ജീവിതം
2. കുടുംബജീവിതം
3. സഭാജീവിതം
4. സാമൂഹ്യജീവിതം
5. നിത്യജീവിതം

അടുത്ത ക്ലാസ്സിൽ നാം ദീർഘകാല ശിഷ്യത്വത്തെക്കുറിച്ച് വിശദമായി പഠിക്കും.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ**

1.ശിഷ്യത്വത്തെ നിങ്ങൾ എങ്ങനെയാണ് നിർവചിക്കുന്നത്?

2.നല്ല വളർച്ച പ്രാപിച്ച പക്വതയാർന്ന ശിഷ്യനാകുവാൻ പുതിയ വിശ്വാസിയെ നിങ്ങൾ എന്താകും പഠിപ്പിക്കുക?

3.ഈ ശിഷ്യത്വ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ സഭയിലെ വിശ്വാസി കളെ നിങ്ങൾ എപ്രകാരം വിലയിരുത്തും?

**<u>മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T. Christians)</u>**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാനും ഞങ്ങൾ നിർദ്ദേശിക്കുന്നു.

(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)

"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."

2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**<u>പ്രായോഗിക തലം</u>**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടു ക്കുക
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 13
# സുവിശേഷ പക്വത : ശിഷ്യത്വം (ഭാഗം 2)

**ഉദ്ദേശ്യം:**

- ശിഷ്യത്വത്തെക്കുറിച്ച് ആഴമായ ഒരു ധാരണ ഉണ്ടാകുവാൻ
- ദീർഘകാല, ആജീവനാന്ത ശിഷ്യത്വത്തിന് തുടക്കമിടാൻ വിശ്വാസികളെ സഹായിക്കുവാൻ
- രൂപാന്തരപ്പെട്ട ജീവിതത്തിലേക്ക് നയിക്കുന്ന സുവിശേഷത്തിന് യോഗ്യമായ ജീവിതം നയിക്കുവാൻ പുതിയ വിശ്വാസിയെ സഹായിക്കുവാൻ

**പ്രധാന വാക്യങ്ങൾ:**

**എബ്രായർ 5: 12-14**

"കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്കു ദൈവത്തിൻറെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെത്തന്നെ വീണ്ടും ഉപദേശിച്ചു തരുവാൻ ആവശ്യമായിരിക്കുന്നു.; കട്ടിയായുള്ള ആഹാരമല്ല, പാലത്രേ നിങ്ങൾക്ക് ആവശ്യം എന്നു വന്നിരിക്കുന്നു. പാൽ കുടിക്കുന്നവനെല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലോ. കട്ടിയായുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളൂ."

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**

ഒരു വിശ്വാസിയുടെ തുടർച്ചയായുള്ള ശിഷ്യത്വ പ്രക്രിയ സഭയിലാണ് നടക്കേണ്ടത്. ക്രിസ്തുവുമായുള്ള ആഴമായ ബന്ധത്തിലേക്കു വരുവാൻ ഒരു വിശ്വാസിയെ സഹായിക്കുന്നത് സഭയാണ്. അതുകൊണ്ട് കൂട്ടായ്മയ്ക്കും, പ്രാർത്ഥനയ്ക്കും, ശുശ്രൂഷയിലെ പങ്കാളിത്തത്തിനും ദൈവവചനത്തിൻറെ പഠനത്തിനും ഏതു വിശ്വാസിയും ഒരു വചനാധിഷ്ഠിത സഭയിലെ അംഗമായിരിക്കേണ്ടത് ആവശ്യമാണ്.

## 1. ശിഷ്യത്വത്തിൻറെ വിവിധ ഘട്ടങ്ങൾ

ഉടനടിയുള്ള ശിഷ്യത്വം, ഹ്രസ്വകാല ശിഷ്യത്വം, ദീർഘകാല ശിഷ്യത്വം എന്നീ ശിഷ്യത്വത്തിൻറെ വിവിധ ഘട്ടങ്ങളെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായത്തിൽ നാം പഠിച്ചു. ഇക്കാര്യം തന്നെ മറ്റൊരു വീക്ഷണകോണിൽനിന്നും നോക്കിക്കൊണ്ട് ഒന്നുകൂടി ആഴത്തിൽ നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം. ക്രിസ്തീയ വളർച്ചയുടെ മൂന്നു ഘട്ടങ്ങൾ: പുതിയ വിശ്വാസിയുടെ ആത്മികവളർച്ചയെ താഴെപ്പറയുന്ന മൂന്നു ഘട്ടങ്ങളായി വേർതിരിക്കാം. എന്നാൽ കൃത്യമായി എവിടെ വേർതിരിക്കണം എന്നു പറയുക അസാധ്യം എന്നുകൂടെ ഓർക്കണം.

**ശിഷ്യത്വത്തിൻറെ അടിസ്ഥാന ചുവടുകൾ**

പുതിയ വിശ്വാസികളെ സജ്ജരാക്കുന്ന പടി

**മധ്യവർത്തിയായ ചുവട് (Intermediate)**

വിശ്വസ്ത ജീവിതങ്ങളെ ശുശ്രൂഷയ്ക്കായി ഒരുക്കുന്ന പടി

**ശിഷ്യത്വത്തിൻറെ നൂതന (Advanced) ചുവടുകൾ**

തുടർന്നുള്ള ശുശ്രൂഷ വിഭാവനം ചെയ്യുന്നതിന് ദൈവജനത്തെ പ്രാപ്തരാക്കുന്ന പടി

ശിഷ്യത്വം എന്നത് ഒരു ചെടി മുളപൊട്ടി വളരുവാൻ ആരംഭിച്ചു ഫലപുഷ്ടിയുണ്ടായി വരുന്നതുവരെയുള്ള പ്രക്രിയയ്ക്കു സമാനമാണ്. "ഞാൻ നട്ടു, അപ്പൊല്ലോസ് നനെച്ചു, ദൈവമത്രേ വളരുമാറാക്കിയത്" (1 കൊരിന്ത്യർ 3:6).

**a) ശിഷ്യത്വത്തിൻറെ അടിസ്ഥാന പടവുകൾ**

**ഏറ്റവും പുതിയ വിശ്വാസികളെ സജ്ജരാക്കുന്നു**

ഒരു നവജാത വിശ്വാസിയെ തൻറെ ആത്മിക പക്വതയിലേക്കുള്ള യാത്രയ്ക്ക് തുടക്കം കുറിക്കുവാൻ സജ്ജമാക്കുന്ന പ്രക്രിയയാണ് ഇത്. ഇതാണ് പ്രാരംഭ പടി അഥവാ ഉടനടി ശിഷ്യത്വം (immediate discipleship). ഉടനടി ശിഷ്യത്വത്തെക്കുറിച്ച് (പുതിയ വിശ്വാസികൾക്കു നല്കുന്ന പാൽ പോലെ) നേരത്തെ ചർച്ച ചെയ്തതാകയാൽ ആവർത്തിക്കുന്നില്ല.

**b) ശിഷ്യത്വത്തിൻറെ ഇടക്കാല (Intermediate) പടികൾ - വിശ്വസ്തരായ വിശ്വാസികളെ തങ്ങളുടെ വിശ്വാസത്തിൽ കൂടുതൽ ഉറപ്പിച്ചുകൊണ്ട് അവരെ ശുശ്രൂഷയ്ക്ക് ഒരുക്കുന്നു.**

വിശ്വസ്ത ജീവിതങ്ങളെ ശുശ്രൂഷയ്ക്കായി ഒരുക്കുക എന്നതാണ് ഈ ഘട്ടത്തിൻറെ ലക്ഷ്യം. കഴിഞ്ഞ അദ്ധ്യായത്തിൽ ഇതേക്കുറിച്ച് അല്പമായി വിശദീകരിച്ചിരിക്കുന്നു. ഈ വിഷയം കുറെക്കൂടെ ആഴമായി നമുക്ക് പഠിക്കാം.

i. യേശുവിൻറെ 7 കല്പനകൾ (മത്തായി 28:20)

ii, അപ്പൊസ്തലിക ഉപദേശങ്ങളും/പ്രാവർത്തികമാക്കലും (അപ്പൊ.പ്ര. 2:42-47)

iii. മൗലിക തത്വങ്ങൾ (എബ്രായർ 6:1-3)

iv. പൗലോസിൻറെ ഉപദേശങ്ങൾ (അഞ്ച് വിരൽ തത്വം)

നേരത്തെ നാം ഈ വിഷയങ്ങളെക്കുറിച്ച് ചില കാര്യങ്ങൾ പഠിച്ചിട്ടുണ്ട് എങ്കിലും ഇവിടെ ചിലതുകൂടെ ചൂണ്ടിക്കാട്ടുവാൻ ശ്രമിക്കുകയാണ്.

## 2. ശിഷ്യത്വത്തിൻറെ മറ്റ് ചില ഉപാധികൾ

**a. ബൈബിൾ കഥകൾ**

ആകെ ലോക ജനസംഖ്യയിൽ 70% പേരും കേട്ടു പഠിക്കുന്നവരാണ്. അതുകൊണ്ടുതന്നെ അക്ഷരാഭ്യാസം ഉള്ളവർക്കും അല്ലാത്തവർക്കും വളരെയധികം ഉപകാരപ്രദമാണ് വേദപുസ്തക കഥകളുടെ ആഖ്യാനം. എങ്കിലും വേദപുസ്തകത്തിലെ എല്ലാ കഥകളും വേദപുസ്തകത്തിലെ നീണ്ടകഥയുടെ വെളിച്ചത്തിൽ മാത്രമേ വിശദീകരിക്കപ്പെടാവൂ.

**b. തെരഞ്ഞെടുക്കപ്പെട്ട തിരുവചന വാക്യങ്ങൾ**

തെരഞ്ഞെടുക്കപ്പെട്ട ചില പ്രധാന വാക്യങ്ങൾ വേദപുസ്തകത്തിൽനിന്നും മനഃപാഠമാക്കുന്നതിന് പുതിയ വിശ്വാസിയോട് ആവശ്യപ്പെടാവുന്നതാണ്. ഇവിടെയും വേദപുസ്തകത്തിൻറെ മുഖ്യവിഷയത്തിൻറെ അടിസ്ഥാനത്തിൽ വേണം വാക്യങ്ങൾ വ്യാഖ്യാനിക്കപ്പെടേണ്ടത്.

**c. അടിസ്ഥാന ശിഷ്യത്വത്തിൻറെ നിർദ്ദേശങ്ങളുടെ പുസ്തകം (Manual)**

പുതിയ വിശ്വാസികളെ അടിസ്ഥാന വിശ്വാസത്തിൽ വളരുന്നതിന് സഹായിക്കുന്നതിന് ഉപയോഗിക്കാവുന്ന ഒരു ശിഷ്യത്വ നിർദ്ദേശ പുസ്തകം (Manual) ഓരോ സഭയ്ക്കും അല്ലെങ്കിൽ സഭകളുടെ ശ്രൃംഖലകൾക്കും ഉണ്ടാകുന്നത് നല്ലതാണ്. ഇത്തരം ഒരു ലഘുപുസ്തകം നിങ്ങളുടെ സഭയിൽ ഇല്ലെങ്കിൽ മറ്റ് സഭകളിലോ സംഘടനകളിലോ നിലവിലുള്ളത് നിങ്ങൾക്ക് പ്രയോജനപ്പെടുത്താം. അല്ലെങ്കിൽ നിങ്ങൾക്ക് തന്നെ ഒന്നു തയ്യാറാക്കാം. നിങ്ങളുടെ സഭയ്ക്കായി ഇതുപോലെ ഒന്നു തയ്യാർ ആക്കുമ്പോൾ പുതിയ വിശ്വാസി പഠിക്കേണ്ട കാര്യങ്ങളും അതിൻറെ ക്രമവും ഏതാണെന്നു പരിഗണിക്കുക. അടിസ്ഥാന ശിഷ്യത്വ മാനുവലിൽ എന്തെല്ലാം ഉൾപ്പെടണം എന്നു തീരുമാനിക്കുവാൻ ഇത് സഹായിക്കും.

**d. വേദപുസ്തക പഠനം ആരംഭിക്കുന്നു - നവീകരിച്ച 'Sword' വേദപഠന രീതി**

പുതിയ വിശ്വാസികൾക്ക് വേദപുസ്തക ഭാഗങ്ങളും വേദപുസ്തക കഥകളും വ്യക്തിപരമായും കൂട്ടമായും പഠിക്കുന്നതിന് സഹായകമായ ഒരു ലളിത രീതി ഞങ്ങൾ ശുപാർശ ചെയ്യുന്നു. തുടർന്നു വരുന്ന ചോദ്യങ്ങൾക്കുത്തരം കണ്ടെത്തുകയും ചെയ്യുക. അവർ പക്വത കൈവരിക്കുന്ന മുറയ്ക്ക് വേദപുസ്തക ഭാഗങ്ങൾ തനിയെ വ്യാഖ്യാനിക്കുന്നതിനുള്ള പ്രാപ്തി കൈവരിക്കും. ഒരു വേദഭാഗമോ വേദപുസ്തക കഥയോ പഠിക്കുന്ന സമയത്ത് അവർക്ക് ചോദിക്കാവുന്ന ചില ചോദ്യങ്ങൾ ഇതാ:

i. വേദപുസ്തകത്തിലെ മുഖ്യകഥയിൽ ഈ കഥയോ ഭാഗമോ എങ്ങനെ ചേർന്നു വരുന്നു?
ii. ദൈവത്തെക്കുറിച്ച് അത് എന്തു പറയുന്നു?
iii. ഈ വേദഭാഗത്ത് പ്രതിപാദിച്ചിരിക്കുന്ന വ്യക്തികൾ ആരെല്ലാമാണ്?
iv. അനുസരിക്കുവാൻ ഏതെങ്കിലും കല്പന നല്കപ്പെട്ടിരിക്കുന്നുവോ?
v. ഒഴിവാക്കേണ്ട പാപം ഏതെങ്കിലും ഉണ്ടോ?
vi. അനുകരിക്കത്തക്ക വല്ല മാതൃകയും ഉണ്ടോ?
vii. അവകാശപ്പെടുന്നതിന് എന്തെങ്കിലും വാഗ്ദത്തം നല്കപ്പെട്ടിരിക്കുന്നുവോ?
viii. ഈ വേദഭാഗത്തുനിന്നും വേറെ എന്താണ് പഠിക്കാനുള്ളത്?
ix. വേദപുസ്തക പഠനം പൂർത്തിയാക്കുന്നതിന് മുമ്പ് രണ്ടു പ്രധാന പ്രായോഗിക ചോദ്യങ്ങൾക്കുത്തരം നല്കുവാൻ ഞങ്ങൾ അഭിപ്രായപ്പെടുന്നു.

**താഴെപ്പറയുന്ന കാര്യങ്ങൾ എഴുതുക;**

1. ഞാൻ എന്തു ചെയ്യും?
   "ഞാൻ.............................................................................ചെയ്യും"
2. 2 ആരോടു ഞാൻ സുവിശേഷം പറയും?
   ഞാൻ.........................................................................പറയും"

### 3. സുവിശേഷത്തിന് അനുരൂപമായി ജീവിക്കുന്നതിന് ഒരു പുതിയ വിശ്വാസിയെ എങ്ങനെ സഹായിക്കാം?

അപ്പൊസ്തലനായ പൗലോസ് പുതിയനിയമ സഭകൾക്ക് ലേഖനങ്ങൾ എഴുതിയത് അവരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുവാനും അവരെ രക്ഷിച്ച സുവിശേഷം അവരുടെ ജീവിതത്തിൽ അർത്ഥവത്തായിത്തീരാനും ആയിരുന്നു. പൗലോസിൻറെ എല്ലാ ലേഖനങ്ങളും ഒരു പഞ്ചാംഗുലി തത്വം (five fingerprinciple) ആയി സംഗ്രഹിക്കാവുന്നതാണ്.

**a) വ്യക്തിപരമായ ജീവിതം**

"ആകയാൽ നിങ്ങൾ കർത്താവായ യേശുവിനെ കൈക്കൊണ്ടതുപോലെ അവൻറെ കൂട്ടായ്മയിൽ നടപ്പിൻ; അവനിൽ വേരൂന്നിയും ആത്മിക വർദ്ധന പ്രാപിച്ചും നിങ്ങൾക്കു ഉപദേശിച്ചു തന്നതിന് ഒത്തവണ്ണം വിശ്വാസത്താൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ" (കൊലൊസ്സ്യർ 2:6-7).

**1. വ്യക്തിപരമായ വളർച്ചയ്ക്കുള്ള ഏഴു പടികൾ**

- യേശുവിനെ കർത്താവായി സ്വീകരിക്കുക (റോമർ 10:9)
- യേശുവിനോടുകൂടെ നടക്കുക (ഉല്പത്തി 5:21-24)
- യേശുവിൽ വേരൂന്നുക (കൊലൊസ്സ്യർ 2:6-7)
- യേശുവിൽ പണിയപ്പെടുക (കൊലൊസ്സ്യർ 2:6-7)
- വിശ്വാസത്തിൽ ഉറയ്ക്കുക (കൊലൊസ്സ്യർ 2:6-7)
- പഠിക്കുക; പഠിപ്പിക്കുക (2 തിമൊഥെയൊസ് 2:2)
- സ്തോത്രം ചെയ്യുക (കൊലൊസ്സ്യർ 2:6-7)

**2. വ്യക്തിജീവിതത്തിൽ സുവിശേഷം ജീവിച്ചു കാട്ടുക.**

നാം എന്തു ധരിക്കണമെന്നും എന്തു ഉരിഞ്ഞു കളയണമെന്നും അപ്പൊസ്തലനായ പൗലോസ് തൻറെ ലേഖനങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. താഴെപ്പറയുന്ന വാക്യങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ ജീവിതത്തെ അവലോകനം ചെയ്യുകയും ദൈവിക സ്വഭാവം നമ്മിൽ വളർത്തുകയും ചെയ്യണം.

**3. എന്താണ് നാം ത്യജിക്കേണ്ടത്? -ജഡത്തിൻറെ പ്രവൃത്തികൾ.** "അന്യോന്യം ഭോഷ്ക് പറയരുത്. നിങ്ങൾ പഴയമനുഷ്യനെ അവൻറെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവൻറെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നു"

**കൊലൊസ്സ്യർ 3:9-10**

"മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിൻറെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിച്ചു കൊൾവിൻ"

**എഫെസ്യർ 4:22-24**

- ദുർന്നടപ്പ് (Sexual immorality)
- അശുദ്ധി (impurity)
- അതിരാഗം (lust)
- ദുർമ്മോഹം (evil desires)
- അത്യാഗ്രഹം (greed)
- കോപം, ക്രോധം (anger, range)
- ദൂഷണം (slander)
- ദുർഭാഷണം (filthy language)
- ഭോഷ്ക് (lie)

4. നാം എന്താണ് ധരിക്കേണ്ടത്? -ആത്മാവിൻറെ ഫലങ്ങൾ

**ഗലാത്യർ 5:22-23 "ആത്മാവിൻറെ ഫലമോ...**

- സ്നേഹം
- സന്തോഷം
- സമാധാനം
- ദീർഘക്ഷമ
- ദയ
- പരോപകാരം
- വിശ്വസ്തത
- സൗമ്യത
- ഇന്ദ്രിയജയം

**5. വ്യക്തിപരമായ ജീവിതം -മനസ്സിൻറെ പുതുക്കം**

റോമർ 12:1-2. "സഹോദരന്മാരേ, ഞാൻ ദൈവത്തിൻറെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ."

ദുഷ്ടത നിറഞ്ഞ ഈ ലോകത്തിൽ വിശുദ്ധരും നിഷ്കളങ്കരുമായി ജീവിക്കണം. ഫിലിപ്പ്യർ 2:15 "വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിൻറെ നിഷ്കളങ്ക മക്കളും ആകേണ്ടതിന്ന എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ. അവരുടെ ഇടയിൽ നിങ്ങൾ ജീവൻറെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു."

a) ആത്മിക പക്വതയുടെ ലക്ഷ്യം

- യേശുക്രിസ്തുവിൻറെ രൂപത്തോട് അനുരൂപമാകുക (റോമർ 8:29)
- ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുക (എഫെസ്യർ 4:13-16)
- യേശുവിനെപ്പോലെ ആകുക (ഫിലിപ്പ്യർ 2:5)

b) കുടുംബജീവിതം - ഒരു മാതൃകാ കുടുംബജീവിതം

- താഴെ നല്കിയിരിക്കുന്ന വേദഭാഗങ്ങൾ വായിക്കുക. കുടുംബജീവിതത്തിൻറെ അടിസ്ഥാന ഉപദേശങ്ങൾ ഈ വാക്യങ്ങളിലുണ്ട്. കുടുംബത്തിലെ ഓരോ വ്യക്തിയുടെയും പങ്കെന്താണെന്നും കടമയെന്താണെന്നും ഈ ഭാഗങ്ങൾ വ്യക്തമാക്കുന്നു.
- എഫെസ്യർ 5:22 - 6:8
- 1 പത്രൊസ് 3;1-7
- കൊലൊസ്സ്യർ 3:18-4:1.

**1. കുടുംബാഗംങ്ങളുടെ പങ്കും കടമയും**

- ഭാര്യ - ഭർത്താവിനു കീഴടങ്ങിയിരിക്കുക
- ഭർത്താവ് - ഭാര്യയെ സ്നേഹിക്കുക
- മക്കൾ - മാതാപിതാക്കളെ അനുസരിക്കുക
- അപ്പൻ - കുട്ടികളെ പ്രകോപിപ്പിക്കരുത്
- ദാസർ - യജമാനനെ അനുസരിക്കുക

**2. കുടുംബം - ആരാധനയുടെയും പരിശീലനത്തിൻറെയും ഇടം**

- "നീ അവയെ നിൻറെ മക്കൾക്കു ഉപദേശിച്ചുകൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴിനടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കയും വേണം. അവയെ അടയാളമായി നിൻറെ കൈമേൽ കെട്ടണം. അവ നിൻറെ വീട്ടിൻറെ കട്ടിളകളിന്മേലും പടിവാതിലിനകളിലും എഴുതേണം (ആവർത്തനം 6:7-9)
- യഹോവയുടെ നിയമങ്ങളെ തങ്ങളുടെ മക്കളെ പഠിപ്പിക്കുവാൻ ദൈവം യിസ്രായേൽ മക്കളോടു കല്പിച്ചു.
- കുടുംബം ആരാധനയുടെയും ഇടമായിരിക്കണം.

**c. സഭാ ജീവിതം**

**1.സഭയെന്നത് കുടുംബങ്ങളുടെ കുടുംബമാണ് (ദൈവത്തിൻറെ ഭവനം).**
എഫെ. 2:19

**2. ശിഷ്യന്മാരെ ഉളവാക്കുന്ന ഇടമാണ് സഭ.**

- ദൈവജനത്തിനു കൂടിവരുവാനുള്ള ഇടം.
- വിശ്വാസത്തിൽ വളരുവാനുള്ള ഇടം
- ലോകത്തിലേക്ക് യേശുവിൻറെ ശിഷ്യരായി പുറപ്പെടുവാനുള്ള ഇടം

**3. സഭ: ദൈവിക ജ്ഞാനം വെളിപ്പെടുന്ന ഇടം**

- "അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദിനിർണ്ണയപ്രകാരം സഭ മുഖാന്തരം അറിയായ് വരുന്നു." എഫെസ്യർ 3:10

**4. സഭയെ അവഗണിക്കരുത്**

- "ചിലർ ചെയ്യുന്നതുപോല നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹംവർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുംതോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു." എബ്രായർ 10:25

**d. <u>സാമൂഹിക ജീവിതം</u>**

i. **അധികാരികൾക്കു കീഴടങ്ങിയിരിക്കുക**
"ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു." റോമർ 13:1.

ii. **നികുതി കൊടുക്കുക**
"എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ; നികുതി കൊടുക്കേണ്ടുന്നവനു നികുതി; ചുങ്കം കൊടുക്കേണ്ടുന്നവനു ചുങ്കം; ഭയം കാണിക്കേണ്ടവനു ഭയം; മാനം കാണിക്കേണ്ടവനു മാനം." റോമർ 13:7

iii. **സൽപ്രവൃത്തിക്കായി ക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവർ**
"നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചെയ്തുപോരേണ്ടതിന് ദൈവം അവ നമുക്ക് മുന്നൊരുക്കിയിരിക്കുന്നു."
എഫെസ്യർ 2;10

iv. **സമൂഹത്തിൽ നല്ല ബന്ധങ്ങൾ കാത്തുസൂക്ഷിക്കുക**
"വാഴ്ചകൾക്കും അധികാരങ്ങൾക്കും കീഴടങ്ങി അനുസരിപ്പാനും സകല സൽപ്രവൃത്തിക്കും ഒരുങ്ങിയിരിപ്പാനും ആരെക്കൊണ്ടും ദൂഷണം പറയാതെയും കലഹിക്കാതെയും ശാന്തന്മാരായി സകല മനുഷ്യരോടും പൂർണ്ണ സൗമ്യത കാണിപ്പാനും അവരെ ഓർമ്മപ്പെടുത്തുക." തീത്തൊസ് 3:1-2

v. **മറ്റുള്ളവർക്കു നന്മ ചെയ്യുവാൻ അഭ്യസിക്കുക**
"നന്മ ചെയ്യുവാൻ നിനക്കു പ്രാപ്തിയുള്ളപ്പോൾ അതിന് യോഗ്യന്മാരായിരിക്കുന്നവർക്ക് ചെയ്യാതിരിക്കരുത്" സദൃശവാക്യങ്ങൾ 3:27

**e. <u>നിത്യജീവിതം</u>**

പുനരുത്ഥാനത്തിന്റെ പ്രത്യാശയെക്കുറിച്ചും ക്രിസ്തുവിന്റെ പുനരാഗമനത്തെയും കുറിച്ചുള്ള പഠിപ്പിക്കലുകൾ നാം കാണുന്നത് 1 തെസ്സലോനിക്യർ 4:13-17 വാക്യങ്ങളിലാണ്. അതിലെ പ്രധാന കാര്യങ്ങൾ ഇവയാണ്:

**1. മരണാനന്തര ജീവിതം**

യേശു ഉയിർത്തെഴുന്നേറ്റതുപോലെ ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേല്ക്കും യേശു വീണ്ടും വരും
ക്രിസ്തുവിൽ മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേല്ക്കും
പിന്നെ ജീവനോടെ ശേഷിക്കുന്നവരായ നാം കർത്താവിനോടു ചേരുവാൻ മദ്ധ്യാകാശത്തിലേക്ക്

എടുക്കപ്പെട്ടും
നാം എപ്പോഴും കർത്താവിനോടു കൂടെ ആയിരിക്കും

**2. ക്രിസ്തുവിൻറെ രണ്ടാമത്തെ വരവ്**
വാഗ്ദത്തം ചെയ്യപ്പെട്ടതുപോലെ യേശു വീണ്ടും വരും (അപ്പൊ.പ്ര. 1:11)
നമുക്കായി അവിടുന്ന് ഒരു സ്ഥലം ഒരുക്കിക്കൊണ്ടിരിക്കുന്നു (യോഹന്നാൻ 14:1-3)
ലോകത്തെ അവിടുന്ന് നീതിയോടെ ന്യായം വിധിക്കും (എബ്രായർ 10:27)

**ശിഷ്യത്വത്തിൻറെ പുരോഗമന ചുവടുകൾ (advanced steps) - മുൻനിര ശുശ്രൂഷ വിഭാവന ചെയ്യുന്നതിന് ദൈവജനത്തെ പ്രാപ്തമാക്കുന്നു (എഫെ. 4:12-13; അപ്പൊ.പ്ര. 20:20,27)**
അപ്പൊസ്തലനായ പൗലോസ് തൻറെ ലേഖനങ്ങളാൽ വിശ്വാസികളെ ഉറപ്പിച്ചുപോന്നു. എന്നാൽ ദൈവത്തിൻറെ മുഴുവൻ ആലോചനയും (പുതിയനിയമവും പഴയനിയമവും) വിശ്വാസികളെ പഠിപ്പിച്ചിരിക്കണം എന്നായിരുന്നു അദ്ദേഹത്തിൻറെ പക്ഷം (അപ്പൊ.പ്ര. 20:27).
"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിൻറെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു" 2 തിമൊ. 3:16-17.

a. ശിഷ്യത്വത്തിൻറെ പുരോഗമന ചുവട് (advanced step) - ഒരു ആജീവനാന്ത പ്രക്രിയയാണ്
b. ശിഷ്യത്വത്തിൻറെ പുരോഗമന ചുവട് - ദൈവത്തിൻറെ മുഴുവൻ ആലോചനയും ഉൾക്കൊള്ളുന്നു
c. ശിഷ്യത്വത്തിൻറെ ചുവട് - ക്രിസ്തീയ പക്വതയിലേക്ക് ഓരോ വിശ്വാസിയും വളരുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.
d. ശിഷ്യത്വത്തിൻറെ പുരോഗമന ചുവട് - വിശ്വാസി ക്രിസ്തുവിനെപ്പോലെ ആകുവാനും അവൻറെ രൂപത്തോടു അനുരൂപപ്പെടുവാനും ലക്ഷ്യമിട്ടിരിക്കുന്നു
e. ശിഷ്യത്വത്തിൻറെ പുരോഗമന ചുവട് - വിശ്വാസിയെ ക്രിസ്തീയശുശ്രൂഷയ്ക്ക് പ്രാപ്തനാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

**ഒരു ശിശു എന്ന നിലയിൽനിന്നും പക്വതവന്ന ഒരു വിശ്വാസി എന്ന നിലയിലേക്കുള്ള ഒരു വ്യക്തിയുടെ വളർച്ചയെ താഴെക്കൊടുത്തിരിക്കുന്ന വേദഭാഗത്തിലൂടെ നമുക്ക് മനസ്സിലാക്കാം. എബ്രായർ 5:12-14.**

ഓർക്കുക: ശിഷ്യത്വം എന്നത് ആജീവനാന്ത പഠന പ്രക്രിയയാകുന്നു.
**പക്വതയുടെ അടയാളം:** ദൈവത്തിൻറെ അഥവാ വചനത്തിൻറെ വെളിച്ചത്തിൽ നന്മയെയും തിന്മയെയും വിവേചിച്ചറിയുവാനുള്ള കഴിവാണ് പക്വതയുടെ അടയാളം. പരിശീലനത്തിലൂടെയും അഭ്യസനത്തിലൂടെയും അനുഭവത്തിലൂടെയും മാത്രമേ ഇത് സാധ്യമാകയുള്ളൂ. ദൈവത്തിനു മഹത്വം കൊണ്ടുവരുന്ന തീരുമാനങ്ങൾ ജീവിതത്തിൻറെ ഏതു പ്രതിസന്ധി ഘട്ടത്തിലും വചനത്തിൻറെ അടിസ്ഥാനത്തിൽ കൈക്കൊള്ളുവാൻ തക്കവണ്ണം ഒരു വിശ്വാസി പക്വത കൈവരിക്കാൻ നാം സഹായിക്കേണ്ടതുണ്ട്. വചനത്തിൻറെ ശരിയായ വ്യാഖ്യാനത്തിൽ അധിഷ്ഠിതമായ തീരുമാനം എന്ന് അതിനെ വിളിക്കാം. വചനത്തെ നേരായവിധത്തിൽ വ്യാഖ്യാനിച്ച് തീരുമാനമെടുക്കുക എന്നാണ് അതുകൊണ്ടർത്ഥമാക്കുന്നത്. അവരവരുടെ സാംസ്കാരിക പശ്ചാത്തലത്തിൽ വേദപുസ്തകത്തിൻറെ അടിസ്ഥാനത്തിലുള്ള കാഴ്ചപ്പാട് ലഭിക്കുവാൻ ഓരോ വിശ്വാസിയെയും പ്രാപ്തിപ്പെടുത്തുന്ന കാര്യമാണ് ഇത്. "മീൻ പിടിച്ചു കൊടുക്കുകയല്ല" "മീൻ പിടക്കാൻ പഠിപ്പി ക്കുകയാണ്" നാം ഇതിലൂടെ ചെയ്യുന്നത്.

പക്വത കൈവരിച്ച ഓരോ വിശ്വാസിയും പരസഹായം കൂടാതെ ദൈവവചനം ഗ്രഹിക്കുവാൻ പ്രാപ്തരാകേണ്ടതുണ്ട്. അവരെ ആരും നിരന്തരം പഠിപ്പിക്കേണ്ടവരല്ല. മറിച്ച്, അവർ മറ്റുള്ളവരെ പഠിപ്പിക്കുന്നവായി മാറണം.

**പക്വതയുടെ ലക്ഷണങ്ങൾ**

| ക്രിസ്തുവിൽ ശിശുക്കൾ | ക്രിസ്തുവിൽ തികഞ്ഞവർ |
|---|---|
| 1. പാൽ കുടിക്കുന്ന | 1. കട്ടിയായ ആഹാരം കഴിക്കുന്ന |
| 2. പക്വതയില്ലാത്തവർ | 2. പക്വത കൈവരിച്ചവർ |
| 3. പരിശീലനം ലഭിക്കാത്തമനസ്സ് | 3. പരിശീലനം ലഭിച്ച മനസ്സുള്ളവർ |
| 4. അനുഭവമില്ലാത്തവർ | 4. അനുഭവജ്ഞാനം ഉള്ളവർ |
| 5. നന്മതിന്മകളെ തിരിച്ചറിയാത്തവർ | 5. നന്മതിന്മകളെ വിവേചിപ്പാൻ പ്രാപ്തർ |
| 6. പഠനം തുടരുന്നവർ | 6. മറ്റുള്ളവരെ പഠിപ്പിക്കുവാൻ പ്രാപ്തർ |
| 7. നീതിയുടെ വചനത്തിൽ നൈപുണ്യമില്ലാത്തവർ | 7. നീതിയുടെവചനത്തിൽ നിപുണർ |
| 8. അടിസ്ഥാന ഉപദേശങ്ങൾ മാത്രം അറിയുന്നവർ | 8.ആഴമേറിയ സത്യങ്ങൾ ഗ്രഹിക്കുന്ന |

**ആത്മിക പക്വതയുടെ ലക്ഷ്യം**

- യേശുക്രിസ്തുവിൻറെ രൂപത്തോടു അനുരൂപപ്പെടുക (റോമർ 8:29)
- ക്രിസ്തുവിൻറെ നിറവോളം തികഞ്ഞുവരുവാൻ (എഫെസ്യർ 4:13-16)
- യേശുവിനെപ്പോലെ ആകുവാൻ (2 പത്രൊസ് 1:4)

## 4. ശിഷ്യത്വത്തിൽ സഭയുടെ പങ്ക്

- ഒരു പുതിയ വിശ്വാസിയെ ശിഷ്യത്വത്തിലേക്കു വരുത്തുന്നതിൻറെ ഉത്തരവാദിത്തം സഭയുടേതാണ്. കൂട്ടായ്മ, പ്രാർത്ഥന, അപ്പം നുറുക്കൽ, വചനപഠനം, പങ്കുവെക്കൽ എന്നീ കാര്യങ്ങൾ നിവർത്തിക്കപ്പെടുന്ന ഒരു സഭാന്തരീക്ഷത്തിൽ മാത്രമേ ഇതു സാധ്യമാകൂ. ഒരു പുതിയ വിശ്വാസിയുടെ വളർച്ചയ്ക്ക് ഈ ഘടകങ്ങൾ അത്യന്താപേക്ഷിതമാണ്. സഭ കൈക്കൊള്ളേണ്ട നടപടികൾ ഇവയാണ്:
- ഒരു ഇടയൻ ആടുകളെ പരിപാലിക്കുന്നതുപോലെ പരിപാലിക്കണം
- ബലഹീനരായവരെ തോളിലെടുക്കണം
- സൗമ്യതയോടെ അവരെ നടത്തണം

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ**

1. രൂപാന്തരം പ്രാപിച്ച പക്വത കൈവരിച്ച ഒരു വിശ്വാസിയുടെ സവിശേഷതകൾ എന്തെല്ലാമാണ്?
2. ആത്മിക പക്വത കൈവരിക്കുവാൻ ഒരു വിശ്വാസിയെ നമുക്ക് എങ്ങനെ സഹായിക്കാം?

**മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T.Christians)**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാനും ഞങ്ങൾ നിർദ്ദേശിക്കുന്നു.
(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)
"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."
2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്ന ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 14
# സുവിശേഷത്തിൻറെ സ്വാധീനം: സഭാരൂപീകരണം (ഭാഗം 1)

**ഉദ്ദേശ്യം:**

- സഭയുടെ പ്രാധാന്യം എന്തെന്നു ഗ്രഹിക്കുക
- പുതിയ സഭകൾ സ്ഥാപിക്കുന്നതിൻറെ മാനദണ്ഡങ്ങൾ തിരിച്ചറിയുക

**പ്രധാന വാക്യങ്ങൾ:**

**മത്തായി 16:18**

"നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എൻറെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു."

**എഫെസ്യർ 3:10-11**

"അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിൻറെ ബഹുവിധമായ ജ്ഞാനം അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദി നിർണ്ണയപ്രകാരം സഭമുഖാന്തരം അറിവായ് വരുന്നു."

**മറ്റു വേദഭാഗങ്ങൾ:**

ലൂക്കൊസ് 10:1-6

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**

താഴെപ്പറയുന്ന ആശയങ്ങളെ ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നു.

**വിഭാഗം A: എന്താണ് സഭ?**

- സഭ എന്നത് എന്താകുന്നു
- സഭ എന്നത് എന്തല്ല
- പ്രാദേശിക സഭയും സാർവ്വത്രിക സഭയും
- സഭയുടെ ഉദ്ദേശ്യം
- ഒരു നല്ല സഭയുടെ ലക്ഷണങ്ങൾ

**വിഭാഗം B. സഭാസ്ഥാപനം**

- എന്തുകൊണ്ട് സഭകൾ സ്ഥാപിക്കപ്പെടണം?
- എങ്ങനെയാണ് ശിഷ്യരെ ഉളവാക്കുന്നത്?
- എവിടെയാണ് സഭ സ്ഥാപിക്കേണ്ടത്?
- ആരാണ് സഭ സ്ഥാപിക്കേണ്ടത്?
- ഒരു സഭാ സ്ഥാപകൻറെ യോഗ്യത എന്താണ്?
- ഏതു മാതൃകകളുള്ള സഭയാണ് നാം സ്ഥാപിക്കേണ്ടത്?

**വിഭാഗം A: സഭയെ മനസ്സിലാക്കുന്നു**

1. എന്താകുന്നു സഭ? ആരാധിക്കുവാനും കൂട്ടായ്മ ആചരിപ്പാനും ദൈവവചനം ശ്രവിക്കുവാനും പഠിക്കുവാനും ദൈവത്തെ ശുശ്രൂഷിക്കുവാനുമായി കൂടിവരുന്ന വിശ്വാസികളുടെ സമൂഹമാണ് സഭ. 'ekklesia'എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് സഭ എന്ന വാക്കിൻറെ ഉത്ഭവം. പുതിയനിയമത്തിൽ 114 തവണ ഈ വാക്കു ഉപയോഗിച്ചിട്ടുണ്ട്. യേശുക്രിസ്തുവിൻറെ അധികാരത്തിൻ കീഴിൽ, അവൻറെ

ജനമായി ജീവിക്കേണ്ടതിന്, ഈ ലോകത്തിൽ നിന്നും വിളിച്ച് വേർതിരിക്കപ്പെട്ട വിശ്വാസികളുടെ സമൂഹമായ പുതിയ നിയമ സഭ എന്ന അർത്ഥത്തിലാണ് ekklesia എന്ന വാക്കു ഉപയോഗിച്ചിരിക്കുന്നത്.

**2. സഭ എന്നാൽ എന്തല്ല?**

സഭ കേവലം ഒരു കെട്ടിടമല്ല; ഒരു സംഘടനയോ ഒരു മിഷനോ അല്ല. ദൈവജനമായ നാം തന്നെയാണ് സഭ.

**3. പ്രാദേശിക സഭയും സാർവ്വത്രിക സഭയും**

വേദപുസ്തകം സഭയെന്ന പദത്തെ രണ്ടു വിധത്തിലാണ് വിവക്ഷിക്കുന്നത്. അത് പ്രാദേശിക മായ ഒരു കൂടിവരവോ ലോകമാസകാലം വ്യാപിച്ചുകിടക്കുന്ന ദൈവജനം ഉൾപ്പെടുന്ന സാർവ്വത്രിക സഭയോ ആകാം.

**a. പ്രാദേശിക സഭ**

ഒരു പ്രദേശത്തെ വിശ്വാസികളുടെ സമൂഹം അല്ലെങ്കിൽ ആരാധന, കൂട്ടായ്മ, പഠനം, അപ്പം നുറുക്കൽ, പ്രാർത്ഥന, വിശ്വാസത്തിൽ ഉറപ്പിക്കൽ, ശിഷ്യത്വ രൂപീകരണം എന്നിവയ്ക്കായി ഒരു നിശ്ചിത പ്രദേശത്ത് കൂടിവരുന്ന വിശ്വാസികളുടെ കൂട്ടമാണ് സഭ എന്നു നിർവചിക്കാം. വെളിപ്പാട് പുസ്തകത്തിൽ കാണപ്പെടുന്നതുപോലെ ഒരു നഗരത്തിലോ പ്രദേശത്തോ ഉള്ള സഭകളുടെ കൂട്ടത്തെയും പ്രാദേശിക സഭ എന്നു വിളിക്കാം.

**b. സാർവ്വത്രിക സഭ**

യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ഉൾപ്പെടുന്നതാണ് സാർവ്വത്രിക സഭ. ഏതൊരു വ്യക്തി യേശുവിനെ തൻറെ രക്ഷകനായി അംഗീകരിക്കുന്നുവോ ആ വ്യക്തി സാർവ്വത്രിക സഭയുടെ അംഗമായി മാറുന്നു. ലോകമെങ്ങുമുള്ള പ്രാദേശിക സഭകളും സാർവ്വത്രിക സഭയുടെ ഭാഗ മാണ്.

4. സഭയോടുള്ള ബന്ധത്തിൽ വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന സാദൃശ്യങ്ങൾ

സഭയുടെ വ്യത്യസ്ത ഭാവങ്ങളെയും സ്വഭാവത്തെയും വിശദീകരിക്കുവാനായി വേദപുസ്തക ത്തിൽ കാണപ്പെടുന്ന ചില സാദൃശ്യങ്ങളാണ് താഴെ നല്കിയിരിക്കുന്നത്.

1. ക്രിസ്തുവിൻറെ ശരീരം (എഫെസ്യർ 5:23; റോമർ 12:45; 1 തിമൊ. 3:15)
2. ദൈവത്തിൻറെ ഭവനം - കുടുംബങ്ങളുടെ കുടുംബം (എഫെസർ 2:19)
3. ആത്മിക മന്ദിരം (1 പത്രൊസ് 2:5; 1 കൊരിന്ത്യർ 3:16,17; എഫെസ്യർ 5:31,32)
4. ക്രിസ്തുവിൻറെ മണവാട്ടി (വെളിപ്പാട് 21:9; വെളിപ്പാട് 19:7; 2 കൊരിന്ത്യർ 11:12)
5. തോട്ടം; നിലം (1 കൊരിന്ത്യർ 3:6; 1 കൊരിന്ത്യർ 3:9)

5 സഭ എന്ന മർമ്മം: യഹൂദനും ജാതികളും ഉൾപ്പെടുന്ന ഒരു കുടുംബം. എഫെ. 3:1-14

യഹൂദനും ജാതികളും ഒന്നിച്ചു ഒരു ശരീരമായി ചേർന്നു വരുന്നതായ ദൈവത്തിൻറെ പദ്ധതിയെ ഒരു മർമ്മമായി എഫെസ്യലേഖനത്തിൽ പൗലോസ് അപ്പൊസ്തലൻ വിവരിക്കുന്നു. ജാതികൾക്ക് രക്ഷ വരുമെന്നത് ഒരു രഹസ്യമായിരുന്നില്ല. ഉല്പത്തി 12:3 ൽ അത് പ്രസ്താവിച്ചിട്ടുണ്ട്. ജാതികൾ രക്ഷിക്കപ്പെടുമെന്നല്ല, ജാതികളും യഹൂദന്മാരും ഒന്നിച്ചു ചേർന്നു വന്ന് ഒരു പുതിയ മനുഷ്യൻ ഉണ്ടാകുമെന്നായിരുന്നു ആ രഹസ്യം (എഫെസ്യർ 2:15).

ഈ രഹസ്യത്തെ വാക്യം 6-ൽ കൃത്യമായി നിർവചിച്ചിരിക്കുന്നു. ക്രിസ്തുയേശുവിലുള്ള വാഗ്ദത്തങ്ങൾക്ക് ഒരു ശരീരം എന്ന നിലയിൽ ഇരുകൂട്ടർക്കും പങ്കാളിത്തം ലഭിച്ചു. സുവിശേഷം നിമിത്തം ജാതികൾക്ക് യിസ്രായേലിനുള്ള അവകാശത്തിൽ പങ്കാളിത്തം ലഭിച്ചു. യഹൂദനും ജാതികളും തമ്മിലാകട്ടെ, ധനികർക്കും ദരിദ്രർക്കും തമ്മിലാകട്ടെ, വിദ്യാസമ്പന്നർക്കും വിദ്യാഹീനർക്കും തമ്മിലാകട്ടെ, ഒരു വ്യത്യാസവുമില്ലാതെ ക്രിസ്തുവിൽ ഒന്നാക്കി ഒരൊറ്റ കുടുംബമായി നമ്മെ കാണുവാൻ ദൈവം ആഗ്രഹിക്കുന്നു.

6. സഭയുടെ ഉദ്ദേശ്യം
സഭയുടെ ഉദ്ദേശ്യത്തെ ഇനിപ്പറയുന്ന വിധത്തിൽ സംഗ്രഹിക്കാം.
ഉയരത്തിലേക്ക്: ദൈവത്തെ ശുശ്രൂഷിക്കുന്നു:- ആരാധന, പ്രാർത്ഥന (എഫെസ്യർ 4:13)
ഉള്ളിലേക്ക്: വിശ്വാസികളെ ശുശ്രൂഷിക്കുന്നു:- കൂട്ടായ്മ, അപ്പം നുറുക്കൽ, ഉപദേശം

(അപ്പൊ.പ്ര. 2:47)
പുറത്തേക്ക്: ലോകത്തിനു ശുശ്രൂഷ നല്കുന്നു:- സ്നേഹപരിചരണങ്ങളാലും സുവിശേഷം പങ്കുവെച്ചും സഭ ലോകത്തെ ശുശ്രൂഷിക്കുന്നു (മത്തായി 28:19). ശിഷ്യരെ ഉളവാക്കാനുള്ള ആജ്ഞ മഹത്തായ കല്പനയുടെ ഭാഗമാണ്; യേശു കല്പിച്ചതാണ്. അപ്പൊസ്തലർ ഇത് പ്രാവർത്തികമാക്കിയതുമാണ്.

**വിഭാഗം B: സഭാ സ്ഥാപനം**

1. **നാം എന്തുകൊണ്ട് സഭകൾ സ്ഥാപിക്കണം?**

ശിഷ്യരാക്കിക്കൊൾവിൻ എന്ന കർത്താവിൻറെ മഹാനിയോഗം നിറവേറ്റുന്നതിനായി നാം സഭ സ്ഥാപിക്കണം. സഭയോടുള്ള ബന്ധത്തിൽ മാത്രം നിവർത്തിക്കപ്പെടാവുന്ന മഹാനിയോഗത്തിൻറെ വിവിധ ചുവടുകളാണ് ഇനി ചേർത്തിരിക്കുന്നത്.

- പോകുക
- സുവിശേഷം പ്രസംഗിക്കുക
- സ്നാനപ്പെടുത്തുക
- ശിഷ്യരാക്കുക
- അനുസരിക്കാൻ പഠിപ്പിക്കുക

ദൈവത്തിൻറെ മഹത്വത്തെ ലോകത്തിനു വെളിപ്പെടുത്തുവാനുള്ള പദ്ധതിയാണ് സഭ. ലോകത്തെവിടെയെല്ലാം സുവിശേഷം പ്രസംഗിക്കപ്പെട്ടുവോ അവിടെയെല്ലാം സഭകൾ സ്ഥാപിക്കുകവഴി അപ്പൊസ്തലന്മാർ യേശുവിൻറെ മഹാനിയോഗ കല്പനയെ അനുസരിച്ചു. ശിഷ്യന്മാരെ ഉളവാക്കിയെടുക്കുന്ന പണിശാലയാണ് സഭ. സഭയില്ലെങ്കിൽ പിന്നെ എവിടെയാണ് ശിഷ്യരെ ഉളവാക്കുവാൻ കഴിയുക.

*"പുതിയ സഭകൾ സ്ഥാപിക്കുക എന്നതാണ് ആകാശത്തിനു കീഴുള്ള ഏറ്റവും ഫലപ്രദമായ സുവിശേഷീകരണ രീതി." -പീറ്റർ വാഗ്നർ.*

2. **എവിടെയാണ് സഭകൾ സ്ഥാപിക്കേണ്ടത്?**

a. സഭയില്ലാത്തിടത്ത് സഭ സ്ഥാപിക്കുന്നതിനായിരിക്കണം മുൻഗണന (റോമർ 15:20)
b. സഭകൾ ഇല്ലാത്ത ജനതകൾ, ഭാഷാവിഭാഗങ്ങൾ/സമൂഹം എന്നിവിടങ്ങളിലാണ് സഭ സ്ഥാപിക്കേണ്ടത്
c. നിലവിലുള്ള സഭകൾ തങ്ങളുടെ ദൗത്യം നിർവ്വഹിക്കുന്നില്ലെങ്കിൽ ആ സ്ഥലങ്ങളിലും സഭസ്ഥാപിക്കണം.

**മുന്നറിയിപ്പ്:** വളരെ സൂക്ഷ്മതയോടെ തീരുമാനം കൈക്കൊള്ളുക.
സഭാ സ്ഥാപനത്തിനുള്ള സ്ഥലം തെരഞ്ഞെടുക്കുന്നതിന് മുമ്പ് പരിഗണിക്കേണ്ട ചില ഉദ്ധരിണികളാണ് ചുവടെ കൊടുത്തിരിക്കുന്നത്.
"ദൈവ വചനത്തെക്കുറിച്ചോ യേശുക്രിസ്തുവിനെക്കുറിച്ചോ യാതൊരു അറിവുമില്ലാത്ത കോടിക്കണക്കിനു ജനം ഈ ലോകത്തുള്ളപ്പോൾ ഇവ രണ്ടും ഉള്ളവർക്കായി എൻറെ സമയവും ഊർജ്ജവും ചെലവിടുവാൻ എനിക്ക് സാധ്യമല്ല" - J. L. Ewen.
"ജ്വലിക്കുന്നതിനായി എനിക്ക് ഒരു ജീവതിരിയേ ഉള്ളൂ. അത് പ്രകാശപൂരിതമായ ഒരിടത്തല്ല ഇരുളടഞ്ഞ ഒരു ദേശത്ത് മാത്രമേ ഞാൻ ജ്വലിപ്പിക്കൂ." – Keith Falconer

**3. ഒരു ക്രൈസ്തവ രാജ്യത്ത് ധാരാളം സഭകൾ സ്ഥാപിക്കേണ്ടതുണ്ടോ?**

റോമൻ കത്തോലിക്ക സഭാംഗമായ റ്റിം കെല്ലർ പറയുന്നത്: "ഒരു ക്രിസ്തീയ രാജ്യത്തിന് ക്രിസ്തീയമായി തുടരണമെങ്കിൽ നാം സഭകൾ സ്ഥാപിക്കുന്നത് തുടർന്നേ മതിയാവൂ." ഒരു രാജ്യത്തോ പ്രദേശത്തോ സഭകൾ സ്ഥാപിക്കപ്പെടേണ്ടത് ആ ദേശം ക്രിസ്തീയമായി തുടരുന്നതിന് അനിവാര്യമാണ്. കാരണം, നിലവിലുള്ള സഭകൾക്ക് കാലക്രമേണ അതിൻറെ പ്രസക്തി നഷ്ടപ്പെടുന്നു. പുതിയ സഭകൾക്ക് പഴയ സഭകളേക്കാൾ വീര്യവും സ്വാധീനവുമുണ്ടായിരിക്കും. പ്രാദേശിക മിഷനെയും ആഗോള മിഷനെയും സന്തുലിതമായി എങ്ങനെ കൊണ്ടുപോകാമെന്ന് ഓരോ സഭയും പഠിക്കേണ്ടതുണ്ട്. ആഗോള മിഷനിൽ നിങ്ങൾക്ക് എങ്ങനെ ഭാഗഭാക്കാകാം എന്ന കാര്യം ശ്രദ്ധയോടെ പരിഗണിക്കണം.

**4. ആരാണ് സഭ സ്ഥാപിക്കേണ്ടത്? ആർക്കാണ് അതിനു കഴിയുക?**

- ആരോഗ്യമുള്ള സഭയായി നിലനില്ക്കണമെങ്കിൽ ശക്തമായ സഭകളെല്ലാം പുതുസഭകൾ സ്ഥാപിക്കണം
- ഓരോ വിശ്വാസിയും - ഓരോ വിശ്വാസിയും സഭ സ്ഥാപിക്കാൻ യോഗ്യരാണ്
- ഓരോ വിശ്വാസിയും ഒരു ശിഷ്യൻ
- ഓരോ ശിഷ്യനും ശിഷ്യരെ ഉളവാക്കുന്നവൻ ഓരോ വിശ്വാസിയുടെയും ഭവനം - ഒരു സഭ
- ഓരോ സഭയും പരിശീലന കേന്ദ്രം

**5. ഒരു സഭാസ്ഥാപകനു വേണ്ട യോഗ്യതകൾ എന്തെല്ലാം?**

ആഴത്തിൽ സമർപ്പണമുള്ളതും മറ്റു ശിഷ്യന്മാരെ ഉളവാക്കുന്നതുമായ ഒരു ശിഷ്യൻ ആയിരിക്കുക എന്നതാണ് ഒരു സഭാസ്ഥാപകൻറെ അടിസ്ഥാന യോഗ്യത. മറ്റെല്ലാ യോഗ്യതകളും ഇതിനുശേഷം വരുന്നതാണ്. ദൈവത്തിൻറെ ഒരു ദാസൻ എന്ന പദവിക്ക് ചേരുന്നതായ ജീവിതമുള്ള വ്യക്തിയായിരിക്കണം ഒരു സഭാസ്ഥാപകൻ. മറ്റുള്ളവരെ ശിഷ്യത്വത്തിലേക്കു നയിക്കുവാൻ തക്ക ആത്മിക പക്വത ദൈവവചനത്തിൽ നിന്നും ആർജ്ജിച്ച ഒരുവനായിരിക്കണം സഭ സ്ഥാപിക്കേണ്ടത്.

**6. സഭ സ്ഥാപിക്കുമ്പോൾ സ്വീകരിക്കേണ്ട മാതൃകകൾ ഏതെല്ലാമാണ്?**

സഭ വലിയതായാലും ചെറിയതായാലും ദൈവത്തിന് ഉപയോഗിപ്പാൻ കഴിയും. അഭിരുചികൾ, ഇഷ്ടാനിഷ്ടങ്ങൾ എന്നീ കാര്യങ്ങളിൽ നാം എല്ലാവരും വ്യത്യസ്തരാണ്. ലോകത്തിലുള്ള എല്ലാവരുടെയും അഭിരുചിക്ക് അനുയോജ്യമായ ഒരു സഭ സ്ഥാപിക്കുവാൻ നമുക്ക് കഴിയില്ല. ഏതു മാതൃകയിലുള്ള സഭയായാലും ദൈവം ആഗ്രഹിക്കുന്നത് ആരോഗ്യമുള്ളതും മറ്റു സഭകളെ സൃഷ്ടിക്കുവാൻ കഴിവുള്ളതും ശക്തവുമായ സഭയാണ് ദൈവം ആഗ്രഹിക്കുന്നത്.

**a. മഹാനിയോഗത്തിൻറെ പശ്ചാത്തലത്തിൽ സഭയുടെ മാതൃകകൾ**

കർത്താവ് നല്കിയ മഹാനിയോഗം പൂർത്തീകരിക്കുന്നതിന് നാം എപ്രകാരമുള്ള സഭകളാണ്, പ്രത്യേകിച്ച് പുതിയ സ്ഥലങ്ങളിൽ, നാം സ്ഥാപിക്കുന്നത് എന്ന് നാം ശ്രദ്ധയോടെ തീരുമാനിക്കേണ്ടിയിരിക്കുന്നു.

ടോണി & ഫെലിസിറ്റി ഡെയ്ൽ തങ്ങളുടെ പുസ്തകത്തിൽ ആനയും മുയലും പോലുള്ള സഭകളുടെ മാതൃക വർണ്ണിക്കുന്നു. നമുക്ക് ആനയുടെയും മുയലിൻറെയും 3 വർഷ വളർച്ച താരതമ്യം ചെയ്യാം.

**b. ആനയുടെ മാതൃകയിലുള്ളത്**

- ആന ഗർഭധാരണ ശേഷി 18-മത്തെ വയസ്സിലാണ് തുടങ്ങുന്നത്
- വർഷത്തിൽ നാലു തവണ മാത്രമാണ് പിടിയാനയ്ക്ക് പ്രജനനശേഷി ഉണ്ടാകുന്നത്

- ആനയുടെ ഗർഭകാലം 22 മാസമാണ്
- ഒരു പ്രസവത്തിനുള്ള സാധ്യത ഏകദേശം 21-22 വയസ്സിലാണ്.
- ഒരു ആനയുടെ ശരാശരി ഭാരം 5,500 കിലോഗ്രാമാണ്.
- മൂന്നു വർഷം കൊണ്ട് ആകെ 16,500 കിലോഗ്രാം മാംസം ഉണ്ടാകുന്നു.

**c. മുയലിൻറെ മാതൃകയിലുള്ളത്**

- നാലാം മാസത്തിൽ മുയൽ പ്രസവിച്ചു തുടങ്ങുന്നു.
- വർഷത്തിലുടനീളം പ്രജനനശേഷി നിലനിർത്തുന്നു
- ഒരു പ്രസവത്തിൽ ശരാശരി 7 കുഞ്ഞുങ്ങൾ
- ഗർഭകാലം ഒരു മാസം മാത്രം
- പ്രസവശേഷം ഉടനെതന്നെ വീണ്ടും പ്രസവം ധരിക്കുന്നു
- 3 വർഷം കൊണ്ട് 4,76,000,000 കുഞ്ഞുങ്ങൾ
- ഒരു മുയലിന് ഒരു കിലോ ഇറച്ചി കണക്കാക്കിയാൽ മൂന്നു വർഷം കൊണ്ട് 4,76,000,000 കിലോഗ്രാം മുയലിറച്ചി!

**d. മഹാനിയോഗ പൂർത്തീകരണ പശ്ചാത്തലത്തിൽ ഏതുതരം സഭയാണ് നാം സ്ഥാപിക്കുവാൻ കൂടുതൽ അവലംബിക്കേണ്ടത്?**

മുയലിനെപ്പോലെയോ ആനയെപ്പോലെയോ എന്നു നിങ്ങൾക്കു തീരുമാനിക്കാം.
ആനയെ സംരക്ഷിക്കുന്നത് ഏറെ ശ്രമകരവും ചെലവേറിയതുമായ കാര്യമാണ്. ആന പെറ്റുപെരുകുന്നതും വളരെ സാവധാനമാണ്. അതേസമയം, മുയലിനെ വളർത്തുന്നത് അനായസകരവും ചെലവുകുറഞ്ഞതുമായ കാര്യമാണ്. അതിൻറെ വംശവർദ്ധന അതിവേഗത്തിലുമാണ്.
ഓരോ രീതിക്കും അതിൻറേതായ ഗുണവും ദോഷവും ഉണ്ട്. അതുകൊണ്ട് ഒന്നു മറ്റൊന്നിലും നല്ലത് എന്നു നാം വിധിക്കേണ്ടതില്ല. എങ്കിലും "ചെറുതാണ് വലുത്" എന്ന വസ്തുതയാണ് ഞങ്ങൾ ഊന്നിപ്പറയുവാൻ ആഗ്രഹിക്കുന്നത്.

ചെറിയ സഭകൾക്കുള്ള ഗുണങ്ങൾ ഇവയാണ്:

- ആഴത്തിലുള്ള കൂട്ടായ്മ,
- വേഗത്തിലുള്ള വളർച്ച,
- ആഴമേറിയ ശിഷ്യത്വം.

വലിയ സഭകൾക്കാകട്ടെ,

- കൂടുതൽ സ്ഥല സൗകര്യങ്ങൾ,
- പ്രത്യേക ജനവിഭാഗങ്ങളുടെ ഇടയിൽ പ്രവർത്തനത്തിനുള്ള സാധ്യതകൾ,
- വിവിധ താലന്തുകളുള്ള നേതൃത്വനിര,
- ആഗോള സുവിശേഷീകരണത്തിലുള്ള അധിക പങ്കാളിത്തം.

നിലവിലുള്ളത് ഒരു വലിയ സഭയാണെങ്കിൽ അതിനെ സെൽഗ്രൂപ്പുകളായും ഭവനസഭകളായും വികേന്ദ്രീകരിക്കുന്നത് ഉചിതമായിരിക്കും. അപ്രകാരം ചെയ്യുന്നതുവഴി സഭയുടെ വളർച്ചയും എണ്ണത്തിലുള്ള വർദ്ധനയും സാധ്യമാക്കപ്പെടുന്നു. ചെറു മുയലിൻറെ രീതിയിലുള്ള സ്വാഭാവികമായ വർദ്ധനവ് ചെറിയ യൂണിറ്റുകളിലാണ് കൂടുതൽ എളുപ്പം നടക്കുന്നത്. എണ്ണത്തിലെ വർദ്ധനവ് മാത്രമല്ല അർത്ഥവത്തായ ശിഷ്യത്വവും ചെറിയ യൂണിറ്റുകളിൽ സാധ്യമാകുന്നു.

**ശരിയായ ജനിതക (DNA) ഗുണങ്ങളോടുകൂടെയുള്ള വിശ്വാസികളെക്കൊണ്ട് എല്ലാ സഭ കളും എണ്ണത്തിൽ പെരുകണമെന്നും വർദ്ധിച്ചു വരണമെന്നും ശിഷ്യന്മാരെ ഉളവാക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു.**

**e. സ്വഭാവേനയുള്ള സഭാ വർദ്ധനവ് എങ്ങനെ സാധ്യമാക്കാം?**

വർദ്ധനവിനുള്ള ജനിതക ഗുണം ഉള്ളിൽ ഉണ്ടെങ്കിൽ മാത്രമേ ഓരോ സഭയ്ക്കും ചെറുകൂട്ട ങ്ങൾക്കും വർദ്ധനവ് സാധ്യമാകൂ. ശരിയായ ജനിതിക ഘടനയുള്ള സഭ മാത്രമേ എണ്ണത്തിൽപെരുകൂ. **നക്ഷത്ര മത്സ്യം/നീരാളി** മാതൃകയിലുള്ള സഭാ വളർച്ച. ഈ രണ്ടു സമുദ്രജീവികളെയും താരതമ്യം ചെയ്താൽ സഭാ വളർച്ചയ്ക്ക് നല്ല ഒരു ഉദാഹരണം ലഭിക്കും.

**നക്ഷത്രമത്സ്യത്തിന്** 5 മുതൽ 8 വരെ കരങ്ങളുണ്ട്. ഓരോ കരവും മുറിച്ചാൽ അതിൽ നിന്നും പുതിയ നക്ഷത്രമത്സ്യങ്ങൾ ഉണ്ടായി വരുന്നു എന്നത് ഈ ജീവിയുടെ പ്രത്യേകതയാണ്. അതായത്, നക്ഷത്രമത്സ്യത്തിൻറെ മുറിഞ്ഞു മാറുന്ന ഓരോ കരത്തിനും പൂർണ്ണതയുള്ള മറ്റൊരു നക്ഷത്രമത്സ്യത്തെ പുറപ്പെടുവിക്കാനുള്ള കഴിവ് ഉണ്ട്.

നേരേമറിച്ച്, **നീരാളിക്ക്** 8 കരങ്ങളുണ്ട്. അവയിൽ ഒന്നു മുറിച്ചു മാറ്റിയാൽ അവിടെ മറ്റൊരു കൈ വളർന്നു വരും. എന്നാൽ മറ്റൊരു നീരാളിയെ സൃഷ്ടിക്കാൻ അവയ്ക്കു കഴിയില്ല. പുതിയനിയമ സഭ നക്ഷത്ര മത്സ്യം പോലെ ആണ്. അവർ എവിടെയെല്ലാം ചിതറിപ്പോയോ അവിടെയെല്ലാം സുവിശേഷം സാക്ഷിക്കയും പുതിയ സഭകൾ രൂപപ്പെടുകയും ചെയ്തു.

- ഈ രണ്ടു ജീവികളുമായുള്ള താരതമ്യത്തിൽ നിങ്ങളുടെ സഭ എപ്രകാരമുള്ളതാണ്?
- നിങ്ങളുടെ സഭ നക്ഷത്രമത്സ്യത്തെപ്പോലെയുള്ളതോ അതോ നീരാളിയുടെ സ്വഭാവമുള്ളതോ? നിങ്ങളുടെ സഭയിലെ ഒരു വിശ്വാസി ദൂരത്തേക്കു മാറേണ്ടി വന്നാൽ നക്ഷത്രമത്സ്യത്തെപ്പോലെ പുതിയ സഭ അവിടെ ഉടലെടുക്കുമോ അതോനീരാളിയുടെ കരം പോലെ ഇല്ലാതായിത്തീരുമോ?
- ഒരു സഭാംഗം പുറത്തുപോകുന്നത് പുതിയ സഭയുടെ രൂപീകകരണത്തിലേക്ക് നയിക്കുമോ അതോ ആ ഒരാളില്ലെങ്കിലും സഭ നടന്നുപോകും എന്ന മനോഭാവമാണോ?

**f. പുതിയ ഒരു സഭ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ എന്തെല്ലാമാണ്?**

കർത്താവിൻറെ മഹാനിയോഗത്തോടുള്ള ബന്ധത്തിൽ നാം "നാലു വയൽ" സാദൃശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. അതിലെ ഓരോ പടിയും സഭാ സ്ഥാപനത്തോടു ബന്ധപ്പെട്ടതാണ്. വയെ നമുക്കിപ്രകാരം സംഗ്രഹിക്കാം.

1. ഒരു തരിശു വയൽ തെരഞ്ഞെടുക്കുക. ആ വയലിനെക്കുറിച്ച് ദർശനം വളർത്തിയെടുക്കുക
2. ആ ശൂന്യവയലിനെ നന്നായി നിരീക്ഷിക്കുക; ഒരുക്കിയെടുക്കുക
3. പ്രാർത്ഥനയോ പ്രാർത്ഥനാ നടത്തമോ മറ്റേതെങ്കിലുമോ പ്രവേശന തന്ത്രം പ്രയോഗിക്കുക
4. അവിടെ ഒരു സമാധാനപുത്രനെ കണ്ടെത്തുക
5. സുവിശേഷം അവതരിപ്പിക്കുന്നതിന് അനുയോജ്യമായ രീതി കണ്ടെത്തുക
6. സുവിശേഷത്തോടുള്ള പ്രതികരണം- ജനത്തെ രക്ഷയിലേക്കു നടത്തുക
7. മുഴുവൻ കുടുംബത്തെയും ഉൾപ്പെടുത്തുന്ന ശിഷ്യത്വ പ്രക്രിയ ആരംഭിക്കുക
8. പെരുകുന്നതിനുള്ള ആന്തരിക ഘടനയുള്ള സഭ സ്ഥാപിക്കുക
9. ഭവനസഭയുടെ നേതൃത്വത്തിലേക്ക് ഒരു സമാധാനപുത്രനെ കൊണ്ടുവരിക
10. ശിഷ്യത്വ പരിശീലന കേന്ദ്രമായി സഭയെ രൂപപ്പെടുത്തിയെടുക്കുക.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ**

1.സഭകളെക്കുറിച്ച് ഈ അദ്ധ്യായത്തിൽ എന്തെല്ലാമാണ് പഠിച്ചത്?

2.സഭാ വളർച്ചയ്ക്ക് എപ്രകാരമുള്ള ഒരു രീതിയാണ് നിങ്ങൾ അവലംബിക്കുക?

3. നിങ്ങൾ ഒരു സഭ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആ അനുഭവങ്ങങ്ങൾ പങ്കിട്ടു ചർച്ച ചെയ്യുക?

**മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T.Christians)**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാനും ഞങ്ങൾ നിർദ്ദേശിക്കുന്നു.

(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)

"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."

2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 15

## സുവിശേഷത്തിൻറെ സ്വാധീനം: സഭാരൂപീകരണം (ഭാഗം 2)

**ഉദ്ദേശ്യം:**

- സമൂഹത്തിൽ സ്വാധീനം ചെലുത്തുവാൻ പ്രാപ്തിയുള്ള, ആരോഗ്യമുള്ള സഭ സ്ഥാപിക്കുന്നതെങ്ങനെ എന്നു പഠിതാവ് മനസ്സിലാക്കുവാൻ സഹായിക്കേണ്ടതിന്
- സഭയ്ക്ക് ഒരു സമൂഹത്തെ എങ്ങനെ സ്വാധീനിക്കാൻ കഴിയും എന്നു പഠിക്കുവാൻ

**പ്രധാന വാക്യങ്ങൾ:**

**അപ്പൊസ്തല പ്രവൃത്തികൾ 2:42-47**

"അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥനകഴിച്ചും പോന്നു. എല്ലാവർക്കും ഭയമായി; അപ്പൊസ്തലന്മാരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്ന് സകലവും പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവനു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും സകല ജനത്തിൻറെയും കൃപ അനുഭവിക്കയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെട്ടവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു."

**അപ്പൊസ്തല പ്രവൃത്തികൾ 13:1-3**

"അന്ത്യൊക്യയിലെ സഭയിൽ ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവോടുകൂടെ വളർന്ന മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു. അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചുംകൊണ്ടിരിക്കുമ്പോൾ: ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലക്കായിട്ടു അവരെ എനിക്കായി വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവു പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെമേൽ കൈവെച്ചു പ്രാർത്ഥിച്ചു അവരെ പറഞ്ഞയച്ചു."

**മത്തായി 5:14-16**

"നിങ്ങൾ ലോകത്തിൻറെ വെളിച്ചം ആകുന്നു; മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കു കത്തിച്ചു പറയിൻകീഴെ അല്ല തണ്ടിന്മേൽ അത്രെ വെക്കുന്നത്; അപ്പോൾ അത് വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**

രണ്ടു അടിസ്ഥാന കാര്യങ്ങൾ നാം ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യും.

**A. നിങ്ങളുടെ സമൂഹത്തെ സ്വാധീനിക്കുവാൻ പ്രാപ്തിയുള്ള സഭ എങ്ങനെ സ്ഥാപിക്കാം?**

കേവലം ഒരു സഭ എന്നതിനേക്കാൾ ആരോഗ്യമുള്ളതും സ്വാധീനമുള്ളതും പെരുകി വർദ്ധിക്കുന്നതുമായ ഒരു സഭയെ സ്ഥാപിക്കുന്നതാണ് അധികം പ്രധാനപ്പെട്ടത്.

**B. ഒരു സമൂഹത്തെ സഭ എങ്ങനെയാണ് സ്വാധീനിക്കുന്നത്?**

ഭൂമിയുടെ ഉപ്പും ലോകത്തിനു വെളിച്ചവുമായി ആരോഗ്യമുള്ള ഒരു സഭ തൽസമൂഹത്തിൽ വാസ്തവമായി അനുഗ്രഹമായി മാറണം.

## C. ആരോഗ്യമുള്ള ഒരു സഭയെ എങ്ങനെ തിരിച്ചറിയാം?

വേദപുസ്തകത്തിലെ ചില ഭാഗങ്ങളിൽ നിന്നും ആരോഗ്യമുള്ള ഒരു മാതൃകാസഭയുടെ ഗുണവിശേഷങ്ങൾ എന്തെല്ലാമെന്ന നമുക്ക് പരിശോധിക്കാം.

### 1. ആരോഗ്യമുള്ള സഭ പണിയുന്ന - യെരുശലേം സഭയുടെ മാതൃക (അപ്പൊ.പ്ര. 2:42-47)

കഴിഞ്ഞ അദ്ധ്യായങ്ങളിൽ ഈ വിഷയം നാം വിശദമായി കണ്ടതാണ്. എങ്കിലും നമുക്ക് യെരുശലേം സഭയുടെ മാതൃക ഒന്നു കൂടെ ഈ അദ്ധ്യായത്തിൽ വിശദീകരിക്കാം.

**a. അപ്പൊസ്തല പ്രവൃത്തികൾ 2:42-47 പ്രകാരമുള്ള ഒരു മാതൃകാ സഭ**

1.അപ്പൊസ്തലിക ഉപദേശമുള്ള സഭ
2. തമ്മിൽ തമ്മിൽ കൂട്ടായ്മ ഉള്ള സഭ
3. അപ്പം നുറുക്കലും കർത്തൃമേശയും ആചരിക്കുന്ന സഭ
4. പ്രാർത്ഥിക്കുന്ന സഭ
5. അത്ഭുതങ്ങളും അടയാളങ്ങളും കാണപ്പെടുന്ന സഭ
6. തങ്ങളുടെ വിഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കുന്ന സഭ
7. ഭവനത്തിലും ദൈവാലയാങ്കണത്തിലും ക്രമമായ കൂടിവരവുള്ള സഭ
8. സ്തുതിയും ആരാധനയുമുള്ള സഭ
9. സകല മനുഷ്യരുടെയും പ്രീതിക്കു പാത്രമായ സഭ
10. വളർച്ചയുള്ളതും എണ്ണത്തിൽ പെരുകുന്നതുമായ സഭ (അപ്പൊ. പ്ര. 9:31; 16:5)

**b. അപ്പൊസ്തല പ്രവൃത്തികൾ 13:1-3 പ്രകാരമുള്ള മാതൃകാ സഭയുടെ ഗുണവിശേഷങ്ങൾ**

1. ദൈവഭക്തരായ മൂപ്പന്മാരും പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരുടെയും നേതൃത്വമുള്ള സഭ
2. ആരാധിക്കുന്ന സഭ
3. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സഭ
4. ഉപവസിക്കയും പ്രാർത്ഥിക്കയും ചെയ്യുന്ന സഭ
5. സുവിശേഷകരെ അയക്കുന്ന സഭ

**c. ഒരു മാതൃകാ സഭയുടെ മറ്റ് ലക്ഷണങ്ങൾ:**

1. ശിഷ്യരെ ഉളവാക്കുന്ന സഭ (അപ്പൊ.പ്ര. 6:7)
2. സമ്പത്തു പങ്കിടുന്ന സഭ (മക്കോദന്യയിലെ സഭ - 2 കൊരിന്ത്യർ 8:1-3)
3. കരുതലുള്ള സഭ (എഫെസ്യർ 6:21-24)
4. ദാനധർമ്മം ചെയ്യുന്ന സഭ (2 കൊരിന്ത്യർ 8:1-2)

### 2. ഒരു മാതൃകാ സഭ എപ്രകാരമുള്ളതായിരിക്കണം (ഗ്രൂപ്പുകളിലെ ചർച്ചയ്ക്ക്)

a) മേൽപറഞ്ഞ വേദഭാഗങ്ങളുടെ വെളിച്ചത്തിൽ ഒരു മാതൃകാ സഭയുടെ സവിശേഷതകളുടെ സമഗ്രമായ ഒരു പട്ടിക തയ്യാറാക്കുക
b) മറ്റെന്തിങ്കിലും ഇതിനോടു കൂട്ടിച്ചേർക്കുവാനുണ്ടോ?
c) ഈ പറയപ്പെട്ട സവിശേഷതകളുടെ പശ്ചാത്തലത്തിൽ നിങ്ങളുടെ സഭ എപ്രകാരമുള്ളതാണ്?
d) നിങ്ങളുടെ സഭയുടെ ആരോഗ്യസ്ഥിതി വിലയിരുത്തുക
e) നിങ്ങളുടെ സഭയെ എങ്ങനെ ശക്തിയുള്ളതും ആരോഗ്യമുള്ളതുമാക്കി മാറ്റാം?

### 3. സഭയിലെ ആരാധന എങ്ങനെ ആയിരിക്കണം? പങ്കാളിത്തമുള്ള സഭ

പുതിയനിയമ സഭ അതിലെ അംഗങ്ങൾക്കും പങ്കാളിത്തം ഉള്ള സഭയാണ് (1 കൊരിന്ത്യർ 14:26) "ആകയാൽ എന്ത്? സഹോദരന്മാരേ, നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തനു സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപ്പാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലവും ആത്മിക വർദ്ധനെക്കായി ഉതകട്ടെ."

**4. എപ്പോഴൊക്കെയാണ് സഭ കൂടിവരേണ്ടത്?**

a. സാധ്യമായ വേളയിലെല്ലാം
b. ഭവനങ്ങളിലെ കൂട്ടായ്മ-ദിനംതോറും
c. ആരാധനയുടെ ആഘോഷം -ദൈവാലയങ്ങളിൽ/ഹാളുകളിൽ -ശലോമോൻറെ മണ്ഡപത്തിൽ, ദൈവാലയാങ്കണത്തിൽ

**5. ഒരു സഭ എന്നു വിളിക്കപ്പെടുവാൻ കുറഞ്ഞത് എത്ര അംഗങ്ങളുണ്ടാകണം?**
യേശു പറഞ്ഞു, "രണ്ടോ മൂന്നോ പേർ എൻറെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്" (മത്തായി 18:20).

ഒരു മനുഷ്യൻറെ ജീവൻ ആരംഭിക്കുന്നത് **രണ്ടു ചെറിയ കോശങ്ങൾ കൂടിച്ചേരുകയും തുടർന്ന് അത് പിന്നീട് പെരുകി വർദ്ധിച്ചു വരികയും ചെയ്യുന്ന പ്രക്രിയയിലൂടെയാണ്.** ജീവൻറെ ആരംഭം ലളിതമാണെങ്കിലും കാലക്രമത്തിൽ അത് വളരെ സങ്കീർണ്ണമായ അവസ്ഥയിലേക്ക് വളരുന്നു. സ്വയം നിലനില്ക്കുവാനും വർദ്ധിച്ചു പെരുകുവാനുമുള്ള കഴിവ് അത് കൈവരിക്കുന്നു. അതുപോലെ ഒരു ഭവനസഭ എന്നത് ആരംഭത്തിൽ ലളിതം എന്നു തോന്നുമെങ്കിലും വളരെ അംഗങ്ങളുള്ളതും ശക്തവുമായ ഒരു സഭയായി വളരുവാനുള്ള പ്രാപ്തി അതിൽ അന്തർലീനമായിട്ടുണ്ട്. ശൈശവാവസ്ഥയിൽ അതിന് ലഭിക്കുന്ന പരിരക്ഷയെ ആശ്രയിച്ചിരിക്കും അതിൻറെ വളർച്ചയും വികസനവും.

"അല്പകാര്യങ്ങളുടെ ദിവസത്തെ ആർ തുച്ഛീകരിക്കുന്നു? സർവ്വഭൂമിയിലും ഊടാടി സഞ്ചരിക്കുന്ന യഹോവയുടെ ഈ ഏഴു കണ്ണു സെരുബ്ബാബേലിൻറെ കയ്യിലുള്ള തൂക്കുകട്ട കണ്ടു സന്തോഷിക്കുന്നു." (സെഖര്യാവ് 4:10).

നമ്മിൽ ചിലർ നടുന്നു, മറ്റു ചിലർ നനെക്കുന്നു, എന്നാൽ കർത്താവത്രേ വളരുമാറാക്കുന്നത്.
"ഞാൻ നട്ടു, അപ്പൊല്ലോസ് നനെച്ചു, ദൈവമത്രേ വളരുമാറാക്കിയത്" (1 കൊരിന്ത്യർ 4:6)
സഭയുടെ വലിപ്പമല്ല, സഭയിൽ എന്തു നടക്കുന്നു എന്നതാണ് ഏറെ പ്രധാനം.

**6. "സഞ്ചി" സഭ (Pouch Church)**
ചൈനയിലെ ഭവനസഭ പ്രസ്ഥാനത്തെ "സഞ്ചി സഭ" എന്നു വിശേഷിപ്പിച്ചിരിക്കുന്നു.
a. അംഗങ്ങളുടെ പങ്കാളിത്തം
b. അനുസരണത്തിന് പ്രാധാന്യം
c. പ്രതിഫലം വാങ്ങാത്ത ശുശ്രൂഷകർ
d. ചെറിയ സെൽ ഗ്രൂപ്പുകൾ
e. ഭവന സഭകൾ

**7. സഭാ നേതൃത്വം**

1. പാസ്റ്റർ-ഇടയൻ-ആട്ടിൻപറ്റത്തെ മേച്ചിൽപ്പുറത്തേക്ക് നയിക്കുന്നു (എഫെ. 4:11; 1 പത്രൊ. 5:2-3)
2. മൂപ്പൻ (തീത്തൊസ് 1:5-6)
3. മേൽനോട്ടക്കാരൻ (തീത്തൊസ് 1:9)
4. ഡീക്കൻ (ഫിലിപ്പ്യർ 1:1) - സഭയിൽ ശുശ്രൂഷക്കാരൻ (അപ്പൊ.പ്ര. 6:3-4)
5.മുതൽ സൂക്ഷിപ്പുകാരൻ - സഭയുടെ പണം സൂക്ഷിക്കുന്നു

**8. ഗൗളിയും തവളയും പോലെയുള്ള സഭകൾ (സജീവസഭ; നിഷ്ക്രിയ സഭ)**
ഗൗളി (പല്ലി) വളരെ ഊർജ്ജസ്വലതയുള്ള ജീവിയാണ്. ഇരയ്ക്കുവേണ്ടി കാത്തിരിക്കുകയല്ല മറിച്ച് ഇരയുള്ളിടം തേടി കണ്ടെത്തി ഇരപിടിക്കുന്ന സ്വഭാവമാണ് അതിന്. തൻറെ അടുത്തേക്ക് "വരുവാൻ" കാത്തിരിക്കാത്ത, "പോകുവാൻ" തയ്യാറുള്ള ഇനത്തിൽ പെട്ടതാണ് അത്.
എന്നാൽ തവള അങ്ങനെയല്ല. തവളെ ശ്രദ്ധിച്ചാൽ അത് ഒരു മടിയനാണെന്നു തോന്നാം. അത്

ഇരതേടി പുറപ്പെടുകയില്ല. ഇര മുന്നിൽ പെടാൻ ഒരിടത്തു കാത്തിരിക്കുന്ന ഇനമാണ് അത്. ഗൗളിയുമായി താരതമ്യം ചെയ്താൽ തവള "ഇങ്ങോട്ടു വരിക" ഇനത്തിൽ പെട്ട ജീവിയാണ്. നമുക്ക് എങ്ങനെയുള്ള സഭയാണ് ആവശ്യം? ഗൗളി ഇനത്തിൽ പെട്ടതോ തവള ഇനത്തിൽ പെട്ടതോ? ശിഷ്യന്മാരെ ഉണ്ടാക്കുന്നതിനായുള്ള കർത്താവിൻറെ നിയോഗം വളരെ വ്യക്തമാണ്. "പുറപ്പെട്ടു പോകുക."

## 9. ഒരു സഭയ്ക്ക് എങ്ങനെ സമൂഹത്തെ സ്വാധീനിക്കുവാൻ കഴിയും?

ഏതാണ്ട് എ.ഡി. 30 ലാണ് കർത്താവ് ക്രൂശിക്കപ്പെട്ട്, മരിച്ച്, ഉയിർത്തെഴുന്നേറ്റത്. 50 ദിവസങ്ങൾക്കു ശേഷം കർത്താവിൻറെ ശിഷ്യന്മാർ പ്രാർത്ഥിച്ചുകൊണ്ട് കാത്തിരുന്നപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വരികയും അവർ അറിയാത്ത ഭാഷകളിൽ സംസാരിക്കയും ചെയ്തു. യേശുവിനെ മശിഹാ എന്നു തെളിയിച്ചുകൊണ്ട് പത്രൊസ് അന്നു ചെയ്ത പ്രസംഗം കേട്ട് 3000 പേർ കർത്താവിൽ വിശ്വസിക്കുവാൻ തീരുമാനം കൈക്കൊണ്ടു. അടുത്ത 70 വർഷങ്ങൾക്കുള്ളിൽ റോമാ സാമ്രാജ്യത്തിൻറെ മുക്കിലും മൂലയിലും കർത്താവിൻറെ സുവിശേഷ സന്ദേശം എത്തിച്ചേർന്നു.

## 10. റോമാ സാമ്രാജ്യത്തിൽ മശിഹായുടെ അനുഗാമികൾക്ക് എന്തായിരുന്നു സ്വാധീനം?

പൗലോസിനും ശീലാസിനും എതിരായി ഉയർത്തപ്പെട്ട ആരോപണങ്ങൾ ശ്രദ്ധിക്കുക: "ഭൂലോകത്തെ കലഹിപ്പിച്ചവർ ഇവിടെയും എത്തി; അവർ ഒക്കെയും യേശു എന്ന മറ്റൊരുവൻ രാജാവ് എന്നു പറഞ്ഞുകൊണ്ട് കൈസരുടെ നിയമങ്ങൾക്ക് വിരോധമായി പ്രവർത്തിക്കുന്നു..." (അപ്പൊ.പ്ര. 17:6-7). കലഹിപ്പിച്ചവർ എന്നാണ് ("കീഴ്മേൽ മറിച്ചവർ" എന്ന മറ്റൊരു വിവർത്തനവും ഉണ്ട്) അവർ നിലവിളിച്ചത്. നിലവിലുണ്ടായിരുന്ന കാഴ്ചപ്പാടുകൾക്കും കീഴ്വഴക്കങ്ങൾക്കും മേൽ അവരുടെ സ്വാധീനം അത്രമേൽ ആയിരുന്നു എന്നു സാരം.

## 11. ലോകത്തിൽ സഭയുടെ സ്വാധീനം എന്തായിരിക്കണം എന്നാണ് യേശു ആഗ്രഹിക്കുന്നത്?

a. യെരുശലേം സഭയും അതിൻറെ സ്വാധീനവും
b. എഫെസോസ്/റോമൻ
c. ഫിലെമോൻറെയും ഒനേസിമൊസിൻറെയും ഉദാഹരണം
d. അന്ത്യോക്യ/ഗലാത്യ സഭകളുടെ ഉദാഹരണം

സംസ്കാരത്തിലെ സ്വാധീനത്തെക്കുറിച്ച് യേശു പഠിപ്പിച്ചത്. ലോകത്തിൽ സഭയുടെ സ്വാധീനം കാട്ടുന്നതിന് യേശു ഉപയോഗിച്ച രണ്ടു സാദൃശ്യങ്ങളാണ് ഉപ്പും വെളിച്ചവും.

**ഭൂമിയുടെ ഉപ്പ്** (മത്തായി 5:13):
ഭൂമിയുടെ ഉപ്പായിരിക്കാനുള്ള വിളിയാണ് എല്ലാ ക്രിസ്തുശിഷ്യർക്കും നല്കപ്പെട്ടിരിക്കുന്നത്. നിങ്ങളിൽ ഇപ്പോഴും ഉപ്പുരസം ഉണ്ടോ? നിങ്ങളുടെ സഭയ്ക്ക് ഉപ്പിൻറെ ഗുണമുണ്ടോ? ഒരു കറിയിൽ ഉപ്പിൻറെ സ്വാധീനം എന്താണ്? കറിയിലുള്ള മറ്റു വസ്തുക്കളെ അപേക്ഷിച്ച് ഉപ്പിൻറെ അളവ് വളരെ നിസ്സാരമാണ്. എന്നാൽ ആ ചെറിയ അംശം ഇല്ലാതെ കറി രുചികരമാകയില്ല. തൻറെ ഓരോ അനുഗാമിയിൽ നിന്നും യേശു പ്രതീക്ഷിച്ചത് ഇത്തരത്തിലുള്ള സ്വാധീനമാണ്. നമുക്ക് ചുറ്റുമുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ നാം ചെറിയ കൂട്ടമായിരിക്കും, എന്നാൽ നമ്മുടെ സാന്നിദ്ധ്യം നാം അധിവസിക്കുന്ന വലിയ സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നതാകണം.

**ലോകത്തിൻറെ വെളിച്ചം** (മത്തായി 5:14):
ആത്മികമായി അന്ധകാരം നിറഞ്ഞിരിക്കുന്ന ഇടങ്ങളിൽ വെളിച്ചങ്ങളായി ഓരോ ശിഷ്യനും **വെളിച്ചങ്ങളായി ശോഭിപ്പാൻ** യേശു വിളിച്ചിരിക്കുന്നു. നാം ലോകത്ത് ഒരു പ്രകാശം ആകുന്നുവോ?

ഇരുണ്ടമുറിയിൽ ഒരു വിളക്കിൻറെ സ്വാധീനം എന്താണ്? അതിലെ വിളക്ക് എത്ര ചെറുതായാലും അതിൻറെ സ്വാധീനം എത്ര വലുതായിരിക്കും! അത് പ്രത്യാശയും ഉറപ്പും സുരക്ഷിതത്വവും നല്കുന്നതായിരിക്കും. മാത്രമല്ല വഴി കണ്ടുപിടിക്കുന്നതിന് സഹായകവുമായിരിക്കും. ശിഷ്യന്മാർ എന്ന നിലയിൽ നാം യേശു നമ്മെ ഭരമേല്പിച്ച ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നുണ്ടോ? ഈ ലോകത്തിൽ

പ്രകാശം പരത്തുന്ന വിളക്കുകളായിട്ടാണ് കർത്താവ് നമ്മെ ആക്കിവെച്ചിരിക്കുന്നത്. നമ്മുടെ വിളക്കു ഇപ്പോഴും പ്രകാശിക്കുന്നുണ്ടോ? പാപാന്ധകാരത്തിൽ നഷ്ടപ്പെട്ടു കിടക്കുന്ന മനുഷ്യരുടെ ഹൃദയങ്ങളിലേക്ക് നാം ദൈവസ്നേഹത്തിൻറെ പ്രകാശം പരത്തുന്നുണ്ടോ? നിങ്ങളുടെ വെളിച്ചം എത്രമാത്രം ശോഭയുള്ളതാണ്?

**ഒരു ശിഷ്യൻറെ ജീവിതത്തിലെ വ്യത്യസ്തത:**
നമ്മുടെ ജീവിതവും സ്വഭാവവും നമ്മുടെ നാഥനെ പ്രതിബിംബിപ്പിക്കണം. ഈ ലോകത്തിൽ നാം "അന്യരും പരദേശികളും" ആണ്. നമ്മുടെ ദേശം ഇവിടെയല്ല. നാം ഇവിടെ അന്യരും പരദേശികളും ആകുന്നു. അതിനാൽ ജാതികളുടെ (ethnos) ഇടയിൽ നിങ്ങൾ നല്ല സ്വഭാവമുള്ളവരായിരിക്കണം. എന്തെന്നാൽ നിങ്ങളെ ദുഷിക്കുന്നവർ നിങ്ങളുടെ നല്ല നടപ്പ് കണ്ടിട്ട് സന്ദർശനത്തിൻ ആ നാളിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഇടയാകും. "ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടൊഴിഞ്ഞു കൊള്ളുവാൻ" പത്രൊസ് വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. അവിശ്വാസികളുടെ ഇടയിൽ ജീവിക്കുമ്പോൾ നാം നമ്മുടെ സ്വഭാവത്തെ കുറ്റമറ്റതും ആദരമാർജ്ജിക്കത്തക്കതും ആക്കണം. ദുഷ്പ്രവൃത്തിക്കാർ പോലും ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന് നമ്മുടെ സൽപ്രവൃത്തികൾ അവരുടെ മദ്ധ്യേ നിർമ്മലവും സ്പഷ്ടവുമായിരിക്കണം (1 പത്രൊസ് 2:11-12).

12 **സമൂഹത്തിൽ സഭയുടെ സ്വാധീനത്തിന് ഉദാഹരണങ്ങൾ**
യെരുശലേം സഭയ്ക്ക് എന്തുപറ്റി? മശിഹായുടെ അനുയായികളുടെ ജീവിതശൈലി. അപ്പൊസ്തല പ്രവൃത്തികൾ 2:42-47; 4:32-34. അപ്പൊസ്തല പ്രവൃത്തികളിൽ നാം കാണുന്ന സഭപോലെയുള്ള ഒരു പ്രസ്ഥാനത്തെ അന്നേവരെ ലോകം കണ്ടിട്ടില്ലായിരുന്നു. **ഐകമത്യപ്പെട്ട** ആ സഭ തങ്ങളുടെ സാക്ഷ്യം വളരെ **ശക്തിയോടെ വെളിപ്പെടുത്തി.**

റോമയിലെ സഭ: മനസ്സിനു പുതുക്കം വന്ന രൂപാന്തരപ്പെട്ട ജീവിതശൈലി. റോമർ 12:1-20 റോമർക്കെഴുതിയ ലേഖനം 12-13 അദ്ധ്യായങ്ങളിൽ റോമയിലെ വിശ്വാസികളെ പൗലോസ് ഉദ്ബോധിപ്പിക്കുന്നത് ദൈവത്തിന് മഹത്വം കൊടുത്തുകൊണ്ട് ഏതു സംസ്കാരത്തിലും സുവിശേഷത്തിൻറെ വെളിച്ചത്തിൽ ജീവിക്കുവാനായിട്ടാണ്. ഏതു സഭയുമാകട്ടെ, ലോകത്തെ സ്വാധിനിക്കണമെങ്കിൽ ഈ പ്രബോധനങ്ങളെ ശ്രദ്ധയോടെ കേട്ട് അനുസരിച്ചേ മതിയാകൂ. മനസ്സുപുതുക്കി രൂപാന്തരപ്പെട്ട വ്യക്തികൾക്ക് മാത്രമേ ഇത് സാദ്ധ്യമാകയുള്ളൂ.

**തെസ്സലോനിക്യ സഭ:** അപ്പൊസ്തല പ്രവൃത്തികൾ 17:1-9
ഈ സഭയുടെ സ്വാധീനം എന്താണെന്നു മനസ്സിലാകണമെങ്കിൽ ലോകം അവരെ വിശേഷിപ്പിച്ചത് എങ്ങനെ എന്നു ശ്രദ്ധിച്ചാൽ മതി; "ഭൂലോകത്തെ കീഴ്മേൽ മറിച്ചവർ!"

**എഫെസൊസ് സഭ:** അപ്പൊസ്തല പ്രവൃത്തികൾ 19:19-23
എഫെസൊസ് നഗരത്തിൻറെ ദേവതയായ അർത്തമീസ് ദേവിയുടെ നിലനില്പ് വരെ പരുങ്ങലിലാകത്തക്കവിധത്തിലുള്ള സ്വാധീനമാണ് അവിടുത്തെ സഭ ചെലുത്തിയത്.

സുവിശേഷത്തിൻറെ ഫലമായി വ്യക്തിപരമായ രൂപാന്തരവും ബന്ധങ്ങളുടെ പുനർസ്ഥാപനവുംനടക്കുന്നു. ഫിലെമോൻറെയും ഒനേസിമൊസിൻറെയും കഥയിൽ ഇതാണ് സംഭവിച്ചത്.

പൗലോസ് കാരാഗൃഹത്തിൽ കിടക്കുന്നു. കൊലൊസ്യക്കാരനും ധനാഢ്യനും വ്യവസായിയുമായിരുന്ന ഫിലെമോനാകട്ടെ പൗലോസിൻറെ ശുശ്രൂഷയാൽ, എഫെസൊസിൽ വെച്ചാകാം, മാനസാന്തരപ്പെട്ടവനായിരുന്നു. ഫിലെമോൻറെ അടുക്കൽ നിന്നും ഒളിച്ചോടിയ ഒരു അടിമയായിരുന്നു ഒനേസിമൊസ്. കാരാഗൃഹത്തിൽ വെച്ചു ഒനെസിമൊസിനോടു പൗലോസ് സുവിശേഷം പങ്കിടുകയും അവൻ രക്ഷിക്കപ്പെടുകയും ചെയ്യുന്നു. തുടർന്ന് പൗലോസ് ഒനെസിമൊസിനെ സ്വീകരിക്കണമെന്നു കാട്ടി ഒരു കത്ത് ഫിലെമൊന് എഴുതുന്നു. ഫിലെമൊനും ഒനെസിമൊസും തമ്മിലുള്ള നിരപ്പ് കേവലം സ്വാതന്ത്ര്യം മാത്രമായിരുന്നില്ല. ഫിലെമൊൻ 16 ഇങ്ങനെ വായിക്കുന്നു, "അവൻ ഇനി ദാസനല്ല,

ദാസനു മീതെ പ്രിയ സഹോദരൻ തന്നെ. അവൻ വിശേഷാൽ എനിക്ക് പ്രിയൻ എങ്കിൽ നിനക്കു ജഡസംബന്ധമായും കർത്തൃസംബന്ധമായും എത്രയധികം!"

13. <u>സഭയുടെ സ്വാധീനത്തിൻറെ പ്രകടമായ ഉദാഹരണങ്ങൾ</u>

- വിദ്യാഭ്യാസ മേഖല - സ്കൂളുകൾ, കോളജുകൾ
- പെൺകുട്ടികളുടെ വിദ്യാഭ്യാസം
- സാമൂഹിക ഉദ്ധാരണം
- ഭാഷയുടെയും വ്യാകരണത്തിൻറെയും വികസനം
- ആരോഗ്യപരിചരണം, ആരോഗ്യവിദ്യാഭ്യാസ രംഗം
- അനാഥരുടെയും വിധവമാരുടെയും സംരക്ഷണം
- നീതിന്യായ വ്യവസ്ഥയും അനുരഞ്ജനവും

**<u>ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ</u>**

1.ആരോഗ്യമുള്ള ഒരു സഭയുടെ ലക്ഷണങ്ങൾ എന്തെല്ലാമാണ്? ഈ പാഠത്തിൻറെ വെളിച്ചത്തിൽ നിങ്ങളുടെ സഭയെ വിലയിരുത്തുക

2.ലോകത്ത് ഒരു ന്യൂനപക്ഷമായ നമുക്ക് എങ്ങനെ ഭൂമിയുടെ ഉപ്പും വെളിച്ചവും ആയിരിക്കുവാൻ കഴിയും?

3. നിങ്ങളുടെ സഭയുടെ സ്വാധീനം നിങ്ങൾക്ക് എങ്ങനെ വർദ്ധിപ്പിക്കാം?

**<u>മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T.Christians)</u>**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാനും ഞങ്ങൾ നിർദ്ദേശിക്കുന്നു.

(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)

"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."

2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**<u>പ്രായോഗിക തലം</u>**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 16

## സുവിശേഷ വർദ്ധനവ്: നേതൃത്വ വികസനം (ഭാഗം 1)

**ഉദ്ദേശ്യം:**

- നേതൃത്വപരിശീലനത്തിൽ യേശുവിൻറെ മാതൃക എന്തെന്ന മനസ്സിലാക്കുക
- വ്യത്യസ്ത നേതൃത്വ സ്ഥാനങ്ങൾ തിരിച്ചറിയുക
- അടുത്ത തലമുറ നേതാക്കളെ വേദപുസ്താടിസ്ഥാനത്തിൽ എപ്രകാരം വാർത്തെടുക്കാം എന്ന മനസ്സിലാക്കുക

**പ്രധാന വാക്യങ്ങൾ:**

**എഫെസ്യർ 4:11-13**

"അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു; അത് നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിൻറെ സമ്പൂർണ്ണതയായ പ്രായത്തിൻറെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലെക്കും ക്രിസ്തുവിൻറെ ശരീരത്തിൻറെ ആത്മികവർദ്ധനെക്കും ആകുന്നു."

**ലൂക്കൊസ് 6: 12,13**

"ആ കാലത്ത് അവൻ പ്രാർത്ഥിക്കേണ്ടതിന് ഒരു മലയിൽ ചെന്നു ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു. നേരം വെളുത്തപ്പോൾ അവൻ ശിഷ്യന്മാരെ അടുക്കൽ വിളിച്ചു, അവരിൽ പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു, അവർക്ക് അപ്പൊസ്തലന്മാർ എന്നു പേർ വിളിച്ചു."

മറ്റു വേദഭാഗങ്ങൾ:

**2 തിമൊഥെയൊസ് 2:1-7**

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**

പക്വതയുള്ള നേതൃത്വ വികസനത്തിലൂടെ സുവിശേഷ വർദ്ധന എങ്ങനെ നേടാം?

ആദ്യനൂറ്റാണ്ടിലെ സഭാവളർച്ചയുടെ പിന്നിലെ രഹസ്യം "പരിശീലനം സിദ്ധിച്ച നേതൃത്വം" ആയിരുന്നു.

വിവിധങ്ങളായ നേതൃത്വത്തെക്കുറിച്ച് കുറെക്കൂടെ ആഴത്തിൽ പഠിക്കുവാനും എപ്രകാരമാണ് യേശു നേതൃത്വത്തെ വികസിപ്പിച്ചതെന്നും പരിശീലിപ്പിച്ചതെന്നും സജ്ജമാക്കിയതെന്നും ഗ്രഹിക്കുന്നതിന് ഈ അദ്ധ്യായം നമ്മെ സഹായിക്കും.

**ആ നേതാക്കളുടെ സവിശേഷതകൾ ഇവയായിരുന്നു:**

1. മഹാനിയോഗത്തോടുള്ള അർപ്പണം
2. സമ്പൂർണ്ണ അനുസരണം
3. ധൈര്യത്തോടെയുള്ള പ്രസംഗവും സഭാ സ്ഥാപിക്കലും
4. ഉപദേശങ്ങളിലൂടെ സഭയെ ബലപ്പെടുത്തി
5. നേതാക്കന്മാരെ പരിശീലിപ്പിച്ച്, വികസിപ്പിച്ചു നിയമിച്ചു (അപ്പൊ.പ്ര. 14:21-23)

ഈ വിഷയങ്ങൾ ഏറെക്കുറെ മുൻ അദ്ധ്യായങ്ങളിൽ ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞു.

**നാം ചർച്ച ചെയ്യുവാനിരിക്കുന്ന പ്രധാന വിഷയങ്ങൾ:**

1. നേതൃത്വം എന്നാൽ എന്ത്? നേതൃത്വത്തിൻറെ വിവിധ മാതൃകകൾ ഏവ?
2. യേശു എങ്ങനെയാണ് നേതാക്കന്മാരെ തെരഞ്ഞെടുത്തതും പരിശീലിപ്പിച്ചതും?
3. നേതൃത്വ പരിശീലനത്തിൻറെ വേദപുസ്തകാടിസ്ഥാനത്തിലുള്ള മാതൃക (അടുത്ത അദ്ധ്യാത്തിൽ ഇത് നാം ചർച്ച ചെയ്യും)

## 1. എന്താണ് നേതൃത്വം? നേതൃത്വത്തിൻറെ വിവിധ മാതൃകകൾ ഏവയാണ്?

ലളിതമായി പറഞ്ഞാൽ, നേതൃത്വം എന്നത് സ്വാധീനം എന്ന തന്നെയാണ്. നാം നേതാക്കളെ അളക്കുന്നന്നത് അവരുടെ സ്വാധീന ശക്തി അടിസ്ഥാനപ്പെടുത്തിയാണ്. ഡേവിഡ് ബെന്നെറ്റ് നേതൃത്വത്തെ അഞ്ചു തരങ്ങളായി തരംതിരിച്ചിരിക്കുന്നു.

a) **തരം 1:** ഏകദേശം അഞ്ചു മുതൽ പത്തു പേരേ നയിക്കുന്ന നേതാക്കൾ ഈ വിഭാഗത്തിൽ പെടുന്നു. ഇവർ സൺഡേസ്കൂൾ അധ്യാപകരോ, സ്ത്രീകളുടെ കൂട്ടായ്മയുടെ നേതാക്കളോ, ഭവനക്കൂട്ടായ്മയുടെ നേതാക്കളോ. ഭവനസഭയുടെ നേതാവോ ആകാം. ഇത്തരം നേതാക്കൾ മറ്റു ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർകൂടെ ആയിരിക്കും.
b) **തരം 2:** രണ്ടോ മൂന്നോ തരം 1 നേതാക്കളെ നയിക്കുന്നവരെ ഈ ഗണത്തിൽ പെടുത്താം. ഇവരും മറ്റു ജോലികൂടെ ചെയ്യുന്നവരായിരിക്കും.
c) **തരം 3:** ആദ്യ രണ്ടു തരത്തിൽ പെട്ട നേതാക്കളെ നയിക്കുന്നവരാണ് ഈ കൂട്ടർ. സാധാരണയായി ഇവർ സഭയിലെ പാസ്റ്റർമാരോ മൂപ്പന്മാരോ ആയ മുഴുസമയ പ്രവർത്തകരായിരിക്കും.
d) **തരം 4:** ഒന്നിലധികം തരം 3 നേതാക്കൾക്ക് നേതാക്കളായിരിക്കും ഈ വിഭാഗക്കാർ. മേഖലാ കോ ഓർഡിനേറ്റർ, മേഖലാ ഓവർസീയർ എന്നിവർ ഈ ഗണത്തിൽ വരുന്നു.
e) **തരം 5:** ആദ്യത്തെ നാലു തരത്തിൽ പെടുന്ന നേതാക്കളെയും നയിക്കുന്നവരാണ് ഈ വിഭാഗക്കാർ. ഇവർ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും സ്വാധീനം ചെലുത്തുവാൻ കഴിവുള്ളവരാണ്.

**ഒരു അവിശ്വാസിക്ക് നേതൃത്വത്തിലേക്കു വളരാനുള്ള സാധ്യതകൾ ഇപ്രകാരം സംഗ്രഹിക്കാം:**

കുറിപ്പ്: ഓരോ വിശ്വാസിയും നേതാവാകുന്നതിനും സ്വാധീനം ചെലുത്തുന്നതിനുമുള്ള കഴിവുള്ളവരാണ്. നിങ്ങളുടെ സഭയിലെ ഓരോ വിശ്വാസിയെയും നേതൃത്വ സ്ഥാനത്തേക്കു വരുന്നതിന് പ്രോത്സാഹിപ്പിക്കയും പരിശീലിപ്പിക്കയും പഠിപ്പിക്കയും മാർഗ്ഗദർശനം നൽകുകയും ചെയ്യേണ്ടതുണ്ട്.

- എല്ലാ ക്രിസ്തീയ നേതാക്കളും ഒരു കാലത്ത് അവിശ്വാസികളായിരുന്നു എന്നോർക്കണം. എന്നാൽ സുവിശേഷത്തിൽക്കൂടെ (കെരിഗ്മാ) യേശുക്രിസ്തുവിൽ വിശ്വസിച്ചതിനാൽ വിശ്വാസികളായിത്തീർന്നു.
- യേശുവിൻറെ ഉപദേശങ്ങളും കല്പനകളും (ഡിഡാക്കേ) അനുസരിക്കുന്നതിലൂടെ ഒരു വിശ്വാസി ശിഷ്യനായി മാറുന്നു.
- ഒരു ശിഷ്യൻ പിന്നീട് ശിഷ്യന്മാരെ ഉളവാക്കുന്നവൻ ആയി വളരുന്നത് കർത്താവിൻറെ മഹാനിയോഗവും അപ്പൊസ്തലന്മാരുടെ ഉപദേശങ്ങളും അനുസരിക്കുന്നതിലൂടെ ആണ്.
- ശിഷ്യന്മാരെ ഉളവാക്കുന്ന ഒരുവൻ ചിലരെ കൂട്ടി വരുത്തി അവരെ പഠിപ്പിക്കുവാനും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുവാനും തുടങ്ങുമ്പോൾ അവൻ തരം 1 ഗണത്തിൽപെട്ട നേതാവായി മാറുന്നു.
- ഈ സ്വാധീനം ക്രമേണ വളരുകയും നേതൃത്വ നിരയിൽ ഉയരങ്ങളിലേക്ക് വരികയും ചെയ്യുന്നു.
- 

**നേതൃത്വ മാതൃകകൾ**
വേദപുസ്തകാനുസാരമായ നേതൃത്വവും ലോകപരമായ നേതൃത്വവും

**1. ആൽമര മാതൃകയിലുള്ള നേതൃത്വം:** ആൽമരം ഉയരത്തിലേക്ക് വളർന്നു പന്തലിക്കുന്നു. എന്നാൽ അതിന് കീഴിൽ ഒരു മരം പോലും വളരാൻ അത് അനുവദിക്കയില്ല. ഇത് ലോകപ്രകാരമുള്ള നേതൃത്വത്തിൻറെ സാദൃശ്യമാണ്.

**2. പനയുടെ മാതൃകയിലുള്ള നേതൃത്വം:** പന ഒരു പ്രതിബന്ധവും കൂടാതെ എത്ര ഉയരത്തിലേക്കു വേണമെങ്കിലും വളരുവാൻ പ്രാപ്തിയുള്ളതാണ്. ഇതിനെ സമാന്തരനേതൃത്വ മാതൃകയിൽ പെടും. പുതിയനിയമ നേതൃത്വം ഇത്തരത്തിലുള്ളതാണ്.

**3. 5 c മാതൃകയിലുള്ള നേതൃത്വം:** മാൽക്കം വെബ്ബർ (from Leader source) വേദപുസ്തകത്തിലെ താഴെപ്പറയുന്ന വാക്യങ്ങൾ അടിസ്ഥാനപ്പെടുത്തി 5 'c' മാതൃക വിശദീകരിക്കുന്നു.

- മത്തായി 22:37-39 ദൈവത്തെ (Christ) സ്നേഹിക്കുക, അയൽക്കാരനെ (Community) സ്നേഹിക്കുക
- സങ്കീർത്തനം 78:70-72 ദൈവം ദാവീദിനെ വിളിച്ചു (Call)
- അവൻ ഹൃദയപരമാർത്ഥതയോടെ ആടുകളെ മേയിച്ചു (Character)
- നൈപുണ്യത്തോടെ ആടുകളെ നയിച്ചു (Competence)

**4. പഠനത്തിൻറെ നാലു മാനങ്ങൾ**

a. ബോധനശൈലി: ഇത് സാധാരണ ഒരു ക്ലാസ്സുമുറിയുടെ പശ്ചാത്തലത്തിലാണ് നടക്കുന്നു. അവിടെ അദ്ധ്യാപകൻ പ്രഭാഷണം (lecture) നടത്തുന്നു. ഇത് ഒരുദിശയിൽ മാത്രമുള്ള രീതിയാണ്. വിദ്യാർത്ഥികൾ നിഷ്ക്രിയരായി കേട്ടു കൊണ്ടിരിക്കുന്നു. യേശുവിൻറെ പ്രബോധനരീതി ഇതിൽ നിന്നും വ്യത്യസ്തമായിരുന്നു. ശരിയായ സന്ദർഭത്തിൽ ശരിയായ പ്രബോധനം എന്ന തായിരുന്നു യേശുവിൻറെ രീതി.

**b. പരസ്പരബന്ധത്തിൽ ഊന്നിയ രീതി:** മറ്റ് പഠിതാക്കളുടെ കൂടെയിരുന്നു പഠിക്കുന്നു. ഇതിനെ സോക്രട്ടീസ് മാതൃക എന്നു പറയുന്നു. ഇതിൽ പഠിതാവ് തൻറെ ആശയങ്ങൾ മറ്റുള്ളവരുമായി ചർച്ച ചെയ്യുന്നു. ഇവിടെ അദ്ധ്യാപകൻ മുഴുവൻ ചുമതലയും ഏറ്റെടുക്കുന്ന ബോധകനല്ല, മറിച്ച് സാഹചര്യം ഒരുക്കുന്നവനാണ്. ഇത് വിദ്യാർത്ഥി കേന്ദ്രീകൃതമായ ശൈലിയാണ്. അദ്ധ്യാപക കേന്ദ്രീകൃതമല്ല. യേശുവിൻറെ അദ്ധ്യയന രീതി ഇതായിരുന്നു. പക്വതയുള്ള അദ്ധ്യാപകൻ (യേശു). അദ്ധ്യാപകനോട് ശരിയായ ബന്ധം പുലർത്തുന്ന വിദ്യാർത്ഥികൾ (ശിഷ്യന്മാർ).

**c. അനുഭവപാഠങ്ങൾ:** സ്വന്തമായി കാര്യങ്ങൾ ചെയ്തു പാഠങ്ങൾ പഠിക്കുന്നതിന് വിദ്യാർത്ഥികളോട് ആവശ്യപ്പെടുന്ന രീതിയാണ് ഇത്. ഏറെ സമ്മർദ്ദങ്ങളും ഗൃഹപാഠങ്ങളും വെല്ലുവിളികളും പ്രതിബന്ധങ്ങളുമുള്ള ഒരു പഠനരീതിയാണ് ഇത്.

**d.ആത്മികം:** പരിശീലനത്തിൽ നല്ല ഉള്ളടക്കം ഉള്ളതുകൊണ്ടുമാത്രം ആയില്ല. പ്രാർത്ഥന, ആരാ ധന എന്നിവയിൽക്കൂടെ ദൈവത്തോടു ആഴമായ ബന്ധമുണ്ടാക്കുവാൻ പഠിതാക്കളെ ഉത്സാഹിപ്പിക്കുക. ദൈവവുമായി (തന്നോടും പിതാവായ ദൈവത്തോടുള്ള പ്രാർത്ഥനയാൽ) നല്ല ബന്ധമുണ്ടാകും വിധത്തിലുള്ള ആത്മിക പശ്ചാത്തലം ഉളവാക്കിയാണ് യേശു തൻറെ ശിഷ്യരെ അഭ്യസിപ്പിച്ചത്.

**2. യേശു എങ്ങനെയാണ് നേതാക്കളെ കണ്ടെത്തി പരിശീലിപ്പിച്ചത്?-യേശുവിൻറെ മാതൃക**
യേശുവിൻറെ പരിശീലന ശൈലിയുടെ ചില മാതൃകകൾ ചുവടെ നല്കുന്നു.

**a. അവൻ തൻറെ ശിഷ്യന്മാരെ സൂക്ഷ്മതയോടുകൂടി തെരഞ്ഞെടുത്തു (ലൂക്കൊസ് 6:12,13).**

- യേശുവിന് വളരെ വലിയ ശിഷ്യഗണമുണ്ടായിരുന്നു
- ഒരു രാത്രി മുഴുവൻ പ്രാർത്ഥിച്ച ശേഷം താൻ പന്തിരുവരെ തെരഞ്ഞെടുത്തു

**b.യേശു തൻറെ ദൗത്യം വ്യക്തമാക്കി**

- എന്നെ അനുഗമിക്ക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും (മർക്കൊ. 1:17)
- കൊയ്ത്തു വളരെയുണ്ട്, വേലക്കാരോ ചുരുക്കം (മത്തായി 9:37)
- പുറപ്പെട്ടു പോയി ശിഷ്യന്മാരെ ഉളവാക്കുക (മത്തായി 28:19)

**c. യേശു അവർക്കായി ആവശ്യത്തിന് സമയം ചെലവിട്ടു (മർക്കൊസ് 3:14)**

- അവൻ ശിഷ്യന്മാരോടൊപ്പം പാർത്തു
- അവർക്കൊപ്പം ഭക്ഷണം കഴിച്ചു

- അവരുമായി ഹൃദ്യമായ കൂട്ടായ്മബന്ധം പുലർത്തി

**d. യേശു വ്യവസ്ഥയില്ലാതെ സ്നേഹിച്ചു** (യോഹന്നാൻ 13:1)

**e. യേശു പ്രായോഗിക തലത്തിൽ പഠിപ്പിച്ചു**

- അവൻ അവരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചു (ലൂക്കൊസ് 11:1)
- ശിഷ്യരുടെ കാൽ കഴുകിക്കൊണ്ട് ദാസ-നേതൃത്വം അവർക്ക് കാട്ടിക്കൊടുത്തു
- (യാഹന്നാൻ 13:1-7)
- MAWL തത്വം-(Model, Assist, Watch, Leave)
- ഭൂതങ്ങളെ പുറത്താക്കേണ്ടതും രോഗികളെ സൗഖ്യമാക്കേണ്ടതും എങ്ങനെ എന്ന ശിഷ്യർക്ക് മാതൃക (Model) കാട്ടിക്കൊടുത്തു
- അവർക്ക് തനിയെ സാധിക്കാത്ത കാര്യങ്ങളിൽ താൻ സഹായിച്ചു (Assist)
- അടുത്തും അകലെയും നിന്നവരെ വീക്ഷിച്ചു (Watch)
- അവസാനം, അവരെ തൻറെ അധികാരം നല്കി അയച്ചു (Leave).

**f. യേശു അവരെ തിരുത്തേണ്ടപ്പോൾ തിരുത്തി** (മത്തായി 17:14-20)
അപക്വമതികളായിരുന്ന ശിഷ്യന്മാരെ അവൻ വിശ്വാസവീരന്മാരാക്കി മാറ്റി
ദൈവരാജ്യത്തിൽ പ്രഥമസ്ഥാനത്തിനായി മത്സരിച്ച അവരെ അവൻ ശാസിച്ചു

**g.യേശു തൻറെ ശിഷ്യന്മാരെ ശക്തീകരിച്ചു** (ലൂക്കൊസ് 9:1)

**h. ധൈര്യത്തോടെ പോകുന്നതിന് അവരെ പ്രാപ്തരാക്കി** (മത്തായി 10:1, 5-6; ലൂക്കൊസ് 10:1)

**i. യേശു അവർക്ക് അധികാരം നല്കി അയച്ചു** (മത്തായി 28:19; മർക്കൊസ് 16:15)

**j. യേശുവിൻറെ അദ്ധ്യാപന രീതി**

- അവൻ കഥകളും ഉപമകളും ഉപയോഗിച്ചു (മത്തായി 13:3)
- അധികാരത്തോടെ പഠിപ്പിച്ചു (ലൂക്കൊസ് 4:32; മർക്കൊസ് 1:22)
- ദൃഷ്ടാന്ത പാഠങ്ങൾ പ്രയോഗിച്ചു (മത്തായി 17:24-29)
- ആവർത്തനവും ഊന്നലും വേണ്ടിടത്ത് അത് നല്കി (യോഹന്നാൻ 8:58; 1:51)
- ശ്രോതാക്കൾക്ക് പരിചിതമായ പഴയനിയമ സംഭവങ്ങൾ ഉദ്ധരിച്ചു പഠിപ്പിച്ചു
- ചോദ്യങ്ങളും മറുചോദ്യങ്ങളും ഉയർത്തി കേൾവിക്കാരെ സജീവമായി പങ്കാളികളാക്കി
- (ലൂക്കൊ.10, മത്തായി 7:4)
- പ്രവൃത്തി പരിശീലനം നല്കി പഠിപ്പിച്ചു: അവൻ അവരെ അയച്ചു (മത്തായി 28:19)

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ**

1.നേതൃത്വനിരയെ വാർത്തെടുക്കുവാൻ യേശു സ്വീകരിച്ച മാതൃകയുടെ വെളിച്ചത്തിൽ നിങ്ങൾ ഈ പാഠത്തിൽ എന്താണ് പഠിച്ചത്?
2. ശുശ്രൂഷാസംഘത്തിലേക്ക് നിങ്ങൾ എപ്രകാരമായിരിക്കും വിശ്വസ്ത മനുഷ്യരെ തെരഞ്ഞെടുക്കുക
3. നേതാക്കളാകുവാൻ നിങ്ങൾ അവരെ എങ്ങനെ പരിശീലിപ്പിക്കും?
4. സഭയിൽ നിങ്ങളുടെ സ്ഥാനം എന്താണ്? ആ സ്ഥാനത്ത് നിങ്ങൾ എത്രമാത്രം വിശ്വസ്തനാണ്?

**<u>മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T.Christians)</u>**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാനും ഞങ്ങൾ നിർദ്ദേശിക്കുന്നു.

(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)

"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."

2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**<u>പ്രായോഗിക തലം</u>**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 17
## സുവിശേഷ വർദ്ധനവ്: നേതൃത്വ വികസനം (ഭാഗം 2)

**ഉദ്ദേശ്യം:**

- പുതിയനിയമ സഭയിലെ നേതൃത്വ പരിശീലന മാതൃകകൾ പരിചയപ്പെടുവാൻ
- പൗലോസ്-തിമൊഥെയാസ് മാതൃകയിലുള്ള നേതൃത്വ പരിശീലന മാതൃക പരിചയപ്പടുവാൻ
- പഴയനിയമത്തിലെയും പുതിയനിയമത്തിലെയും മറ്റ് നേതൃത്വ പരിശീലനമാതൃകകൾ പരിചയപ്പെടുവാൻ

**പ്രധാന വാക്യങ്ങൾ:**

**2 തിമൊഥെയൊസ് 2:2**
"നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്തമനുഷ്യരെ ഭരമേല്പിക്ക."

**2 തിമൊഥെയൊസ് 2:15**
"സത്യവചനത്തെ യഥാർത്ഥമായി പ്രയോഗിച്ചുകൊണ്ട്, ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക."

**എഫെസ്യർ 4:11-14**
"അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു; അത് നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിൻറെ സമ്പൂർണ്ണതയായ പ്രായത്തിൻറെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലെക്കും ക്രിസ്തുവിൻറെ ശരീരത്തിൻറെ ആത്മിക വർദ്ധനെക്കും ആകുന്നു. അങ്ങനെ നാം മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിൻറെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം വളരുവാൻ ഇടയാകും."

**മറ്റു വേദഭാഗങ്ങൾ:**

അപ്പൊസ്തല പ്രവൃത്തികൾ 6:3-6
ആവർത്തനം 6:6-7

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**

### 1. സഭയിലെ വിവിധ നേതൃത്വങ്ങൾ ഏതെല്ലാമാണ്?

**പഞ്ചമുഖ ശുശ്രൂഷകൾ**
"പരിശുദ്ധാത്മാവിൻറെ ദാനങ്ങൾ" ലഭിച്ച ചില വ്യക്തികളെ പുതിയനിയമം നമുക്ക് പരിചയപ്പെടുത്തുന്നുണ്ട്. അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ എന്നിവരാണ് ആ ഗണത്തിൽ പെട്ടവർ (1 കൊരിന്ത്യർ 12:28; എഫെസ്യർ 4:11). എഫെസ്യർ 4:11-13 മുകളിൽ ഉദ്ധരിച്ചിരിക്കുന്നത് വായിക്കുക

**തിരുവചനപ്രകാരമുള്ള നേതൃത്വ ശുശ്രൂഷകൾ**
**പഞ്ചമുഖ ശുശ്രൂഷകൾ ഏതെല്ലാം?**

1. അപ്പൊസ്തലന്മാർ ഒരു ദൂതുമായി അയക്കപ്പെട്ടവർ
2. പ്രവാചകന്മാർ ജനത്തോടുള്ള ദൈവത്തിൻറെ ദൂത് വെളിപ്പെടുത്താൻ വരം ലഭിച്ചവർ
3. ഉപദേഷ്ടാക്കന്മാർ ദൈവവചനം പഠിപ്പിക്കുന്നതിന് പ്രത്യേകം വരം ലഭിച്ചവർ
4. ഇടയന്മാർ ദൈവജനത്തെ പരിപാലിക്കാൻ പ്രത്യേകം വരം ലഭിച്ചവർ
5. സുവിശേഷകന്മാർ സുവിശേഷം പങ്കിടാൻ പ്രത്യേകം വരമുള്ളവർ

നേതാക്കന്മാരെ ഒരുക്കിയെടുക്കുക എന്നതാണ് ഈ അഞ്ചു ശുശ്രൂഷകളുടെയും ഉദ്ദേശ്യം.

**ഇതുമൂലം സംഭവിക്കുന്നത്**

a. ക്രിസ്തുവിൻറെ ശരീരമാകുന്ന സഭയുടെ കെട്ടുപണി
b. വിശ്വാസത്തിലെ ഐക്യം
c. ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനം
d. തികഞ്ഞ പുരുഷത്വം
e. ക്രിസ്തുവിൻറെ സമ്പൂർണ്ണതയിലേക്കുള്ള വളർച്ച

**2. പുതിയനിയമ നേതൃത്വം**

**a. ഇടയ ശുശ്രൂഷ**
1. ഇടയൻ- ആട്ടിൻ പറ്റത്തെ മച്ചിൽപ്പുറങ്ങളിലേക്കു നയിക്കുന്നു (എഫെ. 4:11; 1 പത്രൊസ് 5:2-3))
2. മൂപ്പൻ (തീത്തൊസ് 1:5-6)
3. മേൽവിചാരകൻ (തീത്തൊസ് 1:7)

**b. ഭരണകർത്താവിൻറെ ശുശ്രൂഷ**
1. ഡീക്കന്മാർ: അപ്പൊസ്തലന്മാർ പ്രാർത്ഥനയിലും ദൈവവചന ശുശ്രൂഷയിലും ഉറ്റിരിക്കുമ്പോൾ ദൈനം ദിന കാര്യങ്ങൾ നോക്കി നടത്തുക എന്നതായിരുന്നു ഡീക്കന്മാരുടെ പ്രാഥമിക ഉത്തരവാദിത്തം (അപ്പൊസ്തല പ്രവൃത്തികൾ 2:42; 6:3-8). എന്നിരുന്നാലും, **"പരിശുദ്ധാത്മാവും, വിശ്വാസവും, ജ്ഞാനവും, കൃപയും ശക്തിയും നിറഞ്ഞ"** ചില പുരുഷന്മാരെ അവർ ഡീക്കന്മാരായി പ്രത്യേകം തെരഞ്ഞെടുത്തു. ഇവർ പ്രസംഗിക്കുകയും പഠിപ്പിക്കയും ചെയ്തുപോന്നവർകൂടെ ആയിരുന്നു (സ്തെഫാനൊസ്, ഫിലിപ്പോസ്).

**2. ധനം കൈകാര്യം ചെയ്യുന്നവർ:**

**a.പഴയനിയമ സഭയിൽ ധനം കൈകാര്യം ചെയ്യുന്നവരുടെ പങ്ക്:**
എസ്രാ, നെഹമ്യാവ് എന്നീ പുസ്തകങ്ങളിൽ പഴയനിയമ ദൈവാലയത്തിലെ ധനം സൂക്ഷിപ്പുകാരെക്കുറിച്ച് പറയുന്നുണ്ട്. "ഞാൻ ശെലെമ്യപുരോഹിതനെയും സാദോക് ശാസ്ത്രിയെയും ലേവ്യരിൽ പെദായാവെയും ഇവർക്കു സഹായിയായിട്ട് മത്ഥന്യാവിൻറെ മകനായ സക്കൂരിൻറെ മകൻ ഹാനാനെയും ഭണ്ഡാരഗൃഹങ്ങളുടെ മേൽവിചാരകരായി നിയമിച്ചു; അവരെ വിശ്വസ്തരെന്നു എണ്ണിയിരുന്നു; തങ്ങളുടെ സഹോദരന്മാർക്കു പങ്കിട്ടു കൊടുക്കുന്നതായിരുന്നു അവരുടെ ഉദ്യോഗം" (നെഹമ്യാവ് 13:13)

**b.പുതിയനിയമ സഭയിൽ:**
ഭണ്ഡാര മേൽവിചാരകന്മാരെക്കുറിച്ച് പുതിയനിയമത്തിൽ കൃത്യമായ പരാമർശമൊന്നുമില്ല. എങ്കിലും ഇത് ഒരു ഭരണപരമായ കാര്യമായിരുന്നതുകൊണ്ട്, ഒന്നോ അതിലധികമോ ഡീക്കന്മാരെ പ്രസ്തുത ചുമതല എല്പിച്ചിരുന്നു എന്നു നമുക്ക് അനുമാനിക്കാം. എസ്രായുടെയും നെഹമ്യാവിൻറെയും കാലത്തെന്നപോലെ പുതിയനിയമ സമയത്തും വിശ്വസ്തരും സത്യസന്ധരുമായവരെ ആയിരിക്കണം ഇതിനായി നിയോഗിച്ചിരുന്നത്. അതത് രാജ്യങ്ങളിലെ നിയമങ്ങൾക്കനുസരണമായി ഓരോ സഭയും അതിൻറെ സാമ്പത്തിക കണക്കുകൾ കൃത്യമായി രേഖയാക്കി സൂക്ഷിക്കേണ്ടതുണ്ട്.

**3. പുതിയനിയമത്തിൽ സാമ്പത്തിക സഹായം നല്കുന്നവരുടെ പങ്ക്**
പൗലോസിൻറെ ലേഖനങ്ങളിൽ പേരെടുത്തു പറഞ്ഞിട്ടുള്ളവരിൽ മൂന്നിലൊന്നു പേർ സാമ്പത്തികം ഉൾപ്പടെ ഏതെങ്കിലും വിധത്തിലുള്ള സഹായം നല്കിയവരാണ്.

**4. പുതിയനിയമ സഭയിലെ വനിതാ നേതൃത്വം**

**a. പഴയനിയമത്തിൽ വനിതകളുടെ നേതൃത്വം**

- "ആ കാലത്ത് ലപ്പിദോത്തിൻറെ ഭാര്യയായ ദെബോരാ എന്ന പ്രവാചകി യിസ്രായേലിൽ ന്യായപാലനം ചെയ്തു." ന്യായാധിപന്മാർ 4:4
- ദെബോരാ ധീരയായ ഒരു നേതാവായിരുന്നു (ന്യായാ. 4:8)
- ദെബോരാ യുദ്ധങ്ങൾ ജയിച്ചവളായിരുന്നു (ന്യായാ. 4:6-9)

**b. പുതിയനിയമത്തിൽ വനിതകളുടെ നേതൃത്വം**
യേശുവിൻറെ ശിഷ്യരുടെ കൂട്ടത്തിൽ സ്ത്രീകളും ഉണ്ടായിരുന്നു. ശിഷ്യരിൽ മൂന്നിലൊന്നു വനിതകളായിരുന്നു. പേരെടുത്തു പറയപ്പെട്ട ചില വനിതാ ശിഷ്യർ ഇവരാണ്:

**യേശുവിൻറെ ശിഷ്യർ:**
മഗ്ദലന മറിയം, യോഹന്ന, സൂസന്ന, മറ്റനേകം സ്ത്രീകൾ (ലൂക്കൊസ് 8:1-3)

**അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ:**
തബീഥാ, പ്രിസ്കില്ല (അപ്പൊ.പ്ര. 9:36; 18:1-3), ഫേബാ, യൂനിയാവ് (റോമർ 16:1-20; 16:7)

**5. അപ്പൊസ്തലന്മാരുടെ സമൂഹം**
പൗലോസിൻറെ സംഘം അപ്പൊസ്തലന്മാരും മൂപ്പന്മാരും ഡീക്കന്മാരും ഉൾപ്പെട്ട സമൂഹമായിരുന്നു. ഒരു ഒറ്റയാൾ നേതൃത്വം നാം ഇവിടെ കാണുന്നില്ല (അപ്പൊ.പ്ര. 15:1-3).

**a. മൂപ്പന്മാരും ശിഷ്യന്മാരും ഉൾപ്പെട്ട സമൂഹം പരസ്പരം ശുശ്രൂഷിച്ചു.**
"യഹൂദ്യയിൽ പാർക്കുന്ന സഹോദരന്മാരുടെ ഉതവിക്കായി ശിഷ്യന്മാരിൽ ഓരോരുത്തൻ പ്രാപ്തി പോലെ കൊടുത്തയപ്പാൻ നിശ്ചയിച്ചു. അവർ അത് നടത്തി, ബർന്നബാസിൻറെയും ശൗലിൻറെയും കയ്യിൽ മൂപ്പന്മാർക്ക് കൊടുത്തയച്ചു (അപ്പൊ.പ്ര. 11:29-30)

**b. മൂപ്പന്മാരുടെയും ഡീക്കന്മാരുടെയും യോഗ്യതകൾ**
സാമൂഹിക യോഗ്യത: "തല്ലുകാരനാകരുത് (1 തിമൊ. 3:3), അതിഥിപ്രിയൻ (1 തിമൊ. 3:2), ഉപദേശിപ്പാൻ സമർത്ഥൻ (1 തിമൊ. 3:2), വിരോധികൾക്കും ബോധം വരുത്തുന്നവൻ (തീത്തൊ.1:9).

അനുഭവയോഗ്യത: പുതുവിശ്വാസി ആയിരിക്കരുത് (1 തിമൊ. 3:6), പ്രായം പ്രസ്താവിച്ചിട്ടില്ല എങ്കിലും മൂപ്പൻ എന്നു പറയുമ്പോൾ പക്വതയുള്ളവൻ എന്ന് ഊഹിക്കാം
പ്രചോദന യോഗ്യത: സ്വയം പ്രേരിതൻ (1 തിമൊ. 3:1), (1 പത്രൊ. 5:2), ധനലാഭം നോക്കാത്തവൻ (1

പത്രൊസ് 5:2), സ്ഥാനമാനം കാംക്ഷിക്കാത്തവൻ (1 പത്രൊ. 5:2).
കുടുംബയോഗ്യതകൾ: ഏകഭാര്യയുള്ളവൻ (1 തിമൊ. 3:2), സ്വന്തകുടുംബത്തെ നന്നായി നോക്കുന്നവൻ (1 തിമൊ. 3:4)

**6. നേതൃത്വ പരിശീലനം: പൗലോസിൻറെ ശൈലി**
**പൗലോസ് എപ്രകാരമാണ് നേതാക്കളെ പരിശീലിപ്പിച്ചത്?**

1. എല്ലായ്പോഴും ഒരു പ്രാദേശിക സഭയുടെ പശ്ചാത്തലത്തിൽ ആയിരുന്ന പരിശീലനം
2. തെരഞ്ഞെടുക്കപ്പെട്ട ചില മാർഗ്ഗദർശികളുടെ കീഴിൽ
3. ചുറ്റി സഞ്ചരിച്ച് പരിശീലനം നല്കുന്ന ഒരു നേതൃത്വ സംഘം ഉണ്ടായിരുന്നു.

പുതിയനിയമ സഭയിലും ശുശ്രൂഷയുടെ പശ്ചാത്തലത്തിലും ഉള്ള നേതൃത്വ പരിശീലന മാതൃകകൾ. അത് ഒരു ക്ലാസ്സ്റൂം പഠനരീതി ആയിരുന്നില്ല.

- പൗലോസും ബർന്നബാസും അന്ത്യോക്യയിൽ (1 വർഷം) (അപ്പൊ.പ്ര. 11:26; 13:1)
- പൗലോസും ശീലാസും എഫെസൊസിൽ (അപ്പൊ.പ്ര. 19:9-10)
- തുറന്നോസിൻറെ പാഠശാലയിൽ (അപ്പൊ.പ്ര. 19:9)
- പൗലോസും ശീലാസും (18 മാസം) കൊരിന്തിൽ (അപ്പൊ.പ്ര. 18)
- ബരോവയിലെ സഭ (അപ്പൊ.പ്ര. 17:11). ഈ വേദഭാഗങ്ങളെ അടിസ്ഥാനമാക്കി ചർച്ച നടത്തുക.

**a. പൗലോസ്-തിമൊഥെയൊസ് മാതൃക**

പശ്ചാത്തലം: ബാല്യം മുതൽ തിമൊഥെയൊസിനെ അവൻറെ അമ്മയും വലിയമ്മയും ശരിയായി പഠിപ്പിച്ചിരുന്നു. തൻറെ രണ്ടാമത്തെ മിഷനറി യാത്രയിൽ അനുഗമിക്കുന്നതിന് തിമൊഥെയൊസ് താല്പര്യം കാട്ടിയപ്പോൾ പൗലോസ് അവനെ തൻറെ മകനായി ദത്തെടുത്തു (അപ്പൊ.പ്ര. 16:1-3). അപ്പോൾ തിമൊഥെയൊസിൻറെ പ്രായം പതിനേഴോ പതിനെട്ടോ ആയിരുന്നിരിക്കണം. എങ്കിലും അവൻ വിശ്വസ്തനും നല്ലവനുമായ ചെറുപ്പക്കാരൻ എന്ന സാക്ഷ്യം കുറഞ്ഞത് രണ്ടു സഭകളിൽ നിന്നും (ലുസ്ത്ര, ദർബ്ബെ) ലഭിച്ചവനായിരുന്നു! തിമൊഥെയൊസ് പൗലോസിനെ അനുഗമിക്കുന്നത് മൂപ്പന്മാർക്ക് സമ്മതമായിരുന്നു. ഒരു മകൻ അപ്പനെയെന്നവണ്ണം തിമൊഥെയൊസ് പൗലോസിനെ ശുശ്രൂഷിച്ചു (ഫിലി. 2:19-23). എങ്കിലും പല സന്ദർഭങ്ങളിലും തിമൊഥെയൊസിനെ തൻറെ സഹപ്രവർത്തകൻ എന്നാണ് പൗലോസ് വിളിച്ചിരുന്നത് (1 തെസ്സ. 3:2-6).

**ഭരമേല്പിക്കപ്പെട്ട ഉത്തരവാദിത്തം**

തൻറെ കീഴിൽ കുറച്ചുകാലത്തെ പരിശീലനത്തിന് ശേഷം പൗലോസ് തിമൊഥെയൊസിനെ മറ്റു സഭകളെ (തെസ്സലോനിക്യ, ഫിലിപ്പ്യ) ഉറപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനും തൻറെ കത്തുകൾ നല്കുന്നതിനുമായി അയക്കുന്നു. പൗലോസ് തിമൊഥെയൊസിനെ നിരവധി വർഷങ്ങൾ നിരന്തരം പഠിപ്പിച്ചു, ചോദ്യങ്ങൾക്കുത്തരം നല്കി, ശുശ്രൂഷാ ചുമതലകൾ ഭരമേല്പിച്ചു. അവസാനം, താൻ ചെയ്തു പോന്ന ശുശ്രൂഷ തുടരുന്നതിനുള്ള ചുമതല പൗലോസ് തിമൊഥെയൊസിന് കൈമാറി എന്നു 2 തിമൊഥെയൊസിൽ നാം കാണുന്നു. ഏതാണ്ട് 20 വർഷത്തെ നിരന്തരമായ പരിശീലനത്തിനു ശേഷം പൗലോസ് തൻറെ സ്ഥാനം തിമൊഥെയൊസിനു കൈമാറുന്നു. "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്തമനുഷ്യരെ ഭരമേല്പിക്ക" (2 തിമൊ. 2:2).

പൗലോസ് തിമൊഥെയൊസിനെ പരിശീലിപ്പിച്ചതുപോലെ തിമൊഥെയൊസ് മറ്റുള്ളവരെ പരിശീലിപ്പിക്കണം. നേതാക്കന്മാർ തങ്ങൾ പഠിച്ച കാര്യങ്ങൾ വിശ്വസ്തന്മാരായ മറ്റു നേതാക്കളെ അഭ്യസിപ്പി ക്കണം. വിവിധ തലമുറകളിലുള്ളവരെ പരിശീലിപ്പിക്കുന്നതിനുള്ള ഏറ്റവും യോഗ്യമായ മാർഗ്ഗമാണിത്. ഇത് സഭയിലെ ശുശ്രൂഷയോടുള്ള ബന്ധത്തിൽ വേണം നിർവഹിക്കുവാൻ. എല്ലാ സഭകൾക്കും അനുകരണീയ മാർഗ്ഗമാണിത്. ദൈവവചനം ശരിയായ

രീതിയിൽ വിഭജിക്കുന്നതിന് ശിഷ്യന്മാരെ പരിശീലിപ്പിക്കുന്ന ഒരു മാതൃകയാണിത്. "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക" (2 തിമൊഥെയൊസ് 2:15).

**b.പൗലോസ്-തീത്തൊസ് മാതൃക**

**എന്തായിരുന്നു തീത്തൊസിൻറെ പശ്ചാത്തലം?**
അന്ത്യോക്യയിൽ നിന്നുള്ള ഒരു യവനനായിരുന്ന തീത്തൊസ് പൗലോസിൻറെ കാര്യദർശിയും ദ്വിഭാഷിയുമായി സേവനം ചെയ്തു എന്നു കരുതപ്പെടുന്നു. അന്ത്യോക്യയിൽ നിന്നും യെരുശലേമിലേക്കുള്ള യാത്രയിൽ പൗലോസിനെയും ബർന്നബാസിനെയും അനുഗമിച്ചു. വിശ്വാസത്തിൻറെ മകൻ എന്നാണ് പൗലോസ് അവനെ വിളിച്ചിരുന്നത്.

**തീത്തൊസിനെ പരിശീലിപ്പിച്ചത് എങ്ങനെ?**

- പൗലോസിൻറെ ഒരു സഹയാത്രികൻ, റോമിലെ കാരാഗൃഹത്തിൽ സഹതടവുകാരൻ
- തീത്തൊസ് കൊരിന്തിലെ സഭയെ ശുശ്രൂഷിച്ചു (2 കൊരിന്ത്യർ 8:6; 16-17).
- ക്രേത്ത സഭയിലെ നേതൃത്വപ്രശ്നം പരിഹരിക്കാനും മൂപ്പന്മാരെ നിയമിക്കാനും നിയോഗം ലഭിച്ചു (തീത്തൊസ് 1:5)
- ദൽമാതിയായിലേക്കുള്ള (യുഗോസ്ലേവിയ) മിഷനറി (ഇന്നത്തെ സെർബിയ, മോണ്ടിനെഗ്രോ) (2 തിമൊഥെയൊസ് 4:10).

**c. പഠിപ്പിക്കേണ്ട പഴയനിയമ കല്പനകൾ**
ആവർത്തനം 6:6-7. "ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിൻറെ ഹൃദയത്തിൽ ഇരിക്കണം. നീ അവയെ നിൻറെ മക്കൾക്കു ഉപദേശിച്ചുകൊടുക്കയും നീ ഇരിക്കുമ്പോഴും വഴിനടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കയും വേണം." എസ്രാ 7:10. "യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു." ഏലിയാവ്-എലീശാ: അവർ തമ്മിൽ നല്ല ഗുരുശിഷ്യ ബന്ധം ഉണ്ടായിരുന്നു. അവസാനം ഏലിയാവിൻറെ ഇരട്ടി ആത്മാവിനെ എലീശാ ആവശ്യപ്പെടുന്നു (2 രാജാക്കന്മാർ 1:1-2:25).

**d. മോശെ-യോശുവ മാതൃക**

- യോശുവ തെരഞ്ഞെടുക്കപ്പെട്ടു (പുറപ്പാട് 17:8-16)
- താഴ്മയുടെ പാഠം മോശെയിൽ നിന്നും പഠിച്ചു (സംഖ്യ. 11:24-30)
- ഭൂരിപക്ഷം ഭയന്നപ്പോൾ യോശുവ ധൈര്യം കാട്ടി (സംഖ്യ. 13-14)
- ദൈവത്തോടും തിരുനിവാസത്തോടുമുള്ള യോശുവയുടെ സ്നേഹം (പുറ. 13:9-12)
- യോശുവയ്ക്ക് അവസരം നല്കപ്പെട്ടു (പുറപ്പാട് 24:12-14)
- തന്നിൽ നിന്നും നേതൃത്വ ചുമതല ഏറ്റെടുക്കുന്നതിന് മോശെ യോശുവയെ പരിശീലിപ്പിച്ചു (സംഖ്യ. 27:12-23)
- മോശെയിൽ നിന്നും ചുമതല ഏറ്റെടുത്ത് യോശുവ യിസ്രായേൽ മക്കളെ കനാൻ ദേശത്തേക്ക് നയിച്ചു.

**e. നെഹമ്യാവ് മാതൃക**

- അനുകരണീയ പല മാതൃകകളും നാം നെഹമ്യാവിൽ കാണുന്നു.
- പ്രാർത്ഥനാവീരനായ നെഹമ്യാവ്
- വീറും എരിവും ഉള്ളവനായ നെഹമ്യാവ്
- മുൻകൈ എടുക്കുന്നവനായ നെഹമ്യാവ്കൃത്യമായ ആസൂത്രണം നടത്തുന്നവനായ

നെഹമ്യാവ്പ്രവർത്തന പദ്ധതികൾക്ക് രൂപം കൊടുക്കുന്നവനായ നെഹമ്യാവ്

- കാര്യങ്ങൾ നടപ്പിലാക്കുന്നവൻ, നെഹമ്യാവ്
- ആരംഭിച്ച കാര്യങ്ങൾ പൂർത്തീകരിക്കുന്നവനായ നെഹമ്യാവ്
- ദൈവ വചനത്തോടു ചേർന്നു നിന്നവനായ നെഹമ്യാവ്

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ**

1നേതൃത്വവികസനവും നേതൃത്വ ഗുണവും- നിങ്ങൾ ഈ പാഠത്തിൽ എന്താണ് പഠിച്ചത്?
2. നേതാക്കന്മാരെ തെരഞ്ഞെടുക്കുന്നതും പരിശീലിപ്പിക്കുന്നതും സംബന്ധിച്ചുള്ള പൗലോസിൻറെ മാതൃകയെക്കുറിച്ച് എന്താണ് നിങ്ങൾ പഠിച്ചത്?
3. നിങ്ങളുടെ സഭയിൽ നേതാക്കളെ പരിശീലിപ്പിക്കുന്നതിന് നിങ്ങൾ എപ്രകാരമുള്ള പദ്ധതിയാണ് തയ്യാറാക്കുക?

**മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T.Christians)**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാനും ഞങ്ങൾ നിർദ്ദേശിക്കുന്നു.
(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)
"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."
2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.

1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 18
# സുവിശേഷ മുന്നേറ്റങ്ങൾ: മുന്നേറ്റങ്ങളുടെ മുന്നേറ്റം (ഭാഗം 1)

**ഉദ്ദേശ്യം:**

- പുതിയനിയമ സഭകളിലെ വചനാധിഷ്ഠിത സുവിശേഷവളർച്ചാ മുന്നേറ്റങ്ങൾ പരിചയപ്പെടുവാൻ
- പുതിയനിയമത്തിലെ സഭകളുടെ ദ്രുത വളർച്ചയിലേക്കു നയിച്ച ഘടകങ്ങൾ തിരിച്ചറിയാൻ

**പ്രധാന വാക്യങ്ങൾ:**

**ഉല്പത്തി 1:12, 28**

"...ദൈവം അവരെ അനുഗ്രഹിച്ചു: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി... വാഴുവിൻ."

**പുറപ്പാട് 1:7**

"യിസ്രായേൽ മക്കൾ സന്താനസമ്പന്നരായി അത്യന്തം വർദ്ധിച്ചു പെരുകി ബലപ്പെട്ടു; ദേശം അവരെക്കൊണ്ടു നിറഞ്ഞു."

**അപ്പൊസ്തല പ്രവൃത്തികൾ 12:24**

"എന്നാൽ ദൈവവചനം മേല്ക്കുമേൽ പരന്നുകൊണ്ടിരുന്നു."

**അപ്പൊസ്തല പ്രവൃത്തികൾ 16:5**

"അങ്ങനെ സഭകൾ വിശ്വാസത്തിൽ ഉറെക്കുകയും എണ്ണത്തിൽ ദിവസേന പെരുകുകയും ചെയ്തു."

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**

**A. പെരുകലിൻറെ സാധാരണ തത്വങ്ങൾ**

**B. പുതിയനിയമ വ്യവസ്ഥയിൽ പെരുകലിൻറെ തത്വങ്ങൾ**

പെന്തക്കൊസ്തു നാളിലാണ് പുതിയനിയമ സഭ ഉടലെടുത്തത്. ആ നാൾ മുതൽ അത് അതിവേഗം എണ്ണത്തിൽ പെരുകിക്കൊണ്ടിരുന്നു. പരിശുദ്ധാത്മ ശക്തിയിൽ സഭ കുറഞ്ഞ സമയംകൊണ്ട് രാജ്യങ്ങളിലേക്ക് വ്യാപിച്ചത് നാം കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടതാണ്. അതുകൊണ്ട് സുവിശേഷ മുന്നേറ്റം ഒരു പുതിയ പ്രതിഭാസമല്ല, അത് ആദ്യനൂറ്റാണ്ടുമുതൽ ഉള്ളതാണ്.
എ.ഡി. 300-കളിൽ കുസ്തന്തിനോസ് ചക്രവർത്തി ക്രൈസ്തവ സഭയെ രാഷ്ട്ര സഭയായി അംഗീകരിക്കുന്ന സമയത്ത് റോമാ സാമ്രാജ്യത്തിൽ ക്രൈസ്തവരുടെ എണ്ണം 50-90 ലക്ഷം ആയിരുന്നു. ഇത് അന്നത്തെ ജനസംഖ്യയുടെ 10% വരുമായിരുന്നു. അത്തരം ഒരു വളർച്ച 21-ാം‌ം നൂറ്റാണ്ടിൽ സാധ്യമാകുമോ എന്നതാണ് ഇന്നത്തെ ചോദ്യം.
ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന അതിവേഗ സഭാ വളർച്ചയുടെ ചില മാതൃകകൾ നമുക്ക് നോക്കാം. ഒരു ജനതയുടെ മദ്ധ്യേയോ മേഖലയിലോ രാജ്യങ്ങളിലോ മുന്നേറ്റങ്ങളുടെ മുന്നേറ്റ പ്രസ്ഥാനമായി മാറത്തക്കവിധമുള്ള ഒരു മാതൃക രൂപകല്പന ചെയ്യുന്നതിന് സഹായിക്കുകയാണ് ഈ പഠനത്തിൻറെ ലക്ഷ്യം.

സഭാവളർച്ചയെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഈ വേദഭാഗങ്ങൾ കൂടെ ശ്രദ്ധിക്കുക.

- "എന്നാൽ ദൈവവചനം മേല്ക്കുമേൽ പരന്നുകൊണ്ടിരുന്നു." അപ്പൊസ്തല പ്രവൃത്തികൾ 12:24
- "കർത്താവിൻറെ വചനം ആ നാട്ടിലെങ്ങും വ്യാപിച്ചു." അപ്പൊസ്തല പ്രവൃത്തികൾ 13:49
- "ഇങ്ങനെ കർത്താവിൻറെ വചനം ശക്തിയോടെ പരന്നു പ്രബലപ്പെട്ടു." അപ്പൊ. പ്ര. 19:20

## A. പെരുകലിൻറെ സാധാരണ തത്വങ്ങൾ

### 1. മനുഷ്യവംശത്തിൻറെ വർദ്ധന
ദൈവം ആദാമിനെയും ഹവ്വയെയും സൃഷ്ടിച്ചിട്ട് അവർ ഭൂമിയിൽ സന്താനപുഷ്ടിയുള്ളവരായി പെരുകുവാൻ കല്പിച്ചു. പെരുകൽ തത്വം യിസ്രായേൽ മക്കളുടെ കാര്യത്തിലും കാണുന്നുണ്ട് (പുറ. 1:7)

### 2. പ്രകൃതിയിലുള്ള വർദ്ധന
പ്രകൃതിയിലും വർദ്ധനയുടെ തത്വം നാം കാണുന്നു. പെരുകലിൻറെ അനന്തമായ സാധ്യതയാണ് ഒരുവിത്തിനുള്ളിൽ നാം കാണുന്നത്. ഒരു ഓറഞ്ചോ മുന്തിരിയോ മാത്രം കാണുകയല്ല നമ്മുടെ ലക്ഷ്യം പിന്നെയോ അനന്ത സാധ്യതകളുള്ള ഒരു ഓറഞ്ചു തോട്ടമോ മുന്തിരിത്തോട്ടമോ കാണുന്നതാണ്.
ഒരു ഓറഞ്ചിനുള്ളിൽ എത്ര വിത്തുകളുണ്ട്?
ഒരു വിത്തിനുള്ളിൽ എത്ര ഓറഞ്ചു ചെടികളുണ്ട്?
"ഓറഞ്ചിൻറെയും മുന്തിരിയുടെയും ദർശനമല്ല, ഓറഞ്ചു തോട്ടങ്ങളുടെയും മുന്തിരിത്തോട്ടങ്ങളുടെയും ദർശനം ഉള്ളവരാകുക."

## B. പുതിയനിയമ വ്യവസ്ഥയിൽ പെരുകലിൻറെ തത്വങ്ങൾ

### 1. സഭാ പെരുകലിൻറെ പ്രമാണങ്ങൾ
a. അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ സുവിശേഷത്തിൻറെ അതിശയകരമായ വളർച്ചയും പെരുക്കവും കൈവരിക്കാൻ ആദിമ സഭയിൽ അന്തർലീനമായിരുന്ന ജനിതകഘടകങ്ങൾ എന്തായിരുന്നു?
b. ഇത്ര വിജയകരമായി സഭ എ.ഡി. 300-ന് മുമ്പ് വളരുവാൻ എന്തുകൊണ്ട് സാധിച്ചു?

- സ്വതസിദ്ധമായ വളർച്ചയുടെ കഥ (അപ്പൊസ്തല പ്രവൃത്തികൾ 1-12)
- ആസൂത്രിതമായ സഭാവളർച്ചയുടെ കഥ (അപ്പൊസതല പ്രവൃത്തികൾ (13-28)

### 2. ലൂക്കൊസിൻറെ സുവിശേഷത്തിലും അപ്പൊസ്തല പ്രവൃത്തികളിലുമുള്ള ദൈവിക ചലനങ്ങൾ
- ദൈവം യേശുവിനെ ഒരു ശിശുവായി ലോകത്തിലേക്ക് അയക്കുന്നു (ലൂക്കൊസ് 1:5-4:13)
- യേശു ജാതികളുടെ ഗലീലയിൽ ആദ്യസ്വാധീനം ചെലുത്തുന്നു (ലൂക്കൊ. 4:14-9:50)
- ശമര്യയിലും യഹൂദ്യയിലുമുള്ള യേശുവിൻറെ സ്വാധീനം (ലൂക്കൊ. 9:51-19:27)
- പെസഹാ സമയത്ത് യേശു യെരുശലേമിൽ സ്വാധീനം ചെലുത്തുന്നു (ലൂക്കൊ. 19:28-22:46)
- യേശുക്രിസ്തുവിൻറെ ക്രൂശീകരണവും പുനരുത്ഥാനവും (ലൂക്കൊ. 22:47-അപ്പൊ.പ്ര. 1:11)
- പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മാവ് യെരുശലേമിനെ സ്വാധീനിക്കുന്നു (അപ്പൊ.പ്ര. 1:12-7:60)
- പരിശുദ്ധാത്മാവ് യഹൂദ്യയെയും ശമര്യയെയും സ്വാധീനിക്കുന്നു (അപ്പൊ.പ്ര. 8;1-40)
- പരിശുദ്ധാത്മാവ് രാജ്യങ്ങളെ സ്വാധീനിക്കുന്നു (അപ്പൊ.പ്ര. 9:1-28:31)

പരിശുദ്ധാത്മാവ് ലോകത്തിൽ നിന്നും വ്യക്തികളെ ക്രിസ്തുവിൻറെ ശരീരമാകുന്ന സഭയിലേക്കു കൊണ്ടുവരുന്നു.

### 3. പെന്തക്കൊസ്തിൻറെ സ്വാധീനം

**പെന്തക്കൊസ്തിലെ ജനവിഭാഗങ്ങൾ (അപ്പൊ.പ്ര. 2:9-11)**
അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തെ പരിശുദ്ധാത്മാവിൻറെ പ്രവൃത്തികളുടെ പുസ്തകം എന്നും വിളിക്കാം (അപ്പൊ.പ്ര. 1:8). സഭാ വളർച്ചയുടെ ആദ്യത്തെ ഉദാഹരണങ്ങൾ അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം രേഖപ്പെടുത്തുന്നു. കർത്താവിൻറെ മഹാനിയോഗത്തിൻറെ പൂർത്തീകരണം സാധ്യമായത് മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത "പരിശുദ്ധാത്മ പകർച്ച" അപ്പൊസ്തലന്മാരുടെമേൽ വന്നിട്ട്

അവർ "ശക്തിപ്രാപിച്ച്, യെരുശലേമിലും യഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റങ്ങളോളം സാക്ഷികൾ ആയതിനാലാണ്." ഇതിൻറെ ഫലമായി ഒറ്റദിവസം കൊണ്ട് 3000 പേർ സഭയോടു ചേർന്നു. ഇത് അപ്പൊസ്തലന്മാർ ആസൂത്രണം ചെയ്തു നടപ്പിലാക്കിയ കാര്യമൊന്നും അല്ലായിരുന്നു. അപ്പൊസ്തല പ്രവൃത്തികളിലെ 1-12 വരെയുള്ള സഭയുടെ വളർച്ച സ്വതവേയുള്ളതായിരുന്നു. തുടർന്നങ്ങോട്ട് ഒരു ദർശനത്തിലൂടെയും (അപ്പൊ.പ്ര. 10, പത്രൊസിനുണ്ടായത്), ചിതറിപ്പോയ വിശ്വാസികളിലൂടെയും (11:19-20), പെന്തക്കൊസ്ത നാളിൽ യെരുശലേമിൽ ഉണ്ടായിരുന്ന നാടുകടത്തപ്പെട്ട യഹൂദന്മാരിൽക്കൂടെയും സഭ വ്യാപിച്ചു. അപ്പൊസ്തല പ്രവൃത്തികൾ 13-ലെത്തുമ്പോൾ അന്ത്യോക്യ സഭ പരിശുദ്ധാത്മ ദർശനത്തിൽ വേലക്കാരെ വേർതിരിച്ച് "ഭൂമിയുടെ അറ്റങ്ങളോളം" സുവിശേഷവുമായി അയച്ചു തുടങ്ങുന്നു.

**4. സഭയുടെ സ്വതസിദ്ധമായ വളർച്ച**

സഭയുടെ രൂപീകരണവും വളർച്ചയും ആണ് അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിലെ മുഖ്യ പ്രതിപാദ്യം. പെന്തക്കൊസ്ത നാളിൽ ലഭിച്ച പരിശുദ്ധാത്മ ശക്തിയാലും കർത്താവിൻറെ മഹാനിയോഗം നിവർത്തിക്കുവാനുള്ള പ്രേരണയാലും അപ്പൊസ്തലന്മാരും മറ്റുള്ളവരും ഉത്സാഹത്തോടെ മുന്നിട്ടിറങ്ങിയതിനാലാണ് ഈ വളർച്ച സാധിച്ചത്. അപ്പൊസ്തല പ്രവൃത്തി 1:8 ൽ നല്കിയിരിക്കുന്ന കർത്താവിൻറെ വാഗ്ദത്ത നിവൃത്തിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ പുസ്തകത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം: ¹പരിശുദ്ധാത്മ ശക്തിപ്രാപിച്ചിട്ട്... ²യെരുശലേമിലും യഹൂദ്യയിലും ശമര്യയിലും... ³ഭൂമിയുടെ അറ്റത്തോളം സാക്ഷികൾ.

**5. യെരുശലേമിൽ സഭയുടെ ആസൂത്രിത വളർച്ചയുടെ കഥ (അപ്പൊ.പ്ര. 1-7)**

ശിഷ്യന്മാർ എല്ലാവരും കർത്താവിൻറെ വാഗ്ദത്തപ്രകാരം ഒരുമനപ്പെട്ട് കാത്തിരിക്കവേ പെന്തക്കൊസ്ത നാളിൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കയും അന്ന് സഭ സ്ഥാപിക്കപ്പെടുകയും ചെയ്തു. കർത്താവ് വാഗ്ദത്തം ചെയ്തപോലെ ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനെ അയക്കുകയും അവൻറെ ശിഷ്യന്മാർ ആത്മനിറവ് പ്രാപിച്ച് ആത്മാവ് തങ്ങൾക്കു നല്കിയ പ്രകാരം ദൈവം ചെയ്ത അത്ഭുത പ്രവൃത്തികളെ അന്യഭാഷകളിൽ പ്രസ്താവിക്കയും ചെയ്തു. അന്ന് പത്രൊസ് നടത്തിയ ആദ്യത്തെ പ്രസംഗത്തിൽ 3000 പേർ "സഭ"യോട് ചേർന്നു. പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കപ്പെട്ടും ആദ്യ അനുഭവത്തിൻറെ ഉത്തേജനം ഉൾക്കൊണ്ടും ശിഷ്യന്മാർ യെരുശലേമിൽ ഒക്കെയും സുവിശേഷം ശക്തിയോടും തീക്ഷ്ണതയോടും ഘോഷിച്ചു.

വെറും 30 വർഷങ്ങൾകൊണ്ട്, അരാമ്യ ഭാഷ മാത്രം അറിയാമായിരുന്നവരും യഹൂദന്മാർ മാത്രവുമായിരുന്ന ഒരു ചെറിയകൂട്ടം ശിഷ്യന്മാർ, തികച്ചും സ്വാഭാവികതയോടെ സഭയുടെ അതിരുകളെ റോമാസാമ്രാജ്യത്തിലെ എല്ലാ മുക്കിലും മൂലയിലും എത്തത്തക്കവിധം "ഭൂമിയുടെ അറ്റത്തോളം" സുവിശേഷം അറിയിച്ചു.

**6. പെന്തക്കൊസ്തിൻറെ പരിണിതഫലം**

a. യെരുശലേമിൽ അരാമ്യ ഭാഷ സംസാരിക്കുന്ന യഹൂദക്രിസ്ത്യാനികൾ യവനഭാഷ സംസാരിക്കുന്ന യഹൂദന്മാരിലേക്കും പരന്നു-യെരുശലേമിലും യഹൂദ്യയിലും ശമര്യയിലും
b. ആത്മനിറവുള്ളവരും മഹാനിയോഗം ശരിയായി മനസ്സിലാക്കിയവരുമായ ശിഷ്യന്മാരുടെ പൂർണ്ണ അനുസരണം
c. എന്തു വില നല്കാനും മടിയില്ലാത്ത സാക്ഷ്യപ്പെടുത്തൽ
d. അത്ഭുതങ്ങളും അടയാളങ്ങളും

**7. സുവിശേഷ മുന്നേറ്റത്തിനു കാരണമായ ഘടകങ്ങൾ**

- ആത്മനിറവുള്ളവരും മഹാനിയോഗം ശരിയായി മനസ്സിലാക്കിയവരുമായ ശിഷ്യന്മാരുടെ പൂർണ്ണ അനുസരണം
- എന്തു വില നല്കാനും മടിയില്ലാത്ത സാക്ഷ്യപ്പെടുത്തൽ

- അത്ഭുതങ്ങളും അടയാളങ്ങളും
- പൗലോസിൻറെയും കൂട്ടരുടെയും നിർണ്ണായക മിഷനറി യാത്രകൾ
- അത്ഭുതങ്ങളും അടയാളങ്ങളും
- പരിശീലിപ്പിച്ചും പരിപാലിച്ചും വളർത്തിയെടുത്ത നേതാക്കൾ
- സഭാ ശൃംഖലകളിലൂടെയുള്ള എണ്ണം പെരുകൽ

**8. സുവിശേഷത്തിൻറെ വ്യാപനം (യെരുശലേം മുതൽ ഭൂമിയുടെ അറ്റത്തോളം)**

പെന്തക്കൊസ്ത നാളിൽ യെരുശലേമിൽ ഉടലെടുത്ത സഭ ആദ്യദിവസം മുതൽ ശക്തമായി വ്യാപിക്കുവാൻ തുടങ്ങി.

- യഹൂദരിൽ നിന്നും ജാതികളിലേക്ക്
- ചിതറിപ്പോയ വിശ്വാസികളിലൂടെ പരദേശ യഹൂദരിലേക്ക്
- നിർണ്ണായക പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിലേക്ക്

**a. അപ്പൊസ്തല പ്രവൃത്തികൾ 8-12.** യെരുശലേമിൽ നിന്നും യഹൂദ്യയിലേക്കും ശമര്യയിലേക്കുമുള്ള വ്യാപനം. റോമാ സാമ്രാജ്യത്തിൽ ആദ്യം പീഡ ഏൽക്കേണ്ടി വന്നത് ഗ്രീക്ക് ഭാഷക്കാരായ വിശ്വാസികൾക്കാണ്. അവർ യെരുശലേമിൽ നിന്നും ചിതറി ചുറ്റുപാടുള്ള യഹൂദ്യയിലും ശമര്യയിലും എത്തി; ചെന്നിടത്തെല്ലാം സുവിശേഷത്തിൻറെ സാക്ഷികളായി

**b. അപ്പൊസ്തല പ്രവൃത്തികൾ 9-28.** ഭൂമിയുടെ അറ്റത്തോളം വളർച്ച പ്രാപിച്ച പുതിയനിയമ സഭയുടെ വളർച്ചാഘടന.

**9. പൗലോസിൻറെ സംഘത്തിലൂടെയുള്ള വർദ്ധന**

ആദ്യ നൂറ്റാണ്ടിലെ ഏറെ ഫലവത്തായ സുവിശേഷീകരണത്തിന് കാരണമായത് പൗലോസിൻറെയും സംഘാംങ്ങളുടെയും ആസൂത്രിതമായ മിഷനറി യാത്രകളാണ്. അവർ തന്ത്രപ്രധാനങ്ങളായ നഗരങ്ങളിൽ ചെന്ന അവിടെയുള്ള ജനത്തോട് പ്രസംഗത്തിലൂടെയും ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും സുവിശേഷ സത്യം സമർത്ഥിച്ചു. അപ്രകാരം ഒരു നഗരത്തിൽ സുവിശേഷത്തിൽ വിശ്വസി ക്കുന്നവരുണ്ടായാൽ അവിടെ സഭ സ്ഥാപിച്ച്, മൂപ്പന്മാരെ നിയമിച്ച്, ദർശനം പകർന്ന നല്കി, സഭയെ ഉറപ്പിച്ചശേഷം ഇതേ ശുശ്രൂഷ തുടരുന്നതിനായി മറ്റ് നഗരങ്ങളിലേക്ക് അവർ പോയി. തദ്ദേശീയ നേതാക്കളെ കണ്ടെത്തി പരിശീലിപ്പിക്കുവാനും വളർത്തിയെടുക്കുവാനും അവർ പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു. ഈ നേതാക്കൾ മറ്റനേകം ശിഷ്യന്മാരെ വാർത്തെടുത്തു. തൽഫലമായി സഭ വളരുകയും ചെയ്തുകൊണ്ടിരുന്നു.

**10. സഭാ ശൃംഖല വഴിയുള്ള വളർച്ച**

a. യഹൂദരിൽനിന്നും ജാതികളിലേക്ക്
b. ചിതറിപ്പോയ വിശ്വാസികൾ പരദേശവാസികളായ യഹൂദരിലേക്ക്
c. അന്ത്യോക്യയിൽ നിന്നും ഏഷ്യയിലേക്കും യൂറോപ്പിലേക്കും
d. തന്ത്രപ്രധാനമായ പട്ടണങ്ങളിൽ നിന്നും സമീപ പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും

**11. പഠനത്തിൻറെ/പരിശീലനത്തിൻറെ സ്വാധീനം-അന്ത്യൊക്യ മാതൃക**

a. "അവൻ (ബർന്നബാസ്) ശൗലിനെ തെരയുവാൻ തർസൊസിലേക്കു പോയി, അവനെ കണ്ടെത്തി അന്ത്യൊക്യയിലേക്കു കൂട്ടിക്കൊണ്ടു വന്നു. അവർ ഒരു സംവത്സരം മുഴുവനും സഭായോഗങ്ങളിൽ കൂടുകയും ബഹുജനത്തെ ഉപദേശിക്കയും ചെയ്തു; അന്ത്യൊക്യയിൽവെച്ചു ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്നു പേർ ഉണ്ടായി" (അപ്പൊസ്തല പ്രവൃത്തികൾ 11:25-26). ഈ വേദഭാഗത്തിൻറെ അനന്തര ഫലം എന്തായിരുന്നു?

b. "അന്ത്യൊക്യയിലെ സഭയിൽ ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമോൻ, കുറേനക്കാരനായ

ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവോട്ടുകൂടെ വളർന്ന മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു. അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചുംകൊണ്ടിരിക്കുമ്പോൾ ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലക്കായിട്ടു അവരെ എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവ് പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെമേൽ കൈവെച്ചു അവരെ പറഞ്ഞയച്ചു." അപ്പൊ. പ്ര. 13:1-3.

**12. വർദ്ധനവിൻറെ രഹസ്യം**

പൗലോസിൻറെ സംഘം അഥവാ അപ്പൊസ്തലിക സംഘം: പൗലോസ്, ബർന്നബാസ്, തിമൊഥെയൊസ്, തീത്തൊസ്, ശീലാസ്, ലൂക്കൊസ്, അപ്പൊല്ലൊസ്.

a. സുവിശേഷം വ്യാപിച്ചതനുസരിച്ച് സുവിശേഷകരുടെ ഒരു ശൃംഖല രൂപപ്പെട്ടു

b. തങ്ങളുടെ ദൗത്യം തിരിച്ചറിഞ്ഞ് സജീവമായി പങ്കെടുത്ത സഭകളുടെ ശൃംഖല

c. എല്ലാ സഭകളിലും സഭകളുടെകൂട്ടങ്ങളിലും ഉണ്ടായിരുന്ന മൂപ്പന്മാരുടെ നിര

d. നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള സഭാക്കൂട്ടങ്ങൾ (യെരുശലേം, അലക്സന്ത്രിയ, ഏഥൻസ്, അന്ത്യൊക്യ, കൊരിന്തോസ്, റോം, എഫെസൊസ്)

e. എഫെസൊസ് കേന്ദ്രമാക്കിയുള്ള പുതിയനിയമ സഭാ മിഷനുകളുടെ ശൃംഖല

**13. പത്രൊസിൻറെ ശൃംഖലയിലെ സഭകൾ**

"യേശുക്രിസ്തുവിൻറെ അപ്പൊസ്തലനായ പത്രൊസ്, പൊന്തൊസിലും ഗലാത്യയിലും കപ്പദോക്യയിലും ആസ്യയിലും ബിഥുന്യയിലും ചിതറിപ്പാർക്കുന്ന പരദേശികളും..." 1 പത്രൊസ് 1:1
ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ

1.ആദിമ സഭയുടെ സുവിശേഷമുന്നേറ്റ മാതൃകയിൽ നിന്നും ഇന്നത്തെ പശ്ചാത്തലത്തിൽ പ്രയോജനപ്പെടുത്താവുന്ന എന്താണ് ഈ അദ്ധ്യായത്തിൽ നാം പഠിച്ചത്?
2. അത് എത്രമാത്രം സ്വതസിദ്ധമായിരുന്നു? എത്രമാത്രം തന്ത്രപ്രധാനമായിരുന്നു?
3. പുതിയനിയമ പ്രമാണങ്ങളിൽ അധിഷ്ഠിതമായി ഒരു പുതിയ മേഖലയിലോ ജനവിഭാഗത്തിലോ സഭ സ്ഥാപിക്കുന്നതിനുള്ള ശൈലി എങ്ങനെ നിങ്ങൾ രൂപകല്പന ചെയ്യും?

**മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T.Christians)**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാനും ഞങ്ങൾ നിർദ്ദേശിക്കുന്നു.
(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)
"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."
2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.
1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 19
## സുവിശേഷ മുന്നേറ്റങ്ങൾ: മുന്നേറ്റങ്ങളുടെ മുന്നേറ്റം (ഭാഗം 2)

**ഉദ്ദേശ്യം:**

- ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ സഭയുടെ ധ്രുതഗതിയിലുള്ള വളർച്ചയുടെ മാതൃക മനസ്സിലാക്കുക
- സ്വന്തജനവിഭാഗത്തിനോ സ്വന്ത പ്രദേശത്തോ സഭാ വളർച്ച ത്വരിതപ്പെടുത്തുന്നതിനുള്ള ഒരു മാതൃക രൂപകല്പന ചെയ്യുവാൻ സഹായിക്കുക

**പ്രധാന വാക്യങ്ങൾ:**
മത്തായി 13:8
"മറ്റു ചിലതു നല്ല നിലത്തു വീണു, നൂറും അറുപതും മുപ്പതും മേനി വിളഞ്ഞു"

**അപ്പൊസ്തല പ്രവൃത്തികൾ 2:47**
"...ദൈവത്തെ സ്തുതിക്കയും സകല ജനത്തിൻറെയും കൃപ അനുഭവിക്കയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു."

**അപ്പൊസ്തല പ്രവൃത്തികൾ 9:31**
"അങ്ങനെ യഹൂദ്യ, ഗലീല, ശമര്യ എന്നീ ദേശങ്ങളിൽ ഒക്കെയും സഭെക്കു സമാധാനം ഉണ്ടായി, അതു ആത്മികവർദ്ധന പ്രാപിച്ചും കർത്താവിനോടുള്ള ഭക്തിയിലും പരിശുദ്ധാത്മാവിൻറെ പ്രബോധനയിലും നടന്നും പെരുകിക്കൊണ്ടിരുന്നു."

**അപ്പൊസ്തല പ്രവൃത്തികൾ 6:7**
"ദൈവവചനം പരന്നു, യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റം പെരുകി, പുരോഹിതന്മാരിലും വലിയ ഒരു കൂട്ടം വിശ്വാസത്തിന് അധീനരായിത്തീർന്നു."

**അപ്പൊസ്തല പ്രവൃത്തികൾ 16:5**
"അങ്ങനെ സഭകൾ വിശ്വാസത്തിൽ ഉറെക്കുകയും എണ്ണത്തിൽ പെരുകുകയും ചെയ്തു."

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**
കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ടത് സഭയുടെ സ്വതവേയുള്ള വർദ്ധനവിൻറെയും ആസൂത്രിത വളർച്ചയുടെയും പ്രമാണങ്ങളാണ്. സുവിശേഷത്തിൻറെ വ്യാപനത്തെ ത്വരിതപ്പെടുത്തുന്ന ചില ശ്രദ്ധേയ ആനുകാലിക മാതൃകകളെക്കുറിച്ച് ഈ അദ്ധ്യായത്തിൽ നാം ചർച്ച ചെയ്യും. നിങ്ങളുടെ സഭകളിൽ നടപ്പിലാക്കാൻ സാധിക്കുന്ന ചില മാതൃകകളാണ് ഇവിടെ പരിചയപ്പെടുത്തുവാൻ പോകുന്നത്.

1. മുന്നേറ്റപ്രസ്ഥാനത്തിൻറെ ചില മാതൃകകൾ
വേദപുസ്തകത്തിൽ മുന്നേറ്റത്തിൻറെ സാധ്യതകളെ വർണ്ണിക്കുന്ന ചില സാദൃശ്യങ്ങൾ നല്കപ്പെട്ടിട്ടുണ്ട്.
a. അഗ്നി (യാക്കോബ് 3:16): ഇവിടെ അഗ്നിയുടെ വലിപ്പമല്ല പ്രധാനം; നിങ്ങൾ എത്ര തീക്ക് തുടക്കമിട്ടു എന്നതാണ് പ്രധാനം
b. വെള്ളം (ഹബക്കൂക്ക് 2:14): മഴത്തുള്ളികൾ അരുവികളായും അരുവികൾ നദികളായും സ്വാഭാവിക ചാലുകളിലൂടെ ഒഴുകുന്നു.
c. വിത്ത് (മത്തായി 13:8): യേശു പറഞ്ഞത് ഒരു വിത്ത് നല്ല നിലത്ത് വിതയ്ക്കപ്പെട്ടാൽ മുപ്പതും അറുപതും നൂറും മേനിയായി വിളയും എന്നാണ്. ഓരോ വിത്തിനും ഈ സാധ്യത ഉണ്ട്.

**2. അതിവേഗം വളർന്നു വ്യാപിക്കുന്ന സഭാ മുന്നേറ്റ മാതൃകകൾ**
ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ 21-ാം നൂറ്റാണ്ടിൽ അറിയപ്പെടുന്ന രണ്ടു മാതൃകകളെ നമുക്ക് പരി ശോധിക്കാം. രണ്ടു മാതൃകകളിലും ചില പൊതുവായ ആശയങ്ങളും ഘടനകളും കാണാം. ഈ രണ്ടു സുവിശേഷപ്രസ്ഥാനങ്ങളും അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്നു. അനേകർ ഈ രീതി അവലംബിക്കുകയും പ്രയോഗിക്കയും ചെയ്ത് നല്ല ഫലം കൊയ്യുന്നു.

**A. സഭാസ്ഥാപന പ്രസ്ഥാനം (Church Planting Movement- CPM)**
പരിശീലകർക്കുള്ള പരിശീലനം (Training for Trainers)

**B. ശിഷ്യത്വ രൂപവൽക്കരണ പ്രസ്ഥാനം (Disciple Making Movements-DMM)**
ഡിസ്കവറി ബൈബിൾ സ്റ്റഡി (DBS)

**A. എന്താണ് സഭാസ്ഥാപന പ്രസ്ഥാനം?**
ഒരു ജനവിഭാഗത്തിനിടയിൽ അതിവേഗം വളർന്നു വ്യാപിക്കുന്ന സ്വദേശീയ സഭകൾ സ്ഥാപിക്കുന്ന സഭാസ്ഥാപന പ്രസ്ഥാനത്തെയാണ് CPM എന്നറിയപ്പെടുന്നത് (David Garison).
സഭാസ്ഥാപന പ്രസ്ഥാനത്തിൻറെ മൂന്നു പ്രധാന സവിശേഷതകൾ
a. അതിവേഗത്തിലുള്ള വളർച്ച
b. ഓരോന്നു കൂട്ടുകയല്ല അനേകമടങ്ങായി പെരുകുകയാണ്
c. തദ്ദേശീയമാണ്-പുറമെക്കാർ മൂലമല്ല, തദ്ദേശീയർ തന്നെ സഭ സ്ഥാപിക്കുന്നു.
ഏഷ്യയിലെ സഭാസ്ഥാപന പ്രസ്ഥാനത്തിൻറെ മാതൃകയായി യിംഗ് & ഗ്രേയ്സ് കയാസ് (Ying and Grace Kai) ദമ്പതികളുടെ കഥ:

2001 ലാണ് ഏഷ്യയിലെ ഒരു സഭാസ്ഥാപന പ്രസ്ഥാനം മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധത്തിലുള്ള പെരുകി വർദ്ധന കാണുവാൻ തുടങ്ങിയത്. ഇതിൻറെ തുടക്കം ഹോങ്കോങ്ങിലുള്ള മിഷനറി ദമ്പതിമാരായ യിംഗ് & ഗ്രെയ്സ് ദമ്പതിമാരായിരുന്നു. പത്തു വർഷത്തിൽ ഒരു സഭ എന്നതിൽ നിന്നും വർഷത്തിൽ ഒരു സഭ സ്ഥാപിക്കുക എന്ന വെല്ലുവിളിയാണ് ഇതിലേക്കു നയിച്ചത്. ഒരിക്കൽ യിംഗ് കയസ് പ്രാർത്ഥികൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവ് തന്നോട് "ഒരു സഭ സ്ഥാപിക്കുന്നതിനേക്കാൾ മെച്ചം എന്താണ്?" എന്നു ചോദിക്കുന്നതായി അനുഭവപ്പെട്ടു. തുടർന്നു അതിനുള്ള മറുപടിയും കേട്ടു "സഭ സ്ഥാപിക്കുന്നതിന് മറ്റുള്ളവരെ പരിശീലിപ്പിക്കുക." രണ്ടാമത്തെ ചോദ്യം "മറ്റുള്ളവരെ സഭ സ്ഥാപിക്കുവാൻ പരിശീലിപ്പിക്കുന്നതിലും മെച്ചമായത് എന്താണ്?" എന്നായിരുന്നു. ഉത്തരം മുട്ടിപ്പോയ യിംഗിൻറെ കാതിൽ പരിശുദ്ധാത്മാവ് വീണ്ടും മന്ത്രിച്ചു "സഭസ്ഥാപിക്കുന്നതിന് പരിശീലിപ്പിക്കുവാൻ മറ്റുള്ളവരെ പരിശീലിപ്പിക്കുക." ഈ ദർശനത്തെ മുറുകെ പിടിച്ചുകൊണ്ട് അദ്ദേഹം രൂപം കൊടുത്ത പ്രസ്ഥാനമാണ് ഠ4ഠ പരിശീലന പരിപാടി. സഭാ സ്ഥാപന പരിശീലനത്തിൽ അവർ സ്വീകരിച്ച ചില ആപ്തവാക്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

1. "വരിക" എന്നല്ല "പോകുക."
2. "ചിലർ" എന്നല്ല "എല്ലാവരും"
3. ഓരോ വിശ്വാസിയെയും 'സഭാംഗമാക്കുക'യല്ല, ശിഷ്യനാക്കുക
4. സ്വന്തം സാക്ഷ്യം പ്രസ്താവിക്കുക
5. യേശു കല്പിച്ചത് അനുസരിക്കാൻ പരിശീലിപ്പിക്കുക
6. "കേൾക്കുക" മാത്രമല്ല അനുസരിക്കയും വേണം
7. പ്രാർത്ഥനയാൽ നിർഭരമായിരിക്കുക
8. പ്രായോഗിക ശുശ്രൂഷയിൽ ശ്രദ്ധയൂന്നുക
9. ഒരു സഭസ്ഥാപിക്കുന്നതിൽ ദൈവത്തോടു സഹകരിക്കുക
10. സഭാസ്ഥാപന പ്രസ്ഥാനത്തെ വികസിപ്പിക്കുക

**T4T പരിശീലന മാതൃക**

പ്രായോഗിക ശുശ്രൂഷയ്ക്ക് പ്രാധാന്യം നല്കുന്ന പ്രസ്ഥാനം എന്ന ദൈവിക ദർശനത്തിൽ അധിഷ്ഠിതമായ പരിശീല പരിപാടിയാണ് ൦4൦. അനുസരണത്തിൽ ഊന്നിയ ഈ പരിശീലന പരിപാടിയുടെ പ്രധാന പ്രത്യേകതകൾ ചുവടെ ചേർക്കുന്നു. അവർ കൂടിവരുമ്പോൾ ഈ മാതൃക പിന്തുടരുന്നു.

**a. പുറകോട്ടു നോക്കുക**

- ഇടയശുശ്രൂഷ. "നിങ്ങൾ എങ്ങനെ ചെയ്യുന്നു?"
- അനൗപചാരിക ആരാധനാ രീതി. അതൊരു പാട്ടു പാടുന്നതോ പ്രാർത്ഥനയോ ആകാം.
- ഉത്തരവാദിത്തം. "എന്താണ് നിങ്ങൾ അനുസരിച്ചത്?"
- ആരോടാണ് നിങ്ങൾ സാക്ഷിച്ചത്?
- ദർശനം ഉളവാക്കുന്നു: അവർ എന്തായിത്തീരണമെന്നു ദൈവം ആഗ്രഹിക്കുന്നു എന്നു പരിശീല നാർത്ഥിയെ കൂടെക്കൂടെ ഓർപ്പിക്കുന്നു.

**b.മുകളിലേക്കു നോക്കുക**

- അനുസരിക്കുവാനും മറ്റുള്ളവർക്കു പകർന്നു നല്കുവാനും പരിശീലനാർത്ഥികൾക്ക് തിരുവചനഭാഗങ്ങൾ ലഭിക്കുന്നു.
- 6 അടിസ്ഥാന ശിഷ്യത്വ പാഠങ്ങളുടെ പരമ്പര പഠിക്കുന്നു
- താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ സഹായത്തോടെ ഒരു ശിറൗരശ്ലേ ബൈബിൾ പഠനം നടത്തേണ്ടത് എങ്ങനെയെന്നു ഓരോ പരിശീലനാർത്ഥിയും അഭ്യസിക്കുന്നു.
  - എന്താണ് ഈ ഭാഗത്ത് പറയുന്നത്?
  - എന്താണ് എനിക്ക് അനുസരിക്കാനുള്ളത്?
  - മറ്റുള്ളവുമായി ഞാൻ എന്താണ് പങ്കുവെക്കേണ്ടത്?
  - ആരോടാണ് ഞാൻ പങ്കിടേണ്ടത്?

**c. മുമ്പോട്ടു നോക്കുന്നു**

- പരിശീലിക്കുക. തങ്ങൾ പഠിച്ച കാര്യങ്ങൾ പരിശീലിച്ചുകൊണ്ട് മറ്റുള്ളവരുമായി പങ്കിടുന്നതിന് പരിശീലനാർത്ഥികൾ പ്രാപ്തി നേടുന്നു
- ലക്ഷ്യം നിർണ്ണയിക്കുക: പരിശീലനാർത്ഥികൾ തങ്ങൾ പഠിച്ചത് അനുസരിക്കുവാനും മറ്റുള്ളവരുമായി പങ്കിടുന്നതിനും അവരെ പരിശീലിപ്പിക്കുന്നതിലും ലക്ഷ്യം നിർണ്ണയിക്കണം.
- പുനർ നിയോഗിക്കൽ: തുടർന്ന് അവർ ഓരോരുത്തരും പരസ്പരം പ്രാർത്ഥനയാൽ നിയോഗത്തിനായി പുനർ നിയോഗിക്കൽ നടത്തണം.

**എന്താണ് ശിഷ്യത്വരൂപീകരണ പ്രസ്ഥാനം (DMM)?**

ശിഷ്യത്വരൂപീകരണ പ്രസ്ഥാനം ഒയ്കോസുമായി അല്ലെങ്കിൽ സമാധാനപുത്രന്മാരുമായുള്ള ഡിസ്കവറി ബൈബിൾ സ്റ്റഡി ഗ്രൂപ്പ് ആരംഭിക്കുന്നു. വിശ്വസിക്കുന്നതിനു മുമ്പ് ഒരു ബന്ധമുണ്ടാകണം എന്ന തത്വമാണ് അവർ അവലംബിക്കുന്നത്. ഡിസ്കവറി ബൈബിൾ സ്റ്റഡി പുസ്തകങ്ങൾ വിശ്വാസികൾക്കല്ല മറിച്ച് അവിശ്വാസികൾക്കായിട്ടാണ് പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. അതിലൂടെ അവർ കടന്നു പോകുമ്പോൾ അവരിൽ സുവിശേഷം സാവധാനം ക്രിയചെയ്യുകയും അവർ രക്ഷയിലേക്കും ശിഷ്യത്വരൂപീകരണ പ്രസ്ഥാനത്തിൻറെ ഭാഗമാകുകയും ചെയ്യുന്നു.

DMM പ്രവർത്തനരീതി: കൂടിവരുമ്പോഴുള്ള പ്രാരംഭ ചോദ്യങ്ങൾ

a. ഈ ആഴ്ച എന്തിനുവേണ്ടിയാണ് നിങ്ങൾ നന്ദിയർപ്പിക്കേണ്ടത്? (ആരാധിക്കുവാനും പ്രാർത്ഥിക്കുവാനും പുതിയ വിശ്വാസികളെയും അന്വേഷകരെയും സഹായിക്കും)
b. എന്തു വെല്ലുവിളികളാണ് നിങ്ങൾ നേരിടുന്നത്? ഈ ഗ്രൂപ്പിന് നിങ്ങളെ ഏതെങ്കിലും വിധത്തിൽ നിങ്ങളെ ഇക്കാര്യത്തിൽ സഹായിക്കാൻ ആകുമോ? (കരുതുന്ന ഒരു സമൂഹത്തിലേക്ക് ഇത് അവരെ നയിക്കും)

## DMM: ബൈബിൾ ഡിസ്കവറി ചോദ്യങ്ങൾ

a. എന്താണ് ഈ വേദഭാഗം പറയുന്നത്?
b. ഞാൻ ഈ ഭാഗത്തെ എങ്ങനെ വിവരിക്കും? (ഓരോരുത്തരും ആ വേദഭാഗം സ്വന്തവാക്കുകളിൽ വിവരിക്കുന്നു)
c. ഞാൻ പഠിച്ച കാര്യങ്ങൾ അനുസരിക്കേണ്ടതിന് എന്തു ചെയ്യണം?
d. അടുത്ത ആഴ്ച ഞാൻ....ചെയ്യും (അടുത്തയാഴ്ച നിങ്ങൾ ചെയ്യുവാനിരിക്കുന്നത് പൂരിപ്പിക്കുക)
സമയം ഉണ്ടെങ്കിൽ മറ്റ് ചില ചോദ്യങ്ങൾകൂടെ
e. മനുഷ്യവർഗ്ഗത്തെക്കുറിച്ച് ഈ ഭാഗം എന്തു പറയുന്നു?
f. ദൈവത്തെക്കുറിച്ച് ഈ ഭാഗം എന്തു പറയുന്നു?

**സുവിശേഷീകരണ സംബന്ധിയായ ചോദ്യങ്ങൾ**

a. ഈ ആഴ്ച നിങ്ങൾ പഠിച്ചത് ആരുമായിട്ടാണ് പങ്കിടുവാൻ പോകുന്നത്? (ഓരോരുത്തരും ആരോടാണ് പങ്കിടുവാൻ പോകുന്നത് എന്ന തീരുമാനിക്കുക. ഒരുപക്ഷേ, ഒരു സഹപ്രവർത്തകനോടോ സ്വന്ത സഹോദരനോടോ ആകാം ഇത് പങ്കിടുന്നത്)
b. ഉത്തരവാദിത്തം സംബന്ധിച്ചുള്ള ചോദ്യങ്ങൾ. പിന്നിട്ട വാരത്തിലെ ചോദ്യങ്ങളുടെ തുടർച്ചയായ ചോദ്യങ്ങളാകും ഇവ)
c. കഴിഞ്ഞ ആഴ്ച പഠിച്ച കാര്യങ്ങൾ ആരോടാണ് പങ്കുവെച്ചത്?
d. "ഞാൻ....ചെയ്യും" എന്നത് എപ്രകാരമാണ്/എത്രമാത്രമാണ് നിവർത്തിക്കപ്പെട്ടത്?

**ഈ മാതൃകകളുടെ ഗുണങ്ങളും ദോഷങ്ങളും**

രണ്ടു മാതൃകകൾക്കും അതിൻറേതായ ഗുണങ്ങളും ദോഷങ്ങളും ഉണ്ട്.

**ഗുണങ്ങൾ:**

- വിശ്വാസികളെ തങ്ങളുടെ ഓയ്കോസുകളിലൂടെ സുവിശേഷീകരണം നടത്തുന്നതിന് പരിശീലിപ്പി ക്കുന്നതിൽ T4T ഊന്നൽ നല്കുന്നു.
- ഡിസ്കവറി ബൈബിൾ പഠനങ്ങളിലൂടെ സുവിശേഷം എങ്ങനെ പങ്കിടാം എന്നതിന് ഊന്നൽ നല്കുന്നത് ആണ് ഉദങ.
- രണ്ടു മാതൃകകളും അതിവേഗം സുവിശേഷം വ്യാപിക്കുന്നതിന് സഹായിക്കുന്നു.
- രണ്ടു മാതൃകകളും പ്രായോഗിക പരിശീലനത്തിൽ ശ്രദ്ധ ചെലുത്തുന്നു
- ഇവ രണ്ടും വിശ്വാസ പ്രസ്ഥാനങ്ങളാണ്. അത് അനുവർത്തിച്ചാൽ നല്ല വളർച്ച ലഭിക്കും
- രണ്ടും ദൈവവചനത്തിൻറെ ആധികാരികതയിലുംനിരന്തര പ്രാർത്ഥനയിലും ആശ്രയിക്കുന്നു.

**ദോഷങ്ങൾ:**

പ്രത്യേക ശ്രദ്ധ ചെലുത്തിയില്ലെങ്കിൽ, സഭകളുടെ എണ്ണം പെരുകുവാൻ ഈ രീതികൾ സഹായിക്കുമെങ്കിലും ആഴമില്ലാത്ത സഭകളായിരിക്കും അവ. അനേക സഭാസ്ഥാപന പ്രസ്ഥാനങ്ങൾക്കും ലോകമെമ്പാടും സഭകൾ സ്ഥാപിക്കുന്നതിന് കഴിഞ്ഞെങ്കിലും അവയുടെ വളർച്ച തീരെ ആഴമില്ലാത്തവയായിരുന്നു എന്ന് അനേക സംഭവങ്ങൾ ചൂണ്ടിക്കാട്ടുന്നു. "ഒരു മൈൽ വിസ്തൃതിയും ഒരിഞ്ചു താഴ്ചയും" മാത്രമുള്ളത് എന്നു പറയുന്നതുപോലെയുള്ള അവസ്ഥ.
സഭ വളരുവാൻ എല്ലാ പ്രയത്നവും ചെയ്യുന്നതിനൊപ്പം പുതിയ നേതാക്കളെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും പുതിയ വിശ്വാസികളെ തിരുവചന പ്രമാണങ്ങളിൽ ആഴത്തിൽ ഉറപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

പക്വതവന്ന ഒരു നേതാവില്ലാത്തതുമൂലം പുതുവിശ്വാസികൾ ഓരോരുത്തരും അവരവർക്ക് ബോധിച്ച പ്രകാരം തിരുവചനം വ്യാഖ്യാനിക്കയും അതിലൂടെ വേദവിപരീതങ്ങളും ദുരുപദേശങ്ങളും സഭയിൽ കടന്നു കൂടാനുള്ള സാധ്യതയും ഇവിടെ പതിയിരിപ്പുണ്ട്.

സഭകൾ സ്ഥാപിക്കുന്നതിന് സമാന്തരമായി വിശ്വാസികളെ ദൈവവചനം ആഴത്തിൽ പഠിപ്പിക്കുകയും, അതോടൊപ്പം തന്നെ നേതാക്കളെ പരിശീലിപ്പിച്ചെടുക്കുകയും ചെയ്യുക എന്നതാണ് ഇതിനുള്ള പരിഹാരം.
"യഹൂദാ ഗൃഹത്തിൽ രക്ഷപെട്ട ഒരു ശേഷിപ്പ് വീണ്ടും താഴെ വേരൂന്നി മീതെ ഫലം കായ്ക്കും (യെശയ്യാവ് 37:31)

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ**

1.CPM, DMM പ്രസ്ഥാനങ്ങളിൽ നിന്നും എന്താണ് നാം പഠിച്ചത്?
2. നിങ്ങളുടെ പ്രദേശത്ത് സഭാവളർച്ച പ്രസ്ഥാനത്തിന് എങ്ങനെ രൂപംകൊടുക്കുവാൻ കഴിയും?
3.ഈ പ്രക്രിയയിൽ ഏതു തിരുവചന പാഠങ്ങളാകും നമ്മെ നയിക്കുക?

**മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T.Christians)**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാനും ഞങ്ങൾ നിർദ്ദേശിക്കുന്നു.
(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)
"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."
2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."

**പ്രായോഗിക തലം**

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം എഴുതുക. ഉത്തരങ്ങളും പ്ലാനുകളും ഒന്നിലധികം പരിശീലനാർത്ഥികളുമായും നിങ്ങളുടെ പരിശീലകനുമായും ചർച്ച ചെയ്യുക.
1. എന്താണ് ഞാൻ പഠിച്ചത്?
2. ഇന്നു ഞാൻ പഠിച്ചതിൻറെ വെളിച്ചത്തിൽ ഞാൻ എന്താണ് അനുസരിക്കേണ്ടത്?
3. ഞാൻ ആരെയാണ് പഠിപ്പിക്കേണ്ടത്? (നിങ്ങൾ ശിഷ്യരാക്കുന്നവരുടെ പേരുകൾ എഴുതുക)
4. വിഷയവുമായി ബന്ധപ്പെട്ട ഒരു വേദപുസ്തക കഥയോ ഒരു ചിത്രീകരണമോ തെരഞ്ഞെടുക്കുക.
5. നിങ്ങൾ പഠിച്ച വിഷയം വിശദീകരിക്കുന്ന ഒരു ചാർട്ടോ ചിത്രീകരണമോ വരയ്ക്കുക.

# അദ്ധ്യായം 20

## സുവിശേഷ പൂർത്തീകരണം: മഹാനിയോഗത്തിൻറെ മഹാപൂർത്തീകരണം

**ഉദ്ദേശ്യം:**

- മഹാനിയോഗത്തിൻറെ പരിസമാപ്തി മനസ്സിലാക്കുവാൻ
- പൂർത്തിയാക്കപ്പെട്ട വേല എങ്ങനെയിരിക്കും എന്ന മനസ്സിലാക്കുവാൻ
- മഹാനിയോഗദൗത്യ പൂർത്തീകരണത്തിന് എന്താണ് ചെയ്യേണ്ടത് എന്നറിയുവാൻ

**പ്രധാന വാക്യങ്ങൾ:**

**ദാനിയേൽ 7:14**

"സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് അവന് ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; അവൻറെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവൻറ രാജത്വം നശിച്ചുപോകാത്തതുമാകുന്നു."

**മത്തായി 24:14**

"രാജ്യത്തിൻറെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും."

**വെളിപ്പാട് 5:9**

"പുസ്തകം വാങ്ങുവാനും അതിൻറെ മുദ്രപൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിൻറെ രക്തംകൊണ്ട് സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും ഉള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങി."

**വെളിപ്പാട് 7:9**

"ഇതിൻറെ ശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിൽനിന്നും ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നില്ക്കുന്നത് ഞാൻ കണ്ടു."

**അദ്ധ്യായത്തിൻറെ ഉള്ളടക്കം:**

1.മഹാനിയോഗം "ചിലർക്കു മാത്രമുള്ളതല്ല." അത് "എല്ലാവർക്കും," "ഓരോരുത്തർക്കും"ഉള്ളതാണ്.

a. "സകല ജാതികളോടും" സുവിശേഷം പറയണം (മത്തായി 28:19). "ലോകമെങ്ങും" പോകണം (മർക്കൊസ് 16:15).

b. സകല ജാതികളും, സകല ഭാഷകളും സകല ഗോത്രങ്ങളും (വെളിപ്പാട് 7:9)

c. ഇതിനായി അവൻ സകല അധികാരവും നമുക്ക് നല്കിയിരിക്കുന്നു (മത്തായി 28:18)

d. എല്ലാ നാളും അവൻറെ സാന്നിദ്ധ്യം അവൻ വാഗ്ദത്തം ചെയ്തിരിക്കുന്നു (മത്തായി 28:20)

e. എല്ലാകാര്യങ്ങളും പഠിപ്പിക്കുവാൻ നാം ശ്രദ്ധിക്കണം (മത്തായി 28:20)

കൂടുതൽ ആഴത്തിലേക്ക് കടക്കുന്നതിന് മുമ്പ് നമുക്ക് ഈ ചോദ്യങ്ങൾ സ്വയം ചോദിക്കാം. ആകയാൽ, മഹാഗുരുവിൻറെ ശിഷ്യരെന്ന നിലയ്ക്ക് നമുക്ക് ഇപ്രകാരം പറയാം: "ഞങ്ങളുടെ ഈ തലമുറയിൽ മഹാനിയോഗം നിവൃത്തിയാകേണ്ടതിനായി ഞങ്ങൾക്കുള്ളതെല്ലാം നല്കിക്കൊണ്ട് ഇപ്പോൾത്തന്നെ വേണ്ടത് ചെയ്യുവാൻ ഞങ്ങൾ തയ്യാറാണ്."

**2. മഹാനിയോഗം പൂർത്തിയാക്കപ്പെട്ട അവസ്ഥ എങ്ങനെ ആയിരിക്കും?**

താഴെപ്പറയുന്ന വേദഭാഗങ്ങൾ വായിച്ചിട്ട് മഹാനിയോഗ ദൗത്യം പൂർത്തിയാക്കപ്പെട്ട കഴിഞ്ഞാലുള്ള സ്ഥിതി എന്തായിരിക്കും എന്ന വിഭാവന ചെയ്യുക.

മത്തായി 24:14
വെളിപ്പാട് 5:9
വെളിപ്പാട് 7:9
ദാനിയേൽ 7:9

**ആത്യന്തികമായ ഫലം ഇപ്രകാരമായിരിക്കണം**

- സകല ലോകവും യേശുക്രിസ്തുവിൻറെ സുവിശേഷം കേട്ടിരിക്കും (മത്തായി 24:14)
- എല്ലാ ജാതികളിൽ നിന്നും ഭാഷകളിൽനിന്നും ഗോത്രങ്ങളിൽ നിന്നും വംശങ്ങളിൽനിന്നുമുള്ളവർ കർത്താവിനെ ആരാധിക്കും (വെളിപ്പാട് 5:9; 7:14)
- എല്ലായിടങ്ങളിലും ദൈവജനത്തിൻറെ കൂടിവരവുകൾ ഉണ്ടാകും (വെളിപ്പാട് 7:9)

**3. മഹാനിയോഗ പൂർത്തീകരണത്തിനായി എന്തു ചെയ്യണം?**

- ഒരു രാജ്യത്ത്
- നിങ്ങളുടെ ജില്ലയിൽ
- നിങ്ങളുടെ ഉപജില്ലയിൽ/ബ്ലോക്കിൽ
- നിങ്ങളുടെ നഗരത്തിൽ/പട്ടണത്തിൽ
- നിങ്ങളുടെ ഗ്രാമത്തിൽ/അയൽപ്രദേശങ്ങളിൽ
- നിങ്ങളുടെ ഭാഷക്കാരിൽ/ജനങ്ങൾക്കിടയിൽ

**a. PLUG സമവാക്യം**

കർത്താവിൻറെ മഹാനിയോഗം പൂർത്തീകരിക്കുന്നതിനായി ഒരു ദക്ഷണേഷ്യൻ രാജ്യം അവലംബിച്ചിരിക്കുന്ന രീതിയാണ് PLUG സമവാക്യം. ഭൂമിശാസ്ത്രപരമായ എല്ലാ പ്രദേശങ്ങളും ഭാഷകളും വംശങ്ങളും ജാതികളും സുവിശേഷം കേൾക്കുവാൻ ഇത് അവസരം ഒരുക്കുന്നു.

p People Group (ജനവിഭാഗം)
L Language Group(ഭാഷക്കാർ)
U Urban Areas (നഗരങ്ങൾ/പട്ടണങ്ങൾ)
G Geographical Units (ഭൂപ്രദേശങ്ങൾ/ഗ്രാമങ്ങൾ)

**b. ദൗത്യ പൂർത്തിക്കായി ജനവിഭാഗ സമീപനം**

റാൽഫ് വാൽട്ടർ ആണ് 1976 ൽ ജനവിഭാഗം എന്ന സമീപനം ആദ്യമായി മുമ്പോട്ടു വെച്ചത്. 1989-ൽ ഡോ. ലൂയീ ബുഷ് (Dr.Louis Bush) സുവിശേഷം കേട്ടിട്ടില്ലാത്ത 95% ജനവിഭാഗങ്ങൾ പാർക്കുന്ന ഭൂപ്രദേശം ഉൾപ്പെടുന്ന 10-40 ജാലകം എന്ന ആശയം കൊണ്ടുവന്നു.
ജോഷ്വാ പ്രൊജക്റ്റ് ലോകത്തെ 17,442 ജനവിഭാഗങ്ങളുടെ പട്ടിക തയ്യാറാക്കി. ഇതിൽ 7413 ജനവിഭാഗങ്ങളിൽ മാത്രം ക്രൈസ്തവ സാക്ഷ്യമുണ്ട്. അതായത് 2 ശതമാനത്തിൽ താഴെ മാത്രം സുവിശേഷവിഹിത ക്രൈസ്തവർ.2000-ൽ നിയോഗം നിവർത്തിക്കൽ (എശിശവെശിഴ വേല ഠമസെ) എന്ന കർമ്മ പദ്ധതി രൂപീകരിച്ചു. സുവിശേഷം കേട്ടിട്ടില്ലാത്തവരെ പ്രത്യേകം കരുതിയുള്ള പദ്ധതിയായിരുന്നു ഇത്. ഇന്ന് സുവിശേഷം കേൾക്കാത്തതായി ലോകത്തിൽ വളരെ കുറച്ചു ജനവിഭാഗങ്ങളേ ഉള്ളൂ എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

**c. ഭാഷാവിഭാഗങ്ങളിൽ മഹാനിയോഗ നിവൃത്തി**

**ഭാഷാവിഭാഗങ്ങളനുസരിച്ച് നിയോഗം പൂർത്തിയാക്കുക.**

**d. ഭൂപ്രദേശപരമായി മഹാനിയോഗ നിവൃത്തി**

**1. ഒരു ദേശത്തെ മുഴുവനും ശിഷ്യപ്പെടുത്തുന്ന പ്രസ്ഥാനം** (Discipling A whole Nation Movement-NSP)

1974-ൽ ഫിലിപ്പൈൻസിലാണ് DAWN എന്ന പ്രസ്ഥാനം ഉടലെടുത്തത്. തുടർന്നുള്ള 20 വർഷങ്ങൾക്കുള്ളിൽ അത് 155 രാജ്യങ്ങളിലേക്ക് വ്യാപിച്ചു.

**2. No Place Left (NPL) Movement.** അപ്പൊസ്തലനായ പൗലോസ് പറഞ്ഞതുപോലെ, "ഇപ്പോഴോ എനിക്ക് ഈ ദിക്കുകളിൽ ഇനി സ്ഥലമില്ലായ്കയാലും..." (റോമർ 15:23) ഒരു സ്ഥലവും അവശേഷിക്കാതെയുള്ള സുവിശേഷീകരണം.

3. **"ആരും നശിക്കരുത്" പ്രസ്ഥാനം** (None Should Perish Movement -NSP).

"ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തൻറെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപൊകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ." 2 പത്രൊസ് 3:9

"അവൻ സകലമനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിൻറെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു." (1 തിമൊഥെയൊസ് 2:4)

സകല മനുഷ്യരും രക്ഷിക്കപ്പെടണമെന്നും ആരും നശിച്ചുപോകരുത് എന്നും ദൈവം ഇച്ഛിക്കുന്നു എന്ന

മേൽ ഉദ്ധരിച്ച വാക്യങ്ങൾ സൂചിപ്പിക്കുന്നു. അതാണ് ദൈവഹിതമെങ്കിൽ നമ്മുടെ ജീവിതത്തിലൂടെയും ശുശ്രൂഷയിലൂടെയും അവൻറെ ഇച്ഛ എപ്രകാരം നിവർത്തിക്കും? ഈ ലക്ഷ്യപ്രാപ്തിക്കായി നാം എവിടെയെങ്കിലും ആരംഭമിട്ടേ മതിയാകൂ.

a. നിങ്ങളുടെ സഭകളിൽ FRAN പ്രാർത്ഥന പ്രോത്സാഹിപ്പിക്കുക.

b. ഓരോ ആഴ്ചയും ഓരോ വിശ്വാസിയും അഞ്ചുപേരോടെങ്കിലും സുവിശേഷം പങ്കിടുന്നതിന് ഉത്സാഹിപ്പിക്കണം.

c. തങ്ങളുടെ സമൂഹത്തിലെയോ ഗ്രാമത്തിലെയോ എല്ലാവരുടെയും പേരുകൾ എഴുതി വെക്കുന്നതിന് സഭയെ പ്രോത്സാഹിപ്പിക്കുക

d. അവർ ഓരോരുത്തർക്കുമായി സഭയിൽ പ്രാർത്ഥന ശക്തിപ്പെടുത്തുക.

e. സുവിശേഷം കേൾക്കുന്നതിന് ഇടയാകത്തക്കവിധം സുവിശേഷം ധാരാളമായി പങ്കുവെക്കുക.

**4. മഹാനിയോഗ നിവൃത്തി അളക്കുന്നത് എങ്ങനെയാണ്?**

ഇതാ ചില ഉദാഹരണങ്ങൾ

**a. ഗ്ലോബൽ ചർച്ച് നെറ്റ്വർക്ക്**

ഗ്ലോബൽ ചർച്ച് നെറ്റ്വർക്ക് ആഗോള സഭകളുടെ ഒരു ശൃംഖലയാണ്. 2030-ാടുകൂടെ മഹാനിയോഗത്തിൻറെ നിവൃത്തി കൈവരിക്കുന്നതിനായി തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണിത്. 2030 ആകുമ്പോൾ കർത്താവ് ക്രൂശിക്കപ്പെട്ടിട്ട് 2000 വർഷം തികയുകയാണ്. ഈ പ്രസ്ഥാനത്തിൻറെ പ്രവർത്തനരീതിയെ ഇങ്ങനെ സംഗ്രഹിക്കാം: "FINISH"

**Find** - എന്താണ് നിവൃത്തിയാകാൻ ബാക്കിയുള്ളത്? (യോശുവ 13:1-2)
**Intercede** തീക്ഷ്ണമായ പ്രാർത്ഥന (സങ്കീർത്തനം 2:8)
**Network** - വരിക, സഹായിക്ക (ലൂക്കൊസ് 5:7)
**Invest** കഴിവുകളും താലന്തുകളും വിഭവങ്ങളും (മത്തായി 6:19-21)
**Send** ഓരോ സഭയും അയക്കുന്ന സഭ ആയിരിക്കണം (അപ്പൊ.പ്ര. 13:1-3)
**Harvest** സഭകൾ സ്ഥാപിക്കപ്പെടുന്നു (മത്തായി 9:37)

**b."Count Zero" പ്രസ്ഥാനം.**

മഹാനിയോഗ നിവൃത്തി വന്നുകഴിഞ്ഞാൽ പിന്നെ സഭയില്ലാത്ത ഒരു ജനവിഭാഗവും ഉണ്ടാകില്ല, തിരുവചനം ഇല്ലാത്ത ഭാഷ ഒന്നുമുണ്ടാകയില്ല, സഭയില്ലാത്ത ഒരു പ്രദേശവും ഉണ്ടാകില്ല, കേൾവിയാൽ വേദപുസ്തകം പഠിക്കുന്നവർ ഉണ്ടാകില്ല, മാത്രമല്ല സുവിശേഷം എത്താത്ത ഒരിടവും ഉണ്ടാകയില്ല എന്നു അവർ വിശ്വസിക്കുന്നു.

**c. Finishing the Task Movement**

ഈ പ്രസ്ഥാനത്തിൻറെ ആപ്തവാക്യം "ഒരു വിശ്വാസി, ഒരു ശരീരം, ഒരു വേദപുസ്തകം" എന്നാണ്. ഒരു വിശ്വാസി ഉളവാകുവാൻ സുവിശേഷീകരണം, ഒരു ശരീരമുണ്ടാകേണ്ടതിന് സഭ സ്ഥാപിക്കൽ, ഒരു ബൈബിൾ ഉണ്ടാകേണ്ടതിന് വേദപുസ്തക പരിഭാഷ എന്നതാണ് അവരുടെ പ്രവർത്തന ശൈലി.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ**

1.നിങ്ങളുടെ രാജ്യത്ത്/ദേശത്ത് മഹാനിയോഗ ദൗത്യ പൂർത്തിയെ നിങ്ങൾ എങ്ങനെ നിർവചിക്കും?

2. ഒരു രാജ്യത്ത് മഹാനിയോഗം നിവൃത്തിയാകുവാൻ നിങ്ങൾ ഒരു നടപടിക്രമം എങ്ങനെ രൂപപ്പെടുത്തും?

3. മഹാനിയോഗ പാഠശാലയുടെ പാഠ്യപദ്ധതിയിൽ നിങ്ങൾ എന്തു സമർപ്പണമാണ് നടത്തിയിരിക്കുന്നത്?

ഉപസംഹാരം: നിങ്ങൾ തുടങ്ങുന്നവരുടെ തലമുറയിലോ അതോ നിവൃത്തി വരുത്തുന്നവരുടെ തലമുറയിലോ?


മഹാനിയോഗത്തിൻറെ ഈ പാഠശാലയിൽ നാം ദർശനപൂർത്തീകരണത്തിനുള്ള 9 കാര്യങ്ങളാണ് പഠിച്ചത്. നമ്മുടെ നിയോഗം നിവർത്തിക്കാൻ ഈ ഓരോ ചുവടും നിർണ്ണായകമാണ്. 130 വർഷങ്ങൾക്കു മുമ്പ് ഡി.എൽ.മൂഡി മഹാനിയോഗ നിവൃത്തിയെ നിർവചിച്ചതുപോലെ നമുക്കും പറയുവാൻ കഴിയുമോ?

"ഇത് നിവൃത്തിയാക്കാം
ഇത് നിവൃത്തിയാക്കേണ്ടതാണ്

ഇത് നിവൃത്തിയാക്കിയേ തീരൂ"
നമുക്ക് കർത്താവിൻറെ മഹാനിയോഗം പൂർത്തിയാക്കുന്ന തലമുറയായിരുന്നുകൊണ്ട് കർത്താവിൻറെ വാഗ്ദത്തപ്രകാരമുള്ള അവൻറെ മടങ്ങിവരവിനെ വേഗത്തിലാക്കാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

**മറ്റുള്ളവരെ പഠിപ്പിക്കുക (H.O.T.Christians)**

ഓരോ പരിശീലനാർത്ഥിയും അനുസരിക്കുവാനും മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും തക്കവണ്ണം താഴെപ്പറയുന്ന പ്രമാണങ്ങൾ പരിശീലിക്കുവാനും ഞങ്ങൾ നിർദ്ദേശിക്കുന്നു.
(എസ്രാ 7:10) - പഠിക്കുക, അനുസരിക്കുക, പഠിപ്പിക്കുക (Hear,Obey,Teach)
"യഹോവയുടെ ന്യായപ്രമാണം പരിശോധിപ്പാനും അത് അനുസരിച്ച് നടക്കുവാനും യിസ്രായേലിൽ അതിൻറെ ചട്ടങ്ങളും വിധികളും ഉപദേശിപ്പാനും എസ്രാ മനസ്സുവെച്ചിരുന്നു."
2 തിമൊഥെയൊസ് 2:2 - "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക."




മത്തായി 28:19-20 പോകുക! സ്നാനപ്പെടുത്തുക !! ഉപദേശിക്കുക !!!

ശിഷ്യന്മാരാക്കുക!!!!

# സഭാ രൂപികരണത്തിന്റെ നാലു വയൽ ഉപമ

## മർക്കോസ് 4:26-29

